# കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്

# വികസനരേഖ







# പഞ്ചായത്ത്‌രാജ്

## ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ






**എഡിറ്റർ**
കെ. ആർ. തിരുവെങ്കിടം

**എഡിറ്റോറിയൽ സ്റ്റാഫ്**
ടി. ധനലക്ഷ്മി തിരുവെങ്കിടം
ടി. മയിൽസ്വാമി
എം. പ്രേമ
എസ്. അബ്ദുൾസലാം
എൻ. രാമചന്ദ്രൻ
ടി. സി. തോമസ്
കെ. മോഹൻരാജ്
കെ. വി. വർഗീസ്
കെ. സി. ഗംഗാധരൻ
എ. ടി. ദേവസി

ഡി. ടി. പി & ലേ ഔട്ട്
അമ്പാൾ, പാലക്കാട്

പ്രിൻറിംഗ്
വിദ്യ പ്രിൻേറഴ്സ്, നാട്ടുകൽ

കിളിക്കൊഞ്ചലായ മലയാളവും
തിരുമൊഴിയായ തമിഴും
നൃത്തം ചെയ്യുന്ന
ഈ മണ്ണിൻെറ സുഗന്ധം
ഇതാ............. ഈ
ഉൾത്താളുകളിൽ........

## കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത് ഭരണസമിതി

കെ. ധനലക്ഷ്മി തിരുവെങ്കിടം (പ്രസിഡന്റ്)
ടി. മയിൽസ്വാമി (വൈസ്പ്രസിഡന്റ്)
എം. പ്രേമ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാർ)
എം. മുരുകപ്പസ്വാമി ഗൗണ്ടർ (മെമ്പർ)
വത്സല രാമചന്ദ്രൻ
സി. അബ്ദുൾസത്താർ
പി. ശാന്തകുമാർ
എസ്. തങ്കമണി
എസ്. അബ്ദുൾ സലാം
പി. കുന്നൻ
കെ. ഉമാമഹേശ്വരി
ആർ. തങ്കവേലുസ്വാമി ഗൗണ്ടർ

# കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത് സാരഥികൾ



ടി. ധനലക്ഷ്മി തിരുവെങ്കിടം
പ്രസിഡന്റ്



എം. പ്രേമ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



ടി. മയിൽസ്വാമി
വൈസ്പ്രസിഡന്റ്

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]

2. [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]

3. [illegible]
   - [illegible]
   - [illegible]മായി
   - [illegible]കെ. വിജയകുമാരി
   - [illegible]
   - [illegible]ലാവതി
   - [illegible]ല
   - [illegible]

4. [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]
   - [illegible]

5. **കുടിവെള്ളം പൊതുജനാരോഗ്യം**
   - കെ.വി. കറുപ്പൻ
   - ചെറിയാൻ അബ്രഹാം
   - മുസ്തഫ
   - കാജാഹുസൈൻ
   - ജയിംസ്
   - കെ. വിജയകുമാർ
   - പി.വി. ശിവദാസൻ
   - മഞ്ജുള

6. **ഗതാഗതം ഊർജ്ജം മാർക്കറ്റ്**
   - പി.എം. കൃഷ്ണൻ
   - പി.പി. തോമസ്
   - ജെ. ശ്രീകുമാർ
   - എം. സി. ബാലൻ
   - ചെന്താമരാക്ഷൻ
   - ടി.വി. ഗോപാലകൃഷ്ണൻ
   - രാമസ്വാമി
   - സി. വത്സല

7. **പാർപ്പിടവും സാമൂഹ്യക്ഷേമവും**
   - അബ്ദുൾ റഷീദ്
   - പി. മാലതി
   - അബ്ദുൾ സലാം
   - പി. സസ്വതി
   - എൻ സരസ്വതി
   - ജോസഫിൻ സുശീല
   - ശ്യാമള
   - പി.ജി. ചന്ദ്രമതി അമ്മാൾ

8 **സംസ്ക്കാരം**

ജി. കൃഷ്ണൻ
സുഭാഷ് ചന്ദ്രൻ
എൻ.എം. പൊന്നൻ
തിലകവതി ടീച്ചർ
മണികുമാർ
ആർ. വിജയ
വിലാസിനി
സി. ലളിത

9. **വനിത**

വത്സല രാമചന്ദ്രൻ
ഏലിയാമ്മ ആൻഡ്രൂസ്
എം. അബ്ദുൾ സത്താർ
അഖിലേശ്വരി
സൂസമ്മ തോമസ്
കെ. വിജയ
ഫരീദ മറിയം

10. **സഹകരണം**

സി. ഷൺമുഖൻ
കെ.എ. വേലായുധൻ
വി.കെ. ശെന്തിൽകുമാർ
കെ. മണി
സ്വാമിനാഥൻ
മോഹൻദാസ്
എൻ. ഗീത

11 **പട്ടിജാതി പട്ടി വർഗ്ഗക്ഷേമം**

ആർ. മുത്തുസ്വാമി
എ. സുകുമാർ
എം. തങ്കമണി
കെ. പി. സാവിത്രി
എൻ. അുക്കുട്ടൻ
എ.എം. ഹനീഫ
എസ്. വിൻസൻറ്
വിജയലക്ഷ്മി

12 **വിഭവസമാഹരണം**

പ്രൊഫ. എൻ. ദാമോദരൻ
വിജയൻ
വി. ആറുമുഖൻ
രാധാകൃഷ്ണൻ
പ്രഭാവതി
സൗഭാഗ്യവതി
മുത്തുലക്ഷ്മി

**കൊഴിഞ്ഞാമ്പാറ**
**ഗ്രാമ പഞ്ചായത്തിൽ ജനിച്ച്**
**ലോകസഭയേയും നിയമസഭയേയും**
**പ്രതിനിധീകരിച്ചവർ**

| | |
|---|---|
| ശ്രീ എ. സുന്നാസാഹിബ് | (ലോകസഭ) |
| ശ്രീ കെ. എ. ശിവരാമഭാരതി | (നിയമസഭ) |

**ഈ പഞ്ചായത്തിൻെറ മുൻ ഭരണസാരഥികൾ**

| | |
|---|---|
| ശ്രീ ചിന്നപ്പകൗണ്ടർ | നോമിനേറ്റഡ് |
| ശ്രീ കെ. എം മാധവൻ | 1953 — 62 |
| ശ്രീ അപ്പുക്കുട്ടൻ | 1962 — 64 |
| ശ്രീ എ.എൻ.യു. മന്നാടിനായർ | 1964 — 79 |
| ശ്രീ എൻ. കൃഷ്ണൻ | 1979 — 80 |
| പി. ബാലചന്ദ്രൻ | 1980 — 84 |
| എൻ. വി. മയിൽസ്വാമി | 1988 — 95 |

**കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്**

**സ്ഥാനം**



# KOZHINJAMPARA GRAMA PANCHAYATH



| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| കവിത | 2 |
| I ആമുഖം | 14 |
| II പഞ്ചായത്ത് പൊതുവിവരണം | 16 |
| III സാമൂഹ്യസാംസ്ക്കാരിക ചരിത്രം | 17 |
| IV ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം | 21 |
| V സാമൂഹ്യസാമ്പത്തികമേഖലകൾ | |
| 1. കൃഷി ജലസേചനം | 30 |
| 2. മൃഗസംരക്ഷണം മത്സ്യബന്ധനം | 36 |
| 3. വ്യവസായം ടൂറിസം | 41 |
| 4. വിദ്യാഭ്യാസം | 51 |
| 5. കുടിവെള്ളം പൊതുജനാരോഗ്യം | 60 |
| 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 75 |
| 7. പാർപ്പിടം സാമൂഹ്യക്ഷേമം | 87 |
| 8. സംസ്കാരം | 95 |
| 9. വനിത | 100 |
| 10. സഹകരണം | 104 |
| 11. പട്ടികജാതി/പട്ടിക വർഗ്ഗ ക്ഷേമം | 109 |
| 12. വിഭവസമാഹരണം | 118 |
| 13. സാമൂഹ്യ സാമ്പത്തിക സർവേ റിപ്പോർട്ട് | 125 |
| VI ഉപസംഹാരം | 127 |

കവിത

# വളർച്ച മുരടിച്ച മരം

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിന്റെ വളർച്ച മുരടിച്ചു നിൽക്കുന്നു. ജനകീയ ആസൂത്രണത്തിലൂടെ വികസന പരിപാടികൾ നടപ്പിലാക്കിയാൽ പുരോഗതി ഉണ്ടാകും.

ക്കുഞ്ഞായിരിക്കുമ്പോൾ ഞാൻ കണ്ട തൈമരം
നിൽക്കുന്നു വളരാതെയാറിന്റെ തീരത്ത്
വെയിലും മഴയും കൊണ്ടേറ്റം തളർന്ന നീ
ജീവിത ചക്രങ്ങൾ താണ്ടിയില്ല

കായ്മണി നിന്നിൽ നിറയുമ്പോൾ പക്ഷിക-
ളോടിയണഞ്ഞു തൻ തീറ്റക്കായി
കാലിയെ മേയ്ക്കുന്ന കരുമാടിക്കുട്ടൻമാർ
കയറിയിരുന്നു നിൻ ചില്ലകളിൽ

കൊടും വെയിൽ ചൂടിലലിഞ്ഞൊരാ മാനവർ
കുളിരിനായ് നിന്നുടൽ പുൽകിനിന്നു
ചൊല്ലി നീ എല്ലോർക്കും നല്ലതുണ്ടാവണം
നിൻ കാര്യം മാത്രം നീ ഓർത്തതില്ല

നിൻ പരിപാലന ശബ്ദമുയർന്നു,
ജനകീയാസൂത്രണ ക്കതിരൊളികൾ,
തടയണ കെട്ടി നിൻദാഹമകറ്റിടാം
പുഴയോരമണ്ണു സംരക്ഷിച്ചീടാം.

ഒരു കൊച്ചു സുന്ദരിയായ് നി വളരേണം
അതു കണ്ടു തൃപ്തനായീടുവൻ ഞാൻ
എല്ലോർക്കും തുല്യമായ് നിൻ വിഭവങ്ങളെ
നൽകി സംതൃപ്തനായീടുവൻ ഞാൻ

**എ. കെ. അനൂപ്**
ആലമ്പാടി, കൊഴിഞ്ഞാമ്പാറ



# ആമുഖം

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കുന്ന വിധത്തിൽ ഒരുനൂതന സംരംഭമാണ് കേരള സർക്കാരും കേരള സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകിനടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം. ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ, പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന പരമമായ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഈ കർമ്മപരിപാടി രാഷ്ട്രീയ കക്ഷിഭേദമെന്യേഎല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് നമ്മുടെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലും മുന്നേറുന്നു.

"ഇന്ത്യയുടെ ആത്മാവ്" ഗ്രാമങ്ങളിലാണെന്ന് വ്യക്തമായി ചൂണ്ടിക്കാണിച്ച ഗാന്ധിജിയുടെ സ്വപ്നങ്ങൾ ഇന്ന് സഫലമാവുകയാണ്. പൂർണ്ണമായും കേന്ദ്രീകൃതമായിരുന്ന ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം പാടേ നിഷേധിക്കപ്പെട്ടിരുന്നു. പദ്ധതി വിഹിതത്തിൻെറ പതിനഞ്ചു ശതമാനംപോലും ഗ്രാമങ്ങളിൽ എത്തിയിരുന്നില്ല എന്നത് നിരാശാ ജനകമായസത്യമായി അവശേഷിക്കുന്നു. കീഴ്മേൽ മറിഞ്ഞുനിന്നിരുന്ന ആ ആസൂത്രണ പാരമ്പര്യത്തെ ജനങ്ങളുടെ പ്രായോഗിക പങ്കാളിത്തത്തിലൂടെ നേരെയാക്കുന്ന സാമൂഹികമായ പ്രവൃത്തിയാണ് വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നടപ്പിലാക്കപ്പെടുന്നത്.

കേരളത്തിലെ പഞ്ചായത്തുകളെയെല്ലാം പുതിയ ചുമതലകൾ ഏൽപ്പിച്ചിരിക്കുകയാണ്. ഈ ചുമതലകളോടൊപ്പം ഒട്ടേറെ പുത്തൻ വെല്ലുവിളികളും നേരിടേണ്ടിയിരിക്കുന്നു. വികസനപ്രശ്നങ്ങൾ കണ്ടെത്തി പരമാവധി സാമൂഹ്യ നേട്ടങ്ങൾ ഉണ്ടാകത്തക്കവിധം പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കാൻ പഞ്ചായത്തിനു കഴിയണം.വിഭവ ദൗർലഭ്യത്താലും മറ്റുകാരണങ്ങളാലും ഇവ ഒന്നിച്ച് പരിഹരിക്കാൻ കഴിയില്ല. ഏത് പ്രശ്നം ആദ്യം പരിഹരിക്കണമെന്ന തീരുമാനം തന്നെ പ്രയാസമേറിയതാണ്. എന്നാൽ ഇത് പരമപ്രധാനവുമാണ്.

സാമൂഹ്യ-നേട്ടകോട്ടങ്ങൾ-സാങ്കേതിക വൈദഗ്ദ്ധ്യം, മൂല്യ നിർണ്ണയം-ഇവയിലൊന്നും വീഴ്ച വരുത്താതെ പ്രവർത്തിക്കുക എന്ന കടമ ജനപ്രതിനിധികൾക്കുള്ളതാണ്. അവർക്ക് ഒരു മാർഗ്ഗരേഖയായി ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ വികസന രേഖയാണിത്.അവ തയ്യാറാക്കുന്നതിൻെറ പ്രാഥമിക വിശേഷാൽ ഗ്രാമസഭകളുടെ തുടക്കം 1995 സെപ്റ്റംബർ 21 മുതൽ തുടങ്ങിയതാണ്. ഗ്രാമസഭായോഗങ്ങൾ ഒക്ടോബർ 6ന് അവസാനിച്ചു. 12വാർഡുകളിലും ഗ്രാമസഭകളിൽനിന്ന് ആ പ്രദേശത്തിൻെറ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും രേഖാമൂലം സമർപ്പിക്കപ്പെട്ടു. അതിനുശേഷം പഞ്ചായത്തു ഭരണസമിതി തെരഞ്ഞെടുത്ത 6 പ്രതിനിധികൾ 3ദിവസം നീണ്ടുനിന്ന ജില്ലാ പരിശീലന പരിപാടികളിൽ പങ്കെടുത്തു. പഞ്ചായത്തുതല പരിശീലനത്തിൽ 95 പ്രതിനിധികൾ പങ്കെടുത്തു. രണ്ടാംഘട്ട പരിശീലനത്തിലും ജില്ലാ പഞ്ചായ ത്തുതല പരിശീലന പരിപാടികൾ നടത്തി. ഇവയോടൊപ്പം

ഗ്രാമപര്യടനം, നാട്ടറിവ്, സെക്കണ്ടറിഡാറ്റാ കളക്ഷൻ, കൊഴിഞ്ഞാമ്പാറ പഞ്ചായത്തും ലയൺസ് ക്ലബ്ബും ചേർന്ന് നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെ എന്നിവയിൽ നിന്നും ലഭ്യമായ വസ്തുതകൾ ക്രോഡീകരിച്ച് സമൂലമായി .വിശകലനം ചെയ്തു കൊണ്ടാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. ഏകദേശം നൂറിലേറെ പ്പേരുടെ നിസ്സീമമായ അകമഴിഞ്ഞ സഹകരണം ഇതിന് ലഭ്യമായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരമാവധി ഈ രേഖയിൽ ഉൾപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ജനപങ്കാളിത്തം അനിവാര്യമാണ്. അതാണ് ജനകീയ ആസൂത്രണത്തിന്റെ ലക്ഷ്യം. ഗ്രാമീണ ജനങ്ങളുടെ സജീവസഹകരണത്തോടെയും പങ്കാളിത്തത്തോടെയും കാർഷികവ്യവസായിക രംഗങ്ങൾ വളർത്തണം. കൂടുതൽ ആളുകൾക്ക് തൊഴിലും മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കണം. ഇതിനുള്ള പശ്ചാത്തലം വികസിപ്പിച്ചെടു ക്കണം.സുപ്രധാനമായ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്തംഗങ്ങളും ബഹുജനങ്ങളും ഇവിടെ തയ്യാറായിനിൽക്കുന്നു. അവർക്ക് ഊർജ്ജവും വെളിച്ചവും പകരാൻ ഈ ഗ്രന്ഥം സഹായിക്കുമെന്ന് വിശ്വസിക്കുന്നു.

കേന്ദ്രം, സംസ്ഥാനം,ജില്ല, ബ്ളോക്ക്, പഞ്ചായത്ത് എന്നീ അധികാര സ്ഥാപനങ്ങൾ വരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കേണ്ട പരി പാടികളായിട്ടായിരിക്കണം ഈ റിപ്പോർട്ടിനെ കാണേണ്ടത്. വിവധ തുറകളിൽ പിന്നോക്കം നിൽക്കുന്ന നമ്മുടെ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോമുഖമായ വളർച്ചക്ക് ഈ വികസന റിപ്പോർട്ട് ഉതകുമാറാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

# പൊതുവിവരണം

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | കൊഴിഞ്ഞാമ്പാറ |
| ഉൾപ്പെടുന്ന വില്ലേജുകൾ | കൊഴിഞ്ഞാമ്പാറ, വലിയവള്ളംപതി കുന്നംകാട്ടുപതി |
| ബ്ളോക്ക് പഞ്ചായത്ത് | ചിറ്റൂർ |
| ബ്ളോക്ക് ഡിവിഷൻ | കൊഴിഞ്ഞാമ്പാറ, വലിയവള്ളംപതി |
| ജില്ല | പാലക്കാട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | കൊഴിഞ്ഞാമ്പാറ |
| താലൂക്ക് | ചിറ്റൂർ |

| | |
|---|---|
| അസംബ്ളി മണ്ഡലം | ചിറ്റൂർ |
| പാർലിമെണ്ട് മണ്ഡലം | പാലക്കാട് |
| വിസ്തീർണം | 43.84 ച. കി. മീ |

**അതിരുകൾ**

| | |
|---|---|
| വടക്ക് | വടകരപ്പതി പഞ്ചായത്ത് |
| തെക്ക് | പെരുമാട്ടി പഞ്ചായത്ത് |
| കിഴക്ക് | എരുത്തേമ്പതി പഞ്ചായത്തും തമിഴ്നാടും |
| പടിഞ്ഞാറ് | എലപ്പുള്ളി – നല്ലേപ്പിള്ളി പഞ്ചായത്തുകൾ |

| | |
|---|---|
| ജനസംഖ്യ | 29103 |
| പുരുഷൻമാർ | 14276 |
| സ്ത്രീകൾ | 14827 |
| ജനസാന്ദ്രത | ച. കി. മീറ്ററിന് 664 |
| സാക്ഷരർ | 22118 |
| വാർഡുകൾ | 12 |
| ആൾതാമസമുള്ള വീടുകൾ | 6290 |

| | |
|---|---|
| പഞ്ചായത്ത് പ്രസിഡന്റ് | ടി. ധനലക്ഷ്മി തിരുവെങ്കിടം |
| വൈസ് പ്രസിഡന്റ് | ടി. മയിൽസ്വാമി |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | എം. പ്രേമ |



# കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്രം

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിന്റെ കിഴക്കൻ പ്രദേശത്ത് തമിഴ്നാടിന്റെ അതിർത്തിയോട് ചേർന്നുകിടക്കുന്ന ഒരു പഞ്ചായത്താണ് "കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്". ഒരു കവി പറഞ്ഞതുപോലെ "അഴകത്തമിഴും മനോഹര മലയാളവും അക്കാളും തങ്കയും പോൽ നടമാടുന്ന" സംസ്ക്കാരമുള്ള പ്രദേശമാണ് കൊഴിഞ്ഞാമ്പാറ.സാമൂഹ്യമായും സാംസ്ക്കാരികമായും വളരെ പുരാതന പശ്ചാത്തലമുള്ള ഒരു പഞ്ചായത്താണ് ഇത്.

"കൃഷ്ണപുരം ചന്തപ്പേട്ട" എന്ന് അറിയപ്പെട്ടിരുന്ന ഈ പ്രദേശത്തിന് ആദ്യം "ചിന്ന കൊഴിഞ്ഞാമ്പാറ എന്നും പിന്നീട് കൊഴിഞ്ഞാമ്പാറ എന്നും" പേരുണ്ടായി. ഈ പേരിനോടനുബന്ധിച്ച് രസകരമായ ഒരു കഥയുണ്ട്. 19-ാം നൂറ്റാണ്ടിൽ ടിപ്പുസുൽത്താന്റെ "പടയോട്ടം" ഈ പ്രദേശത്ത് വന്നിട്ടുണ്ട്. ഈ പടയോട്ടത്തെ ഭയന്ന് അന്നത്തെ ആളുകൾ ഈ പ്രദേശത്തെ പല പാറകളിലും ഒഴിഞ്ഞിരുന്നു. അത് ഒഴിഞ്ഞാൻപാറയായി മാറി. പിന്നീട് ഈ പേര് കൊഴിഞ്ഞാമ്പാറയായിത്തീർന്നു. ഇന്ന് നാം കാണുന്ന വിനായകർ കോവിലും ആൽമരവും സ്ഥിതി ചെയ്യുന്ന പ്രദേശമായിരുന്നു "കൊഴിഞ്ഞാമ്പാറ". ഇതിനോടടുത്ത പ്രദേശങ്ങളായ അത്തിക്കോട്, വടുകൻകുളമ്പ്, പഴനിയാർപാളയം,കുലുക്കപ്പാറ, കല്ലാണ്ടിച്ചള്ള, നാട്ടുകൽ, പെരുമ്പാറച്ചള്ള എന്നീ സ്ഥലങ്ങൾക്ക് ഇവയുടെ പേരിന് മുന്നിൽ പല കഥകളുമുണ്ട്. ഉദാഹരണത്തിന് "ആറ്റിന്റെ കോട്" അത്തിക്കോട് എന്നായിരൂപാന്തരപ്പെട്ടു. അതുപോലെ രായപ്പൻ, ശൂശൈ എന്നിവർ ശൗരിയാർ പാളയത്ത് താമസിച്ചിരുന്നു. അവിടെ "പഴനിയമ്മാൾ" എന്നസ്ത്രീ ക്രിസ്തുമതം സ്വീകരിക്കുകയും കുറെ നാൾ കഴിഞ്ഞപ്പോൾ മരിക്കുകയും ചെയ്തു. ഈ കാരണം കൊണ്ട് ശൗരിയാർ പാളയം "പഴനിയമ്മാൾ പാളയമായി. ക്രമേണ ഈസ്ഥലം പഴനിയാർ പാളയം എന്ന പേരിനാൽ അറിയപ്പെട്ടു.

ചരിത്രം പരിശോധിക്കുമ്പോൾ പൂർവ്വികമായി തന്നെ ഹിന്ദുക്കൾ താമസിച്ചിരുന്നതായി കാണാം. "തമിഴ് കത്തോലിക്കാ" സമുദാആയത്തിലെ ക്രിസ്ത്യാനികൾ തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ എന്നീ പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്തവരാണ്. മുസ്ലീങ്ങൾ തമിഴ്നാട്ടിലെ കാണിയാംപാളയം, കനിയൂർ, ആയക്കുടി എന്നിവിടങ്ങളിൽ നിന്ന് വന്നവരുമാണ്. ക്രിസ്ത്യാനികളിൽ പലരും വെള്ളാളർ, ചെട്ടിയാർ, തേവർ, മുതലിയാർ എന്നിങ്ങനെ വിവിധസമുദായങ്ങളിൽപ്പെട്ടവരായിരുന്നു. ഇവരുടെ മുഖ്യഭാഷ തമിഴായിരുന്നു.

ഈ പഞ്ചായത്തിലെ വടുകൻ കുളമ്പ് സുബ്രഹ്മണ്യക്ഷേത്രം, കൊഴിഞ്ഞാമ്പാറ ശിവക്ഷേത്രം, കാക്കരപ്പതി ഭഗവതി ക്ഷേത്രം എന്നിവയ്ക്ക് ഏകദേശം മുന്നൂറ് വർഷത്തിലധികം പഴക്കമുണ്ട്. 1852-ൽ അത്തിക്കോട്ടിൽ സെന്റ് ആന്റണീസ് ദേവാലയം സ്ഥാപിക്കപ്പെ ട്ടു. കൊഴിഞ്ഞാമ്പാറ പള്ളിത്തെരുവിൽ സ്

ഥിതിചെയ്യുന്ന നിസ്ക്കാരപള്ളി അന്തരിച്ചു പോയ "ബാ വാസ" റാവുത്തരുടെ നേതൃത്വ ത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട മുസ്ലീം പള്ളിയാണ്. കൊച്ചി രാജാവിൻെറ കാലത്തു തന്നെ പണികഴിപ്പിച്ച ട്രാവലേഴ്സ്ബംഗ്ലാവ് വളരെ പഴക്കം ചെന്ന ഒരു സ്ഥാപനമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, വിനോഭാഭാവെ, യു.എൻ.തേവർ, കാമരാജ്, നിജലിംഗപ്പ, കെ.ചന്ദ്രശേഖർ എന്നീ ദേശീയ നേതാക്കൾ ഈ സ്ഥാപനത്തിൽ വിശ്രമിച്ചിട്ടുണ്ട്. ഇന്നു നാം കാണുന്ന കൊഴിഞ്ഞാമ്പാറ വില്ലേജ് ഓഫീസ് രാജവാഴ്ചയുടെ കാലത്തെ ഗ്രാമകോടതിയായി രുന്നു. 1870-ൽ തന്നെ ഒരു പോലീസ് ഔട്ട് പോസ്റ്റ് ഇവിടെ പ്രവർത്തിച്ചിരുന്നു. അതാണ് ഇന്നത്തെ പൊലീസ് സ്റ്റേഷൻ. കൊഴിഞ്ഞാമ്പാറ ഗവണ്മെൻറ് ആശുപത്രി കൊച്ചി രാജാവ് നിർമ്മിച്ചതാണ്. ഈ പ്രദേശത്തെ ആദ്യത്തെ നെല്ലുകുത്തുമില്ലായ "രാംരാജ്മിൽ" സർ.സി.ബോഗ് (ദിവാൻ ഓഫ് കൊച്ചിൻ) ആണ് ഉത്ഘാടനം ചെയ്തത്. ബ്രിട്ടീഷ് ഗവണ്മെൻറിൻെറ പോസ്റ്റ് ഓഫീസും കൊച്ചി രാജാവിൻെറ അധീനതയിലുള്ള "അഞ്ചലാപ്പീസും" കൊഴിഞ്ഞാമ്പാറയിൽ പ്രവർത്തി ച്ചിരുന്നു.

മറ്റെവിടെയും എന്നപോലെ ആരാധനാ ലയങ്ങളായിരുന്നു പുരാതനവിദ്യാഭ്യാസ കേന്ദ്ര ങ്ങൾ. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ സാമൂഹ്യ പ്രവർത്തകർ ഇവിടെ "വയോജന വിദ്യാഭ്യാസം" നടത്തിയിരുന്നു. കരിക്കട്ടകൊണ്ട് ഭിത്തിയിൽ എഴുതിയാണ് പഠിപ്പിച്ചിരുന്നത്. കൊച്ചി മഹാരാജാവിൻെറ കാലത്തുണ്ടായിരുന്ന ഗ്രാമീണ വായനശാലയും അത്തിക്കോട് ഉണ്ടായി രുന്ന Fr.G. മാനുവേൽ വായനശാലയും ഇപ്പോൾ നിലവിൽ ഇല്ല. എന്നാൽ പഴനിയാർ പാളയത്തുള്ള "സോളാർ ലൈബ്രറി "കഷ്ടിച്ചു പ്രവർത്തിച്ചു വരുന്നു. സാമൂഹ്യ വിദ്യാഭ്യാസ രംഗത്ത് ക്രിസ്ത്യാനികൾ വഹിച്ച സേവനം സ്തുത്യർഹമാണ്. 1947-ൽ സ്ഥാപിക്കപ്പെട്ട സെൻറ് പോൾസ് ഹൈസ്ക്കൂൾ ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തെ ഒരു നാഴികക്കല്ലാണ്. ഇതിൻെറ സ്ഥാപകനായ Fr.എബ്രഹാം വലിയ പറമ്പിൽ എക്കാലത്തും സ്മരണീയനാണ്. 1915-ലാണ് കൊഴിഞ്ഞാമ്പാറ ജി.യു.പി.സ്ക്കൂൾ സ്ഥാപിക്കപ്പെട്ടത്. അന്ന് അതൊരു തിണ്ണപ്പള്ളി ക്കൂടമായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പു തന്നെ കൊഴിഞ്ഞാമ്പാറ പ്രദേശത്തെ സംബന്ധിച്ചിട ത്തോളം ഇവിടുത്തെ വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടന്നിരുന്നു. ശ്രീ. പേട്ട സ്വാമിയപ്പകൗണ്ടർ സെൻറ് പോൾസ് ഹൈസ്ക്കൂളിനും ജി.യു.പി. സ്ക്കൂളിനും ആവശ്യമായ സ്ഥലം സംഭാവനയായി നൽകി. കല്ലാണ്ടിച്ചള്ള, പെരുമ്പാറച്ചള്ള എന്നിങ്ങനെ പലസ്ക്കൂളുകളും ജനപങ്കാളിത്തത്തോടെയാണ് സ്ഥാപിക്കപ്പെട്ടത്. കൊഴിഞ്ഞാമ്പാറയുടെ വികസനത്തിൽ എക്കാലവും സ്മരിക്കപ്പെടേണ്ട വ്യക്തിയാണ് യശശ്ശരീരനായ ശ്രീ. എ.എൻ.യു. മന്നാടിനായർ. ഇദ്ദേഹമാണ് എൻ.ഇ.എസ്. ബ്ളോക്ക്, നാട്ടുകൽ ഇലക്ട്രിസിറ്റി ഓഫീസ്, മൃഗാശുപത്രി എന്നീ സ്ഥാപനങ്ങൾക്ക് സ്ഥലം സംഭാവനയായി നൽകിയത്.

കേരളസംസ്ഥാനത്തിൽ തന്നെ വിവിധ കലാസംസ്കാരങ്ങൾ ഉള്ള ജനവിഭാഗമാണ് ഇവിടെയുള്ളത്. തമിഴ് മലയാള സമ്മിശ്ര സംസ്ക്കാരം ഇവിടെ നിലനിൽക്കുന്നു. ഇവിടുത്തെ പ്രധാന ഉത്സവങ്ങൾ ഓണം, പൊങ്കൽ, ദീപാവലി, ക്രിസ്തുമസ്സ്, റംസാൻ എന്നി വയാണ്. കൊയ്ത്തുകാലത്തിൻെറ തുടക്കം കുറിച്ചു കൊണ്ട് കർഷകത്തൊഴിലാളികൾ നടത്തി വന്നിരുന്ന "കതിർ" എന്ന ഉത്സവം ഇപ്പോൾ കാണുന്നില്ല. പഴമയുടെ ഓർമ്മകൾ പുതുക്കാൻ ഇന്ന് "ശൂരസംഹാരം" മാത്രമേ നിലനിൽക്കുന്നുള്ളു. പുരാതന നാടൻ കലകളായ പുറാട്ടുകളി, മൂന്നു രാജാക്കൂത്ത് എന്നിവ ഇപ്പോഴും തുടരുന്നു. കരകാട്ടം, ഒയിലാട്ടം, ചിക്കാട്ടം, കുമ്മി, ഒപ്പാരി എന്നീ നാടൻ കലാരൂപങ്ങളും നിലവിലുണ്ട്. ഈ പ്രദേശത്തെ പ്രധാന ഉത്സവമായ പൊങ്കൽ 4 ദിവസമായാണ് ആഘോഷിക്കപ്പെടുന്നത്. കാപ്പുകെട്ട്, വീട്ടു പ്പൊങ്കൽ, പട്ടിപ്പൊങ്കൽ, പൂപ്പൊങ്കൽ എന്നിങ്ങനെ യാണ് ആഘോഷിക്കുന്നത്. കന്നുകാലികൾക്കു

മാത്രമായിട്ടുള്ള ഉത്സവമാണ് പട്ടിപ്പൊങ്കൽ. സ്ത്രീകളുടെ സാമൂഹ്യ പുരോഗതിയെ ലാക്കാക്കിയാണ് പൂപ്പൊങ്കൽ ആഘോഷിക്കുന്നത്. തമിഴിൽ "മാർകഴി" മാസത്തിൻെറ തുടക്കംമുതൽ വീട്ടുമുറ്റത്ത് കോലം വരച്ച് സ്ത്രീകൾ വിഘ്നേശ്വരനെ ചാണകം കൊണ്ടുപിള്ളയാരാക്കി വീട്ടു മുറ്റത്തു വയ്ക്കുന്നു. മാർകളിമാസം ശൂന്യമാസം ആയതുകൊണ്ട് പീഡകൾ, ദുശ്ചെയ്തികൾ ഇവ വരാതിരിക്കാനുള്ള ഒരു കാവൽ ദൈവമായിട്ടാണ് പിള്ളയാരെ വെക്കുന്നത്. ഇങ്ങനെ ആ മാസം മുഴുവൻ വെച്ച പിള്ളയാരെ ഒരുമിച്ച് ശേഖരിച്ച് കൊട്ടകളിലാക്കി പൂപ്പൊങ്കൽ ദിവസം പുഴയിൽ കൊണ്ടുപോയി ഒഴുക്കുന്നു. പീഡകളിൽ നിന്നും രക്ഷപ്പെട്ട സന്തോഷത്തിൽ "കുമ്മിയടി" നടക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം സ്ത്രീകളും ഒരുമിച്ചു നടത്തുന്ന "കുമ്മിയടിപ്പാട്ടുകൾ" സാമൂഹ്യ പുരോഗതിക്കുള്ള ആഹ്വാനങ്ങളാണ്. "ഉറിയടി" എന്ന ഉത്സവം ഇന്നും ഗ്രാമപ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്. "കാളവണ്ടി" ഓട്ടമത്സരം കർഷകരുടെ ഇടയിൽ ഇപ്പോഴും ഉണ്ട്.

സ്വാതന്ത്ര്യത്തിന് മുൻപ് ഇവിടെ എം.എൽ.സി.മാരായി ശ്രീ. സ്വാമിയപ്പക്കൗണ്ടറും ശ്രീ. പച്ചയപ്പക്കൗണ്ടറും എം.എൽ.എ. ആയി ആർ.എസ്. ദേവണ്ണക്കൗണ്ടറും പ്രവർത്തിച്ചിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ ആദ്യത്തെ േ നാമിനേറ്റഡ് പ്രസിഡൻറ് ചിന്നപ്പ കൗണ്ടർ എന്ന കുമാരസ്വാമിക്കൗണ്ടറായിരുന്നു. 1953-ലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡൻറ് ശ്രീ. കെ.എ. മാധവൻ ആയിരുന്നു.

കൊഴിഞ്ഞാമ്പാറ പ്രദേശത്ത് സാമൂഹ്യ രാഷ്ട്രീയ പുരോഗതിക്ക് അടിത്തറപാകിയ സമരങ്ങളെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നത് നന്നായിരിക്കും. "അയിത്താചരണ" ത്തിന് എതിരെയുള്ള ഒരുറച്ച കാൽവെയ്പ്പായിരുന്നു നായാണ്ടിക്കുള സമരം. സവർണ്ണർ കുളിക്കുന്ന കുളത്തിൽ പട്ടികജാതിക്കാരെ കുളിക്കാൻ അനുവദിക്കാതിരുന്ന ഉച്ചനീചത്വത്തിനെതിരെയായിരുന്നു ഇത്. സ്രാമ്പിയിലെ ആദിവാസി തൊഴിലാളികളെ അടിമത്ത്വത്തിൽനിന്ന് മോചിപ്പിക്കുവാൻ വേണ്ടിയായിരുന്നു മറ്റൊരു സമരം. ഈ സമരത്തോടനുബന്ധിച്ച് പലരും ജയിൽവാസമനുഭവിച്ചിട്ടുണ്ട്. വാര്യർചള്ള, പെരുമ്പാറച്ചള്ള, കുലുക്കുപ്പാറ എന്നിവിടങ്ങളിലെ സമരങ്ങൾ കാർഷികത്തൊഴിലാളി സമരങ്ങളായിരുന്നു. ലാറ്റിൻ കത്തോലിക്കാപള്ളിയിലെ അച്ഛൻമാർ കുടിവെള്ളത്തിനായി നടത്തിയ സമരങ്ങൾ, ശ്രീ.കെ.എ.ശിവരാമഭാരതിയുടെ നേതൃത്വത്തിൽ "കുരിയാർ കുറ്റിപദ്ധതി" ക്കു വേണ്ടി നടത്തിയ സമരങ്ങൾ എന്നിവ സ്മരിക്കപ്പെടുന്നു. ഈ സമരങ്ങളുടെയൊക്കെ ഫലമായിട്ടാണ് ശ്രീ. പി.ശങ്കർ എം.എൽ.എ.യുടെ കാലത്ത് ആർ.ബി.സി. വന്നത്. ബഹു. മന്ത്രി ശ്രീ. ടി. ശിവദാസ മേനോൻെറയും ശ്രീ.വി.എസ് . വിജയരാഘവൻ എം.പി.യുടെ പരിശ്രമഫലമായി പാലക്കട് ജില്ലയ്ക്ക് ലഭിച്ച കേന്ദ്രസർക്കാരിൻെറ വാട്ടർടെക്നോളജി മിഷ്യൻ മുഖേന കുറെ കുഴൽക്കിണർ പഞ്ചായത്തിന് ലഭ്യമായി. നീറുന്ന പ്രശ്നമായ "കുടിനീർപ്രശ്നത്തിന്" നായനാർ സർക്കാരിൻെറ കാലത്ത് ശ്രീ.കെ.എ. ചന്ദ്രൻെറ ശ്രമഫലമായി സി.എ.ആർ.ഡബ്ള്യൂ.എസ്.എസ്.എന്ന പദ്ധതിക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. കർഷകരുടെ ചിരകാലാഭിലാഷമായ ആർ.ബി. കനാൽ വടകരപ്പതി വരെ നീട്ടുന്നതിനും 19 തടയണകൾ ഈ ഫർക്കയിൽ പണിതീർക്കുവാനും ശ്രീ. കെ.കൃഷ്ണൻകുട്ടിക്ക് സാധിച്ചു.

ഇതോടൊപ്പം മുൻ പഞ്ചായത്തു സമിതികളുടെ കാലത്ത് ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പരിപാടികൾ ഓർക്കുന്നത് ഉചിതമായിരിക്കും ശ്രീ. എ.എൻ.യു. മന്നാടിനായരുടെ കാലത്ത് പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞു. ശ്രീ. പി.ബാലചന്ദ്രൻെറ കാലത്ത് ബസ്സ്സ്റ്റാൻറും മാർക്കറ്റും നിർമ്മിക്കുവാനുള്ള സ്ഥലം, വീടില്ലാത്ത പാവപ്പെട്ടവർക്ക് 4 സെൻറ് കോളനികൾ, പുതിയ കുടിനീർ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. പുതിയ ബസ്സ്സ്റ്റാൻറും അതോടൊപ്പം പഞ്ചായത്തിൻെറ പുതിയ കെട്ടിടവും ശ്രീ.എൻ.വി.

മയിൽസ്വാമിയുടെ കാലത്തുള്ള പഞ്ചായത്ത് സമിതിയുടെ നേട്ടങ്ങളാണ്.

പുതിയ പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർമാസം 2-ാംതിയതിയാണ് നിലവിൽ വന്നത്.ശ്രീമതി ധനലക്ഷ്മി തിരുവെങ്കിടമാണ് പഞ്ചായത്ത് സമിതിക്ക് നേതൃത്വം നൽകുന്നത്. പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാതെ തന്നെ ബഹുജനപങ്കാളിത്തത്തോടെ ഒരു മാസത്തിലധികം നീണ്ടുനിന്ന' പരിസര ശുചീകരണ പ്രവർത്തനം' സാമൂഹ്യ സേവനത്തിന്റെ ഒരു കാൽവെപ്പാണ്.



# 4
# ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

പശ്ചിമഘട്ടത്തിലെ ആനമലക്കും നീലഗിരിമലയ്ക്കും ഇടയിൽ പാലക്കാട് ചുരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് കൊഴിഞ്ഞാമ്പാറ പഞ്ചായത്ത്. പാലക്കാട് ചുരത്തിന് 40 കി. മീ. വീതിയുണ്ട്. ഉത്തര അക്ഷാംശം $10^0$ 39' 30" നും $10^0$ 46' 9" നുമിടയിലും പൂർവ്വരേഖാംശം $76^0$ 48' 12" നും $76^0$ 52' 49" നും ഇടയിലാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. ലാൻറ് റിസോർഴ്സ് ഓഫ് കേരളാ സ്റ്റേറ്റിന്റെ കണക്കനുസരിച്ച് ഈ ഭൂവിഭാഗം മിഡിൽ ലാൻറാണ്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 170 മുതൽ 180 മീറ്റർ വരെ ഉയരത്തിൽ കിടക്കുന്നു.

ഈ പഞ്ചായത്തിന്റെ വടക്ക് വടകരപ്പതി പഞ്ചായത്തും തെക്ക് പെരുമാട്ടി പഞ്ചായത്തും കിഴക്ക് എരുത്തേൻപതി പഞ്ചായത്തും തമിഴ്നാടും പടിഞ്ഞാറ് നല്ലേപ്പുള്ളി എലപ്പുള്ളി എന്നീ പഞ്ചായത്തുകളുമാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ വിസ്തീർണ്ണം 43.84 ച.കി. മീറ്റർ ആണ്.

ഭൂമിയുടെ കിടപ്പ് പരിശോധിച്ചാൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ക്രമേണ ചരിഞ്ഞു കിടക്കുന്നതായി കാണാം. വരട്ടയാറിനും കോരയാറിനും ഇടയിലുള്ള പ്രദേശങ്ങൾ, കോരയാറിനു തെക്കു ഭാഗത്തുള്ള പ്രദേശങ്ങൾ മലകൾ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി ഭൂ പ്രകൃതിയനുസരിച്ച് തിരിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വലിയവള്ളംപതി വില്ലേജിൽപെട്ട "കുന്നം പുടാരി" മലയ്ക്ക് 8.84 ഹെക്ടർ വിസ്തീർണ്ണവും 75 മീറ്ററോളം ഉയരവുമുണ്ട്. ഈ മലയുടെ നിറുകയിൽ ഒരു G.T. Station (Grate Tricnometrical Station)സ്ഥാപിച്ചിട്ടുണ്ട്. മറ്റൊരു മല "കരടിപ്പാറ" മലയാണ്. മൊത്തത്തിൽ ഉയരം കുറഞ്ഞ കുന്നിൻമുകളിലുള്ള താരതമ്യേന നിരപ്പായ പ്രദേശങ്ങളും ചരിഞ്ഞപ്രദേശങ്ങളും ചേർന്നതാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി. സമതലപ്രദേശങ്ങൾ വളരെ കുറവാണ്.

കരിമണ്ണ്, ചെമ്മണ്ണ്, മണൽമണ്ണ്, ചരൽമണ്ണ്, കൽക്കേരിയസ്സ് മണ്ണ് എന്നിവയാണ് പ്രധാന മണ്ണിനങ്ങൾ. മണ്ണിൽ ഗന്ധകത്തിന്റെ തോത് വളരെ കൂടുതലുണ്ട്. ആയതിനാൽ ജലത്തിന് കൂടുതൽ സാന്ദ്രത അനുഭവപ്പെടുന്നു.

തമിഴ്നാട്ടിലെ "കോതവാടി" കുളത്തിൽ നിന്ന് ഉത്ഭവിക്കുന്ന "കോരയാരർ" പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ഉള്ളിലൂടെ കടന്നു പോകുന്നു. കോതവാടി കുളത്തിൽനിന്നു തന്നെ ഉത്ഭവിക്കുന്ന മറ്റൊരു നദിയായ "വരട്ടയാർ" പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലൂടെ ഒഴുകുന്നു. ഈ രണ്ടു പുഴകളും പഞ്ചായത്തിന്റെ വടക്കു കിഴക്കുഭാഗത്ത് "കൂടുതറപാലം"എന്ന സ്ഥലത്തിന് അല്പം മുകളിൽ വെച്ച് ഒന്നായിച്ചേരുന്നു. നല്ല മഴക്കാലത്തു മാത്രമെ ഈ പുഴകളിൽ കുറവെങ്കിലും വെള്ളം ഉണ്ടാവുകയുള്ളു. ഇപ്പോഴുള്ള തടയണകൾ കൊണ്ട് കുറയൊക്കെ വെള്ളം കെട്ടിനിൽക്കുന്നുണ്ട്. പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള മറ്റൊരു പുഴയാണ് "ചിറ്റൂർപുഴ" മൂന്നു പുഴകളുടെ

സാന്നിദ്ധ്യം ഉണ്ടെങ്കിലും വളരെയേറെ ജല ദൗർലഭ്യം അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ് ഇത്. പാലക്കാടു ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ചൂട് ഇവിടെ അനുഭവപ്പെടുന്നു. ഏകദേശം $26^0$ സെൽഷ്യസിനും $42^0$ സെൽഷ്യസിനും ഇടയിൽ ചൂട് രേഖ പ്പെടുത്തിയിട്ടുണ്ട്.

### *ജനപ്രകൃതി*

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ അനുസരിച്ച് ഈ പഞ്ചായത്തിലാകെ 29103 പേരുണ്ട്. ഇതിൽ 14276 പുരുഷൻമാരും 14827 സ്ത്രീകളും ആകുന്നു. സ്ത്രീകൾ പുരുഷൻമാരേക്കാൾ 551 കൂടുതലാണ്. ആകെ 6290 കുടുംബങ്ങൾ ഉണ്ട്. സമുദായങ്ങൾ തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| സമുദായം | പു | സ്ത്രീ | ആകെ | കുടുംബങ്ങൾ |
|---|---|---|---|---|
| മുസ്ലീം | 2138 | 2033 | 4171 | 898 |
| ക്രിസ്ത്യൻ | 805 | 887 | 1692 | 334 |
| പട്ടികജാതി | 1470 | 1540 | 3010 | 629 |
| പട്ടികവർഗ്ഗം | 403 | 464 | 867 | 187 |
| ഹിന്ദു | 9460 | 9903 | 19363 | 4242 |

മൊത്തമുള്ള കുടുംബങ്ങളിൽ 3172 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. ശാരീരിക വൈകല്യങ്ങൾ സംഭവിച്ച 78 പേർ പഞ്ചായത്തിലുണ്ട്. മാനസികവിഭ്രാന്തി സംഭവിച്ച 15 പേരും, അന്ധരായ 24 പേരും പഞ്ചായത്തി ലുണ്ട്. സംസാരശേഷി ഇല്ലാത്ത 5 പേരും ശ്രവണശക്തി ഇല്ലാത്ത 22 പേരും ഉണ്ട്.

തമിഴും മലയാളവും കലർന്ന ഒരു മിശ്രഭാഷയാണ് പഞ്ചായത്തിലെ അധികമാളു കളും സംസാരിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് പുരുഷൻമാരെക്കാൾ സ്ത്രീകൾ പിന്നിലാണ്. മലയാളം കുട്ടികളെ അപേക്ഷിച്ച് തമിഴ് കുട്ടികളുടെ സാക്ഷരതാ നിരക്ക് വളരെ കുറവാണ്

### *ജലപ്രകൃതി*

ഈ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 1199.46 മി.മി മഴ മാത്രമേ ലഭിക്കുന്നുള്ളു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലായ് മാസങ്ങളിലാണ്. തുലാവർഷമായി ഒക്ടോബർ മാസത്തിൽ അഞ്ചോ ആറോ മഴ ലഭിക്കാറുണ്ട് . ഏറ്റവും കുറവ് മഴലഭിക്കുന്നത് ഡിസംബർ മാസത്തിലാണ്. കേരളത്തിൽ ലഭിക്കുന്ന മഴയുടെ ശരാശരി അളവിനേക്കാൾ വളരെ കുറഞ്ഞ അളവിൽ മാത്രമെ ഇവിടെ മഴ ലഭിക്കുന്നുള്ളു.

പഞ്ചായത്തിൻെറ വടക്കുഭാഗത്ത് വരട്ടയാർ, കോരയാർ എന്നീ പുഴകൾ ഉണ്ട്. ഈ പുഴകളിൽ മഴക്കാലത്തു മാത്രമേ വെള്ളം ഉണ്ടാകുന്നുള്ളു. തെക്കു ഭാഗത്ത് ചിറ്റൂർ പുഴയാ ണ്. ഈ പുഴയിൽ "മൂലത്തറ" എന്ന സ്ഥല ത്തൊരു ഡാമുണ്ട്. കൊഴിഞ്ഞാമ്പാറ "ഫർക്ക"ക്ക് ജലസേചന സൗകര്യം ലഭിക്കത്തക്ക രീതിയിൽ "മൂലത്തറ"ഡാമിൽ നിന്ന് R.B.C.കനാൽ ഉണ്ട് എങ്കിലും വെള്ളം ലഭിക്കുന്നില്ല. വണ്ടിത്തോട് ഡാം കനാലിൽ നിന്നുള്ള ജലം ഉപയോഗിച്ച് 300 ഏക്കർ 72 സെൻറ് കൃഷിസ്ഥത്ത് ജലസേചനം നടത്തുന്നുണ്ട്.

ചെറുകിട ജലസേചന പദ്ധതിക്കുവേണ്ടി ഗവർമെൻറ് ഏറ്റെടുത്തിട്ടുള്ള ഈ പഞ്ചായ ത്തിലെ മറ്റൊരു കുളമാണ് "കുന്നം പുടാരി ഏരി" ഇതിന് 20 ഹെക്ടർ 11 ആർ 25 ച. മി. വിസ്തീർണ്ണമുണ്ട്. സ്വകാര്യവ്യക്തികൾക്ക് 65 ഓളം കുളങ്ങൾ വേറെയുമുണ്ട്.

ഏകദേശം 8 കി. മീ. നീളം വരുന്ന "അംഗരാത്ത് കനാൽ" ഈ പഞ്ചായത്തിലെ ജല പ്രകൃതിയുടെ ഒരു ഭാഗമാണ്. കോരയാറിലെ ജലം കൃഷിയാവശ്യങ്ങൾക്കുപയോഗിക്കുന്നതിന് വളരെ ശാസ്ത്രീയമായ രീതിയിൽ പണി കഴിച്ചിട്ടുള്ളതാണിത്. വർഷങ്ങളോളമായി ഈ കനാൽ ഉപയോഗശൂന്യമായി കിടക്കുന്നു. ഇത് ഗവർമെൻറ് ഏറ്റെടുത്തിട്ടുള്ളതാകുന്നു. അങ്കരാത്ത് കനാൽ ഉപയോഗയോഗ്യമാക്കുകയാണെങ്കിൽ കനാലിൻെറ ഇരുവശങ്ങളിലുമുള്ള 16 കുളങ്ങളിൽ വെള്ളം നിറച്ച് കൃഷിക്കുപയോഗിക്കുവാൻ സാധിക്കും. ഇപ്പോൾ മൈനർ ഇറിഗേഷൻെറ കീഴിലുള്ള ഈ കനാൽ കൊഴിഞ്ഞാമ്പാറ കുരിയാർകുറ്റി സബ്ഡിവിഷൻെറ കീഴിൽ കൊണ്ടുവരേണ്ടതാണ്.

ഇവിടെ 54 കിണറുകൾ പഞ്ചായത്ത് വകയായിട്ടുണ്ട്. അവയിൽ 4 എണ്ണം മൂടിക്കഴിഞ്ഞു. മൊത്തം കിണറുകൾ പരിശോധിക്കുമ്പോൾ, ഫിബ്രവരി മാസമാവുമ്പോഴേക്കും വറ്റി വരളാൻ തുടങ്ങുന്നു. ശുദ്ധജല വിതരണം ഈ പഞ്ചായത്തിൽ വളരെ കുറഞ്ഞ തോതിൽ മാത്രമെ നടക്കുന്നുള്ളു. തൊട്ടടുത്തുള്ള പഞ്ചായത്തിൽ നിന്നുകൂടി വെള്ളം കൊണ്ടുവന്നാണ് ശുദ്ധജല വിതരണം നടത്തുന്നത്. പാലക്കാട് ജില്ലയിൽ ഏറ്റവുമധികം കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പഞ്ചായത്താണ് ഇത് എന്നുതന്നെ പറയാം.



# 5 -1

# കൃഷിയും ജലസേചനവും

## ആമുഖം

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പാലക്കാട് ജില്ലയുടെ കിഴക്കെ അറ്റത്ത് തമിഴ്നാടിനോട് ചേർന്ന പ്രദേശമാണ്. ഇതിന്റെ വിസ്തീർണ്ണം 4,382.8368 ഹെക്ടർ ആണ്. ഈ പഞ്ചായത്തിന്റെ മുക്കാൽഭാഗം കൃഷി മഴയെ മാത്രം ആശ്രയിച്ചു നടത്തുന്നതാണ്. കേരളത്തിൽ മറ്റു പ്രദേശങ്ങളിൽ ഇല്ലാത്ത കൃഷികളായ കരിമ്പ്, പരുത്തി, നിലക്കടല, ചോളം, സോയ, ചെറിയ ഉള്ളി തുടങ്ങിയവ ഇവിടെ ഒരു പ്രത്യേകതയാണ്. കേരളത്തിന്റെ കിഴക്കെ അറ്റത്ത് കിടക്കുന്നതുകൊണ്ട് കാലവർഷവും തമിഴ്നാടിന്റെ പടിഞ്ഞാറെ അറ്റമായതിനാൽ തുലാവർഷവും പലപ്പോഴുംഇവിടെ കിട്ടാറില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ഭൂഗർഭജലം ഉപയോഗിച്ച് എല്ലാ വിളകളും നന്നായി കൃഷിചെയ്യുന്ന ഒരു പ്രദേശമാണ് ഇത്. ഈ പഞ്ചായത്തിലെ ജനസംഖ്യ 1996 ലെ സെൻസസ് പ്രകാരം 30,086 ആണ്. ഇതിൽ കൃഷിയെ ആശ്രയിച്ച് ജീവിച്ചിരുന്നവർ 20 വർഷത്തിനുമുൻപ് 65% ആയിരുന്നത് ഇപ്പോൾ 45% ആയി കുറഞ്ഞു. ഈ പ്രദേശത്തെ ജലസേചനത്തിന് പ്രധാനമായും വരട്ടയാർ കോരയാർ എന്നീ പുഴകളും ചിറ്റൂർ പുഴ പദ്ധതിയിലെ ആർ.ബി.സി. കനാലും, മൂലത്തറ ഡാമിലെ കുന്നംകാട്ടുപതികനാലും ഉപയോഗിച്ചു വരുന്നു. കൂടാതെ ജലസംഭരണികളായി 80 ഓളം കുളങ്ങളും ഉണ്ട്.

ഇവിടുത്തെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും കൃഷിത്തൊഴിലും കച്ചവടവുമാണ്. കഞ്ചിക്കോട് എന്ന വ്യവസായമേഖല ഈ പ്രദേശത്തുനിന്ന് 5 കിലോമീറ്റർ മാത്രം അകലെ ആയതിനാൽ കർഷകപ്രവർത്തിയിൽ ഏർപ്പെട്ടിരുന്ന വളരെയധികം ആൾക്കാർ അവിടേക്ക് ആകർഷിക്കപ്പെട്ടു. ഇതു കാരണം ഇവിടങ്ങളിൽ കാർഷികവൃത്തിക്ക് ആളെ കിട്ടാത്ത അവസ്ഥ നേരിട്ടു വരുന്നു. കൂടാതെ ഈ പഞ്ചായത്തിൽ 25-ഓളം നെല്ല്കുത്ത് മില്ലുകളും അത്രതന്നെ എണ്ണയാട്ടുന്ന മില്ലുകളും ഉണ്ട്. നല്ലൊരു ശതമാനം ചെറുപ്പക്കാർ ഇതിന്റെ അനുബന്ധ തൊഴിലുകളും ചെയ്തുവരുന്നു. ഇവിടെ കാർഷിക ഉൽപന്നങ്ങൾ കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതും കൂടുതലും കാളവണ്ടികളിലാണ്. ഏകദേശം 500 കാളവണ്ടികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഈ ഭൂപ്രദേശം സമുദ്രനിരപ്പിൽ നിന്നും 240. അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. കൊഴിഞ്ഞാമ്പാറ, വലിയ പള്ളംപതി, കുന്നംകാട്ടുപതി എന്നീ വില്ലേജുകൾ ചേർന്നതാണ് കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്. ഭൂരിഭാഗം ഭൂവുടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരുമാണ്. ഇതു സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

**പട്ടിക - 1**

**(കൃഷിഭവൻ രേഖ)**

| ക്രമനമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം | % |
|---|---|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 900 | 638 | 50 |
| 2 | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ | 778 | 1388 | 43 |
| 3 | രണ്ടു ഹെക്ടറിനു മുകളിൽ | 120 | 957 | 7 |

തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന പ്രദേശമായതിനാൽ ഇവിടങ്ങളിൽ കൃഷി നടത്തിപ്പിൽ വനിതകളുടെ പങ്ക് ഒരു മുഖ്യ ഘടകമാണ്. പക്ഷെ ഇത് ക്രമേണ കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്.

പട്ടിക -2

| വിവരം | 1960 - കളിൽ | 1990 - കളിൽ |
|---|---|---|
| വനിത കർഷകർ | 30% | 10% |
| വനിത കർഷക തൊഴിലാളി | 55% | 30% |
| കുട്ടികൾ (കൃഷിപ്പണി) | 20% | 5% |

അടിമത്തൊഴിൽ വ്യവസ്ഥ ഈ പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്നതിനാൽ കർഷകത്തൊഴിലാളികളുടെ കുട്ടികൾ കൃഷിത്തൊഴിൽ തന്നെ ചെയ്യാൻ നിർബന്ധിതരായി. അതു സാക്ഷരതയുടെയും വിദ്യാഭ്യാസത്തിന്റെയും പുരോഗതിക്കു തടസ്സമായി നിൽക്കുന്നു.

**കർഷക ചരിത്രം**

ഇവിടങ്ങളിൽ മുൻകാലങ്ങളിൽ (30- വർഷത്തിനു മുൻപ്) കൃഷി ചെയ്തിരുന്നതും ഇപ്പോൾ ഇല്ലാത്തതുമായ വിളകൾ താഴെ പറയുന്നു.

1. **ഗോതമ്പ്** - പെരുമ്പാറച്ചള്ള ഭാഗത്ത് രണ്ട് കൃഷിക്കാർ ഇത് പരീക്ഷണാർത്ഥം ചെയ്തിരുന്നു.

   കാലാവസ്ഥ അനുയയോജ്യമല്ലാത്തതിനാൽ ഈ വിള തുടർന്നുകൊണ്ടു പോകുവാൻ കഴിഞ്ഞില്ല.

2. **ചോളം** - ചോളം ശരീരത്തിന് ഉഷ്ണാധിക്യം നൽകുന്നതാണ്.

3. **ചാമ** -

4. **റാഗി, (കോറ)** - കോറ ശരീരത്തിനു തണുപ്പു നൽകുന്നു.

5. **കമ്പ്** -

6. **തിന** - ശരീരത്തിന് ഉഷ്ണാധിക്യമാണ്. തേനും തിനയും ചേർന്ന് കഴിക്കുന്നത് ആരോഗ്യത്തിന് വളരെ നല്ലതായതിനാൽ തമിഴിൽ "തേനും തൈനെമാവും" എന്നൊരു ചൊല്ലുണ്ട്.

7. **വറക്** - ശരീരത്തിന് ഉഷ്ണാധിക്യമാണ്.

8. മക്കാചോളം -

സീരിയൽ നമ്പർ 2 മുതൽ 8 വരെയുള്ള കൃഷികൾ ഇപ്പോൾ മുഖ്യാഹാരമല്ലാത്തതിനാൽ, കാലാവസ്ഥ അനുയോജ്യമാണെങ്കിലും ഈ കൃഷികൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

നെൽകൃഷിയിൽ ചമ്പാൻ, ആനകൊമ്പൻ, കരുമോടൻ, ചീര, നവര, ചെന്നിനായകം, തുടങ്ങിയ വിത്തിനങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. കാലക്രമത്തിൽ അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ ആവിർഭാവം പഴയ വിത്തുകളെ പുറംതള്ളി.

ഈ പ്രദേശത്ത് ഇപ്പോൾ ചെയ്തു വരുന്ന കൃഷികൾ താഴെ പറയും പ്രകാരമാണ്.

## പട്ടിക-3 (കൃഷിഭവൻ രേഖ)

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നെല്ല് ഒന്നാവിള - | 1380 |
| നെല്ല് രണ്ടാംവിള - | 730 |
| നെല്ല് മൂന്നാം വിള - | ഇല്ല |
| പയർ - | 330 |
| എള്ള് - | 15 |
| പച്ചക്കറികൾ - | 250 |
| തെങ്ങ് - | 765 |
| വാഴ - | 140 |
| മരച്ചീനി - | 115 |
| മാവ് - | 50 |
| കവുങ്ങ് - | 5 |
| കരിമ്പ് - | 710 |
| നിലക്കടല - | 650 |
| പരുത്തി - | 50 |
| ചോളം - | 10 |

നെൽകൃഷിയുടെ ഉൽപാദനം നാടൻ വിത്തിനങ്ങൾക്ക് 1700 മുതൽ 2000 കിലോഗ്രാം വരെയാണ്. വളരെ കുറച്ചു പ്രദേശങ്ങളിൽ മാത്രമാണ് ഇപ്പോൾ നാടൻ വിത്തുകൾ കൃഷിയിറക്കുന്നത്. സങ്കര ഇനം വിത്തുകളോടാണ് കൃഷിക്കാർക്ക് ഇപ്പോൾ താൽപ്പര്യം. സാമ്പത്തിക ലാഭമാണ് ഇതിനു കാരണമായി കാണുന്നത്. സങ്കരയിനം നെല്ലിനങ്ങൾക്ക് ഹെക്ടറിൽ 2500 മുതൽ 4000 കിലോഗ്രാം വരെ ഉൽപാദനം കിട്ടിവരുന്നുണ്ട്. കൂടുതലും കാലവർഷത്തെ ആശ്രയിച്ച് കൃഷി ചെയ്തു വന്നിരുന്നതിനാൽ മഴയുടെ കുറവ് നെൽ കൃഷിയെ ബാധിച്ചു. നെൽപാടങ്ങളിൽ തൻമൂലം തെങ്ങുകൃഷി ആരംഭിക്കാൻ ഇത് ഒരു കാരണമായി. ഇതിനു പുറമെ കർഷകത്തൊഴിലാളികൾ മറ്റുമേഖലകളായ ഫാക്ടറിതൊഴിലുകളിലേക്കും മറ്റും മാറിയത് കർഷകവൃത്തിയെ ബാധിച്ചു. കൃഷി തൊഴിലാളികളുടെ കൂലിവർദ്ധനവും, രാസവളങ്ങളുടെ വിലവർദ്ധനവും ജൈവ വളങ്ങളുടെ ദൗർലഭ്യവും കർഷകന് നെല്ലിന് ന്യായമായ വില കിട്ടാതെ വന്നതും നെൽകൃഷി കുറയുന്നതിനു കാരണമായി.

ഇവിടത്തെ മുഖ്യവിളയായ നിലക്കടല വിളവ് ഹെക്ടറിനു 15,000 കിലോഗ്രാം ആണ്. 1992-93 വരെ 2500 ഹെക്ടർ വരെ മൂന്നു സീസണിലും കൂടി കൃഷിചെയ്തുവന്നിരുന്നത് ഇപ്പോൾ 1700 ഹെക്ടർ ആയി കുറഞ്ഞു. സമയത്തിന് കർഷകത്തൊഴിലാളികൾ ലഭ്യമാകാത്തതും ഉൽപന്നത്തിന് മാർക്കറ്റിൽ ന്യായമായ വില കിട്ടാതെ വന്നതും നിലക്കടലകൃഷി കുറയാൻ കാരണമായി.

താരതമ്യേന ചിലവുകുറഞ്ഞ കൃഷിയായതുകൊണ്ട് പഞ്ചായത്തിൽ പൊതുവെ തെങ്ങുകൃഷി അഭിവൃദ്ധിപ്പെട്ടു വരുന്നുണ്ട്. 10 വർഷങ്ങൾക്കുമുൻപ് 100 ഹെക്ടറിൽ താഴെയായിരുന്ന തെങ്ങുകൃഷി ഇപ്പോൾ 765 ഹെക്ടർ സ്ഥലത്തേക്ക് വ്യാപിച്ചിട്ടുണ്ട്. മറ്റുകൃഷികൾ ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ പൊതുവെ ചിലവ് കുറവായത് തെങ്ങുകൃഷിയിലേക്ക് കർഷകർ ആകർഷിക്കപ്പെടുന്നു. കൂടാതെ തെങ്ങ് ചെത്താൻ കൊടുക്കുന്നത് (കള്ളിനുവേണ്ടി) കർഷകർക്കു സാമ്പത്തികലാഭം നേടിക്കൊടുക്കുന്നു. ഇത് തെങ്ങുകൃഷിയുടെ വികസനത്തിനു സഹായകമായെങ്കിലും നെൽകൃഷി അവഗണിക്കപ്പെടാൻ കാരണമായി.

കരിമ്പു കൃഷി പഞ്ചായത്തിൽ ഇപ്പോൾ 710 ഹെക്ടറിലാണ് നടത്തി വരുന്നത്. മുൻകാലങ്ങളിൽ ഇത് 1000 ഹെക്ടറിനു മീതെയായിരുന്നു. പഞ്ചായത്തതിർത്തിയിൽ സ്ഥിതിചെയ്യുന്ന ചിറ്റൂർ ഷുഗർമില്ലിലേയ്ക്കു വേണ്ടതായ മുഴുവൻ കരിമ്പും ഈ പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്നു. ഇപ്പോൾ തമിഴ്നാട്ടിൽ നിന്ന് കരിമ്പ് കൊണ്ടുവന്നാണ് ഫാക്ടറി പ്രവർത്തിപ്പിക്കുന്നത്.

വർദ്ധിച്ച കൂലിയും ഫാക്ടറിയിൽ തക്കസമയത്ത് കരിമ്പ് സംഭരിക്കാത്തതും ഉൽപന്നത്തിനു ന്യായമായ വില കിട്ടാത്തതും വളങ്ങളുടെ വിലവർദ്ധന, ജലദൗർലഭ്യം ഇത്യാദി പ്രശ്നങ്ങളും കരിമ്പുകൃഷികുറയുന്നതിനു കാരണമായി. ഉൾപ്രദേശത്തുള്ളവർ കരിമ്പിൽ നിന്നും വെല്ലം ഉണ്ടാക്കി അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ കൊണ്ടുപോയി വിറ്റുവരുന്നു. ഇതിനൽപം വില കൂടുതൽ കിട്ടും എന്നുള്ളതാണ് ഇതിൻെറ പ്രേരണ. ഈ പ്രദേശത്ത് പരുത്തി 75% സ്ഥലങ്ങളിലും കൃഷിചെയ്തു വന്നിരുന്നു. ഇപ്പോൾ ഇതു വളരെ കുറഞ്ഞു. വർദ്ധിച്ച കൂലിച്ചിലവ് ഇടത്തട്ടുകാരുടെ ചൂഷണം, സർക്കരിൻെറ ബഹുമുഖ നികുതി സമ്പ്രദായം എന്നിവയാണ് ഇതിനു കാരണങ്ങളായി ചൂണ്ടിക്കാണിക്കാനുള്ളത്. ഉൽപാദിപ്പിക്കുന്ന പരുത്തി അയൽ സംസ്ഥാനത്താണ് വിൽപന നടക്കുന്നത്. മഴയുടെ കുറവും പരുത്തികൃഷികുറയുന്നതിനു കാരണമായി.

പയർ, എള്ള്, ചോളം തുടങ്ങിയ കൃഷികളും ഇവിടങ്ങളിൽ മുൻവർഷങ്ങളേ അപേക്ഷിച്ച് വളരെ കുറഞ്ഞു വന്നു. എങ്കിലും പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ചെറിയതോതിൽ ഇവ കൃഷിചെയ്യപ്പെടുന്നുണ്ട്. നേരത്തെ സൂചിപ്പിച്ച പ്രശ്നങ്ങൾ തന്നെയാണ് ഈ കൃഷിയിടങ്ങളുടെ വ്യാപ്തി കുറയാനും കാരണം.

മാവുകൃഷി ഈ അടുത്തകാലത്തായി വ്യാപിച്ചിട്ടുണ്ട്. മാവുകൃഷിക്ക് സർക്കാരിൽ നിന്നും പ്രോത്സാഹനം ലഭിക്കുന്നുണ്ട്. ഇതിനു വെള്ളവും കുറച്ചു മതി.

പച്ചക്കറിയുടെ നാട് എന്നറിയപ്പെടുന്ന സ്ഥലമാണ് കൊഴിഞ്ഞാമ്പാറ ഫർക്ക. സംസ്ഥാനത്തിൻെറ പല ഭാഗത്തേക്കും ഇവിടെനിന്നു പച്ചക്കറികയറ്റിപ്പോകുന്നുണ്ട്. ജലദൗർലഭ്യം, സീസണിൽ വിളകളുടെ വിലക്കുറവ് തുടങ്ങിയവ പച്ചക്കറികൃഷി നേരിടുന്ന വെല്ലുവിളികളാണ്.

## കാലാവസ്ഥ

കൊഴിഞ്ഞാമ്പാറയിൽ പൊതുവെ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശമാണ്. ഉത്തര അക്ഷാംശം $10^{0}39'30''$ നും $10^{0}46'9''$ ഇടയിലും പൂർവ്വരേഖാംശം $76^{0}$ 48' 12'' നും ഇടയിലാണ് ഈ പഞ്ചായത്തിൻെറ സ്ഥാനം. ഉഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന കേരളത്തിൻെറ കിഴക്കെ അറ്റത്തു കിടക്കുന്ന ഇവിടം കാലവർഷവും തുലാ വർഷവും വളരെ കുറച്ചു കിട്ടുന്ന പ്രദേശമാണ്. ചൂട് ശരാശരി $25^{0}$ C നും $42^{0}$ C നും ഇടയ്ക്കാണ്.

## മഴ

കഴിഞ്ഞ 10 വർഷമായി കാലവർഷം ഏതാണ്ട് മിതമായി ഇവിടെ കിട്ടുന്നുണ്ട്. എങ്കിലും സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് മഴ വളരെ കുറവാണ്. തുലാവർഷം ശരാശരി 788.61 മില്ലീമീറ്ററും തുലാവർഷം ശരാശരി 237-99 മില്ലിമീറ്ററും ആണ്. വേനൽകാലമഴ ശാരശരി 155.9 മില്ലീമീറ്റർ ലഭിക്കുന്നു. വാർഷിക മഴ ശരാശരി 1199-46 മില്ലിമീറ്റർ ആണ്. മഴയുടെ കുറവ് ഇവിടത്തെ കാർഷികമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ 27 വർഷത്തെ വർഷപാതത്തിൻെറ പട്ടിക താഴെ കൊടുക്കുന്നു.

## 1969 - 1995

| വർഷം | വിൻറർ ജനു – ഫിബ്രു മില്ലി മീറ്റർ | സമ്മർ മാർച്ച് – മെയ് മില്ലി മീറ്റർ | കാലവർഷം ജൂൺ – സെപ്തം മില്ലി മീറ്റർ | തുലാവർഷം ഒക്ടോ – ഡിസം മില്ലി മീറ്റർ | വാർഷിക മഴയുടെ അളവ് മില്ലി മീറ്റർ |
|---|---|---|---|---|---|
| 1969 | - | 171.1 | 745.7 | 111.1 | 1027.9 |
| 1970 | 0.5 | 109.7 | 747.9 | 398.7 | 1256.8 |
| 1971 | 3.8 | 148.2 | 770.3 | 440.6 | 1362.9 |
| 1972 | - | 223.0 | 731.1 | 306.9 | 1261.0 |
| 1973 | - | 31 | 886 | 252.2 | 1169.2 |
| 1974 | - | 55.4 | 825 | 70.8 | 951.2 |
| 1975 | 14.6 | 278.6 | 1022.5 | 35.2 | 1350.9 |
| 1976 | - | 196.2 | 370.7 | 452.4 | 1019.3 |
| 1977 | 22.6 | 140.3 | 779.9 | 436.7 | 1379.5 |
| 1978 | - | 105.1 | 152 | 213.4 | 1070.5 |
| 1979 | .59 | 218.8 | 933.6 | 421.6 | 1633 |
| 1980 | - | 240.8 | 973.5 | 253.7 | 1468 |
| 1981 | - | 146.4 | 952.2 | 181 | 1279.6 |
| 1982 | - | 185 | 624 | 204.7 | 1013.7 |
| 1983 | - | 51 | 718.2 | 190 | ]959.2 |
| 1984 | 24 | 69.2 | 784.6 | 200.1 | 1077.9 |
| 1985 | 85 | 86 | 749.5 | 95 | 1015.5 |
| 1986 | 10 | 70 | 816.3 | 139.9 | 1030.2 |
| 1987 | - | 163 | 426.4 | 315 | 904.4 |
| 1988 | | 418.5 | 661.5 | 42.5 | 1122.5 |
| 1989 | 1 | 235.1 | 857 | 129 | 1224 |
| 1990 | 14.2 | 223.1 | 652.4 | 306.3 | 1196 |
| 1991 | 6.6 | 144.8 | 1038.9 | 13.1 | 1129.4 |
| 1992 | - | 121.8 | 1082.4 | 333.2 | 1537.4 |
| 1993 | 16.8 | 76.4 | 521.4 | 247.8 | 862.4 |
| 1994 | 10. | 169.5 | 898 | 308 | 1368.4 |
| 1995 | - | 131.5 | 971.4 | 206.8 | 1309 |
| ശരാശരി മഴ | 996 | 155.9 | 788.61 | 237.99 | 1192.46 |

# GRAPHICAL EXPLANATION OF RAINFALL FROM 1969 - 1995



## മണ്ണ്

ഈ പ്രദേശത്ത് പ്രധാനമായും നാല് തരത്തിലുള്ള മണ്ണ് കാണപ്പെടുന്നു.

1. കരിമണ്ണ് : (Monmorrollorate Clayminerals) (Vertisol)
2. ചെമ്മണ്ണ് : (Altisol) (Kadinate menerals)
3. മണൽ മണ്ണ് : (Silicated Soil)
4. കൽക്കേരിയേസ് മണ്ണ് : (Kankarmodules)

മണ്ണിന്റെ ഫലഭൂയിഷ്ടതയെ പറ്റി പറയുമ്പോൾ ഇവിടത്തെ മണ്ണിൽ ഹെക്ടറിൽ 180 മുതൽ 200 കിലോഗ്രാം വരെ പാക്യജനകവും (നൈട്രജൻ) 8.5 മുതൽ 14.5 കിലോഗ്രാം വരെ ഭാവകവും (ഫോസ്ഫറസും) 250 കിലോഗ്രാം മുതൽ 450 കിലോഗ്രാം വരെ ക്ഷാരവും (പൊട്ടാഷ് ) കണ്ടുവരുന്നു. ക്ഷാരാംശം കൂടുതൽ ഉള്ള മണ്ണാണ് ഇവിടെ കാണപ്പെടുന്നത്.

മണ്ണിന്റെ അമ്ലക്ഷാരഘടന (PH) 6.5 മുതൽ 8 വരെയാണ്.

ഈ പ്രദേശത്തു സ്ഥലത്തിന്റെ പേരു പോലെ തന്നെ കരിങ്കൽ പാറകൾ കൂടുതലുണ്ട്. ഇവിടങ്ങളിലെ സ്ഥല നാമങ്ങളിൽ പാറ എന്ന പദം ധാരാളം കാണുന്നുണ്ടല്ലോ !

## ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ചു കൃഷിനടത്തുന്നവരാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. കാലവർഷവും തുലാവർഷവും ഇവിടെ പലപ്പോഴും ദുർബലമാകുമ്പോൾ പഞ്ചായത്തിലെ കർഷകർ കണ്ണീരു കുടിക്കേണ്ടതായി വരുന്നു. അങ്ങനെ വരൾച്ചബാധിച്ചു കൃഷി നശിക്കുന്നത് ഇവിടെ സർവ്വസാധാരണമാണ്. കഴിഞ്ഞ 27 വർഷം കിട്ടിയ മഴയുടെ കണക്ക് മുകളിൽ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

## പുഴകൾ

കോരയാർ, വരട്ടയാർ എന്നീ പുഴകളാണ് പഞ്ചായത്തിൽ കൂടി കടന്നു പോകുന്നത്. 93-94 ൽ ഈ പുഴയിൽ 20 ഓളം ചെക്കു ഡാമുകൾ പണിതീർത്തിട്ടുണ്ട്. ഇത് പഞ്ചായത്തിനു കിട്ടിയ വലിയ അനുഗ്രഹമാണ്. ചെറുതായിട്ടെങ്കിലും കിട്ടുന്ന മഴവെള്ളം തടഞ്ഞുനിർത്തി ജല സംഭരണം നടത്തുന്നതുകൊണ്ട് പരിസരപ്രദേശങ്ങളിൽ പ്രയോജനം കിട്ടുന്നു. കാലവർഷം ദുർബലമായതിനാൽ വറ്റിവരണ്ടു കിടക്കുന്ന പുഴകൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

## ചെറുകിട ജലസേചന പദ്ധതികൾ

പഞ്ചായത്തിലെ കർഷകർക്ക് രണ്ടാംവിളയ്ക്ക് ആശ്വാസം പകരുന്നത് ചിറ്റൂർ പുഴ പദ്ധതിയിലെ വെള്ളവും മൂലത്തറ വലതു കനാലിലെ വെള്ളവുമാണ്. ചിറ്റൂർ പുഴ പദ്ധതിയിലെ വെള്ളം കൊണ്ട് പഞ്ചായത്തിലെ വലിയവള്ളംപതി വില്ലേജിലെയും കുന്നംകാട്ടുപതി വില്ലേജിലെയും കൂടി 2071-39 ഏക്കറും മൂലത്തറഡാമിലെ വെള്ളം കൊണ്ട് 1369-06 ഏക്കറും നനയ്ക്കാൻ കഴിയുന്നുണ്ട്.

## കുളങ്ങൾ

പഞ്ചായത്തിൽ 80 വലിയ കുളങ്ങൾഉണ്ട്. പഞ്ചായത്തിലെ കാര്യമായ ജലസംഭരണികൾ കുളങ്ങൾ ആണ്. മഴക്കാലവെള്ളം സംഭരിക്കാനും കനാൽ വഴി കിട്ടുന്ന വെള്ളം സംഭരിക്കാനും ഇവ ഉപകരിക്കുന്നു. അതുപോലെ കുഴൽ കിണറിൽ നിന്നു പമ്പുചെയ്യുന്ന വെള്ളം സംഭരിക്കുന്നതിനും വലിയ കിണറുകൾ നിരവധിയുണ്ട്.

## കുഴൽ കിണറുകൾ

ഇവിടത്തെ പ്രധാന ജല സ്രോതസ്സുകളിൽ ഒന്നാണ് കുഴൽ കിണർ. പഞ്ചായത്തിൽ ഇപ്പോൾ കൃഷി ആവശ്യത്തിനു 87 കുഴൽ

കിണറുകൾ ഉണ്ട്. കുഴൽ കിണറുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കിണറുകളിൽ ശേഖരിച്ച് ജലസേചനം നടത്തുന്നു.

**മണ്ണ് - ജലസംരക്ഷണം**

വരമ്പുകൾ ഉണ്ടാക്കിയും പറമ്പുകൾ തട്ടുകളാക്കിയും വെള്ളം കെട്ടിനിൽക്കാൻ വലിയ കുഴികൾ കുഴിച്ചുമാണ് ഇവിടങ്ങളിൽ മണ്ണ് - ജലസംരക്ഷണം നടത്തി വരുന്നത്. മരങ്ങൾ വളരെ കുറഞ്ഞ പ്രദേശമാണെങ്കിലും ഉള്ളവയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതുകാണാം.
ആൽമരങ്ങൾ സംരക്ഷിക്കുന്നത് ഇവിടങ്ങളിലെ പ്രത്യേകതയാണ്. അതു കൊണ്ട് പറമ്പുകളിലും ആൽമരങ്ങൾ കാണാവുന്നതാണ്. ഇതു മണ്ണ് - ജല സംരക്ഷണത്തിനു സഹായകരമാകുന്നുണ്ട്.

**പ്രകൃതിക്ഷോഭങ്ങൾ**

ഇവിടെ വരൾച്ചബാധിച്ച് കൃഷികൾ ഉണങ്ങിപ്പോകുന്നത് മിക്ക വർഷങ്ങളിലും ഒരു പതിവാണ്. സമായസമയങ്ങളിൽ മഴകിട്ടുന്നില്ല എന്നതു തന്നെ പ്രധാന കാരണം. പച്ചക്കറി കൃഷികളൊക്കെ നശിച്ചുപോകാറുണ്ട് കാലം തെറ്റിവരുന്ന മഴയാണ് ഇതിനു പ്രധാന കാരണം. മിക്ക വർഷങ്ങളിലും വളരെയധികം പച്ചക്കറി കൃഷി ഇങ്ങനെ നശിക്കാറുണ്ട്.

**കൃഷി ഭവൻ**

കൃഷി വികസന ഓഫീസായി പ്രവർത്തിച്ചിരുന്ന ആഫീസ് തന്നെയാണ് ഇന്നത്തെ കൃഷിഭവൻ. 3 കൃഷി അസിസ്റ്റൻറും ഒരു കൃഷിഓഫീസറും ഉണ്ട്. പഞ്ചായത്തിൻെറ കാർഷിക വികസനത്തിൽ വളരെയേറെ പ്രാധാന്യം കൃഷിഭവനുണ്ട്. കൃഷിക്കാരുടെ കൂടെ കൂടുതൽ സമയം ചിലവഴിച്ചു സാങ്കേതിക ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി കൂടുതൽ ഉൽപാദനം കൂട്ടാനും കൃഷിച്ചെലവ് കുറയ്ക്കാനും കഴിയണം. വിത്തുകളും നടീൽ വസ്തുക്കളും, കീടനാശിനികളും, കാർഷിക ഉപകരണങ്ങളും, കൃഷിഭവൻമുഖേന നൽകി വരുന്നുണ്ട്. അടുത്ത പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എരുത്തേമ്പതി അത്യുൽപാദന വിത്തുൽപാദന കേന്ദ്രത്തിൻെറ പ്രയോജനം കൂടുതലായി ഇനിയും കിട്ടാനുണ്ട്.

**പാടശേഖര സമിതികൾ.**

കൃഷിഭവൻെറ പരിധിയിൽ 13 പാടശേഖര സമിതികൾ നിലവിലുണ്ട്. പാടശേഖരസമിതികൾ നിലവിൽ വന്നതോടെ കൃഷിക്കാരുടെ ഐക്യവും സഹകരണവും വർദ്ധിച്ചിട്ടുണ്ട്. സാങ്കേതികജ്ഞാനവും നിർദ്ദേശങ്ങളും കൈമാറാനും പല കാര്യങ്ങളിലും യോജിച്ചു പ്രവർത്തിക്കാനും കഴിഞ്ഞിട്ടുണ്ട്.

പാടശേഖര സമിതികളുടെ പട്ടിക താഴെ കൊടുക്കുന്നു.

1. കൊഴിഞ്ഞാമ്പാറ - പാടശേഖരം
2. കൂളകൗണ്ടൻചള്ള - പാടശേഖരം
3. മുട്ടിമാം പള്ളം - പാടശേഖരം
4. കല്ലാണ്ടിചള്ള - പാടശേഖരം
5. വാളറ - പാടശേഖരം
6. കോറക്കാട് - പാടശേഖരം
7. ചന്ദനം പിള്ളചള്ള - പാടശേഖരം
8. കുന്നംങ്കാട്ടുപതി - പാടശേഖരം
9. സ്രാമ്പി - പാടശേഖരം
10. പെരുമ്പാറചള്ള - പാടശേഖരം
11. പാറുമൻചള്ള - പാടശേഖരം
12. വാര്യർചള്ള - പാടശേഖരം
13. പാപ്പൻപള്ളി - പാടശേഖരം

### വളം

സഹകരണ മേഖലയിൽ രണ്ടും, സ്വകാര്യമേഖലയിൽ 11 ഉം വളം വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. രാസവളങ്ങൾ തന്നെയാണ് കൂടുതലും കൃഷിക്ക് ഉപയോഗിക്കുന്നത്. ജൈവവളങ്ങൾ കിട്ടാൻ സാദ്ധ്യത ഇവിടെ കൂടുതലുണ്ട്. എങ്കിലും ഉപയോഗം കുറഞ്ഞുവരുന്നതായി കാണുന്നു. അമിതമായ രാസവള പ്രയോഗം മണ്ണിനെ നശിപ്പിക്കാൻ ഇടയുള്ളതു കൊണ്ട് രാസവളങ്ങൾക്കൊപ്പം തന്നെ ജൈവവളങ്ങളും ഉപയോഗിക്കാൻ കർഷകർ ശ്രമിക്കേണ്ടതുണ്ട്.

### കീടനാശിനികൾ

എല്ലാ വിളകൾക്കും വർദ്ധിച്ചതോതിൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നു. എല്ലാ വള വില്പന കേന്ദ്രങ്ങളിലും, കീടനാശിനി വില്പനയും ഉണ്ട്. അമിതമായും അശാസ്ത്രീയമായും ഉള്ള കീടനാശിനി പ്രയോഗം കൃഷിചിലവ് കൂട്ടുകയും ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു. കൃഷിക്കാരുടെ അറിവില്ലായ്മയും സാമ്പത്തിക ലാഭംമാത്രം ഉദ്ദേശിച്ചുള്ള കൃഷിയും ആണ് ഇതിനും പ്രധാന കാരണം.

### കാർഷിക ഉപകരണങ്ങൾ

പഞ്ചായത്തിൽ 82 ട്രാക്ടർ, 30 ടില്ലർ, 1300 നാടൻ കലപ്പ, 25 റോക്ക് സ്പ്രെയർ, 150 നാപ്സ്റ്റാക്സ്പ്രെയർ എന്നിവയുണ്ട്. എല്ലാ കൃഷിക്കാരുടെ വീട്ടിലും ഉഴവുകാളകൾ ഉണ്ട് എന്നകാര്യം എടുത്തു പറയേണ്ടതുണ്ട്. ഉഴവ് ഇല്ലാത്ത സമയങ്ങളിൽ കാർഷികോൽപന്നങ്ങൾ കൊണ്ടുപോകാനും കൊണ്ടുവരുന്നതിനും കാളവണ്ടികൾ ഉപയോഗിക്കുന്നു.

### കൂലി നിരക്ക്

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുകയാണ്. അടിമ കൃഷി തൊഴിലാളികൾ ഇവിടങ്ങളിൽ ഉണ്ടായിരുന്നു. ഈ തൊഴിലാളികളുടെ മക്കൾ പാരമ്പര്യമായി കൃഷിത്തൊഴിൽ ചെയ്തു വരുന്നു. സമൂഹത്തിൽ വന്ന മാറ്റം, വിദ്യാഭ്യാസം, ഫാക്ടറികളുടെ വരവ് ഇവയൊക്കെ കൃഷിതൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നതിന് കാരണമായി. ഇവിടങ്ങളിലെ കൂലി നിരക്ക് താഴെ പട്ടികയിൽ കൊടുക്കുന്നു.

| വർഷം | 1960 | 1970 | 1980 | 1990 | 1995 |
|---|---|---|---|---|---|
| പുരുഷൻ | 7 | 15 | 20 | 40 | 60 |
| സ്ത്രീ | 5 | 8 | 15 | 22 | 30 |

### നഴ്സറികൾ

പഞ്ചായത്തിൽ അംഗീകൃത നഴ്സറികൾ ഇല്ല. തൊട്ടടുത്ത പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിത്തുല്പാദന കേന്ദ്രം (I.S.D ഫാം എരുത്തേമ്പതി) സർക്കാർ ഉടമസ്ഥയിലുള്ളതാണ്. തെങ്ങിൻ തൈകളും മറ്റും ധാരാളമായി ഉൽപാദിപ്പിച്ചു വിറ്റിരുന്നു. ജലസേചനത്തിൻെറ കുറവാണെന്ന് പറയപ്പെടുന്നു, ഇപ്പോൾ എല്ലാം പേരിനുമാത്രം. ഈ വിത്തുല്പാദന കേന്ദ്രം തന്നെ വികസിപ്പിച്ചെടുത്ത് കൂടുതൽ പ്രയോജനകരമാക്കേണ്ടിയിരിക്കുന്നു.

### ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജലസേചന സൗകര്യം പരിമിതമാണ്.

1. അങ്കരാത്ത് ഇറിഗേഷൻ സ്കീം- കുറിയാർകുറ്റി - കാരപ്പാറ ഡിവിഷനിലേക്ക് കൈമാറുന്നതിന് നടപടി ആരംഭിച്ചിരിക്കുന്നു. ഈ കനാലിൽ ചെയിനേജ് 5000 മുതൽ 8000

വരെ ചളി നീക്കുന്നതിനും വർക്ക് സജീകരിച്ചിട്ടുണ്ട്. റൂറൽ എംപ്ലോയ്മെൻറു് സ്കീമിൽ 800 ഹെക്ടർ പ്രദേശത്ത് പ്രയോജനപ്പെടാൻ ഉതകുന്നവിധം 1,50,000 രൂപ അടങ്കൽ തുക കണക്കാക്കി പണി ആരംഭിച്ചിട്ടുണ്ട്.

ചിറ്റൂർ പുഴയിൽ നിന്നുള്ള വെള്ളം R.B.C. കനാൽ വഴി പെരുമ്പാറച്ചള്ള വലിയേരിയിലും, കോരയാർ പുഴയിലും എത്തിച്ചാൽ അങ്കരാത്ത് സിസ്റ്റം വഴിയും പണ്ടിതകാരൻ സിസ്റ്റം വഴിയും കൊഴിഞ്ഞാമ്പാറ വില്ലേജിലേയും, വലിയപള്ളം പതി വില്ലേജിലേയും ഭൂരിഭാഗം പ്രദേശവും നനയ്ക്കാൻ കഴിയും. കാഡ (CADA) പദ്ധതി കുറച്ചുകൂടി വിപുലീകരിച്ചാൽ കുന്നംകാട്ടുപതി ഭാഗങ്ങളിൽ ജലസേചന സൗകര്യം ഉണ്ടാക്കാൻ കഴിയും.

കരിമണ്ണ് ഭാഗത്ത് അങ്കരാത്ത് കനാലിനേയും രഘുനാഥകൗണ്ടർ സിസ്റ്റത്തേയും ഒരു അക്വിഡക്ട് ഉണ്ടാക്കി ബന്ധിപ്പിക്കുകയാണെങ്കിൽ പഞ്ചായത്തിലെ ഏഴും എട്ടും വാർഡുകളും, എരുത്തേമ്പതി സീഡ് ഫാമിനും (Govt. I.S.D. Farm) ഉപയോഗപ്രദമാകും. മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളം കൊഴിഞ്ഞാമ്പാറ ഭാഗങ്ങളിൽ എത്തിക്കാനുള്ള സാദ്ധ്യത അന്വേഷിക്കേണ്ടിയിരിക്കുന്നു.

കുരിയാർകുറ്റി - കാരപ്പാറ സിസ്റ്റം വിപുലീകരിച്ച് കോരയാറിലും, വരട്ടയാറിലും വെള്ളം എത്തിച്ചാൽ, കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ ഭൂരിഭാഗത്തും ജലസേചന സൗകര്യം ഉണ്ടാക്കാൻ കഴിയും. ഉപയോഗ ശൂന്യമായതും ഇടിഞ്ഞു കിടക്കുന്നതുമായ കുളങ്ങൾ ആഴം കൂട്ടിയാൽ മഴവെള്ളം നഷ്ടപ്പെടാതെ കൂടുതൽ ശേഖരിക്കാൻ കഴിയും. നിലവിലുള്ള ചെക്കുഡാം എല്ലാം കുറച്ചുകൂടി ഉയർത്തേണ്ടതാണ്. ഈ ചെക്കു ഡാമുകൾ കാലാകാലങ്ങളിൽ സംരക്ഷി ക്കാനും നടിപടി എടുക്കേണ്ടിയിരിക്കുന്നു.

2. കുഴൽ കിണർ കുഴിക്കാനും നിലവിലുള്ള കിണറുകൾ ആഴം കൂട്ടാനും ധനസഹായം വേണം.

ഭൂഗർഭ ജലവികസന വകുപ്പ് (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറ് ) കൂടുതൽ ശക്തിപ്പെടുത്തി കുഴൽ കിണറുകൾ കുഴിക്കാനുള്ള നടപടി സ്വീകരിച്ചാൽ ഇതിനൊരു പരിഹാരമാകും. നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടുന്നതിനുകൂടി കർഷകർക്ക് ധനസഹായം നൽകുന്നതിന് പദ്ധതി ഉണ്ടാക്കി കൃഷിഭവൻ മുഖേന കർഷകർക്ക് നൽകാനുള്ള സംവിധാനം സർക്കാർ ഉണ്ടാക്കിയാൽ ഇതിനു പരിഹാരമാകും.

3. കാർഷികാവശ്യത്തിനുള്ള എല്ലാ വൈദ്ധ്യുതി ചാർജ്ജും ഒഴിവാക്കികിട്ടണം. നിലവിലുള്ള സർക്കാർ ഇതിനുവേണ്ട ഉത്തരവുകൾ പുറപ്പെടുവിച്ചതായി അറിയുന്നു. എത്രയും പെട്ടെന്നു തന്നെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ ഇതിനുള്ള പരിഹാരമാകും.

4. മണ്ണു പരിശോധനാകേന്ദ്രം കൊഴിഞ്ഞാ മ്പാറ പഞ്ചായത്തിൽ വേണം.

കൊഴിഞ്ഞാമ്പാറ ഫർക്കയ്ക്കുവേണ്ടി മാത്രം ഒരു മണ്ണ് പരിശോധന കേന്ദ്രം സ്ഥാപിക്കുകയോ, അല്ലെങ്കിൽ നിലവിലുള്ള പട്ടാമ്പിയിലുള്ള മണ്ണുപരിശോധനാകേന്ദ്രത്തിൻെറ സഞ്ചരിക്കുന്ന മണ്ണ് പരിശോധനായൂണിറ്റ് മാസത്തിൽ രണ്ടുതവണ നിശ്ചിതദിവസം വന്ന് മണ്ണ് പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാകുന്നു.

5. കൊഴിഞ്ഞാമ്പാറ ഫർക്കയ്ക്ക് അനുയോജ്യമായ വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാകുന്നില്ല.

കൊഴിഞ്ഞാമ്പാറ ഫർക്കയിലെ കാലാവസ്ഥ വ്യത്യസ്ഥമായതുകൊണ്ട് സർക്കാർ മുഖാന്തരം ലഭിക്കുന്ന വിത്തുകളും നടീൽ വസ്തുക്കളും ഇവിടത്തെ കാലാവസ്ഥക്ക് യോജിക്കാത്തതിനാൽ, കേരളത്തിൽ മറ്റു ഭാഗങ്ങളിൽ കിട്ടുന്ന വിളവു ഇവിടെ കിട്ടുന്നില്ല. ആയിതനാൽ ഈ ഫർക്കയിൽ നിലവിലുള്ള വിത്ത് ഉൽപാദന കേന്ദ്രം (I S D Farm Eruthempathy) വികസിപ്പിച്ച് വിജ്ഞാന ഗവേഷണ കേന്ദ്രമാക്കി മാറ്റി ഈ

ഭാഗങ്ങൾക്കുവേണ്ട വിത്തും നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ചാൽ ഇതിനു പരിഹാരം ഉണ്ടാവുന്നതാണ്.

6. ഇവിടെ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നില്ല. ഈ ഫർക്കയിൽ ഇതുവരെ ക്രമീകൃത വിപണന സഹകരണസംഘം നിലവിലില്ലാ ത്തത് കൊണ്ട് കൃഷിക്കാർ ചൂഷണം ചെയ്യപ്പെടുന്നു. ഇതിനു പരിഹാരം കാണുവാൻ നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിലവിലുള്ള ക്രമീകൃത വിപണന സഹകരണസംഘം പഠനം നടത്തി അതേപോലെ ഇവിടെയും പ്രാവർത്തികമാക്കിയാൽ ഗുണകരമാവും. സർക്കാർ ഈ പ്രദേശത്ത് പച്ചക്കറി ശീതീകരണയൂണിറ്റും വിപണനയൂണിറ്റും ആരംഭിക്കാനുള്ള നടപടി നടത്തിയാൽ ഇതിനു പരിഹാരം ഉണ്ടാകും. ഈ പഞ്ചായത്ത് കൂടുതൽ നിലക്കടല കൃഷി ചെയ്യുന്ന പ്രദേശമാകയാൽ നെല്ല് സംഭരണം ചെയ്യുന്നതുപോലെ, സഹകരണസംഘങ്ങൾ മുഖാന്തിരം സംഭരണം നടത്തുകയാണെങ്കിൽ കർഷകർക്ക് ന്യായവില കിട്ടാൻ സാദ്ധ്യത ഉണ്ടെന്ന് അഭിപ്രായപ്പെടുന്നു. നിലക്കടലയ്ക്കുള്ള ബഹുമുഖ നികുതി എടുത്തു കളയുകയാണെങ്കിൽ കൂടുതൽ വിലകിട്ടാൻ സാദ്ധ്യത ഉണ്ട്.

7. കൃഷിക്കാർക്ക് സാങ്കേതികനിർദ്ദേശങ്ങൾ കൃഷിവകുപ്പിൽ നിന്ന് കൃഷിസ്ഥലത്ത് എത്തിച്ചേരുന്നില്ല. കൃഷിഭവനിലെ സാങ്കേതിക ഉദ്യോഗസ്ഥൻമാർ പദ്ധതി നടത്തിപ്പിനു വേണ്ടി ആഫീസിൽ തന്നെ കൂടുതൽ സമയം ചിലവാക്കേണ്ടിവരുന്നു. അതുകൊണ്ട് അധികസമയം ഫീൽഡിൽ ചിലവാക്കാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. കൂടുതൽ സംഗമങ്ങൾ സംഘടിപ്പിക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യണം. കർഷകർ സെമിനാറിലും സംഗമങ്ങളിലും പങ്കെടുത്ത് സാങ്കേതിക നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത് ഗുണകരമായിരിക്കും. കൂടുതൽ കർഷക പരിശീലനം കർഷകർക്ക് നൽകുകയും മറ്റുപ്രദേശ ങ്ങളിലെ കാർഷിക രീതികൾ നേരിൽ കണ്ടു മനസിലാക്കാനുള്ള അവസരങ്ങൾ സൃഷ്ടി ക്കുകയും ചെയ്യുന്നത് ഗുണകരമായിരിക്കും.

8. മണ്ണിന്റെ ഉൽപാദനക്ഷമത കുറഞ്ഞു വരുന്നു. അമിതമായതും തെറ്റായതുമായ രാസവളപ്രയോഗം, അതുപോലെ തന്നെ കീടനാശിനിപ്രയോഗം, ഒരേ കൃഷി തുടർച്ചയായി ചെയ്യുക എന്നിവയാണ് ഉൽപാദനക്ഷമത കുറയാനുള്ള കാരണങ്ങളായി ചൂണ്ടി കാണിക്കാനുള്ളത്. അമിതമായ രാസവളപ്രയോഗം മൂലം മണ്ണിലുള്ള വിളകൾക്ക് നൻമചെയ്യുന്ന ജീവാണുക്കൾ നഷ്ടപ്പെടുകയും മണ്ണിന്റെ ഭൗതികരൂപത്തിനു തന്നെ മാറ്റം സംഭവിക്കുകയും ചെയ്യുന്നു. തൻമൂലം ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെ കഴിവ് നഷ്ടപ്പെടുകയും ചെയ്യുന്നു.

ഇതിനുള്ള പരിഹാരമാർഗം കാലിവളവും അതുപോലുള്ള ജൈവവളങ്ങൾ പ്രയോഗിച്ച് രാസവളപ്രയോഗം കുറയ്ക്കുകയുമാണ്. ഇതു നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിനെ കാർഷികവികസനബാങ്കുകൾ ദത്തെടുക്കുകയും, നിർബന്ധമായും എല്ലാ കർഷകന്റെ കൈവശ ഭൂമിക്കനുസരിച്ച് അതിനാവശ്യമായ കാലിവളം സ്വയം ഉണ്ടാക്കാൻ ആവശ്യമായ ധനസഹായം നൽകുകയും ചെയ്താൽ മണ്ണിനെ സംരക്ഷിക്കാൻ കഴിയും. അതുകൂടാതെ എല്ലാവീടുകളിലും പാഴാക്കുന്ന അവശിഷ്ടങ്ങൾ (പ്ലാസ്റ്റിക് ഒഴികെ) ഉപയോ ഗിച്ചുകൊണ്ട് കമ്പോസ്റ്റു വളം ഉണ്ടാക്കാൻ നിർബന്ധിക്കുക. മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാനുള്ള സാങ്കേതിക വിജ്ഞാനം നൽകുക, മിത്രകീടങ്ങളെ ഉപയോഗിച്ച് കീടങ്ങളെ നിയന്ത്രിക്കാനുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകുക എന്നീ കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ മണ്ണ് ഒരു ജീവനുള്ള വസ്തുവായി കണ്ടുകൊണ്ട് മണ്ണിന്റെ ഉൽപാദനക്ഷമത കൂട്ടാൻ കഴിയും.

## നടപ്പിലാക്കാൻ പറ്റാവുന്നു നിർദ്ദേശങ്ങൾ.

പാലക്കാട് ജില്ലയിലെ നെൽകൃഷി ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. സ്ഥിരമായ വരുമാനമാർഗ്ഗം നൽകുവാൻ ഇതിനു കഴിയുന്നില്ല.

1. ജൈവ വളങ്ങളുടെ ഉപയയോഗംമൂലം മണ്ണിന്റെ ഗുണം മെച്ചപ്പെടുന്നതാണ്.
2. കൂട്ടുകൃഷിരീതികൾ നടപ്പിലാക്കുക.
3. നെൽ വയലുകളിൽ മീൻ വളർത്തുക.
4. വൈക്കോലുപയോഗിച്ച് കൂൺകൃഷിചെയ്യുക.
5. കാർഷിക ഉൽപന്നങ്ങൾ അടിസ്ഥാനമാക്കി വ്യവസായങ്ങൾ സ്ഥാപിക്കുക.
6. ഈ പ്രദേശത്തിന് അനുയോജ്യമായ നല്ല ഇനത്തിൽപ്പെട്ട വിത്തുകൾ മാത്രം ഉപയോഗിക്കുക.
7. കയറ്റുമതി സാധ്യതയുള്ള നെൽവിത്തുകൾ കൂടി കൃഷിചെയ്യുക.

   (വസുമതി, ജീരകശാല തുടങ്ങിയ വിത്തുകൾ)
8. ശാസ്ത്രീയമായി കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷി ചെലവ് പരമാവധി കുറയ്ക്കുക
9. കൃഷിയിടങ്ങളിൽ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.

(ചെടികളിൽ പരാഗണം കൂടുതൽ നടത്താൻ ഇത് സഹായിക്കും)

10. കൃഷിഭവനിൽ എഞ്ചിനീയറിംഗ് വിഭാഗം ഇപ്പോൾ ജില്ലയ്ക്ക് ഒന്ന് എന്നതോതിലുള്ളത് ബ്ളോക്ക് തലത്തിൽ ഒന്ന് എന്നാക്കണം.
11. പാടശേഖര കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കണം.

വരൾച്ചയിലും, കുടിനീർ പ്രശ്നത്തിലും ജീവിതത്തിന്റെ ബഹുഭൂരിഭാഗം സമയവും ചിന്തിച്ച് ചെലവഴിക്കുന്ന ഈ നാട്ടിലെ ജനങ്ങളുടെ ഇടയിൽ മണ്ണിനോട് മല്ലടിച്ച് വൈകാരികമായ കാർഷികവിളകൾ ഉൽപാദിപ്പിക്കുന്ന ഇവിടുത്തെ കർഷകനും മറ്റു വിഭാഗങ്ങളും വളരെക്കാലമായി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന ഒരു സ്വപ്നമുണ്ട്. അതാണ് "കുരിയാർകുറ്റി - കാരപ്പാറ" ജലസേചന പദ്ധതി.

അദ്ധ്വാനശീലരായ ഇവിടുത്തെ കർഷകന്റെ ഈ ആഗ്രഹം സഫലമാക്കി കർഷകന് ആവശ്യമായ ജലസേചന സൗകര്യം ലഭ്യമാക്കിയാൽ കേരള മക്കൾക്ക് എന്നെന്നും ആവശ്യമുള്ള പച്ചക്കറികളുടെ സിംഹഭാഗവും ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയുമെന്നും, വ്യാവസായിക സ്ഥാപനമായ ചിറ്റൂർ ഷുഗർ ഫാക്ടറിയുടെ ഭാവി സുരക്ഷിതമാക്കാൻ കഴിയുമെന്നും ഞങ്ങൾക്ക് വിശ്വാസമുണ്ട്.

ഈ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനും കർഷകനും കർഷകത്തൊഴിലാളിക്കും മറ്റുജനവിഭാഗങ്ങൾക്കും ഈ പദ്ധതി ഉപകരിക്കുമെന്നും ഈ റിപ്പോർട്ടിലുള്ള വസ്തുതകൾ നടപ്പിലാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.



# 5 - 2

# മൃഗസംരക്ഷണം

കേരളത്തിൻെറ സമ്പദ്ഘടനയിൽ മൃഗസംരക്ഷണമേഖല സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. ആഭ്യന്തര വാർഷികവരുമാനത്തിൻെറ 10% ത്തിലധികം മൃഗസംരക്ഷണമേഖല സംഭാവന ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൻെറ സമ്പദ്ഘടനയിലും മൃഗസംരക്ഷണം പ്രധാന പങ്കുവഹിക്കുന്നുണ്ട്.

പണ്ടു കാലത്ത് ഉല്പാദനക്ഷമത കുറഞ്ഞ പശുക്കളേയും എരുമകളേയും ആണ് വളർത്തിയിരുന്നത്. എന്നാലിന്ന് കൂടുതൽ ഉല്പാദനക്ഷമതയുള്ള മൃഗങ്ങളെ വളർത്താൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് വരുവാൻ പലരും മടികാണിക്കുന്നുണ്ട്. ഉല്പാദനം ലാഭകരമല്ല എന്ന ധാരണയാണ് ഇതിന്നു കാരണം.

മാരകരോഗങ്ങളായ അടപ്പൻ, കരളടപ്പൻ, കാലിപ്ലേഗ്, കുളമ്പുരോഗം എന്നിവയും നമ്മുടെ പഞ്ചായത്തിൽ കാലിസമ്പത്തിന് ഭീഷണിയായിരുന്നു. ഇതുവരെ ആധുനിക രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങളും മറ്റും ഈ പഞ്ചായത്തിലുണ്ടെങ്കിലും അത് അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് കർഷകരിൽ ബോധവൽക്കരണം അത്യാവശ്യമാണ്. മൃഗസംരക്ഷണരംഗത്തെ പ്രധാനപ്രശ്നങ്ങളും പരിഹാരം നിർദേശങ്ങളും താഴെ ഉൾപ്പെടുത്തുന്നു.

## പ്രധാനപ്രശ്നങ്ങൾ

1. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
2. മാംസോല്പാദനത്തിലെ ശ്രദ്ധക്കുറവ്
3. കാർഷക ബോധവൽക്കരണത്തിൻെറ അപര്യാപ്തത.
4. കന്നുകാലി ഇൻഷൂറൻസ്.
5. ഈ പ്രദേശത്തെ കാലിച്ചന്തയുടെ അഭാവം.
6. കന്നുകാലികളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.
7. പേപ്പട്ടിശല്യം ഉണ്ടാകുന്നു.
8. മത്സ്യബന്ധനം
9. കോഴിവസന്തരോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴി വളർത്തൽ നിരുത്സാഹപ്പെടുത്തപ്പെടുന്നു.
10. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവ്.
11. കാലിത്തീറ്റയുടെ വിലകൂടുതൽ.
12. തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതകുറവ്.

പഞ്ചായത്തിൻെറ ഇന്നത്തെ സ്ഥിതിയനുസരിച്ച് ഇന്ന് നിലവിലുള്ള മൃഗാശുപത്രിയും, കുന്നങ്കാട്ടുപതി സബ്സെൻററും അപര്യാപ്തമാണ്.

മൃഗാശുപത്രി കൊഴിഞ്ഞാമ്പാറയിലാണ് സ്ഥിതിചെയ്യുന്നത്. ഇതിൻെറ വിസ്തൃതി 1.94 ഏക്രയാണ്. പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാമ്പാറ മൃഗാശുപത്രിയിലാണ് ഏറ്റവും കൂടുതൽ കന്നുകാലികളെ കൃത്രിമ ബീജസങ്കലനത്തിനുള്ള കുത്തിവെയ്പ് നടത്തുന്നത്. അതുപോലെ ചികിത്സിക്കുന്ന മൃഗങ്ങളുടെ എണ്ണവും കൂടുതലാണ്. ആയതിനാൽ കൊഴിഞ്ഞാമ്പാറ മൃഗാശുപത്രി ഒരു പോളിക്ലിനിക് ആയി ഉയർത്തേണ്ടതാണ്.

## പഞ്ചായത്തിൽ വിറ്റഴിയപ്പെടുന്ന മാസംത്തിൻെറ അളവ്.

മാംസ ഉല്പാദനത്തിന്നുള്ള മൃഗങ്ങളും, പക്ഷികളും അധികവും തമിഴ്നാട്ടിൽ നിന്നാണ്

കൊണ്ടുവരുന്നത്. തന്മൂലമുണ്ടാകുന്ന സാമ്പത്തികനഷ്ടം നികത്തുന്നതിന് നമ്മുടെ പഞ്ചായത്തിൽ തന്നെ മാംസ ഉല്പാദനത്തിന്നുള്ള ഉരുക്കളെ വളർത്തി വില്ക്കപ്പെടണം. അങ്ങിനെ മാംസ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് ആടുവളർത്തൽ, പന്നിവളർത്തൽ, കോഴിവളർത്തൽ, മുയൽവളർത്തൽ മുതലായ വക്കു മുൻതൂക്കം കൊടുത്തുകൊണ്ട് കർഷകരെ ഇതിലേക്ക് കൂടുതൽ ആകർഷിക്കുന്നതിന്നു വേണ്ടി പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകി അങ്ങനെ വളർത്തുന്ന ഉരുക്കളെ നാം, ഉല്പാദനസഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് വിറ്റഴിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## ആടുവളർത്തൽ :

നമ്മുടെ പഞ്ചായത്തിൽ ആടുവളർത്തൽ കേന്ദ്രങ്ങളില്ലെങ്കിലും സാധാരണ കർഷകരുടെ വീടുകളിലെല്ലാം ആടുകളെ വളർത്തുന്നുണ്ട്. കർഷകതൊഴിലാളികളാണ് ഇതിന് കൂടുതൽ താല്പര്യം കാണിക്കുന്നത്. ശാസ്ത്രീയമായ രീതിയിലല്ല ഇപ്പോൾ ആടുകളെ വളർത്തുന്നത്. കൃത്രിമ ബീജസങ്കലനരീതി പശുക്കളിലേതു പോലെ തന്നെ ആടുകളിലും പ്രാവർത്തികമാക്കാൻ സംവിധാനം ചെയ്യാവുന്നതാണ്.

## പന്നിവളർത്തൽ.

നമ്മുടെ പഞ്ചായത്തിൽ പന്നിവളർത്തൽ പ്രചാരത്തിലായിട്ടില്ല. എന്നാൽ വളരെ ആദായകരമായ തൊഴിലായി ഇതിനെ മാറ്റിയെടുക്കാവുന്നതാണ്. ഇതിന്നാവശ്യമായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രദേശത്ത് ജനിക്കുന്ന കാളക്കുട്ടികളിലും, പോത്തിൻ കുട്ടികളിലും 70% മുതൽ 90% വരെ ചത്തുപോകുന്ന അവസ്ഥയാണുള്ളത്. പശുവിനേയോ, എരുമയേയോ പോലെ ഭാവിയിൽ ആദായകരമാവുന്നില്ല എന്ന കാരണത്താൽ പരിചരണം കുറയുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തലുണ്ടായിരുന്നു. എന്നാലിന്ന് ഇറച്ചിക്കുവേണ്ടി നമ്മുടെ നാട്ടിൽ ആവശ്യംവരുന്ന 50% വും തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരികയാണ് ചെയ്യുന്നത്. കോഴിവളർത്തലിന്ന് വൻസാദ്ധ്യതയുള്ള പ്രദേശമാണിവിടം. മുട്ടയ്ക്കും, ഇറച്ചിക്കും വേണ്ടി ധാരാളം കോഴികളെ ഈ പഞ്ചായത്തിൽ വളർത്താവുന്നതാണ്. ബ്രോയ്‌ലർ കോഴിവളർത്തുന്നവരുടെ സംഘങ്ങൾ രൂപീകരിച്ചു വിപണന സൗകര്യം ഉണ്ടാക്കികൊടുക്കാവുന്നതാണ്. കോഴിവസന്ത രോഗം തടയുവാനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണം.

മറ്റുപ്രദേശങ്ങൾക്ക് വിഭിന്നമായി നമ്മുടെ പ്രദേശത്തിന്റെ പ്രത്യേകതയാണ് കോഴിപ്പോര്. സാധാരണ കോഴികളെക്കാൾ രണ്ടിരട്ടി തൂക്കവും വലിപ്പവുമുള്ളവയാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്ന കൊത്തുകോഴികൾ. ശാസ്ത്രീയമായി തീറ്റ കൊടുത്ത് വളർത്തിയാൽ മാംസോല്പാദനരംഗത്ത് മെച്ചമുണ്ടാക്കാൻ കഴിയും.

ഗ്രാമീണ സമ്പദ്ഘടനയിൽ നല്ലൊരു പങ്കു വഹിക്കാൻ കഴിയുന്ന ഒരു തൊഴിലാണ് മുയൽ വളർത്തൽ. ആദായകരമായ തൊഴിലാണെങ്കിലും നമ്മുടെ പ്രദേശത്ത് ആരും തന്നെ ഇതിന്ന് താല്പര്യം കാണിക്കുന്നില്ല. നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥയിൽ നല്ലൊരു പങ്കുവഹിക്കുവാൻ ഈ തൊഴിലിനും സാധിക്കും. മുയലിന്റെ മൃദുവായ രോമംകൊണ്ട് വിവിധതരം ബേഗുകൾ, പേഴ്സുകൾ, തൊപ്പി, കയ്യുറ, എന്നിവ നിർമ്മിച്ച് പണം സമ്പാദിക്കാവുന്നതാണ്. ഇതിന്റെ മാംസം വിറ്റഴിക്കുവാനുള്ള സംവിധാനം ഉണ്ടായാൽ മാത്രമേ രോമം നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കൂ.

## ഊർജ്ജം

ബയോഗ്യാസ് പ്ലാന്റ് നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. കർഷകരെ ബോധവാൻമാരാക്കി സാമ്പത്തികസഹായം നൽകി കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാൽ ഈ

പ്രദേശത്തുള്ള ഊർജ്ജ പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കപ്പെടുകയും അതുവഴി കന്നുകാലിവളർത്തൽ പോഷിപ്പിക്കപ്പെടുകയും ചെയ്യാവുന്നതാണ്.

**കർഷക പരിശീലനം**

കർഷകർക്ക് മൃഗസംരക്ഷണ പരിപാടിയിൽ പരിശീലനം കൊടുത്താൽ മാത്രമേ നമുക്ക് ഈ പദ്ധതികൾ വിജയകരമാക്കുവാൻ കഴിയുകയുള്ളു. ആയതിനാൽ ജില്ലാതലത്തിലെങ്കിലും ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിങ്ങ് സെൻറർ തുടങ്ങുന്നതിന്ന് നടപടി സ്വീകരിക്കണം.

**കന്നുകാലികൾക്ക് ഇൻഷൂറൻസ്**

ജനപങ്കാളിത്തത്തോടുകൂടി ഈ പഞ്ചായത്തിലുള്ള എല്ലാ കന്നുകാലികൾക്കും സമഗ്രമായ സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കിയാൽ ആകസ്മികമായുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുവാൻ സാധിയ്ക്കും.

**കന്നുകാലിചന്ത.**

കന്നുകാലിചന്ത ഈ പഞ്ചായത്തിൽ ഇന്ന് നിലവിലില്ല. കന്നുകാലിചന്ത വന്നാൽ പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗമായിരിക്കും. തന്നേയുമല്ല തദ്ദേശവാസികൾക്ക് ആവശ്യമുള്ള ഉരുക്കളെ ഇവിടെ നിന്നും ലഭിക്കുന്നതാണ്.

**വന്ധ്യതാനിവാരണം.**

സങ്കരയിനം പശുക്കുട്ടികളിലെ വന്ധ്യത വലിയൊരു പ്രശ്നമാണ്. അശാസ്ത്രീയമായ പരിചരണമാണ് ഇതിനു കാരണം. ആയതിനാൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതി സഹായത്തോടു കൂടി ഇവിടെ ഒരു ഇൻഫെർട്ടിലിറ്റി ക്ലിനിക് തുടങ്ങിയാൽ നല്ലതായിരിക്കും.

**പേവിഷബാധ നിർമ്മാർജ്ജനം**

പേപ്പട്ടി ശല്യം ഉണ്ടാകുന്നു. പഞ്ചായത്തു മുഖേനയോ സന്നദ്ധസംഘടനകൾ മുഖേനയോ കുത്തിവെയ്പ് നടത്താവുന്നതാണ്. വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീ വസൂലാക്കാവുന്നതാണ്.

**മൃഗസംരക്ഷണ മേഖലയിൽ കർഷകർക്കുള്ളഅംഗീകാരം**

നല്ല മൃഗസംരക്ഷകരെ ആദരിക്കുന്നതിനും അവർക്ക് പ്രോത്സാഹനം കൊടുക്കുന്നതിന്നുമായി പഞ്ചായത്ത് ജില്ലാതലത്തിൽ അവാർഡുകൾ നൽകാവുന്നതാണ്.

**കന്നുകാലികളെ വാങ്ങുവാനുള്ള സാമ്പത്തികസഹായം സംബന്ധിച്ച്.**

വാർഡുകൾ ദത്തെടുത്തിട്ടുള്ള ദേശസാൽകൃത ബാങ്കുകൾ, നിബന്ധനകൾ ലഘൂകരിച്ച് ഗ്രാമപഞ്ചായത്തിലൂടെ ആവശ്യ ക്കാർക്ക് ധനസഹായം എത്തിച്ചുകൊടുക്കണം. നബാഡ് ജില്ലാസഹകരണസംഘം എന്നിവ ഇക്കാര്യത്തിൽ കർഷകരെ ഫലപ്രദമായി സഹായിക്കണം.

**മത്സ്യബന്ധനം**

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ പുഴകളിലും കുളങ്ങളിലും മീൻപിടിച്ച് ഉപജീവനം കഴിക്കുന്ന അമ്പതോളം കുടുംബങ്ങളുണ്ട്. വേനൽക്കാലത്ത് രൂക്ഷമായ വരൾച്ച ഇവരെ തൊഴിൽരഹിതരാക്കുന്നു. ചിറ്റൂർ പുഴയിലെ വെള്ളം ആർ.ബി.സി. കനാൽവഴി ചെക്കുഡാമികളിലും കുളങ്ങളിലും നിറച്ചു കൊടുക്കുന്ന വഴി ഇവരെ രക്ഷിക്കാം. പഞ്ചായത്തു കുളങ്ങളിൽ മീൻപിടിക്കുവാനുള്ള അവകാശം അവരുടെ സഹകരണസംഘം വഴി അവരെ തന്നെ ഏല്പിക്കുന്നതിനും കൂടുതൽ കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള പരിപാടികളെപ്പറ്റി ചിന്തിക്കാവുന്നതുമാണ്.

**ക്ഷീരവികസനം**

കാൽനൂറ്റാണ്ടു മുൻപ് സാധാരണക്കാർക്കും, ഗ്രാമീണരായ പാവപ്പെട്ടവർക്കും അവരുടെ ഭക്ഷണക്രമത്തിൽ പാൽ ഒരു അവശ്യഘടകമായിരുന്നില്ല. അന്നു കേരളത്തിലെ പാലിൻെറ ആളോഹരി ഉപഭോഗം വെറും 37 ഗ്രാം മാത്രമായിരുന്നു. എന്നാൽ ഇന്ന് അത് 137

ഗ്രാമായി ഉയർന്നിട്ടുണ്ട്. എങ്കിലും ലോകാരോഗ്യ സംഘടന നിഷ്കർഷിക്കുന്ന പ്രതിദിന ആളോഹരി ഉപഭോഗം 280 ഗ്രാം എന്ന നില ഇനിയും കൈവരിച്ചിട്ടില്ല. കൂടാതെ പല വികസിത രാജ്യങ്ങളിലേയും ആളോഹരി പാലുപഭോഗം 1000 ഗ്രാം മുതൽ 2000 ഗ്രാം വരെയാണ് എന്നതും നാം ഇവിടെ സ്മരിക്കേണ്ടതാണ്. അതുകൊണ്ട് ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് ക്ഷീരവികസനരംഗത്ത് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് നമ്മുടെ ആളോഹരി പാലുപയോഗം വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കാൻ ലക്ഷ്യമിട്ടു കൊണ്ടുണ്ടുള്ള തായിരിക്കണം.

പാലിൻെറ ഉപയോഗം നേരിട്ടും ഉല്പന്നങ്ങളിലൂടെയും വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. അതുപോലെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചെങ്കിലേ പാലിൻെറ ഉപയോഗവും വർദ്ധിക്കുകയുള്ളു. ക്ഷീരകർഷകർക്ക് പാലുല്പാദനം വളരെ ലാഭകരമായിരിക്കുകയും അവർക്കു പരാമാവധി വില ലഭ്യമാവുകയും ചെയ്തെങ്കിലേ പാലുല്പാദനത്തിൽ ഗണ്യമായ പുരോഗതിയുണ്ടാവുകയുള്ളു. ക്ഷീരസഹകരണ മേഖല ശക്തിപ്പെടുത്തുന്നത് ഇക്കാര്യത്തിൽ പരമാവധി പ്രയോജനം ലഭ്യമാക്കുന്നതിന് സഹായകമാണ്. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ ക്ഷീര സഹകരണസംഘം നിലവിൽ വന്നെങ്കിലേ പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

പ്രവർത്തനപരിധി ഒരു പഞ്ചായത്ത് പ്രദേശംപോലെ വിസ്തൃതമായ രീതിയിലാണ് മുൻപു ക്ഷീരസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നത്. പാലിന്ന് ഗുണമനുസരിച്ച് വിലകൊടുക്കുന്ന സമ്പ്രദായം ഇത്തരം സംഘങ്ങളിൽ നിർബ്ബന്ധമായിരുന്നില്ല. പൊതുവെ ഒരു സംഘത്തിലെ എല്ലാ മെമ്പർമാർക്കും ഒരേ വിലകൊടുക്കുന്ന രീതിയാണ് നിലവിലിരുന്നത്. എന്നാൽ ഇന്ന് ക്ഷീര സഹകരണസംഘങ്ങൾ എല്ലാവരുടേയും പാൽ പരിശോധിച്ച് പാലിൻെറ കൊഴുപ്പിൻെറയും എസ്.എൻ.എസ് ൻെറയും ഗുണമനുസരിച്ച് വില കൊടുക്കുന്നു എന്നതും പ്രവർത്തനപരിധി രണ്ടോ മൂന്നോ വാർഡുകൾ മാത്രമാണെന്നുള്ളതും ഇതിൻെറ പ്രത്യേകതകളിൽ ചിലതാണ്. ഒരു ക്ഷീരസഹകരണസംഘം രൂപീകരിക്കുന്നതിന് അതിൻെറ പ്രവർത്തനപരിധിയിൽ മിനിമം 500 കറവ പശുക്കളെങ്കിലും ഉണ്ടായിരിക്കണം എന്നുള്ളതാണ്. അതുകൊണ്ട് കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും ഒരു ക്ഷീരസംഘം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനു ഓരോ വാർഡിലും 500 ൽ കൂടുതൽ കറവ പശുക്കൾ വളർത്തുവാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. ഗ്രാമീണ ജനതയെ പശു പരിപാലനരംഗത്ത് ശ്രദ്ധിക്കുന്നതിന്ന് കൂടുതൽ ബോധവാൻമാരാക്കേണ്ടതും അത്യാവശ്യമാണ്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇപ്പോൾ 3 ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ചുരുങ്ങിയത് 6 ലക്ഷം രൂപയാണ് പ്രതിമാസം ഈ പഞ്ചായത്തിലെ ആദ്ധ്വാനശീലരായ കർഷകർക്ക് പാൽവിലയായി ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്നത്. ഇനി വാർഡടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങൾ വരികയാണെങ്കിൽ ക്ഷീരകർഷകർക്ക് മതിയായ വില ലഭ്യമാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം തടയുന്നതിനും കൂടുതൽ സൗകര്യപ്രദമാകും. പാൽകച്ചവടം ചെയ്യുന്ന സ്വകാര്യ വ്യക്തികൾക്ക് ലൈസൻസിങ്ങ് ഏർപ്പെടുത്തുന്നതും പാൽവാങ്ങുന്ന ഉപഭോക്താവിന്ന് ഗുണമേൻമയുള്ള പാൽലഭ്യമാക്കുന്നതിനും ചൂഷണം കുറയ്ക്കുന്നതിനും പര്യാപ്തമാണ്.

പാലിൻെറ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനും ക്ഷീരവികസനരംഗത്ത് ഒരു കുതിച്ചുചാട്ടം അനിവാര്യമാണ്. അതുകൊണ്ട് എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടതനുസരിച്ച് അവരവരുടെ പ്രദേശത്ത് വാർഡ് അടിസ്ഥാനത്തിൽ സംഘം രൂപീകരിച്ച് താഴെ പറയുന്ന വിവിധ പദ്ധതികൾ മേൽലക്ഷ്യങ്ങൾക്ക് വിധേയ

മായി 9-ാം പദ്ധതികാലത്ത് നടപ്പിലാക്കുവാൻ ശ്രമിക്കാവുന്നതുമാണ്.

## 1. പദ്ധതിലക്ഷ്യങ്ങൾ

a. പാലിൻെറ ഉൽപാദനം വർദ്ധിപ്പിക്കുക.

b. പാൽ ഉല്പാദനം കൂടുതൽ ലാഭകരമാക്കുക.

c. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുക.

d. ക്ഷീരസഹകരണമേഖല ശക്തമാക്കുക

e. പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക.

f. ദുർബലവിഭാഗത്തിലുള്ള കർഷകർക്കു പരമാവധി സഹായം എത്തിക്കുക.

g. അഭ്യസ്തവിദ്യരായ വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ പ്രായോഗികമാക്കുക.

h. ഗ്രാമീണ ജനങ്ങളുടെ ആരോഗ്യപരമായ ഭക്ഷണത്തിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തുക.

## 2. ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാനവും

a. കർഷകസമ്പർക്ക പരിപാടി

b. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം.

c. ചർച്ചാക്ലാസ്.

d. പഞ്ചായത്ത് തല കന്നുകാലി പ്രദർശനം.

e. ധാതു ലവണ മിശ്രിതവിതരണം.

f. വിറ്റാമിൻ സപ്ലിമെൻറ് വിതരണം.

g. മാതൃകാ ഡയറിഫാം യൂണിറ്റ്.

h. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

i. ശുദ്ധമായ പാൽ ഉല്പാദിപ്പിക്കാൻ തീറ്റ വിതരണം.

## 3. പുൽകൃഷി വികസനം

a. ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി

b. വ്യവസായികാടിസ്ഥാനത്തിൽ പച്ചപുല്ല് സംഭരണ വിതരണ പരിപാടി.

c. പുൽപയർ മിശ്രിതകൃഷി.

d. ഗിനി പുൽ കൃഷി.

e. പുൽക്കാട് കൃഷി

f. മക്കച്ചോളകൃഷി

g. വൻപയർ കൃഷി.

h. സൈലേജ് നിർമ്മാണം.

i. ഫോസർ ബേങ്ക് നിർമ്മിക്കാൻ ധനസഹായം.

j. ഹേ നിർമ്മാണം.

k. യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടീകരണം.

## 4. ക്ഷീര സഹകരണസംഘങ്ങളുടെ ആധുനിക വൽക്കരണം.

a. മിൽക്കാ ടെസ്റ്റർ.

b. രാസവസ്തുക്കൾക്കുള്ള ധനസഹായം.

c. മിൽക്ക്കൂളർ ഫ്രീസർ, റഫ്രിജറേറ്റർ.

d. ഓഫീസ് കെട്ടിട നിർമ്മാണം സബ്സിഡി.

e. പ്രവർത്തന മൂലധനം.

f. ഫർണിച്ചർ സബ്സിഡി

g. പാൽ ക്യാനുകൾ.

h. പാൽപരിശോധന ഉപകരണങ്ങൾ.

i. ക്രീം സെപ്പറേറ്റർ.

j. ക്ഷീരോല്പന്ന വിപണനയൂണിറ്റ്.

k. ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.

l. പാൽ തണുപ്പിച്ച് പാക്കറ്റിലാക്കി വിപണനം.

5. പട്ടികജാതിയിലുള്ള കർഷകർക്ക് കറവ പശു വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന്നും ഉള്ള പ്രത്യേക ധനസഹായം.



# 5 - 3

# വ്യവസായം, ടൂറിസം

## ആമുഖം

ജനപങ്കാളിത്തത്തോടുകൂടി മൂന്നു ദശവത്സരങ്ങൾമുമ്പേ കൊഴിഞ്ഞാമ്പാറയിൽ വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. സി.പി. കരുണാകരമേനോൻ, എ.എൻ.യു. മന്നാടിനായർ, ദേവണ്ണകൗണ്ടർ, സ്വാമിയപ്പകൗണ്ടർ, പൊന്നുസ്വാമികൗണ്ടർ, എന്നിവരുടെ പേരുകൾ ഈ മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു വൻ വ്യവസായമായ ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിൻെറ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

കാർഷികമായി വളരെയധികം മുന്നിൽ നിൽക്കുന്ന ഈ മേഖലയ്ക്ക് പരാധീനതകൾ ഏറെയുണ്ടെങ്കിലും പുരാതന കാലങ്ങളിൽ ആരംഭിച്ച റൈസ്മില്ലുകൾ ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുകയും പുതിയവ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൃഷിയുമായി ബന്ധപ്പെട്ട ഒരു അനുബന്ധവ്യവസായമായ - നാലു കോട്ടൺ ജിന്നിംഗ് ഫാക്ടറികൾ അടച്ചുപൂട്ടേണ്ടി വന്നു എന്നത് വ്യസനകരമായ വസ്തുതയാണ്. ഇതുമൂലം അഞ്ഞൂറോളം കുടുംബങ്ങൾ തൊഴിൽരഹിതരായി കാലാകാലങ്ങളിൽ നിലവിലിരുന്ന സർക്കാറുകളുടെ നികുതി വ്യവസ്ഥയിൽ വന്ന വ്യത്യാസങ്ങൾ കാരണമാണ് ഇവ അടച്ചു പൂട്ടേണ്ടി വന്നത്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല ഓയിൽ മില്ലുകളും ഇതേ ഭീഷണി നേരിടുകയാണ്. നിലക്കടലയ്ക്ക് സർക്കാർ ചുമത്തിയിരിക്കുന്ന ബഹുമുഖ നികുതിഭാരം താങ്ങാൻ കഴിയാതെ 80% ത്തിൽ അധികം മില്ലുകളും അടച്ചുപൂട്ടിയിരിക്കുകയാണ്. ഇതു കാരണം ഈ മേഖലയിലെ ഒരു പ്രധാന കാർഷിക ഉൽപ്പന്നമായ നിലക്കടലയ്ക്ക് ന്യായമായ വില ലഭ്യമല്ലാത്തതിനാൽ കർഷകർ കൃഷി ഇറക്കുന്നതിനുപോലും മടിക്കുന്നു.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ വൻകിട വ്യവസായങ്ങൾ ഇല്ല. ഇടത്തരം വ്യവസായത്തിൽ ഉൾക്കൊള്ളിക്കാവുന്ന ഒരു ടെക്സ്റ്റയിൽ മിൽ ശ്രീ. ഭഗവതി ടെക്സ്റ്റെയിൽ സ്വകാര്യമേഖലയിൽ അഞ്ചാം മൈലിൽ വളരെ നല്ല നിലയിൽത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതേ വ്യവസായി കൊഴിഞ്ഞാമ്പാറയിൽ മറ്റൊരു ടെക്സ്റ്റെയിൽ മിൽ കൂടി ആരംഭിക്കുന്നതിനുള്ള, പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. കുടിൽ വ്യവസായങ്ങളായ മൺപാത്രനിർമാണം, പായനെയ്ത്ത്, പനഞ്ചക്കര നിർമാണം, പപ്പട നിർമാണം എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്നു. എങ്കിലും, പല വിധകാരണങ്ങളാൽ ഇവ നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. ഈ പഞ്ചായത്തിൽ കാളവണ്ടിയും, സവാരിവണ്ടിയും നിർമിക്കുന്ന രണ്ടുയൂണിറ്റുകൾ ഇന്നും നിലവിലുണ്ട്.

ചെറുകിട വ്യവസായങ്ങളിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു പേപ്പർ കവർ നിർമാണ യൂണിറ്റ്, ഒരു റബ്ബർ ചെരിപ്പ് നിർമാണയൂണിറ്റ്, മൂന്ന് ബ്രഷ് നിർമാണയൂണിറ്റുകൾ, ഇരുപതോളം ബേക്കറികൾ, ഒരു പാൽശിതീകരണയൂണിറ്റ്, ഒരു പാൽശീതീകരണപായ്ക്കിംഗ് യൂണിറ്റ്, ആറു പ്രിൻറിംഗ് പ്രസ്സുകൾ അഞ്ചു

എൻജിനീയറിംഗ് ലേത്ത് വർക്ക്ഷോപ്പുകൾ, ഇരുപതോളം ഇഷ്ടിക നിർമാണ യൂണിറ്റുകൾ, മൂന്നു തടിമില്ലുകൾ, മൂന്നു ഐസ് ഫാക്ടറികൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ പഴനിയാർ പാളയത്ത് സഹകരണമേഖലയിൽ ഒരു ബ്രഷ് നിർമാണ യൂണിറ്റും, വടുകൻ കുളമ്പിൽ ഒരു കൈത്തറി നിർമാണയൂണിറ്റും (ഐ.ആർ.ഡി.പി.) പ്രവർത്തിച്ചുവരുന്നു.

നിലവിലുള്ള തൊഴിലാളികളുടെ എണ്ണം പട്ടിക 1 - ൽ ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക- 2 ൽ പരമ്പരാഗതമേഖലയിൽ പ്രധാനം മൺപാത്രനിർമാണവും പായനെയ്ത്തുമാണ്, പട്ടിക 4- ൽ.

എല്ലാതൊഴിൽ മേഖലയിലും ഈ പഞ്ചായത്തിൽ പുരുഷൻമാരാണ് കൂടുതൽ. പ്രാഥമിക മേഖലകളായ നെല്ല്, നാളികേരം, നിലക്കടല, പരുത്തി, ഭക്ഷ്യം മരം എന്നിവയെ ആശ്രയിച്ചാണ് ചെറുകിട മേഖല പ്രവർത്തിക്കുന്നത്.

**പ്രശ്നങ്ങൾ**

ഈ പഞ്ചായത്തിന് വേണ്ടത്ര വ്യവസായിക വളർച്ച കൈവരിക്കാത്തതിൻെറ കാരണങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. കേരളത്തിൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിയുടെയും നാളികേരത്തിൻേറയും നല്ലൊരു ശതമാനം കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലാണ്. എങ്കിലും, ഇവയുമായി പ്രത്യക്ഷമായോ, പരോക്ഷമായോ ബന്ധപ്പെട്ട ഒരു വ്യവസായവും ഇവിടെയില്ല.
2. മുഖ്യനാണ്യവിളകളായ പരുത്തി, നിലക്കടല, എന്നിവയെ ആസ്പദമാക്കിയിട്ടുള്ള വ്യവസായങ്ങളുടെ തകർച്ച.
3. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
4. വനിതകൾക്കു തൊഴിലവസരം പൊതുവേ കുറവ്.
5. സാങ്കേതിക പരിജ്ഞാനക്കുറവ്.
6. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യത കുറവ്.
7. വിപണന സാദ്ധ്യത കുറവ്.
8. പഞ്ചായത്തിലെ 80% റൈസ്മില്ലുകളും പുരാതന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്നു.
9. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ട മാനസികമായ തയ്യാറെടുപ്പിൻെറ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.
10. സംരംഭകർക്ക് വിവിധ ലൈസൻസുകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.
11. ആവശ്യമായ വൈദ്യുതിയുടെ ലഭ്യതക്കുറവ് പവർക്കട്ട്, ലോഡ്ഷെഡിംഗ് വോൾട്ടേജ് കുറവ്.
12. സർക്കാരിൻെറ അശാസ്ത്രീയമായ ലൈസൻസിംഗ് സമ്പ്രദായം.
13. ശാസ്ത്രീയമായ ബോധവൽക്കരണത്തിൻെറ അപര്യാപ്തത.
14. ഇവിടെ തൊഴിൽ രഹിതരുടെ സംഖ്യ വളരെക്കൂടുതലായിട്ടും ഇതുവരെ ഖാദി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഒരു യൂണിറ്റും തുടങ്ങിയിട്ടില്ല.

**സാദ്ധ്യതകൾ**

പഞ്ചായത്തിൽ പരമ്പരാഗതമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ, ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകളും വ്യവസായ പുരോഗതി കൈവരിച്ച അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ പൊള്ളാച്ചി, കോയമ്പത്തൂർ, തിരുപ്പൂർ എന്നീ സ്ഥലങ്ങളിലാണ് ജോലിചെയ്യുന്നത്. പഞ്ചായത്തിനു പുറത്ത് ജോലിചെയ്യുന്നവരുടെ വിവരങ്ങൾ പട്ടിക 7 ൽ ചേർത്തിട്ടുണ്ട്.

ഇവിടെ ലഭ്യമായയ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാവുന്ന യൂണിറ്റികളെപ്പറ്റിയുള്ള വിവരണം.

1. നാലാംവാർഡിൽ വടുകൻകുളമ്പിൽ പ്രവർത്തിച്ചുവരുന്ന കൈത്തറി നെയ്ത്തുശാല ഐ.ആർ.ഡി.പി. സ്കീമിൽ പ്രവർത്തിക്കുന്നു. ഒരു പെൺകുട്ടിക്ക് 12000 രൂപ നിരക്കിൽ ലഭിച്ച വായ്പ ഉപയോഗിച്ച് 10 പെൺകുട്ടികൾ ചേർന്ന് ആരംഭിച്ച ഈ യൂണിറ്റിൽ ഇപ്പോൾ 22 പെൺകുട്ടികൾ ജോലി നോക്കുന്നു. ഒരാൾക്ക് ദിവസം 40 രൂപ എന്ന തോതിൽ പ്രതിഫലം ലഭിക്കുന്നുണ്ട്. ഇതേ മാതൃകയിൽ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്.

2. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന വളരെ പ്രധാനപ്പെട്ട ഒരു സ്റ്റേറ്റ് ഹൈവേ ആണ് പാലക്കാട്- പൊള്ളാച്ചി - പഴനി- മധുര റോഡ്. വ്യവസായ വികസനത്തിന് ആവശ്യമായ വൈദ്യുതി സമീപപ്രദേശമായ കഞ്ചിക്കോട് പവർ ഹൗസിൽ നിന്നും ലഭ്യമാണ്. പഞ്ചായത്തിൻെറ മിക്കവാറ്റും എല്ലാ ഭാഗങ്ങളേയും ബന്ധപ്പെടുത്തി റോഡ് സൗകര്യം ഉണ്ട്. അവ വാഹന ഗതാഗതയോഗ്യമാക്കിയാൽ പഞ്ചായത്തിൻെറ ഏതുഭാഗത്തും വ്യവസായങ്ങൾ തുടങ്ങുന്നതിന് സൗകര്യമുണ്ട്.

3. മുൻപ് സൂചിപ്പിച്ചതുപോലെ വളരെയധികം പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന പഴവർഗങ്ങളായ തക്കാളി, മാങ്ങ, പപ്പായ, വിവിധതരം വാഴപ്പഴങ്ങൾ പേരയ്ക്ക എന്നിവയെല്ലാം അസംസ്കൃതവസ്തുക്കളാക്കി പലതരം ജാമുകൾ, സ്ക്വാഷുകൾ, ജല്ലി, സോസുകൾ എന്നിവ ഉണ്ടാക്കുവാൻ ബാഗ്ലൂരിൽ വിജയകരമായി പ്രവർത്തിക്കുന്ന സ്ഥാപനമായ AWAKE (ASSOCIATION OF WOMEN ENTERPRENEURS OF KARNATAKA) ൻെറ മാതൃകയിൽ നമ്മുടെ പഞ്ചായത്തിലും വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ വളരെയധികം സാദ്ധ്യതകൾ ഉണ്ട്.

സ്ത്രീകളുടെ ഉന്നമനത്തിനായി മാത്രം ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് AWAKE. ബാഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടന സ്ത്രീകൾക്കുവേണ്ടി പഴം - പച്ചക്കറി സംസ്ക്കരണത്തിന് ആവശ്യമായ പരിശീലനം നൽകുകയും തദ്വാരാ അവരെ വ്യവസായി കളാകാൻ പാകപ്പെടുത്തുകയും നിർമാണത്തിനു വേണ്ടുന്ന ഉപകരണങ്ങൾ നൽകുകയും ചെയ്യുന്നു.

4. (a) അതിവിപുലമായി നാളികേര ഉൽപ്പാദനം നടക്കുന്ന ഈ പഞ്ചായത്തിൽ കേന്ദ്രസർക്കാർ സ്ഥാപനമായ കേരവികസന ബോർഡുമായി ബന്ധപ്പെട്ട് നാളികേരവെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ ഉണ്ടാക്കാം. ഉണക്കി സംസ്ക്കരിച്ച തേങ്ങാപ്പൊടി ഉൽപ്പാദിപ്പിക്കാനുള്ള യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

(b) കയർ ഫാക്ടറി.

(c) ചിരട്ടയിൽ നിന്നും കരകൗശല വസ്തുക്കൾ, വിദേശകയറ്റുമതിക്ക് ഉതകുന്ന ചിരട്ട കൊണ്ടുള്ള ഐസ്ക്രീം കപ്പ്, ഹെയർപിൻ, ക്ലിപ്പ്, ഗൃഹോപകരണങ്ങൾ തുടങ്ങിയ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സാദ്ധ്യത ഉണ്ട്.

(d) വാഴക്കൃഷി ധാരാളമുള്ള ഈ പഞ്ചായത്തിൽ അതിനെ അസംസ്കൃത വസ്തുവാക്കി ഫാൻസി ഫൈബർ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഇതിനുവേണ്ടി പരിശീലനം കെ.വി.ഐ.സി. ബോംബെ എന്ന സ്ഥാപനം നൽകുന്നതാണ്.

(f) കള്ളിൻെറ ഉത്പാദനം വളരെ കൂടുതലുള്ള ഈ പഞ്ചായത്തിൽ വിൽക്കപ്പെടാതെ കളയുന്ന കള്ളിൽ നിന്നും പരിശുദ്ധവും കൃത്രിമം ഇല്ലാത്തതുമായ വിനാഗിരി വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാം. ഉപയോഗശൂന്യമായി പോകുന്ന കള്ളിൽ നിന്നും ശീതളപാനീയങ്ങൾ ഉണ്ടാ

ക്കാനുള്ള സാദ്ധ്യതകളെപ്പറ്റി സർക്കാർ തലത്തിൽ അന്വേഷിക്കണം.

5. കേരളത്തിൽ ആഭ്യന്തര ഉപയോഗം വളരെ കൂടുതൽ ഉള്ള സർജിക്കൽ കോട്ടൺ നിർമ്മാണ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ഇതിനാവശ്യമായ പരുത്തി പഞ്ചായത്തിൽ ധാരാളം കൃഷി ചെയ്യുന്നുണ്ട്.

6. ശ്രീ ഭഗവതി ടെക്സ്റ്റൈൽസ്, മഹാശക്തി ടെക്സ്റ്റൈൽസ് എന്നീ രണ്ടു നൂൽമില്ലുകൾ പ്രവർത്തിക്കുന്നതിനാൽ ഇവയുമായി ബന്ധപ്പെട്ട അനുബന്ധയൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

7. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ സമീപ പ്രദേശങ്ങളിൽ ധാരാളം സുഗന്ധ തൈല ഫാക്ടറികൾ ഉള്ളതിനാൽ ഇവയിലെ ഉപോൽപ്പന്നങ്ങൾ ഉപയോഗിച്ച് അഗർബത്തി, ചന്ദനത്തിരി യൂണിറ്റുകൾ ലാഭകരമായി ആരംഭിക്കാവുന്നതാണ്.

8. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ വളരെ ക്കൂടുതലുള്ള ഈ പഞ്ചായത്തിൽ ആധുനിക യുഗ ത്തിൻേറതായ വളരെക്കൂടുതൽ വിപണന സാദ്ധ്യതയുള്ള ഇലക്ട്രാണിക് Ancillary Components കംപ്യൂട്ടർ Components നിർ മാണയൂണിറ്റുകൾ തുടങ്ങാവുന്നതാണം. ഇത്തരം വ്യവസായങ്ങൾക്കാവശ്യമായ നല്ല കാലാവസ്ഥയും, സ്ഥലം, വൈദ്യുതി, വാർത്താവിനിമയ സൗകര്യം എന്നീ അനുകൂല സാഹചര്യങ്ങളും ഇവിടെയുണ്ട്.

9. ദിനംപ്രതി ഭൂമിയുടെ വില നിയന്ത്രണാതീതമായി കുതിച്ചുയരുകയും ഭൂമി ലഭിക്കുവാൻ മാർഗം ഇല്ലാതിരിക്കുകയും ചെയ്യുന്ന, കഞ്ചിക്കോട് എന്ന വ്യവസായിക നഗരത്തിനു തൊട്ടുകിടക്കുന്ന കൊഴിഞ്ഞാമ്പാറ പഞ്ചായ ത്തിൽ അവിടെയുള്ള വൻകിട വ്യവസായ ങ്ങളുടെ അനുബന്ധ യൂണിറ്റുകൾ ആരംഭി ക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്.

10. പപ്പായ വളരെയധികം ലഭ്യമായ കൊഴിഞ്ഞാമ്പാറയിൽ ടൂട്ടി - ഫ്രൂട്ടി നിർമിക്കുന്ന യൂണിറ്റുകൾക്ക് തുടക്കം കുറിക്കാവുന്നതാണ്.

## വൻകിട വ്യവസായം

1. കൊഴിഞ്ഞാമ്പാറ ആസ്ഥാനമാക്കി ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.

2. മരച്ചീനി ലഭ്യത വളരെയധികം ഉള്ളതിനാൽ ഒരു സ്റ്റാർച്ച് നിർമാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

## ടൂറിസം വികസനം

കേരളത്തിൻെറ പ്രധാനപ്പെട്ട ഒരു സ്റ്റേറ്റ് ഹൈവേ കടന്നു പോകുന്നത് കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലൂടെ ആയതിനാൽ മലമ്പുഴ, പഴനി, കൊടൈക്കനാൽ, മധുര, പൊള്ളാച്ചി, പറമ്പിക്കുളം തുടങ്ങിയ സ്ഥലങ്ങളിലേക്കു പോകുന്ന വിനോദസഞ്ചാരികളെ മാത്രം ലക്ഷ്യമാക്കി ക്കൊണ്ട് പോലും ടൂറിസ്റ്റ് റിസോർട്ടുകൾ തുടങ്ങുന്നതിന് കൊഴിഞ്ഞാമ്പാറയെപ്പോലെ അനുയോജ്യമായ സ്ഥലം വേറെയില്ല. ടൂറിസ്റ്റുകൾക്ക് മുകളിൽപ്പറഞ്ഞ നഗരങ്ങളുടെ തിരക്കിൽ നിന്നും ഒഴിഞ്ഞ് വിശ്രമിക്കുന്നതിന് പ്രകൃതി രമണീയത ആസ്വദിക്കുന്നതിനും അനുകൂലമായ സാഹചര്യങ്ങൾ ഇവിടെയുണ്ട്.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന കുന്നംപിടാരി അമ്മൻ മലയേയും ഏകദേശം 22 ഹെക്ടർ വിസ്തൃതി ഉള്ള കുന്നംപിടാരി ഏരിയേയും ആസ്പദമാക്കി ഒരു ടൂറിസ്റ്റ് കേന്ദ്രവും 3 ഹെക്ടർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് അതിൽ ഒരു ചിൽഡ്രൻസ് പാർക്കും, വിനോദകേന്ദ്രവും രൂപീകരിക്കാം. അങ്ങനെ നഗരത്തിലെ തിരക്കിൽ നിന്നും ഒഴിഞ്ഞുമാറി വിശ്രമിക്കുന്നതിനും നാളെയുടെ വാഗ്ദാനമായ കുട്ടികൾക്ക് കായികവും മാനസികവുമായ ഉല്ലാസം ലഭിക്കുന്നതിനും തദ്വാരാ പഞ്ചായ

ത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

### കൂടുതൽ നിർദ്ദേശങ്ങൾ.

3. പഞ്ചായത്തു തലത്തിൽ വ്യവസായ വികസന സമിതി രൂപീകരിക്കുക. ആസൂത്രിത സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ബ്ളോക്ക് കേന്ദ്രത്തിൽ സ്വയം തൊഴിൽ എക്സ്ചേഞ്ച് സ്ഥാപിക്കുക. എക്സ്ചേഞ്ചിന്റെ കൗണ്ട റിൽ സ്വയം തൊഴിൽ പദ്ധതിക്ക് അപേക്ഷി ക്കുന്നവരെ സഹായിക്കാൻ യുവജന സന്നദ്ധ സംഘടനകളിൽ നിന്നും തെരെഞ്ഞെടുത്ത വളണ്ടിയർമാർക്ക് പരിശീലനം നൽകി നിയോഗിക്കുക. വ്യവസായ സംരഭകരെ കണ്ടെത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വേണ്ടി പഞ്ചായത്തു വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ജന പങ്കാളിത്തത്തോടെ വിപുലമായ പ്രചരണം നടത്തുക. വിദഗ്ദരേയും സ്വയം തൊഴിൽ പദ്ധതിക്ക് യോഗ്യരായവരേയും പങ്കെടുപ്പിച്ച് പഞ്ചായത്തുതല സെമിനാർ നടത്തുക.

4. ഈ പഞ്ചായത്തിലുള്ള മില്ലുകളെല്ലാം പുരാതന സാങ്കേതികവിദ്യ ഉപയോഗിച്ചു പ്രവർത്തിക്കുകയാണ്. പാലക്കാട് എസ്.ബി.ഐ, മിൽ ഓണേഴ്സ് അസോസിയേഷൻ എന്നിവരുടെ നേതൃത്വത്തിലും, സഹായ ത്തിലും ജില്ലയിൽ ഇപ്പോൾ നടത്തിക്കൊണ്ടു വരുന്ന കേന്ദ്രസർക്കാറിന്റെ Uptech (upgradation of technology) പദ്ധതി ഉപയോഗിച്ച് മില്ലുകളെല്ലാം നവീകരിക്കേണ്ടതാണ്.

### മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയു വാൻ സാധ്യത ഉള്ളതിനാൽ ചുരുങ്ങിയത് 5 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആക്കി വികസിപ്പിക്കു കയും വ്യവസായ സംരംഭകർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം. ഇതിനനുയോ ജ്യമായ സ്ഥം പഴനിയാർ പാളയത്ത് ലഭ്യമാണ്.

### മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പാൽ സംഭരണ - സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക.
2. കൂൺവളർത്തൽ കേന്ദ്രം ആരംഭിക്കുക.
3. നീലം ഫാക്ടറി ആരംഭിക്കുക.
4. സോപ്പുനിർമാണ യൂണിറ്റ് ആരംഭിക്കുക.
5. മെഴുകിതിരി നിർമാണ യൂണിറ്റ് ആരംഭിക്കുക.
6. കറിപൗഡർ യൂണിറ്റുകൾ ആരംഭിക്കുക.

### നിർദ്ദേശങ്ങൾ

1. നിലക്കടല പരുത്തി എന്നിവയും ഇപ്പോൾ ചുമത്തിവരുന്ന ബഹുമുഖ വിൽപ്പനനികുതി സമ്പ്രദായം ഇല്ലാതാക്കണം.

2, വ്യവസായ സംരഭകരെ പ്രോത്സാഹിപ്പിക്കു ന്നതിന് വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാക്കണം.

3. വ്യവസായം തുടങ്ങുന്നതിന് താല്പര്യം ഉള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന് ആവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുകയും ഇവർക്കുവേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നതിനും സഹായിക്കുന്നതിനും ആവശ്യമായ ഒരു സമിതി സെൽ പഞ്ചായത്തിൽ രൂപീകരിക്കു കയും വേണം. ഈ സമിതി പഞ്ചായത്തി ലുള്ള തൊഴിൽ ഉടമകളും തൊഴിലാളികളും തമ്മിലുള്ള ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ നിലനിർത്തുന്നതിനു വേണ്ടി പ്രവർത്തിക്കണം. സേവനവേതന വ്യവസ്ഥ കളും കാലാകാലങ്ങളിൽ പരിശോധിക്കേണ്ട താണ്.

4. റെഡിമെയ്ഡ് വസ്ത്രവ്യവസായം തുടങ്ങാ നാഗ്രഹിക്കുന്ന സംരഭകർക്ക് പ്രസ്തുത

തലത്തിലുള്ള നവീന രീതികളെപ്പറ്റിയും അതിൻെറ വിപണന സാദ്ധ്യതകളെ പറ്റിയും ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, മദ്രാസ്, എന്ന സ്ഥാപനത്തിൻെറ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകണം.

5. മലിനീകരണത്തിനെതിരെ ജനങ്ങളും സർക്കാരുകളും ചെറിയ തോതിലെങ്കിലും പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന യാതൊരുവിധ വ്യവസായങ്ങൾക്കും ലൈസൻസു നൽകാൻ പാടില്ല.

6. ഖാദിബോർഡിൻെറ ആഭിമുഖ്യത്തിൽ നമ്മുടെ പഞ്ചായത്തിൽ ഖാദി ഉൽപന്നങ്ങളുടെ (തുണിത്തരങ്ങൾ, സോപ്പ് എന്നിവ ) യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

7. പരുത്തിക്കൃഷി ധാരാളമുള്ള ഈ പഞ്ചായത്തിൽ സസഹകരണ മേഖലയിൽ സ്പിന്നിംഗ് മില്ലും ജിന്നിംഗ് ഫാക്ടറിയും ആരംഭിക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം. ടെക്സ്റ്റയിൽ വ്യവസായത്തിന് അനുയോജ്യമായ കാലാവസ്ഥയാണം നമ്മുടെ പഞ്ചായത്തിലുള്ളത്.

8. വ്യാവസായികമായി വളരെയധികം ഭാവിയുള്ള കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ നിലവിലുള്ള 66 കെ.വി സബ് സ്റ്റേഷൻ 110 കെ. വി. സബ്സ്റ്റേഷനായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

9. വർഷം തോറും വ്യവസായികളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളേയും ബന്ധപ്പെടുത്തിക്കൊണ്ട് വ്യവസായ സെമിനാർ നടത്തേണ്ടതാണ്.

10. യൂറോപ്പിലെ മൂന്ന് വൻ വ്യവസായ നഗരങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലുള്ള Golden Triangle (സുവർണ്ണ ത്രികോണം) നെ അനുസ്മരിപ്പിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തും 3 വൻ വ്യവസായിക നഗരങ്ങളായ തിരുപ്പൂർ, കോയമ്പത്തൂർ, കഞ്ചിക്കോട് എന്നിവയ്ക്കു ഉള്ളിൽ സ്ഥിതി ചെയ്യുന്നു. ഈ വസ്തുത വളരെക്കാല ങ്ങൾക്കു മുമ്പു തന്നെ ഇൻഡ്യയിലെ ഒരു വൻ വ്യവസായ സാമ്രാജ്യത്തിൻെറ ഉടമയും ക്രാന്തദർശിയും ആയ ശ്രീ. എൻ. മഹാലിംഗം മനസ്സിലാക്കിയതിനാലാണ്. അറുപതുകളിൽ ഇവിടെ ഒരു ലക്ഷം Spindle ഉള്ള ഒരു നൂൽമിൽ ആദ്ദേഹം തെളിയിച്ചിരിക്കുന്നു. ഇവയെല്ലാം വ്യവസായ പുരോഗതിയെപറ്റി ചിന്തിക്കുമ്പോൾ തീർച്ചയായും കണക്കിലെടുക്കേണ്ടതാണ് എന്ന് ഊന്നിപ്പറയുന്നതിന് ഞങ്ങൾ മടിക്കുന്നില്ല.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷികവിളകളെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും തദ്വാരാ ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ ശ്രമിക്കുന്നതു മൂലം എല്ലാറ്റിനും അന്യസംസ്ഥാനങ്ങളേ ആശ്രയിക്കുന്ന രീതി ഇല്ലാതാക്കുവാനും സാധിക്കുമെന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഇവയെല്ലാം ജനങ്ങളുടെ സാമൂഹ്യ- സാമ്പത്തിക - സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നുവരാൻ കാരണമാകുകയും ചെയ്യുമെന്നുള്ളതിൽ ഒരു സംശയവുമില്ല.

**പട്ടിക – 1** **നിലവിലുള്ള വ്യവസായങ്ങൾ**

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | |
| 1 a. | ടെക്സ്റ്റൈൽ മിൽ (സ്വകാര്യ മേഖല) | 419 | 4– | 419 | 31.15 |
| b. | റൈസ് മിൽ (സ്വകാര്യ മേഖല) | 168 | 244 | 412 | 30.63 |
| c. | ഓയിൽ മിൽ (സ്വകാര്യ മേഖല) | 164 | 86 | 250 | 18.58 |
| 2 | പരമ്പരാഗത കുടിൽ വ്യവസായം | | | | |
| | എ) മൺപാത്ര നിർമാണം | 10 | 3 | 13 | 0.98 |
| | ബി) പുൽപായ നിർമാണം | 8 | 22 | 30 | 2.24 |
| | പപ്പട നിർമാണം | 4 | 27 | 31 | 2.30 |
| | ചെറുകിട വ്യവസായങ്ങൾ | | | | |
| 3 | ഭക്ഷ്യ സംശ്കരണം 9ബേക്കറികൾ) | 60 | – | 60 | 4.46 |
| | സ്വകാര്യ മേഖല | | | | |
| | മറ്റു വ്യവസായങ്ങൾ | 62 | 68 | 130 | 9.66 |
| | | 895 | 450 | 1345 | 100.00 |

**പട്ടിക – 2** **ചെറുകിട വ്യവസായ യൂണിറ്റുകൾ**

| ക്രമ നമ്പർ | വിഭാഗം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | തടി വ്യവസായം | 3 | 12 | – | 12 |
| 2 | എഞ്ചിനീയറിങ്ങ് | 4 | 16 | – | 16 |
| 3 | നിലക്കാടല മില്ലുകൾ | 6 | 136 | 42 | 178 |
| 4 | റൈസ് മിൽ | 20 | 168 | 244 | 412 |
| 5 | ഐസ് ഫാക്ടറി | 2 | 2 | | 2 |
| 6 | അച്ചടി | 6 | 8 | 7 | 15 |
| 7 | ഭക്ഷ്യസംസ്കരണം | 20 | 35 | – | 35 |
| 8 | പേപ്പർ കവർ നിർമാണയൂണിറ്റ് | 1 | 4 | 17 | 21 |
| | | 62 | 381 | 310 | 691 |

# പട്ടിക — 3
# വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പ്ര് | ഇനം | മെമ്പർ മാർ | തൊഴിലാളികളുടെ എണ്ണം | | | ലാഭം / നഷ്ടം |
|---|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ | |
| 1 | പഴനിയാർ പാളയം (ബ്രഷ് കമ്പനി) | | 4 | 6 | 10 | നഷ്ടം |
| 2 | വടുകൻ കുളമ്പ് നെയ്ത്തുശാല | 10 | – | 10 | 10 | ലാഭം |
| | ആകെ | | 4 | 16 | 20 | |

# പട്ടിക — 4
# പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1 | മൺപാത്ര നിർമ്മാണം | 10 | 3 | 13 | |
| 2 | പായ നെയ്ത്ത് | 8 | 22 | 30 | |
| 3 | പപ്പടനിർമാണം | 4 | 27 | 31 | |
| 4 | കരിങ്കൽ വ്യവസായം ആട്ടുകൽ, അരകൽ, കരിങ്കൽ തൂൺ നിർമാണം | 28 | 22 | 50 | |
| | ആകെ | 50 | 74 | 124 | |

# പട്ടിക – 5
# വിവിധ മേഖലകളിലെ കൂലി നിരക്ക്

| ക്രമ നമ്പ്ര് | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പു. | സ്ത്രീ |
| 1 | ടെക്സ്റ്റൈൽ മിൽ | 120 | – |
| 2 | റൈസ് മില്ലുകൾ | 65 | 40 |
| 3 | മൺപാത്ര നിർമാണം | 60 | – |
| 4 | പുൽപായ നിർമാണം | – | 40 |
| 5 | പപ്പട നിർമാണം | 75 | 45 |
| 6 | ഭക്ഷ്യ സംസ്കരണം (ബേക്കറി) | 60 | – |
| 7 | തടി വ്യവസായം | 90 | – |
| 8 | എഞ്ചിനീയറിംഗ് | 80 | – |
| 9 | നിലക്കടല മിൽ | 65 | 40 |
| 10 | അച്ചടി | 60 | 30 |
| 11 | പേപ്പർ കവർ നിർമാണം | 50 | 30 |
| 12 | ഐസ് ഫാക്ടറി | 70 | – |
| 13 | കരിങ്കൽ വ്യവസായം | 90 | 50 |
| 14 | ഭക്ഷ്യധാന്യം | 70 | – |
| 15 | സോഡ നിർമാണം | 60 | – |

# പട്ടിക – 6
## ഇവിടെ ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ

| | ക്രമ നമ്പ്ര് | ഇനം | |
|---|---|---|---|
| | 1 | നെയ്ത്തുശാല | |
| | 2 | പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ് | |
| | 3 | നാളികേര സോഫ്ട്റ്റ് ഡ്രിങ്ക് യൂണിറ്റ് | |
| | 4 | തേങ്ങാപ്പൊടി നിർമാണ യൂണിറ്റ് | |
| | 5 | കയർ ഫാക്ടറി | |
| | 6 | ചിരട്ടപ്പൊടി നിർമാണ യൂണിറ്റ് | |
| | 7 | ചിരട്ട അനുബന്ധ കരകൗശല യൂണിറ്റ് | |
| | 8 | വാഴനാര് (ഫാൻസി ഫൈബർ യൂണിറ്റ്) | |
| | 9 | പൗൾട്രി ഫാം | |
| | 10 | പിഗ് ഫാം | |
| | 11 | ഡയറി ഫാം | |
| | 12 | ഹോളോ ബ്രിക്സ് നിർമാണം | |
| | 13 | ചന്ദനത്തിരി യൂണിറ്റ് | |



## 5 - 4

# വിദ്യാഭ്യാസം

പാലക്കാട് ജില്ലയുടെ കിഴക്കുഭാഗത്ത് തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ഒരു പ്രദേശമാണ് കൊഴിഞ്ഞാമ്പാറ. പഴയ ജൻമി - ഭൂവുടമാ സമ്പ്രദായം നിലവിലിരുന്ന ഒരു പ്രദേശ മാണിത്. ഭൂരിപക്ഷം ജനങ്ങളും സാമ്പത്തിക മായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വരാണ്. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ പ്പറ്റിയുള്ള അജ്ഞത അടുത്തകാലംവരേയും ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു. തമിഴ്നാ ടിനോട് ചേർന്നുകിടക്കുന്ന പ്രദേശമായതുകൊണ്ട് ഇവിടത്തെ ജനങ്ങൾ തമിഴും മലയാളവും ഒരുപോലെ കൈകാര്യം ചെയ്യുന്നു.

ഈ നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിലാണ് ഇവിടെ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന കൊഴിഞ്ഞാമ്പാറ ഗവൺമെൻറ് യു.പി. സ്ക്കൂളാണ് ഇവിടത്തെ പ്രഥമവിദ്യാലയം. ഒരു തിണ്ണ വിദ്യാലയമായി 1915 ലാണ് ഇത് സ്ഥാപിച്ചത്. അതേ വർഷം തന്നെ പഴനിയാർ പാളയത്ത് മറ്റൊരു എൽ.പി.സ്ക്കൂളും സ്ഥാപിക്കെപ്പെട്ടു. ഗവൺമെൻറ് എൽ.പി. സ്ക്കൂൾ കല്ലാണ്ടിച്ചള്ള 1931, ഗവൺമെൻറ് എൽ.പി.സ്ക്കൂൾ നാട്ടുകൽ 1951, സെൻറ് പോൾസ് ഹൈസ്ക്കൂൾ കൊഴിഞ്ഞാമ്പാറ 1947 ജി. എൽ.പി. സ്ക്കൂൾ കുന്നംകാട്ടുപതി 1973, ജി.എൽ.പി. എസ് പെരുമ്പാറച്ചള്ള 1973, സെൻറ് മാർട്ടിൻസ് യു.പി. സ്ക്കൂൾ അത്തിക്കോട് 1978 (അൺ എയ്ഡഡ് അംഗീകാരം കിട്ടിയത് 1987 ലാണ്.) എന്നിവ പിന്നീട് സ്ഥാപിക്കപ്പെട്ട വിദ്യാലയങ്ങളാണ്. ഇവിടത്തെ നിലവിലുള്ള ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ കുട്ടികളുടെ സുഗമമായ വിദ്യാഭ്യാസത്തിന് ഇപ്പോഴുള്ള വിദ്യാലയങ്ങൾ പര്യാപ്തമല്ല.

മേൽപ്പറഞ്ഞ വിദ്യാലയങ്ങൾ സ്ഥാപി ക്കുന്നതിന് ആവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും ഉദാരമതികളായ പല വ്യക്തി കളും സംഭാവനയായി നൽകിയതാണ്. സർവ്വശ്രീ പേട്ട സ്വാമിയപ്പകൗണ്ടർ, തൊടിവീട്ടിൽ എബ്രഹാം, ചെല്ലദൊരൈ മണിയക്കാരർ, പച്ചയപ്പ കൗണ്ടർ, പഴനിസ്വാമി കൗണ്ടർ, എ.എൻ.യു. മന്നാടി നായർ, തോടത്ത് വാസു മേനോൻ, മൈനർപിള്ള എന്നിവരുടെ സംഭാവനകൾ അമൂല്യമാണ്.

മുൻകാലങ്ങളിൽ വിദ്യാഭ്യാസം നേടി യവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും എഴുതാനും വായിക്കാനും ഉള്ള താല്പര്യം പലരി ലും ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ വയോജന വിദ്യാഭ്യാസം വളരെ മുമ്പുതന്നെ ഇവിടെ നിലവിൽ ഉണ്ടായിരുന്നതായി അറിയ പ്പെടുന്നു. കരിക്കട്ടകൊണ്ട് ചുമരിലും മറ്റും എഴുതിയാണ് ബോധനം നടത്തിക്കൊണ്ടിരുന്നത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭ്യമല്ലാതിരുന്ന പിൽക്കാലത്ത് പലരും നടന്നും കാളവണ്ടിയിലും ദൂരസ്ഥലങ്ങളിൽ പോയി വിദ്യാഭ്യാസം നടത്തി യിരുന്നു. സെൻറ് പോൾസ് ഹൈസ്ക്കൂളിൽ ആദ്യകാലത്ത് ആൺകുട്ടികൾക്ക് മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു. അക്കാലത്ത് പല പെൺകുട്ടികളും നല്ലേപ്പിള്ളിയിലും മറ്റുമാണ് പഠനം നടത്തിയിരുന്നത്.

മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ ത്തോട് ജനങ്ങൾ ആഭിമുഖ്യം പുലർത്താൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ അതിനനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണമോ, സൗകര്യങ്ങളോ വർദ്ധിച്ചിട്ടില്ല. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വിദ്യാലയ ങ്ങളിലെ സ്ഥിതിവിവരക്കണക്ക് താഴെകൊടുത്തി രിക്കുന്നു.

## പട്ടിക – 1

| നമ്പർ | സ്കൂൾ | | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | | | | അദ്ധ്യാപകർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | മലയാളം | | | തമിഴ് | | | മലയാളം | | | തമിഴ് | | |
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | GLPS Kunnamkattupay | LP | Govt. | 55 | 49 | 104 | 51 | 52 | 103 | 2 | 1 | 3 | 3 | 1 | 4 |
| 2 | GLPS Nattukal | LP | " | 51 | 70 | 121 | 28 | 24 | 52 | 1 | 3 | 4 | 1 | 3 | 4 |
| 3 | GLPS Kalpandichalla | LP | " | 90 | 77 | 167 | - | - | - | 3 | 2 | 5 | - | - | - |
| 4 | GLPS Perumbarachalla | Lp | " | 58 | 59 | 117 | 45 | 43 | 88 | - | 3 | 3 | 3 | 2 | 5 |
| 5 | GLPS Souryarpalayam | LP | " | 50 | 56 | 106 | 127 | 104 | 231 | - | 4 | 4 | 6 | 2 | 8 |
| 6 | GUPS | LP | " | 169 | 153 | 322 | 144 | 163 | 307 | 1 | 4 | 5 | 2 | 6 | 8 |
| | Kozhinchampara | UP | " | 213 | 202 | 415 | 153 | 143 | 296 | 3 | 11 | 14 | 5 | 6 | 11 |
| 7 | SPHS | UP | Aid | 199 | 204 | 403 | 106 | 120 | 226 | 3 | 12 | 15 | 4 | 5 | 9 |
| | Kozhinchampara | LP | ed | 419 | 486 | 905 | 290 | 275 | 565 | 11 | 20 | 31 | 12 | 7 | 19 |
| | | | | ആകെ | | 2660 | ആകെ | | 1968 | ആകെ | | 84 | ആകെ | | 63 |
| | | | | ഇംഗ്ലീഷ് Male | Fe | Tot | | | | ഇംഗ്ലീഷ് Ma | Fe | Tot | | | |
| 8 | St. Martins EMUPS | LP | Reco | 196 | 150 | 346 | | | | - | 8 | 8 | | | |
| | Athikode | UP | gnised | 134 | 73 | 207 | | | | - | 4 | 4 | | | |
| | | | | | | 553 | | | | | | 12 | | | |

പട്ടിക 4 (എ) വിദ്യാർത്ഥികളുടെ കണക്ക് ([illegible])

| LF | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്. സി എസ്. ടി | ശതമാനം | ആകെ | എസ്. സി എസ്. ടി | ശതമാനം | ആകെ | എസ്. സി എസ്. ടി | [illegible] |
| 937 | 121 | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

[illegible] വിദ്യാർത്ഥികളുടെ കണക്ക് ([illegible])

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്. സി എസ്. ടി | ശതമാനം | ആകെ | എസ്. സി എസ്. ടി | ശതമാനം | ആകെ | എസ്. സി എസ്. ടി | ശതമാനം |
| 781 | 97 | 12.4 | 522 | 35 | 6.7 | 565 | 35 | 6.2 |

പട്ടിക 5 ഗവ. സ്കൂളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം

| മലയാളം | | | | | | തമിഴ് | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ അദ്ധ്യാപകർ | 6 ഗവ. സ്കൂളുകളിലെ അദ്ധ്യാപകർ | ഗവ. അദ്ധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദ്യാർത്ഥികൾ | ശതമാനം | ആകെ അദ്ധ്യാപകർ | 6 ഗവ. സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. അദ്ധ്യാപകരുടെ [illegible] | ഗവ. അദ്ധ്യാപ[illegible] | [illegible] | [illegible] |
| 85 | 38 | 44.7 | 2660 | 1352 | 50.3 | 67 | 40 | 59.7 | 1866 | 1077 | 57.6 |

പട്ടിക 2 — എൽ. പി, യു. പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | | | | UP | | | | | | HS | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മലയാളം | | | തമിഴ് | | | മലയാളം | | | തമിഴ് | | | മലയാളം | | | തമിഴ് | | |
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 3243 | 473 | 464 | 49.5 | 395 | 386 | 49.4 | 412 | 406 | 49.6 | 259 | 263 | 50.4 | 419 | 486 | 53.7 | 290 | 275 | 48.7 |
| | | | | | | | | | | | | ആകെ | | | 51% | | | 51% |

# പട്ടിക – 3
# പഠനം നിർത്തിയവരുടെ കണക്ക്

| SC / ST | | | | | | Others | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| മലയാളം | | | തമിഴ് | | | മലയാളം | | | തമിഴ് | | |
| ആൺ | ആൺ | ആകെ | ആൺ | ആൺ | ആകെ | ആൺ | ആൺ | ആകെ | ആൺ | ആൺ | ആകെ |
| 8 | 4 | 12 | 10 | 14 | 24 | 96 | 92 | 188 | 173 | 143 | 316 |
| | | | | ആകെ 36 | | | | ആകെ | | | 504 |

ഈ പഞ്ചായത്തിൽ ആകെ ഒരു അൺ എയ്ഡഡ് വിദ്യാലയമാണ് ഉള്ളത്. അവിടെ 12 അദ്ധ്യാപകരും 553 കുട്ടികളും ഉണ്ട്. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം. ബഹുഭൂരിപക്ഷം രക്ഷിതാക്കളും കുട്ടികളെ പൊതുവിദ്യാലയത്തിൽ ചേർത്ത് പഠിപ്പിക്കാനാണ് ആഗ്രഹിക്കുന്നത് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ ചിലരെങ്കിലും വിദ്യാഭ്യാസരംഗത്തെ വരേണ്യവൽക്കരണത്തെ അംഗീകരിക്കുന്നവരും പ്രൈമറിതലത്തിൽ പഠനമാദ്ധ്യമം മാതൃ ഭാഷയിൽ തന്നെ ആയിരിക്കണമെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ തയ്യാറാവാത്തവരുമായി കാണപ്പെടുന്നു.

ഈ പഞ്ചായത്തിൽ കല്ലാണ്ടിച്ചള്ള എൽ.പി. സ്ക്കൂൾ ഒഴിച്ചുള്ള എല്ലാ വിദ്യാലയങ്ങളിലും തമിഴും, മലയാളവും മീഡിയങ്ങൾ ഉണ്ട്. കല്ലാണ്ടിച്ചള്ള എൽ.പി. സ്ക്കൂളിൽ മലയാളം മീഡിയം മാത്രമേയുള്ളൂ. തമിഴ് മാത്രം മീഡിയമായുള്ള സ്ക്കൂളുകൾ ഇവിടെയില്ല. മുൻകാലത്ത് എല്ലാ കുട്ടികളും തമിഴും മലയാളവും പഠിച്ചിരുന്നു. ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ് സെൻറ്-പോൾസ് ഹൈസ്ക്കൂൾ സ്വകാര്യ മേഖലയിലാണ് ഇത് പ്രവർത്തിക്കുന്നത്. കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് എസ്.എസ്.എൽ.സി. യുടെ വിജയ ശതമാനത്തിൽ കുറവ് വന്നു കൊണ്ടിരിക്കുന്നു. കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

## പട്ടിക -6

## എസ്.എസ്.എൽ.സി. വിജയ ശതമാനം

| 91 - 92 | | 92 - 93 | | 93 - 94 | | 94 - 95 | | 95 - 96 | |
|---|---|---|---|---|---|---|---|---|---|
| മലയാളം | തമിഴ് | മലയാളം | തമിഴ് | മലയാളം | തമിഴ് | മലയാളം | തമിഴ് | മലയാളം | തമിഴ് |
| 27% | 26% | 27% | 37% | 29% | 37% | 38% | 40% | 24% | 40% |

1973 ൽ ഈ വിദ്യാലയത്തിൽ നിന്നും വി. ഗിരി എന്ന കുട്ടി എസ്.എസ്.എൽ.സിക്ക് സംസ്ഥാനതലത്തിൽ ഒന്നാംറാങ്ക് നേടിയിട്ടുണ്ട്. അതുപോലെ തമിഴ് പദ്യം ചൊല്ലൽ, അലങ്കാര തുന്നൽ തുടങ്ങിയ മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ ഒന്നാംസ്ഥാനം നേടുന്നതിനും ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ പ്രസിഡൻറിൽ നിന്നും നാഷനൽ അവാർഡ് ഫോർ ടാലൻറഡ് ചിൽഡ്രൻ ഫ്രം റൂറൽ ഏരിയ അവാർഡ് നേടാൻ, ഇപ്പോൾ എം.ബി.ബി.എസ് നു പഠിച്ചുകൊണ്ടിരിക്കുന്ന കെ. രവികുമാർ എന്ന കുട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. ഇവർ പഞ്ചായത്തിൻെറ അഭിമാന സ്തംഭങ്ങളാണെന്നു പറയുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് എസ്.എസ്.എൽ.സി. പൂർത്തിയാക്കിയ കുട്ടികൾ ചിറ്റൂർ, പാലക്കാട്, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളെയാണ് അതിന് ആശ്രയിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പാരലൽ കോളേജുകളിൽ അഭയം തേടുന്നു. മൂന്ന് പാരലൽ കോളേജുകളാണ് ഇവിടെയുള്ളത്. ഇവിയിൽ എല്ലാം കൂടി 300 കുട്ടികൾ നടത്തുന്നു.

പഠനം നടത്തുന്നു. ഇതുകൂടാതെ പുറത്തുള്ള പാരലൽ കോളെജുകളിൽ പഠനം നടത്തുന്നവരും ധാരാളമുണ്ട്.

ഈ പഞ്ചായത്തിൽ 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ട്. മുൻകാലങ്ങളിലേതുപോലുള്ള തിരക്ക് ഈ സ്ഥാപനങ്ങളിൽ ഇപ്പോഴില്ല. സെറാക്സിൻെറ കടന്നു കയറ്റമാണ് ഇതിനു കാരണം. കമ്പ്യൂട്ടർ പരിശീലനം നൽകുന്ന സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള 24 അംഗൻവാടികളും മഹിളാ സമാജത്തിൻെറ വക ഒരു അംഗൻവാടിയും അടക്കം മൊത്തം 25 അംഗൻവാടികളാണ് ഈ പഞ്ചായത്തിലെ 12 വാർഡുകളിലുമായുള്ളത്. ഇതുകൂടാതെ ഒരു ബാപ്പുജി നേഴ്സറി സ്ക്കൂൾ, ഒരു ശിശുമന്ദിരം ഹരിജൻ സേവക് സംഘ് നടത്തുന്ന ഗാന്ധിജി ബാലവാടി എന്നിവയും പ്രവർത്തിക്കുന്നുണ്ട്. തമിഴ് മീഡിയം കുട്ടികൾക്ക് പ്രത്യേകം അംഗൻവാടി ഇല്ലാത്തത് അവരുടെ ഭാവി പഠനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

1990 കാലഘട്ടങ്ങളിൽ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി നടന്നിരുന്നു. എന്നാൽ മുഴുവൻ പേരേയും സാക്ഷരരുടെ പട്ടികയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. തമിഴ് സംസാരിക്കുന്നവരുടെ ഇടയിലാണ് സാക്ഷരതാ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ കഴിയാതെ പോയത്. അവരുടെ സഹകരണമില്ലായ്മയാണ് ഇതിനു കാരണം.

## ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ.

1. നമ്മുടെ പഞ്ചായത്തിൽപ്പെട്ട സർക്കാർ വിദ്യാലയങ്ങളിൽ വേണ്ടത്ര ഭൗതിക സാഹചര്യങ്ങളില്ല.
2. എൽ.പി. സ്ക്കൂൾ പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഉയർന്ന പഠനത്തിന് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
3. കുട്ടികളുടെ പഠന നിലവാരം മെച്ചമാകുന്നില്ല.
4. രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിലുള്ള ശ്രദ്ധ കുറവും വിദ്യാലയങ്ങളുമായുള്ള ബന്ധത്തിൻെറ പോരായ്മയും.
5. ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളുടെ അഭാവം.
6. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമല്ല.
7. കലാകായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല.
8. തമിഴ് മീഡിയത്തിൽ കുട്ടികൾ കുറഞ്ഞു വരുന്നു.
9. പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പെട്ടവർ വിദ്യാഭ്യാസരംഗത്ത് ഉയർന്നു വരുന്നില്ല.

## നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. ഈ പഞ്ചായത്തിലെ സർക്കാർ എൽ.പി. സ്ക്കൂളുകളായ കല്ലാണ്ടിച്ചള്ള, നാട്ടുകൽ, പഴനിയാർ പാളയം എന്നിവിടങ്ങളിൽ ഓല മേഞ്ഞ ഷെഡ്ഡുകളിലാണ് ഇപ്പോൾ ക്ലാസുകൾ നടന്നുകൊണ്ടിരിക്കുന്നത്. വർഷം തോറും ഓലമാറ്റി മേയുന്നത് ഏറെ ബുദ്ധിമുട്ടും ധനവ്യയവും സൃഷ്ടിക്കുന്നു. അതുപോലെ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം സർക്കാർ വിദ്യാലയങ്ങൾക്കും അവശ്യം വേണ്ട മൂത്രപ്പുര, കക്കൂസ്, ഫർണീച്ചർ, ചുറ്റുമതിൽ, കളിസ്ഥലം, വൈദ്യുതി കണക്ഷൻ എന്നിവ ഇല്ല. വിശദാംശങ്ങൾ പട്ടിക 7-ൽ കൊടുത്തിരിക്കുന്നു.

ഈ വക പോരായ്മകൾ പരിഹരിക്കേണ്ടത് പ്രസ്തുത വിദ്യാലയങ്ങളിലെ വിദ്യാഭ്യാസപുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി ഡി.പി.ഇ.പി. യെ ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്. കുന്നംകാട്ടുപതി സ്ക്കൂളിൽ നിലവിലുള്ള സെമി പെർമനൻറ് കെട്ടിടം ഇടച്ചുമർ കെട്ടി ക്ലാസ് മുറികളായി വിഭജിക്കണമെന്നും നിർദ്ദേശമുണ്ടായിട്ടുണ്ട്.

2.

## പട്ടിക – 7

## ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | ക്ലാസ്സ് | കുടിവെള്ളം | വൈദ്യുതി | ഫർണിച്ചർ ആവശ്യത്തിന് | ടെലിഫോൺ | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|
| GLPS Kunnamkattupathy | 207 | 7 | 1 | 1 | Nil | | Nil | Nil | |
| GLP Nattukal | 173 | 8 | 1 | 0 | Nil | ✓ | " | " | |
| GLPS Kalpandichalla | 167 | 5 | 1 | 1 | Well | ✓ | " | " | |
| GLPS Perumbarachalla | 205 | 8 | 1 | 0 | Well | | " | " | |
| GLPS Souryarpalayam | 37 | 12 | 2 | 1 | Nil | ✓ | " | " | |
| GUPS Kozhinjampara | 1340 | 48 | 2 | 1 | Bore well | ✓ | " | Yes | |
| SPHS Kozhinjampara | 2099 | 74 | 2 | 5 | Well | ✓ | " | " | ✓ |
| SMEMUPS Athikkode | 553 | 12 | 3 | 1 | Well | ✓ | " | " | |

പഞ്ചായത്തിൽ നിലവിലുള്ള എൽ.പി. സ്ക്കൂളുകൾ (നാട്ടുകൽ ഒഴികെ) ഉൾപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ നിന്നും വിജയിക്കുന്ന കുട്ടികൾക്ക് ഉപരിപഠനത്തിന് വളരെ ദൂരം സഞ്ചരിച്ച് കൊഴിഞ്ഞാമ്പാറയിൽ എത്തിച്ചേരേണ്ടിയിരിക്കുന്നു. ഗതാഗതസൗകര്യങ്ങളുടെ കുറവും പുഴകടന്ന് എത്തിച്ചേരുവാനുള്ള ബുദ്ധിമുട്ടും വാർഡ് 1,2,11,8,12, എന്നിവിടങ്ങളിലെ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. അത് പരിഹരിക്കാൻ നിലവിലുള്ള എൽ.പി. സ്ക്കൂളുകളെ യൂ.പി. സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യണം. അതുപോലെ നിലവിലുള്ള ഗവ. യു.പി. സ്ക്കൂളിനെ ഹൈസ്ക്കൂളായി ഉയർത്തേണ്ടതും കാലാന്തരത്തിൽ അവിടെ വൊക്കേഷണൽ ഹയർ സെക്കൻഡറി ആരംഭിക്കേണ്ടതും ആണ്. അവിടെ കമ്പ്യൂട്ടർ സയൻസ്, അഗ്രിക്കൾച്ചർ എന്നീ കോഴ്സുകളിൽ പരിശീലനം നൽകാവുന്നതാണ്. അതോടൊപ്പം ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കിയ കുട്ടികൾ പാലക്കാട്, ചിറ്റൂർ, കോയമ്പത്തൂർ തുടങ്ങിയുള്ള ദൂരസ്ഥലങ്ങളിലാണ് ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്നത്. ആയതു പരിഹരിക്കാൻ കൊഴിഞ്ഞാമ്പാറയിൽ ഒരു ആർട്സ് ആൻറ് സയൻസ് കോളേജ്, ഒരു പോളിടെക്നിക് എന്നിവ സ്ഥാപിക്കേണ്ടതാണ്. പോളിടെക്നിക്കിൽ ടെക്സ്റ്റൈൽ ടെക്നോളജി, ഇലക്ട്രോണിക്സ്, ഓട്ടോ മൊബൈൽസ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും.

3. പഠനോപകരണങ്ങൾ ആവശ്യത്തിനു ലഭ്യമാക്കുക. ലൈബ്രറി നവീകരിക്കുക, എസ്. എസ്.എൽ.സി. കുട്ടികൾക്ക് പ്രത്യേകം കോച്ചിംഗ് നൽകുക.

4. പഞ്ചായത്ത് തലത്തിൽ ഹൈസ്ക്കൂളുകൾ കേന്ദ്രീകരിച്ച് സ്ക്കൂൾ കോംപ്ലക്സുകൾ ആരംഭിക്കണം. അദ്ധ്യാപകർക്കാവശ്യമായ പുനർപരിശീലനം നൽകാൻ ഇത് സഹായിക്കും. ഹൈസ്ക്കൂളുകൾക്കുവേണ്ടി ബ്ളോക്കുതലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ ആരംഭിക്കാവുന്നതാണ്. തമിഴ് അദ്ധ്യാപകർക്കുവേണ്ടി ഒരു ഡയറ്റ് സെൻററും ആരംഭിക്കേണ്ടതാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയും ഒഴിവുവരുന്ന അദ്ധ്യാപക തസ്തികകളിൽ ഉടൻ തന്നെ നിയമനം നടത്തുകയും വേണം.

5. രക്ഷിതാക്കൾക്ക് വിദ്യാലയവുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപക രക്ഷാകർതൃ സമിതികൾ സജീവമാക്കണം. മാസത്തിലൊരിക്കൽ പി.ടി.എ. സമ്മേളിച്ച് ആവശ്യമായ കാര്യങ്ങൾ ചർച്ചചെയ്യണം. അതോടൊപ്പം മാതൃസംഗമം, ക്ലാസ് പി.ടി.എ. എന്നിവയും രൂപീകരിച്ച് സ്ക്കൂളിൻെറ പുരോഗതി ത്വരിതപ്പെടുത്തേണ്ടതാണ്.

6. കലാകായിക വികസനത്തിന് ഇന്നു വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല. ഒരു ചടങ്ങുപോലെ നിർവ്വഹിക്കപ്പെടുകയാണ് ചെയ്യുന്നത്. ആവശ്യമായ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുകയും സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്താൽ ഇതു പരിഹരിക്കാവുന്നതാണ്.

7. തമിഴ് മീഡിയം ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരുന്നു. കുട്ടികളെ മലയാളമീഡിയത്തിലോ ഇംഗ്ലീഷ് മീഡിയത്തിലോ ചേർത്ത് പഠിപ്പിക്കുവാൻ രക്ഷിതാക്കൾ താല്പര്യം കാണിക്കുന്നു. തമിഴ് കുട്ടികൾക്കായി പ്രത്യേകം അംഗൻവാടികൾ ഇല്ലാത്തത് അവരെ മറ്റു ഭാഷകളുടെ പഠനത്തിന് പ്രേരിപ്പിക്കുന്നു. ഇതിന് നിലവിലുള്ള അംഗൻവാടികളിൽ തമിഴിലും മലയാളത്തിലും പ്രത്യേകം അദ്ധ്യാപകരെ നിയമിച്ചാൽ ഒരു പരിധിവരെ ഇത് പരിഹരിക്കാവുന്നതാണ്. യു.പി. തലം മുതൽ മലയാളം കുട്ടികൾക്ക് തമിഴും തമിഴ് കുട്ടികൾക്ക് മലയാളവും ആഴ്ചയിൽ രണ്ടു പിരിയഡെങ്കിലും പഠിപ്പിക്കുന്നത് മറ്റൊരു പരിഹാര മാർഗ്ഗമാണ്.

8. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനു

കൂല്യങ്ങൾ വർദ്ധിപ്പിക്കണം. ഇപ്പോൾ പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുള്ള ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ കൊഴിഞ്ഞാമ്പാറയിലുണ്ട്. അത് ഈ പഞ്ചായത്തിലോ ബ്ളോക്കിലോ ഉള്ള കുട്ടികൾക്കു മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ആൺകുട്ടികൾക്കുവേണ്ടി മറ്റൊരു ഹോസ്റ്റൽ കൊഴിഞ്ഞാമ്പാറയിൽ നിർമ്മിച്ചു കൊടുത്താൽ ആ വിഭാഗത്തിലുള്ള കുട്ടികളെ കൂടുതൽ ആകർഷിക്കാൻ കഴിയുന്നതാണ്.

9. പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും എൽ.എസ്.എസ്, യു. എസ്, എസ് സ്കോളർഷിപ്പുകൾ, നവോദയ ടാലൻറ് സർച്ച് പരീക്ഷ എന്നിവയ്ക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ് അതാത് സ്ക്കൂളുകളിൽ നടത്തുക.

10. മിടുക്കരായ കുട്ടികൾക്ക് പ്രോത്സാഹനം നൽകാൻ എൻഡോവ്മെൻറ് ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകുക.

11. ഈ പഞ്ചായത്തിലെ സ്ക്കൂളുകൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ, വർക്ക് എക്സ്പീരിയൻസിൻെറ ഭാഗമായി സൗകര്യപ്രദമായ സ്ക്കൂളിൽ വെച്ച് നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.

12. വിദ്യാലയങ്ങളിൽ സ്ക്കൂൾ ഗാർഡൻ, കാർഷിക ക്ലബ് തുടങ്ങിയവ രൂപീകരിച്ച് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

13. പഠനനിലവാരം ഉയർത്താൻ സ്ക്കൂൾ വിദ്യാഭ്യാസ സമിതി, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, പഞ്ചായത്ത് അക്കാദമിക്ക് സമിതി എന്നിവ രൂപീകരിക്കുന്നത് നന്നായിരിക്കും.

14. സ്ക്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധനയ്ക്ക് സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം സജീവമാക്കണം.

## കൂടതൽ ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. തമിഴ് ഭാഷാ ന്യൂന പക്ഷങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
2. മദ്ധ്യവേനൽ അവധിക്കാലത്തുതന്നെ സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ ചെയ്തു തീർക്കുക.
3. സ്ക്കൂളുകളിലെ ഉച്ചഭക്ഷണം കൂടുതൽ പോഷകപ്രദമാക്കുകയും അവ പാകം ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുക.
5. പട്ടികജാതി - പട്ടികവർഗ്ഗക്കാർ ധാരാളമുള്ള ഒന്നാം വാർഡിൽപ്പെട്ട സ്രാമ്പിയിലും പിന്നോക്ക പ്രദേശമായ രണ്ടാം വാർഡിൽപ്പെട്ട നെല്ലിപ്പള്ളത്തും ഏഴാം വാർഡിലെ കുള്ളരായൻപാളയത്തും ആറാം വാർഡിൽ പെട്ട കരുവപ്പാറയിലും സർക്കാർ ഉടമസ്ഥതയിൽ ഓരോ എൽ.പി.സ്ക്കൂളുകൾ അനുവദിക്കണം.

വിദ്യാഭ്യാസം എന്നത് ഒരു വ്യക്തിയുടെ കായികവും മാനസികവും ആധ്യാത്മികവുമായ വളർച്ചയാണ്. വിദ്യാഭ്യാസമുള്ള സമൂഹം പ്രത്യേകിച്ച് അമ്മാർ - നാടിൻെറ സമ്പത്തും ഐശ്വര്യവുമാണ്. അടുത്ത തലമുറകളെ ആരോഗ്യപരമായും സ്വതന്ത്രമായും വളർത്തുന്നതിനും അന്ധവിശ്വാസത്തിൻെറ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തിനേ കഴിയൂ. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നണല്ലോ. അതിനാൽ ബഹുജന പങ്കാളിത്തത്തോടെ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖല ശക്തമാക്കണം.



# 5-5
# കുടിവെള്ളം പൊതുജനാരോഗ്യം പരിസരശുചിത്വം

ദാഹജലത്തിനായി വേഴാമ്പലിനെപ്പോലെ കാത്തുകഴിയുന്ന ജനങ്ങളാണ് കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ അധികം പേരും. ജലക്ഷാമ കാലങ്ങളിൽ ലോറിവെള്ളത്തിനെയാണ് ശരണം പ്രാപിക്കുനത്. കുടിവെള്ളത്തിനായി അമ്മ പെങ്ങൻമാർ കുടവുമായി റോഡിൽ മണിക്കൂറുകളോളം കാത്തിരിക്കുന്ന കാഴ്ച ഹൃദയ ഭേദകം തന്നെയാണ്. ഒരാൾക്ക് ഒരു ദിവസം ആവശ്യമായ ജലത്തിൻെറ അളവ് 40 ലിറ്ററാണ്. ഇവിടെ ആളോഹരി 20 ലിറ്റർ പോലും ലഭിക്കുന്നില്ല എന്ന പരമാർത്ഥം നാം മനസ്സിലാക്കുമ്പോഴാണ് ജലക്ഷാമത്തിൻെറ തീവ്രത മനസ്സിലാക്കേണ്ടത്.

പഞ്ചായത്തിൻെറയും സ്വകാര്യ വ്യക്തികളുടെതുമായി ഇവിടെ ആകെ 1350 കിണറുകളുണ്ട്. ഇവയിൽ 400 എണ്ണത്തിൽ 12 മാസവും വെള്ളം ലഭിക്കുന്നുണ്ട്. ബാക്കിയുള്ള 950 കിണറുകളിൽ ആറുമാസത്തോളം വെള്ളം ലഭിക്കുന്നു. ഈ കിണറുകൾ ജനുവരി മാസംമുതൽ വറ്റിവരളുന്നു. പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 40% മാത്രമെ കുടിവെള്ളം ലഭിക്കുന്ന പ്രദേശങ്ങളായിട്ടുള്ളു.

***നിലവിലുള്ള ശുദ്ധജലവിതരണപദ്ധതികൾ***

I a. കേരളാ വാട്ടർ അതോറിറ്റി 1962-ൽ താമരക്കുളത്തിനടുത്ത് ഒരു ഓപ്പൺ വെൽ നിർമ്മിച്ച് അതിൽ 10HP മോട്ടോർ പമ്പ് ഘടിപ്പിച്ച് കൊഴിഞ്ഞാമ്പാറ മാരിയമ്മൻ കോവിലിൽ ഉള്ള ഓവർ ടാങ്ക് നിറക്കുന്നു. ഈ ടാങ്കിൽനിന്നും 6 കിലോമീറ്റർ ദൂരത്തുള്ള ആലംമ്പാടി പള്ളിത്തെരുവ് പൊള്ളാച്ചിറോഡ് കൊഴിഞ്ഞാമ്പാര ടൗൺ അത്തിക്കോട് എന്നിവടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നു.

b. കൊഴിഞ്ഞാമ്പാറ ഗവർമെൻറ് ആശുപത്രിക്ക് സമീപമുള്ള കുഴൽ കിണറിൽ നിന്നും തൊട്ടടുത്തുള്ള പാറയുടെ മുകളിൽ സ്ഥിതി ചെയ്യുന്ന ഓവർ ടാങ്കിൽ വെള്ളം എത്തിക്കുന്നു. ഈ ടാങ്കിന് 2 1/4 ലക്ഷം ലിറ്റർ കപ്പാസിറ്റിയുണ്ട്. ഇതിലെ ജലം 3, 4, 5, 6, 9 എന്നീ വാർഡുകളിലേക്ക് ലഭ്യമാക്കുന്നു.

c. കരിമണ്ണിൽ ഒരു കുഴൽ കിണർ 1992 ൽ കുഴിച്ച് അതിൽ നിന്നുള്ള വെള്ളം കരിമണ്ണ് പ്രദേശത്ത് എത്തിക്കുന്നു.

d. മണിമുത്തുനഗർ അംബേദ്ക്കർ കോളനിക്കുവേണ്ടി ചള്ളപ്പാതയിൽ സബ് നിർമ്മിച്ച് ഈ ഭാഗങ്ങളിൽ വെള്ളമെത്തിക്കുന്നു.

II നാട്ടുകൽ പദ്ധതിക്കു വേണ്ടി അവിടെയുള്ള ഓപ്പൺ വെല്ലിൽ നിന്നും നാട്ടുകൽ ജംഗ്ഷനിൽ നിർമ്മിച്ച് 22500 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കിലേക്ക് ജലം എത്തിക്കുന്നു. 2500 മീറ്റർ പൈപ്പു ലൈനും 13 ടാങ്കുകളുമായി ഈ പദ്ധതി തുടങ്ങി എങ്കിലും ഉദ്ദേശിച്ച ഫലം ലഭ്യമായില്ല. ആയതിനാൽ 1986 ൽ നാട്ടുകൾ ബ്ലോക്ക് ഓഫീസിനു സമീപം ഒരു കുഴൽ കിണർ കുഴിക്കുകയും ഇതിൽ നിന്നുള്ള വെള്ളം നിലവിലുള്ള പൈപ്പുലൈനുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഈ സംവിധാനം രണ്ടും

അഞ്ചും വാർഡുകൾക്കു പ്രയോജനം ചെയ്യുന്നു.

III 1984-ൽ പഴനിയാർ പാളയത്ത് ഒരു കുഴൽ കിണർ കുഴിച്ച് അതിൽ 6 എച്ച്. പി മോട്ടോർ ഘടിപ്പിച്ച് ജലവിതരണ പദ്ധതി തുടങ്ങി എങ്കിലും അത് വിജയിച്ചില്ല. ആയതിനാൽ വരട്ടയാറിനു സമീപം കുഴൽ കിണർ,കുഴിച്ച് അതിൽ പ്രസ്തുത മോട്ടോർ ഘടിപ്പിച്ച് ഈ വെള്ളം പൈപ്പു ലൈനുമായി ബന്ധിപ്പിച്ച് ജല വിതരണം നടത്തുന്നു.

IV കുള്ളരായൻ പാളയത്ത് ഒരു കുഴൽ കിണർകുഴിച്ച് അതിൽ 15 എച്ച് പി മോട്ടോർ ഘടിപ്പിക്കുകയും 1500 മീറ്റർ പൈപ്പുലൈൻ പുതിയതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി കുള്ളരായൻ പാളയം പഴനിയാർ പാളയം എന്നിവടങ്ങളിൽ ശുദ്ധ ജലവിതരണം നടത്തുന്നു.

മേല്പറഞ്ഞ പദ്ധതികളെല്ലാം കൂടി പ്രവർത്തിക്കുന്നതു കൊണ്ട് പ്രതിദിനം 6 ലക്ഷം ലിറ്റർ വെള്ളമാണ് നൽകി വരുന്നത്. ഈ പഞ്ചായത്തിൽ 30000 ത്തോളം ജനങ്ങൾ താമസിക്കുന്നുണ്ട്. ആയതിൽ പ്രകാരം ആളോഹരി ഒരു ദിവസം ഒരാൾക്ക് 20 ലിറ്റർ വെള്ളമാണ് ഇപ്പോൾ നൽകി വരുന്നത്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഒരാൾക്ക് പ്രതിദിനം 40 ലിറ്റർ വെള്ളള്ളമെങ്കിലും ഉപയോഗിക്കേണ്ട സ്ഥാനത്ത് ഈ പഞ്ചായത്തിൽ നൽകിവരുന്ന വെള്ളത്തിൻെറ അളവ് തീരെ കുറവാണ്. ഇതിനു കാരണം നിലവിലുള്ള പദ്ധതികളിലെ ജല ദൗർലഭ്യമാണ്.

ഈ പഞ്ചായത്തിൽ കുടിവെള്ളത്തിനായി 50 കുഴൽ കിണർ കുഴിച്ച് അതിൽ ഹാൻഡ് പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കാടാതെ 300 ഓളം സ്വകാര്യ കുഴൽ കിണറുകളും ഉണ്ട്. വേനൽക്കാലത്ത് പൈപ്പു ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ ലോറികളിൽ വെള്ളം എത്തിക്കുന്നുണ്ടെങ്കിലും എല്ലാ സമയത്തും പഞ്ചായത്തിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. ശുദ്ധജല ദൗർലഭ്യം മൂലം ഉണ്ടാകുന്ന ജലജന്യാരോഗങ്ങളെ കുറിച്ച് ആരോഗ്യ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം ശാശ്വതമായി പരിഗണിക്കുന്നതിന് കൊഴിഞ്ഞാമ്പാറ ഫർക്കയിലെ (കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വടകരതി പഞ്ചായത്തുകൾ) ജലക്ഷാമം മുൻ കേരളാ സർക്കാരുകൾക്ക് ബോദ്ധ്യമാക്കിയിട്ടുള്ളതും അതിനു പരിഹാരമായി ടി പഞ്ചായത്തുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് 1993 ൽ തുടങ്ങി വച്ച (CARWSS to Kozhinjampara and adjoining Villages) ആദ്യഘട്ട പണികൾ കേരളാ വാട്ടർ അതോറിറ്റി നടത്തി കൊണ്ടിരിക്കുന്നു. ഇതിൽ രണ്ടും മൂന്നും ഘട്ടങ്ങൾ കേരള സർക്കാരിൻെറ അനുമതിക്കായി കാത്തിരിക്കുന്നു. അത് യുദ്ധകാലാടിസ്ഥാനത്തിൽ നടിലാക്കുകയും നിലവിലുള്ള കനാലിൽക്കൂടി മൂലത്തറയുടെ RBC വെള്ളം എത്തിക്കുകയും ചെയ്താൽ ഈ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്നതുമാണ്.

കേരള വാട്ടർ അതോറിറ്റി മൂന്നു പഞ്ചായത്തിലും കൂടി മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദവിവരം.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ കുന്നംകാട്ടുപതിയിൽ ചിറ്റൂർ പുഴയിൽ നിർമ്മിച്ചിട്ടുള്ള തടയണയിൽ നിന്നും ശേഖരിക്കുന്ന വെള്ളം അവിടെ നിന്നു പമ്പുചെയ്ത് എരുത്തേമ്പതി പഞ്ചായത്തിലെ മൂങ്കിൽമടയിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന 5 MLD കാസിറ്റിയുള്ള ജല ശുദ്ധീകരണശാലയിൽ ശുദ്ധീകരിക്കുന്ന വെള്ളം അവിടെത്തന്നെ നിർമ്മിച്ചു കൊണ്ടിരിക്കന്ന ഏഴു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഓവർ ഹെഡ് ടാങ്കിൽ കയറ്റി എരുത്തേമ്പതി പഞ്ചായത്തിലും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ താഴ്ന്ന പ്രദേശങ്ങൾക്ക് നേരിട്ടും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾക്ക് നിലവിലുള്ള ഓവർ ഹെഡ് ടാങ്കിൽ വെള്ളം എത്തിച്ച് അവിടെനിന്നും വടകരപ്പതി പഞ്ചായത്തിൽ പൊളിപ്പാറ, ഒഴലപ്പതി എന്നിവിടങ്ങളിൽ പുതിയ ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് അവിടെ നിന്നും പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കാനുള്ളതാണ് ഈ പദ്ധതി.

ഇതിൻെറ ഒന്നാം ഘട്ടത്തിനുള്ള അനുമതി മാത്രമെ ഇപ്പോൾ സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളു.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ വൃത്തിയാക്കി ആഴംകൂട്ടി കുടിവെള്ളക്ഷാമം പരിഹരിക്കണം.

## ശുദ്ധജല സ്രോതസ്സുകൾ

### പട്ടിക 1 കിണറുകൾ

| 6 മാസം വെള്ളമുള്ളത് | | 12 മാസം വെള്ളമുള്ളത് | | കുഴൽ കിണർ | | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|
| പൊതുകിണർ | സ്വകാര്യ കിണർ | പൊതുകിണർ | സ്വകാര്യ കിണർ | പൊതുകിണർ | സ്വകാര്യ കിണർ | |
| 50 | 900 | — | 400 | 50 | 300 | 1700 |

### പട്ടിക 2 K W A പദ്ധതികളും ടാപ്പുകളും

| പഴനിയാർ പാളയം | താമരക്കുളം - കൊഴിഞ്ഞാമ്പാറ | നാട്ടുകൽ | മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷൻ | ആകെ |
|---|---|---|---|---|---|
| 44 | 261 | 13 | 318 | 6 | 324 |

**പട്ടിക 3 കുടിവെള്ള പ്രശ്നങ്ങളും പരിഹാരങ്ങളും**

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ |
|---|---|---|
| I | സ്രാമ്പി 1 HDP കോളനിയും പരിസര പ്രദേശങ്ങളും | 1. K.W.A. മുഖേന 1 HDP കോളനിയിൽ കുഴൽ കിണർ കുഴി മോട്ടോർ സ്ഥാപിച്ച പൈപ്പ് ലൈനിട്ട് കോളനിയിലും പരിസരപ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്താവുന്നതാണ്. (ഇത് ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലുണ്ട്) |
| | | രണ്ട് കുഴൽ കിണറുകൾ നിർമ്മിച്ച് ഹാൻഡ് പമ്പ് സ്ഥാപിക്കണം. |
| II | മലക്കാട്, കല്ലാണ്ടിച്ചള്ള ഗ്രാമസഭയിൽ പറഞ്ഞിട്ടുള്ള ബാക്കി പ്രദേശങ്ങൾ. | നിലവിലുള്ള കൊഴിഞ്ഞാമ്പാറ പദ്ധതിയിലേക്ക് മുട്ടിമാംപള്ളം കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് 4 k.m. പൈപ്പ് ലൈൻ ഇട്ട് ബന്ധിപ്പിച്ച് ജലവിതരണം നടത്താം. |
| III | പാറക്കളം, ഗാന്ധിനഗർ ബോയത്തറ | 1. രണ്ടാം വാർഡിൽ നിർദ്ദേശിച്ചിട്ടുള്ള മിനിസ്കീമിൽ നിന്നും വെള്ളം കൊടുക്കാം |
| | | 2. 300 മീറ്റർ പൈപ്പ് ലൈൻ നീട്ടി 12 ടാങ്കുകളും സ്ഥാപിച്ച് ഗ്രാമസഭയിൽ പറഞ്ഞിരിക്കുന്ന പ്രദേശങ്ങൾക്ക് വെള്ളം എത്തിക്കാം. |
| | | 3. പഞ്ചായത്ത് ബസ്സ്റ്റാൻറിൻെറ പിൻവശത്ത് ഒരു ബോർപോയൻറ് കണ്ടുപിടിച്ച് ബോയത്ത,റ പാറക്കളം ഭാഗത്തേക്ക് വെള്ളം എത്തിക്കാം. |
| IV | കരംപൊറ്റ, കണ്ണൻമേട് എന്നീ ഭാഗത്തേക്ക് | മുട്ടിമാംപള്ളം മിനിസ്കീം നടിലാക്കിയാൽ ഇവിടത്തെ പ്രശ്നത്തിന് പരിഹാരമാവും. ഇത് ഇാൾ K.W.. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ മേൽപറഞ്ഞ മിനിസ്ക്കീം നടപ്പിലാക്കി 600 എം. പൈപ്പ് ലൈൻ സ്ഥാപിച്ച് ഈ പ്രദേശത്ത് വെള്ളം എത്തിക്കാം. |
| | | കരം പൊറ്റയിൽ രണ്ട് ഹാൻറ് പമ്പുകൾ സ്ഥാപിക്കണം. |
| V | നാട്ടുകൽ, ചെറിയനടുക്കളം വടുകൻകുളമ്പ്, സൂര്യപാറ, രാജീവ് നഗർ, വലിയനടുക്കളം നെഹ്റു നഗർ എന്നീ ഭാഗത്തേക്ക് | നിലവിലുള്ള സ്കീമിൻെറ അറ്റകുറ്റ പണികൾ യഥാസമയം നടത്തുക. 750 സ പൈപ്പ് ലൈൻ നീട്ടുക. |
| VI | പള്ളിത്തെരുവ്, പറമേട്, മുല്ലൈ നഗർ, സക്കീർഹുസൈൻ കോളനി, കരുവപ്പാറ എന്നീ ഭാഗങ്ങൾക്ക് | 1000 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം എത്തിക്കാം |
| | കുരങ്ങൻ പള്ളം മുതൽ ചിന്നമൂലത്തറ റോഡ് വരെ. | 2 കെ. എം. പൈപ്പ് ലൈൻ സ്ഥാപിക്കുക. |

| | | |
|---|---|---|
| VII | പഴനിയാർപാളയം കുള്ളരായൻ പാളയം | 700 എം. പൈ് ലൈൻ നീട്ടി വെള്ളം എത്തിക്കാം. |
| | പാപ്പാംപള്ളി ഭാഗത്തേക്ക് | K.W.A. വീരംപൊറ്റയിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറു മായി അത്തിക്കോട്, വെന്തപാളയ ലൈൻ ബന്ധിപ്പിച്ച് വെള്ളം എത്തിക്കാം. 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക. |
| VIII | പള്ളിക്കൂടത്തന്നൂർ ഭാഗത്തേക്ക് | 1. പഴനിയാർ പാളയം പദ്ധതിയിൽ നിന്നും പള്ളിക്കൂടത്താനൂരിലേക്ക് 1 കെ. എം. പൈപ്പ് ലൈൻ നീട്ടി ശുദ്ധജലമെത്തിക്കാം. രണ്ട് ബോർവെൽ ഹാൻറ് പമ്പ് വേണം. |
| | കുലുക്കാറ, നൈനക്കുളം പാറമേട് ഭാഗത്തക്ക് | 2. കുലുക്കാറ പുഴമേട്ടിൽ 6" കുഴൽക്കിണർ കുഴിച്ച് മോട്ടോർ ഇറക്കി 22500 ലിറ്റർ ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് കുലുക്കപ്പാറ, നൈനക്കുളം സമീപപ്രദേശ ങ്ങളും ജലവിതരണം നടത്താം. 4 കെ. എം. പൈപ്പ് ലൈൻ നീട്ടണം.<br>മൂന്ന്ബോർവെൽ ഹാൻഡ് പമ്പ് വേണം. |
| IX | ആലമ്പാടി, തെക്കാലൂർ നാരായണമൂർത്തി കോവിൽ, ചള്ളപ്പിരിവ്, ഗംഗാധരൻ വർക്ക്ഷോപ്പിൻെറ തെക്കു ഭാഗം എന്നിവിടങ്ങൾക്ക് | 750 എം. പൈപ്പ് ലൈൻ സ്ഥാപിച്ച് വെളള്ളം എത്തിക്കാം. |
| X | പെരുമ്പാറള്ള ഹരിജൻകോളനി യും സമീപപ്രദേശങ്ങളും | പുതിയതായി 6''dia ഉള്ള കുഴൽ കിണർ കുഴിച്ച് അതിൽ മോട്ടോർ ഇറക്കി 3. കെ.എം. പൈ് ലൈൻ സ്ഥാപിച്ച് ഈ പ്രദേശത്ത് വെള്ളം എത്തിക്കാം. |
| | മണിമുത്തു നഗർ, പാറമേട് രാജീ വ് നഗർ എന്നീ ഭാഗങ്ങൾക്ക് | നിലവിൽ ഉള്ള പൈപ്പ് ലൈനിൽ നിന്നും 750 എം. പൈപ്പ് ലൈൻ നീട്ടുക. നിലവിലുള്ള ലൈനിൻെറ അറ്റകുറ്റ പണികൾ നടത്തുക. |
| | കുരങ്ങൻ പള്ളം മുതൽ കരിമണ്ണ് ചിന്നമൂലത്തറ റോഡ് വരെ | 2 കെ.എം. പൈപ്പ് ലൈൻ നീട്ടി ഈ പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനോടൊപ്പം ഈ ഭാഗങ്ങളിൽ നിലവി ലുള്ള പമ്പിംഗ് ലൈനിൽ നിന്ന് ടാങ്കുകൾ ഒഴിവാക്കുക. |
| XI | മണിമുത്തുനഗർ, അംബേദ്ക്കർ കോളനി, ഗിരിജൻ കോളനി നീലം കാച്ചി അംബേദ്കർ കോ ളനിയും പരിസരവും | നിലവിലുള്ളപദ്ധതി കാര്യമമാക്കുക. മണിമുത്തു നഗറിലുള്ള 6''കുഴൽക്കിണറിൽ മോട്ടാർ സ്ഥാപപിച്ച് 2.കെ. എം. പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം എത്തിക്കാം. കുപ്പുമുത്തുചള്ളയിൽ ഒരു ഹാൻറു പമ്പു വേണം. |
| | 6-ാംമൈൽ കോളനി (ലക്ഷം വീട്) | നിലവിലുള്ള ബോർവെൽ മോട്ടാർ ഘടിപ്പിച്ച് 3. കി. മി. പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാം. |
| XII | കൂളകൗണ്ടൻചള്ള കുന്നാംങ്കാട്ടുപതി | കുന്നാംങ്കാട്ടുപതിയിൽ പണിതുകൊണ്ടിരിക്കുന്ന കിണറ്റി ൽനിന്നും പ്രത്യേകം മോട്ടാർ സ്ഥാപിച്ച് കുന്നാംങ്കാട്ടു പതി അയ്യാവുചള്ള, തട്ടാൻ ചള്ള, അഞ്ചാം മൈൽ, ആറാം മൈൽ, മണൽതോട് ഭഗവതി കോളനി എന്നിവട ങ്ങളിലേക്ക് 7 കി. മി. പൈ് ലൈനും ആവശ്യമായ ടാപ്പും സ്ഥാപിച്ച് ജലവിതരണം നടത്താം. |

## ഇടത്തരം ശുദ്ധജലവിതരണപദ്ധതികൾ

1. ചെറുകിടപദ്ധതികളെ കുറിച്ചും വാർഡുകളിൽ പരാമർശിച്ചിരിക്കുന്നതുപോലെ വളരെ സുലഭമായി കിട്ടുന്ന മൂലത്തറ RBC യിൽ നിന്നുള്ള വെള്ളം പത്താം വാർഡിലെ പെരുമ്പാറചള്ളയിലുള്ള വലിയ ഏരിയിൽ നിറച്ച് അതിനടുത്തൊരു കിണർ കുഴിച്ച് അവിടെ പമ്പ് ഹൗസ് സ്ഥാപിച്ച് 2500 മീറ്റർ പൈപ്പ് ലൈനിട്ട് അംബേദ്ക്കർ കോളനി ഓവർ സബ് ഹെഡ് ടാങ്ക് നിർമ്മിച്ച് അവിടെ നിന്നും നിലവിലുള്ള ലൈനുമായി ബന്ധിപ്പിച്ച് 10, 11, 3, 9 എന്നീ വാർഡുകളിൽ നൽകി വരുന്ന ശുദ്ധജലത്തിൻെറ അളവ് മെച്ചപ്പെടുത്താം.
2. പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കുന്നംപിടാരി ഏരിയിൽ ഒരു കിണറും പമ്പ് ഹൗസും ഉണ്ടാക്കി അവിടെ ഉയർന്ന പ്രദേശത്തുതന്നെ ഒരു ഗ്രൗണ്ടു ലെവൽ ടാങ്കു കെട്ടി അതിൽ നിന്നും 2, 11, 12 വാർഡുകളിൽ പൂർണമായും നിലവിലുള്ള കൊഴിഞ്ഞാമ്പാറ പദ്ധതിയുമായി ബന്ധിപ്പിച്ച് പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിലേക്കും ശുദ്ധജലം എത്തിക്കാം.

   മേൽപ്പറഞ്ഞ രണ്ടിടത്തരം പദ്ധതിയും നടപ്പിലാക്കിയാൽ ഗ്രാമസഭ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ള വാട്ടർ ഹൗസ് കണക്ഷനുകൾ നൽകാവുന്നതാണ്.

## പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. അങ്കരാത്ത് കനാൽ ഉപയോഗ പ്രദമാക്കിയാൽ അതുമായി ബന്ധപ്പെട്ട് കിടക്കുന്ന 16 ഏരി കുളങ്ങളിൽ മഴ വെള്ളം സംഭരിക്കുവാൻ സാദ്ധ്യമാണ്.

   രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്ന കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൊടുക്കണം. വാട്ടർ അതോറിറ്റിയുടെ നിയമങ്ങളും സാങ്കേതികതയും അതിനു തടസ്സമാകാതിരിക്കാൻ അക്കാര്യതഞതിൽ പഞ്ചായത്തിനു കൂടുതൽ അധികാരവും ലഭ്യമാക്കണം.

## പൊതുജനാരോഗ്യം

ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിരതയാണ് ആരോഗ്യം. അല്ലാതെ അത് രോഗമില്ലായ്മയോ അംഗവൈകല്യമില്ലായ്മയോ മാത്രമല്ല എന്നതാണ് ലോകോരോഗ്യ സംഘടനയുടെ നിർവചനം. രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാനായി നമ്മുടെ പഞ്ചായത്തിൽ ഏറെ പ്രവർത്തനങ്ങൾ ചെയ്തു തീർക്കാനുണ്ട്.

ആദ്യകാലങ്ങളിൽ അന്ധവിശ്വാസത്തിൻെറ പേരിൽ അമ്പലങ്ങളിൽ വഴിപാടുനേർന്നും മന്ത്രം ചെയ്തും ചരട്ജപിച്ചു കെട്ടിയും ചികിത്സകൾ നടത്തി വന്നിരുന്നു. ആധുനിക കണ്ടുപിടിത്തവും ചികിത്സാ സമ്പ്രദായങ്ങളും പുരോഗതി പ്രാപിച്ച ഈ കാലഘട്ടത്തിൽ ചുരുക്കം പേരെങ്കിലും ഇപ്പോഴും ഈ പ്രാകൃത രീതികൾ തുടർന്നു കൊണ്ടിരിക്കുന്നു.

നിലവിൽ ഈ ഗ്രാമപഞ്ചായത്തിൽ ഒരു ഗവർമെൻറ് ആശുപത്രിയും ഒരു ഗവർമെൻറ് ആയൂർവ്വേദാശുപത്രിയും മൂന്ന് സ്വകാര്യ നഴ്സിംഗ് ഹോമുകളും രണ്ട് സ്വകാര്യ ആയൂർവ്വേദ ഡിസ്പെൻസറികളും മൂന്ന് സ്വകാര്യ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. മേൽപറഞ്ഞ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൻെറ മൊത്തത്തിലുള്ള ആരോഗ്യ പരിപാലനത്തിന് മതിയാവുന്നില്ല. ഇതിനു പുറമെ അടുത്ത പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ 4 ഉപ കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

1995-96 വർഷത്തിൽ 1734 ജലജന്യരോഗങ്ങൾ 156 വായുജന്യരോഗങ്ങൾ 46 പ്രാണിജന്യരോഗങ്ങൾ 38545 മറ്റുരോഗങ്ങൾ എന്നിവ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 12 പേരും ലൈംഗികരോഗം ബാധിച്ചവർ 15 പേരും ഉണ്ട്. പഞ്ചായത്തിലെ ജനനനിരക്ക് 13.4 ഉം

മരണനിരക്ക് 3.4ഉം ശിശുമരണനിരക്ക് 9.9 ഉം ആണ്. ശരാശരി കുടുംബവലിപ്പം 5 മാത്രമാണ്. ഇവിടുത്തെ ജനങ്ങളിൽ കൂടുതലായി കണ്ടു വരുന്ന രോഗമാണ് ദന്തരോഗം.

## ആയുർവേദ ചികിത്സ

ആരോഗ്യ വളർച്ചക്ക് ഹാനികരമല്ലാത്തതും ചികിടാരംഗത്ത് അതിപ്രാധാന്യമർഹിക്കുന്നതുമായ ഒരു ചികിത്സാ സമ്പ്രദായമാണ് ആയൂർവേദം. ആയതിന്റെ പുരോഗമന പ്രവർത്തനത്തിനായി ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സ്വന്തമായൊരു കെട്ടിടമോ സ്ഥലമോ യാത്രാസൗകര്യമോ വേണ്ടത്ര ഇല്ലാത്തതിനാൽ ജനങ്ങൾക്ക് ഇവിടെയുള്ള ആയൂർവേദാശുപത്രി വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. (ആരോഗ്യ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പട്ടിക അവസാനം കൊടുത്തിരിക്കുന്നു.)

## ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. കൊഴിഞ്ഞാമ്പാറ സർക്കാർ ആശുപത്രിയിൽ വിദഗ്ദ്ധചികിത്സാ സൗകര്യവും ആംബുലൻസും മരുന്നുകളും ലഭ്യമാക്കുക.
2. വടകരപ്പതി എരുത്തേമ്പതി നല്ലേപ്പിള്ളി കൊഴിഞ്ഞാമ്പാറ എന്നീ നാലു പഞ്ചായത്തുകളിലെ ആളുകൾക്ക് ഉപയോഗപ്രദമായ കൊഴിഞ്ഞാമ്പാറ ആശുപത്രി ഒരു മാതൃകാ ആശുപത്രി ആക്കി ഉയർത്തേണ്ടതാണ്. അവിടെ ഒരു പി.പി. യൂണിറ്റ് സ്ഥാപിക്കുക. കുട്ടികളുടെ ഒരു ഡോക്ടർ. ഒരുദന്ത ഡോക്ടർ എന്നിവരെ നിയമിക്കുക.
3. പഞ്ചായത്തിൽ ഒരു ഹോമിയോ ക്ലീനിക്കും ഓരോ പ്രാഥമികാരോഗ്യകേന്ദ്രവും അതി േ നാടനുബന്ധിച്ച് ഓരോ വാർഡിലും ഓരോ ഉപകേന്ദ്രവും ഒരു പ്രകൃതി ചികിത്സാ കേന്ദ്രവും തുടങ്ങണം.
4. ഗവർമെൻറ് ആശുപത്രിയിൽ ഒരു എക്സ്റേ ക്ലീനിക്ക്, ലാബ്, മതിയായ ഡോക്ടർമാർ, ജീവനക്കാർ എന്നിവ ആവശ്യമാണ്.
5. ആയൂർവേദ ആശുപത്രി പഞ്ചായത്തിലെ ഉൾപ്രദേശത്തിലായത് മാറ്റി സ്ഥാപിക്കുകയോ മതിയായ യാത്രാസൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണം.

## നിർദ്ദേശങ്ങൾ

1. നിലവിൽ ഉള്ള സർക്കാർ സ്വകാര്യ ആശുപത്രികൾ പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ആരോഗ്യ കോംപ്ലക്സ് രൂപീകരിക്കുക.
2. കൊഴിഞ്ഞാമ്പാറ ഗവർമെൻറ് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സ്വകാര്യ വ്യക്തികൾ, വൻകമ്പനികൾ, ലയൺസ് ക്ലബ്ബ് തുടങ്ങിയ സംഘടനകളെ സമീപിക്കുക.
3. പ്രഥമികാരോഗ്യകേന്ദ്രം, വിഷചികിത്സാ കേന്ദ്രം, ആയൂർവേദം, പ്രകൃതി ചികിത്സ എന്നിവ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്.
4. കേരള പബ്ലിക് ഹെൽത്ത് ആക്ട് നിലവിൽ വരുത്തുക.
5. ആരോഗ്യപ്രവർത്തകർക്ക് പി. സി. എ. പി.ടി.എ. എന്നിവ നൽകുക.

## കക്കൂസ്

കൊഴിഞ്ഞാമ്പാറ ജനങ്ങളുടെ ആരോഗ്യ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഒരു നീറുന്ന പ്രശ്നമാണ് കക്കൂസില്ലായ്മ. പഞ്ചായത്തിൽ നിലവിലുള്ള 80% വീടുകളിലും കക്കൂസില്ല എന്നതൊരു വസ്തുതയാണ്. ഇതിനാൽ ഈ വീട്ടുകാരെല്ലാം തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്നതുകൊണ്ട് വിരശല്യം, വയറിളക്കം, ഛർദ്ദി, അതിസാരം, മഞ്ഞപിത്തം, പിള്ളവാതം, ടൈഫോയ്ഡ് എന്നീ സാംക്രമിക രോഗങ്ങൾ പിടിപെടാനുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ ഉണ്ടാവുന്ന പ്രയാസങ്ങളും അവയ് ക്കുള്ള പരിഹാര മാർഗ്ഗങ്ങളും താഴെ പറയും പ്രകാരം ചെയ് തു പരിഹരിക്കാവുന്നതാണ്.

| | തടസ്സകാരണം | പരിഹാരമാർഗ്ഗം |
|---|---|---|
| 1. | സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ, സഹകരണ ബാങ്കുകൾ ഇവയിൽ നിന്നുള്ള ദീർഘകാല വായ്പകൾ വഴിയും, പഞ്ചായത്ത്, ബ്ളോക്ക് എന്നിവയിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചും സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ ഇവരിൽ നിന്ന് ലഭിക്കുന്ന ധന സഹായം ഉപയാഗിച്ചോ ഉപഭോക്താവിൽ നിനും ഈടാക്കാവുന്ന നാമമാത്ര തുക എന്നിവ സമാഹരിച്ച് പൊതുജന പങ്കാളിത്തത്തോടുകൂടി കക്കൂസ് ഇാത്ത വീട്ടുകാർക്കെല്ലാം നിർമ്മിച്ചു കൊടുക്കുന്ന ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കണം. |
| 2. | സ്ഥലപരിമിതിയിൽ സ്ഥിതിചെയ്യുന്ന വീട്ടുകാർ (കോളനികൾ, ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങൾ) | കമ്മ്യൂണിറ്റി കക്കൂസുകൾ നിർമ്മിക്കുക. അവ വൃത്തിയായി സൂക്ഷിക്കാൻ ബോധവൽക്കരണം നടത്തുക. |
| 3. | കക്കൂസിന്റെ ആവശ്യകതയും, ഇല്ലാതിരുന്നാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തും സംബന്ധിച്ച് ജനങ്ങൾക്കുള്ള അജ്ഞത. | ഫീൽഡിൽപ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരെ ബന്ധടുത്തി ഗ്രൂപ്പ് ഗ്രൂപ്പായി ചർച്ചാക്ലാസ്സുകൾ നടത്തുകയും, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ സിനിമ പ്രദർശനങ്ങൾ, സ്ലൈഡ്, വീഡിയോ എന്നിവ പൊതുജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുകയും ആരോഗ്യപരിപാലനത്തിന്റെ ബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുകയും ചെയ്താൽ ഈ കാര്യം പരിഹരിക്കാവുന്നതാണ്. |

*ശ്മശാനം*

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് സ്വന്തം ഭൂമി ഉള്ളവരും ഇല്ലാത്തവരും പൊതുവെ ശ്മശാനങ്ങളിലാണ് ശവസംസ്ക്കാര ചടങ്ങ് നടത്താറുള്ളത്. വ്യത്യസ്ത മതാചാരപ്രകാരം ശ്മശാനങ്ങൾ പ്രത്യേകമുണ്ട്. എന്നാൽ പഞ്ചായത്തു വക മൂന്ന് ശ്മശാനങ്ങൾ ആണ് ഇവിടെ ഉള്ളത്. ഇത് തുലോം പരിമിതമാണ്. പഞ്ചായത്തിലെ പന്ത്രണ്ട് വാർഡുകളിലെയും ജനങ്ങൾ പുഴയോരങ്ങളോ പുറമ്പോക്കുകളോ ആണ് ശ്മശാനങ്ങളായി ഉപയോഗിക്കുന്നത്. ഈ ദുഃസ്ഥിതിക്ക് പരിഹാരം എത്രയും വേഗം കാണേണ്ടതാണ്.

*പ്രശ്നങ്ങൾ*

1. 2, 3, 6 എന്നീ വാർഡുകളിൽ ഉള്ള സ്ഥലം ശ്മശാനത്തിനു തികയുന്നില്ല.
2. പുഴയോരങ്ങളിലെ ശ്മശാനം ആരോഗ്യത്തിനെ ബാധിക്കുന്നു.
3. മൃതശരീരവുമായി കിലോമീറ്ററുകളോളം നടക്കേണ്ട സ്ഥിതി.
4. മഴക്കാലത്ത് പുഴയോരങ്ങളും ഉപയോഗിക്കാൻ പറ്റാത്തസ്ഥിതി.
5. ശ്മശാനങ്ങൾക്ക്ചുറ്റുമതിൽവൈദ്യുതി വെളിച്ചം റോഡ്എന്നിവ ഇല്ല.
6. ഉള്ള ശ്മശാനങ്ങളെ സംരക്ഷിക്കുന്നില്ല.

*പരിഹാരങ്ങൾ*

1. എല്ലാവാർഡുകളിലും പൊതുജന അഭിപ്രായത്തിന് ശ്മശാനം നിർമ്മിക്കുക.
2. പുഴയോരങ്ങളിൽ ശവംസംസ്ക്കരിക്കുന്നത് നിർത്തലാക്കുക.
3. ശവമഞ്ചംകൂടുതൽ എണ്ണം നിർമ്മിക്കുക.
4. ശ്മശാനങ്ങളിൽ വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കുക.

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ്തിരിച്ചുള്ള സ്ഥിതിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ ഗവർമെൻറ് സ്ഥാപനങ്ങൾ | സ്വകാര്യസ് ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തിനെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | ആരോഗ്യസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല | ഒന്നുംതന്നെ യില്ല | പനി നടുവേദന വിരശല്യം മഞ്ഞപിത്തം വയറ്റിളക്കം ചിക്കൻപോക്സ് വാതരോഗം ദന്തരോഗം | ചികിത്സിക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. | ഈ വാർഡിൽ ഒരു ഹെൽത്തു സെൻറർ സ്ഥാപിക്കണം. ആവശ്യമായ മരുന്നുകളും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. ഒരു ആയൂർവേദ ആശുപത്രി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള തരത്തിൽ സ്ഥാപിക്കണം. |
| 2. | ഒരു കുംടുംബ ക്ഷേമ കേന്ദ്രമുണ്ട് | ഒന്നുംതന്നെ യില്ല. | പനി ആസ്മ ക്ഷയരോഗം അഞ്ചാംപനി വയറ്റിളക്കം വിരശല്യം നടുവേദന ചൊറി വാതം | തൃപ്തികരമല്ല കുത്തി വെയ്പുകൾ ഇടയ്ക്കിടെ നടത്താറുണ്ട്. ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല. ഡോക്ടർ വരുന്നില്ല. | ആരോഗ്യകേന്ദ്രത്തിന് ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കണം. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ബോധവൽക്കരണ ക്ലാസ്സുകൾ ആരോഗ്യപരിപാലന ക്ലാസ്സുകൾ നടത്തണം. |
| 3. | ആരോഗ്യസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. | ആയൂർവേദ ഡിസ്പെൻസറി ഒന്ന് | വയറിളക്കം ചൊറി പനി വാതരോഗം ചെങ്കണ്ണ് വിരശല്യം ആസ്മ പ്രമേഹം ചിക്കൻപോക്സ് | ചികിത്സ നടത്തുന്നതിന് സർക്കാർ തലത്തിൽയാതൊരു വിധ സൗകര്യവും ഇല്ല. അടുത്തുള്ള ഹെൽത്ത് സെൻററിൽ നിന്നും ജീവനക്കാർ വന്ന് പ്രതിരോധ കുത്തിവെയ്പുകൾ നടത്താറുണ്ട്. | ഈ വാർഡിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. ആവശ്യമായ മരുന്നുകൾ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ഒരു ഹോമിയോ ക്ലീനിക്ക് സ്ഥാപിക്കുക. പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ആരോഗ്യ ക്ലാസ്സുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുക. ഈച്ചകളെയും കൊതുകുകളെയും നശിപ്പിക്കുന്നതിനുള്ള പ്രവർത്തനം പ്രായോഗികമാക്കുക. |

| | | | | |
|---|---|---|---|---|
| 4. ഒരു ഗവർമെൻറ് ആശുപത്രി ഉണ്ട്. | ആയൂർവേദ വൈദ്യശാല ഒന്ന്. | പനി, ചിക്കൻപോക്സ്, വയറിളക്കം, കുഷ്ഠം, ചെങ്കണ്ണ്, ദന്തരോഗം, ആസ്മ. ചൊറി. നടുവേദന, വാതം | ആശുപത്രിയിൽ ലഭിക്കാറുള്ള മരുന്നുകൾ നൽകി ചികിത്സിക്കാറുണ്ട്. എല്ലാ ബുധനാഴ്ചയും കുട്ടികൾക്കുള്ള പ്രതിരോധകുത്തിവെയ്പ് നടത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറുണ്ട്. കുഷ്ഠരോഗ ചികിത്സകൾ നടത്താറുണ്ട്. | ഈ വാർഡിൽ ഒരു പി.എച്ച്. സി. യും സബ് സെൻററും സ്ഥാപിക്കണംആശുപത്രിക്ക് അത്യാവശ്യം വേണ്ടതായ ഉപകരണങ്ങളും ധാരാളം മരുന്നുകളും ഒരു ലാബ് ടെക്നീഷ്യൻ എക്സറേ ക്ലീനിക്ക് ആംബുലൻസ് കൂടുതൽ ജീവനക്കാർ എന്നിവ ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധിക്കാൻ ആശുപത്രി വികസന സമിതിയെ കാര്യക്ഷമമാക്കണം. ഡോക്ടർമാരുടെ സേവനം തക്ക സമയങ്ങളിൽ ലഭ്യമാക്കണം. |
| 5. ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. | ഒന്നുമില്ല. | പനി ചെങ്കണ്ണ് അഞ്ചാം പനി ചിക്കൻപോക്സ് വയറ്റിളക്കം വിരശല്യം മഞ്ഞപിത്തം | ഈ വാർഡിലുള്ളവർ കുട്ടികളെ ആശുപത്രിയിൽ കൊണ്ടു ചെന്ന് പ്രതിരോധ കുത്തി വെയ്പുകൾ നടത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ അംഗൻവാടിയിൽ വെച്ച് നടത്താറുണ്ട്. | ഈ വാർഡിൽ ഒരു സബ് സെൻറർ സ്ഥാപിക്കണം. ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കണം. ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടാക്കുക. |
| 6. ആരോഗ്യസ്ഥാപനങ്ങളൊന്നും ഇല്ല. | അലോപ്പതി ക്ലീനിക്ക് 4. ഹോമിയോ ക്ലീനിക്ക് 3. ആയൂർവേദം 1 | പനി ദന്തരോഗം വയറ്റിളക്കം ചൊറി ചെങ്കണ്ണ് വിരശല്യം മഞ്ഞപിത്തം ചിക്കൻപോക്സ് | അടുത്തുള്ള ഗവർമെൻറ് ആശുപത്രിയിലും സ്വകാര്യക്ലീനിക്കുകളിലും ചികിത്സിച്ചുവരുന്നു. കുട്ടികൾക്കുള്ള പ്രതിരോധകുത്തി വെയ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും വല്ലപ്പോഴും നടത്താറുണ്ട്. | ഈ വാർഡിൽ ഒരു ആരോഗ്യകേന്ദ്രവും ജീവനക്കാരേയും ലഭ്യമാക്കണം. മരുന്നുകളും ഡോക്ടറുടെ സേവനവും ലഭ്യമാക്കണം. ഈ കൊതുക് പ്രാണികൾ മുതലായവയെ മരുന്നു തെളിച്ച് നശിപ്പിക്കണം. കുട്ടികൾക്കുള്ള പ്രതിരോധ കുത്തി വെയ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യക്ലാസ്സുകളും നടത്തണം. ഒരു വിഷചികിത്സാ കേന്ദ്രവും സ്ഥാപിക്കുക. |

| | | | | | |
|---|---|---|---|---|---|
| 7. | ഗവർമെൻറ് ആയൂർവേദ ഡിസ്പെൻസറി ഒന്ന്. ഐ.പി.പി. സബ്സെൻറർ ഒന്ന്. | ഒന്നും തന്നെ യില്ല. | വയറ്റിളക്കം ചൊറി ചെങ്കണ്ണ് അതിസാരം വിരശല്യം മുണ്ടിനീര് വാതരോഗം മുട്ടുവേദന | പ്രവർത്തനം തൃപ്തി കരമല്ല. സബ്സെൻററിൽ ഡോക്ടർമാർ മാസത്തിലൊരിക്കലെങ്കിലും വിസിറ്റ് ചെയ്യാറില്ല. ആയൂർവേദ ഡിസ്പെൻസറിയിലെ പ്രവർത്തനം സൗകര്യക്കുറവുകാരണം പൂർണ്ണതയിലെത്തുന്നി. പ്രതിരോധകുത്തിവെയ്പുകളും ആരോഗ്യ ക്ലാസ്സുകളും നടത്താറില്ല. | സബ്സെൻററിന് ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കണം. ഡോക്ടറുടെ സേവനവും ലഭ്യമാക്കണം. പ്രതിരോധ കുത്തിവെയ്പു ക്ലാസ്സുകളും ആരോഗ്യക്ലാസ്സുകളും ശുചീകരണം ബോധവൽക്കരണം തുടങ്ങി ക്ലാസ്സുകളും നടത്തുന്നതിനുള്ള സംവിധാനം കൈക്കൊള്ളണം. ഈച്ച കൊതുക് നശീകരണം ചെയ്യണം. ആയൂർവേദ ആശുപത്രി സൗകര്യം മെച്ചപ്പെടുത്തണം. |
| 8. | ഗവർമെൻറ് സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. | ഒന്നും തന്നെ യില്ല. | വയറിളക്കം വിരശല്യം മഞ്ഞപിത്തം പനി അതിസാരം മുണ്ടിനീര് കുഷ്ഠം | കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് നടത്താറില്ല. ആരോഗ്യക്ലാസ്സുകളോ ബോധവൽക്കരണക്ലാസ്സുകളോ നടത്താറില്ല. | ഈ വാർഡിൽ ഒരു സബ് സെൻറർ സ്ഥാപിക്കണം. ആവശ്യമുള്ള മരുന്നുകൾ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ആരോഗ്യക്ലാസ്സുകളും ബോധവൽക്കരണ ക്ലാസ്സുകളും ഗൃഹസന്ദർശനവും ഉറുവരുത്തണം. ശുചീകരണ പ്രവർത്തനങ്ങൾ പ്രായോഗികമാക്കണം. |
| 9. | ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല. | ഒന്നും തന്നെ യില്ല. | പനി ചിക്കൻപോക്സ് വയറ്റിളക്കം വിരശല്യം മുണ്ടിനീര് ചെങ്കണ്ണ് ആസ്മ വാതരോഗം | കുട്ടകൾക്കുള്ള പ്രതിരോധനകുത്തിവെയ്പുകൾ ഗവർമെൻറ് ആശുപത്രിയിൽ ചെന്ന് എടുക്കാറുണ്ട്. ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യ ക്ലാസ്സുകളും അംഗൻവാടിയിൽ വെച്ച് ഹെൽത്ത് സ്റ്റാഫ് വല്ലപ്പോഴും നടത്താ റുണ്ട്. | ഈ വാർഡിൽ ഒരു സബ്സെൻറർ ആരംഭിക്കണം. ആവശ്യമുള്ള മരുന്നുകളും ഡോക്ടറുടെ സേവനവും ലഭ്യമാക്കണം. മെച്ചപ്പെട്ട ആരോഗ്യബോധ വൽക്കരണ ക്ലാസ്സുകൾ നടത്താൻ തയ്യാറാവണം. ഈച്ച കൊതുക് നശീകരണം നടത്തണം. |

| | | | | |
|---|---|---|---|---|
| 10. ഒരു സബ് സെൻററുണ്ട്. | ഒന്നുംതന്നെയില്ല. | പനി വയറിളക്കം അതിസാരം വിരശല്യം ചെങ്കണ്ണ് അഞ്ചാം പനി ചിക്കൻപോക്സ് | പ്രതിരോധ കുത്തിവെയ്പ് നടത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറുണ്ട്. സബ് സെൻററിൽ ഡോക്ടർ വരാറില്ല. | സബ്സെൻററിനാവശ്യമുള്ള മരുന്നുകളും ഡോക്ടറുടെ സേവനവും ലഭ്യമാക്കണം. ആരോഗ്യക്ലാസ്സുകളും ബോധവൽക്കരണ ക്ലാസ്സുകളും ഊർജ്ജിതപ്പെടുത്തണം. ഈ കൊതുക് നശീകരണം ചെയ്യണം. |
| 11. ആരോഗ്യസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. | ഒന്നുംതന്നെയില്ല | പനി അതിസാരം വയറ്റിളക്കം മഞ്ഞപിത്തം അഞ്ചാം പനി ദന്തരോഗം വാതരോഗം ആസ്മ | പ്രതിരോധകുത്തിവെയ്പ് നടത്താറില്ല. ആരോഗ്യക്ലാസ്സുകളും പ്രതിരോധക്ലാസ്സുകളും ഇടയ്ക്കിടെ നടത്താറുണ്ട്. | ഈ വാർഡിൽ ഹെൽത്ത് സെൻറർ ആരംഭിക്കണം. ആവശ്യമായ മരുന്നുകളും ഡോക്ടറുടെ സേവനവും ലഭ്യമാക്കണം. ആരോഗ്യപ്രവർത്തകരെ കൊണ്ട് ഗൃഹ സന്ദർശനവും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിനുള്ള സംവിധാനം കൈക്കൊള്ളണം. |
| 12. ആരോഗ്യകേന്ദ്രമുണ്ട്. (M.P.C.) | ഒന്നും തന്നെയില്ല. | പനി വയറിളക്കം അഞ്ചാം പനി മഞ്ഞപിത്തം ചിക്കൻപോക്സ് വിരശല്യം | പ്രതിരോധകുത്തിവെയ്പ് ഇടയ്ക്കിടെ നടത്താറുണ്ട്. ഡോക്ടർ കുത്തിവെയ്പുസമയത്ത് വരാറുണ്ട്. ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല. ബോധവൽക്കരണക്ലാസ്സു കളും നടത്താറില്ല. | ആരോഗ്യകേന്ദ്രത്തിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. ഡോക്ടറുടെ സേവനം ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ലഭ്യമാക്കണം. ആരോഗ്യ ക്ലാസ്സുകളും ബോധവൽക്കരണ ക്ലാസ്സുകളും പലസ്ഥലങ്ങളിലും സംഘടി പ്പിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. യഥാ സമയങ്ങളിൽ പ്രതിരോധ കുത്തി വെയ്പുകൾ നടത്തുക. ശുചീകരണ പ്രവർത്തനങ്ങൾ നടിലാക്കുക. ഈച്ച കൊതു മുതലായവയെ നശിപ്പിക്കുക. |



*" സ്വന്തം രാജ്യത്തിന്റെ നിർമിതിയിൽ ഞങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗക്കാരോ താഴ്ന്ന വർഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും."*

–മഹാത്മാഗാന്ധി

# സ്ഥാപനങ്ങളും സേവനങ്ങളും

## കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ ആരോഗ്യരംഗത്തുള്ള പൊതു സ്ഥാപനങ്ങൾ



ഗവ: ആസ്പത്രി.................................1
ഗവ: ആയുർവേദ ആസ്പത്രി.........1
ഐ. പി. പി. ഉപകരണങ്ങൾ...........4
ഇവയിലെല്ലാം കൂടിയുള്ള
ജീവനക്കാർ........................................39

## പഞ്ചായത്തിലെ സർക്കാർ കേന്ദ്രങ്ങളും ജീവനക്കാരുടെ എണ്ണവും വാർഡ് തലത്തിൽ

| ക്രമ നമ്പർ | ഗവ: സ്ഥാപനങ്ങൾ | വാർഡ് നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഗവ: ആശുപത്രി | 4 | 31 |
| 2 | ഗവ: ആയുർവേദ ആശുപത്രി | 7 | 4 |
| 3 | എഫ്. ഡബ്ളിയു. സെൻറർ, കൊഴിഞ്ഞാമ്പാറ | 2 | 1 |
| 4 | ഐ. പി. പി. സബ്സെൻറർ, പഴനിയാർ പാളയം | 7 | 1 |
| 5 | ഐ. പി. പി. സബ് സെൻറർ, പെരുമ്പാറച്ചള്ള | 10 | 1 |
| 6 | എം. പി. സെൻറർ, മലക്കാട്ടു ചള്ള | 12 | 1 |

**I, III, IV, V, VI, VIII, IX, XI**

എന്നീ വാർഡുകളിൽ സെൻററുകൾ ഇല്ല

## പരിസരശുചിത്വം

വെള്ളം വായു മണ്ണ് എന്നിവ എല്ലാം ശുദ്ധമായിരിക്കണം. ജീവന്റെ നിലനിൽപ്പിനാവശ്യമായ ജലം നൽകുന്ന ജലാശയങ്ങളെ മലിനപ്പെടുത്തരുത്. നമുക്ക് വായു നൽകുന്ന അന്തരീക്ഷത്തെ നാം സംരക്ഷിക്കണം. നമുക്കു ഭക്ഷണം തരുന്ന മണ്ണിന്റെ പരിശുദ്ധി നിലനിറുത്തണം. വ്യക്തിയും സമൂഹവുമായുള്ള ബന്ധം പ്രകൃതിയിലുണ്ടാക്കുന്ന മാറ്റങ്ങൾ പരിസരഘടകങ്ങൾ ഇവയെല്ലാം ആരോഗ്യത്തെ ബാധിക്കുന്നവയാണ്.

പരിസര ശുചിത്വത്തെക്കുറിച്ച് പറയുമ്പോൾ നിവിലുള്ള ഭരണസമിതി അധികാരമേറ്റയുടൻ ജനകീയ പങ്കാളിത്തത്തോടുകൂടി പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാതെ 20 ദിവസം നീണ്ട ശുചീകരണപ്രവർത്തനങ്ങൾ നടത്തിയത് എടുത്തു പറയേണ്ട വസ്തുതയാണ്.

## ഗ്രാമസഭയിലെ പ്രശ്നങ്ങൾ

1. മഴവെള്ളവും വീടുകളിലെ മലിനജലവും പഞ്ചായത്തു റോഡുകളിയൂടെയാണ് ഒഴുകുന്നത്. ഇത് റോഡിനേയും ജനങ്ങളുടെ ആരോഗ്യത്തെയും സാരമായി ബാധിക്കും.
2. പഞ്ചായത്തിലെ മത്സ്യമാംസങ്ങൾ വില്പന നടത്തുന്ന കടകൾ സാനിറ്ററി കണ്ടീഷനിലല്ല പ്രവർത്തിക്കുനത്.
3. പഞ്ചായത്തിലെ ഹോട്ടലുകളിലും ശീതളപാനീയശാലകളിലും ഈച്ചകളുടെയും മറ്റു പ്രാണികളുടെയും വർദ്ധിച്ചശല്യം.
4. പഞ്ചായത്തു കിണറുകളും പൊതുകിണറുകളും ശുദ്ധീകരിക്കാത്ത സ്ഥിതി.
5. പഞ്ചായത്തിലെ പ്രത്യേകിച്ച് ടൗണിലെ കുന്നുകൂടിയിരിക്കുന്ന ചപ്പുചവറുകൾ ഉണ്ടാക്കുന്ന ഭീഷണി.
6. വ്യവസായ സ്ഥാപനങ്ങളിലെ പുക.
7. നിലവിലുള്ള അഴുക്കുചാലുകൾക്ക് വേണ്ടത്ര ചെരിവില്ലാത്തതുകാരണം മലിന ജലം കെട്ടികിടന്ന് രോഗങ്ങൾ പകരുന്നു.

## നിർദ്ദേശങ്ങൾ.

1. പരിസര ശുചീകരണത്തിന്റെ ഭാഗമായി ശുദ്ധവായു ലഭ്യതയെ ലക്ഷ്യമാക്കി സാമൂഹ്യ വനവല്ക്കരണം എന്ന സങ്കല്പം നമ്മുടെ പഞ്ചായത്തിൽ നടിലാക്കേണ്ടത് അത്യാവശ്യമാണ്.
2. പഞ്ചായത്തിലെ പുറമ്പോക്കു സ്ഥലങ്ങൾ തോടുകൾ പുരയിടങ്ങളിലെ ഒഴിഞ്ഞ സ്ഥലങ്ങൾ എന്നിവടങ്ങളിൽ നടുവാനായി വൃക്ഷത്തൈകൾ പഞ്ചായത്ത് സൗജന്യമായി നൽകുകയും സാമൂഹ്യ സാംസ്ക്കാരിക സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ജനപങ്കാളിത്തത്തോടുകൂടി ഗ്രീൻ കൊഴിഞ്ഞാമ്പാറ ക്ലീൻ കൊഴിഞ്ഞാമ്പാറ എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും കൂട്ടായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.
3. കുന്നുപോലെ കൂടുന്ന ചപ്പുചവറുകൾ നീക്കം ചെയ്യാൻ ഓരോ വാർഡിലും മൂന്നിലധികം കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും അവ യഥാസമയം നീക്കം ചെയ്യാൻ ഒരു പവ്വർ ട്രില്ലർ വാങ്ങി ഉപയോഗിക്കേണ്ടതുമാണ്. ഇങ്ങനെ മാറ്റുന്ന മാലിന്യങ്ങളെ ടൗണിൽ നിന്നും അകലെ പ്രത്യേകമായി ശേഖരിക്കുവാനും കമ്പോസ്റ്റ് വളമായി ഉപയോഗിക്കുവാനുമുള്ള സാദ്ധ്യതകളെ കണ്ടെത്തേണ്ടതാണ്.
4. കൂടുതൽ അഴുക്കുചാലുകൾ നിർമ്മിക്കുകയും നിലവിലുള്ള അഴുക്കുചാലുകൾ വെള്ളം കെട്ടിക്കിടക്കാത്ത വിധത്തിൽ ചെരിവ് വർദ്ധിപ്പിക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടത്തുകയും ചെയ്യണം.

നമ്മുടെ പഞ്ചായത്തിന്റെ പൊതുജനാരോഗ്യ കാര്യത്തിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കുന്ന പക്ഷം കൊഴിഞ്ഞാമ്പാറയെ "ഗ്രീൻപഞ്ചായത്തും ക്ലീൻപഞ്ചായത്തും" ആക്കുക എന്ന നമ്മുടെ ലക്ഷ്യം നമുക്ക് സാധിച്ചെടുക്കാം. ഇതിലേക്ക് സാമൂഹ്യസാംസ്ക്കിരിക സന്നദ്ധസംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണവും ലഭ്യമാക്കണം. പൊതുജനങ്ങളുടെ നിർല്ലോഭമായ സഹകരണവും ഇക്കാര്യത്തിൽ ഒഴിച്ചു കൂടാത്തതാണ്. നിർമ്മലവും ഹരിതാഭവുമായ കൊഴിഞ്ഞാമ്പാറക്കുവേണ്ടി നമുക്ക് ഒന്നു ചേർന്ന് യത്നിക്കാം.



# 5-6
# ഗതാഗതം ഊർജ്ജം മാർക്കറ്റ്

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ ആകെ 60.85 കിലോമീറ്റർ റോഡുകളാണുള്ളത്. ഇതിൽ 9.60 കിലോമീറ്റർ ടാർ റോഡും 28.681 കിലോമീറ്റർ മെറ്റൽ റോഡും 22.524 കിലോമീറ്റർ മൺ റോഡുമാണ്.

നിലവിലുള്ള റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. പലറോഡുകളിലും വാഹന ഗതാഗതം പോലും നടത്തുവാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്തിൻെറ സാമ്പത്തിക നില മോശമായതിനാൽ റോഡുകളുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവർത്തനങ്ങളും യഥാസമയം നടത്തുവാൻ കഴിഞ്ഞിരുന്നില്ല. പഞ്ചായത്ത് അതിർത്തിയിൽ 25.500 കിലോമീറ്റർ പി ഡബ്ലിയു ഡി ടാർ ചെയ്ത റോഡുകളാണുള്ളത്. അതായത് ചതുരശ്ര കിലോമീറ്ററിന് 1.93 കിലോമീറ്റർ സംസ്ഥാന ശരാശരിയായ 3.2 കിലോമീറ്ററിലും വളരെ കുറവാണിത്. റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങളിലും പുനരുദ്ധാരണപ്രവർത്തനങ്ങളിലും പഞ്ചായത്തിന് ബഹുദൂരം പോകേണ്ടിയിരിക്കുന്നു.

റോഡുകളുടെ ഈ അവസ്ഥയോടൊപ്പം മിക്ക റോഡുകൾക്കും ഡ്രെയിനേജും ഓവുചാലുകളും സൈഡു കെട്ടും ആവശ്യമാണ്.

പഞ്ചായത്തിന് സ്വന്തമായി കൊഴിഞ്ഞാമ്പാറ ടൗണിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബസ്സ്റ്റാൻഡും ടാക്സിസ്റ്റാൻറും ഉണ്ട്. നിത്യേന ഇവിടെനിന്നും നൂറിൽപരം ബസ്സുകൾ കേരളത്തിൻെറ വിവിധ ഭാഗങ്ങളിലേക്കും തമിഴ്നാട്ടിലെ കോയമ്പത്തൂർ പൊള്ളച്ചി, പഴനി, മധുര എന്നിവടങ്ങളിലേക്കും സർവ്വീസുകൾ നടത്തിവരുന്നു. കെ. എസ്. ആർ. ടി. സി. , ചേരൻ, തിരുവള്ളുവർ എന്നിവയും ആ കൂട്ടത്തിൽ പെടുന്നു. റെയിൽവെ ഗതാഗത സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ തീരെയില്ല.

പലതരം പച്ചക്കറികൾ ധാരാളം കൃഷി ചെയ്തു വരുന്ന പ്രദേശമാണ് കൊഴിഞ്ഞാമ്പാറ. ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഉല്പന്നങ്ങൾ കൊഴിഞ്ഞാമ്പാറയിലുള്ള മാർക്കറ്റിൽ എത്തിക്കുവാൻ നിലവിലുള്ള റോഡ് സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കൂടുതൽ പുതിയ റോഡുകൾ നിർമ്മിച്ചും നിലവിലുള്ള റോഡുകളുടെ വീതികൂട്ടിയും സൈഡുകെട്ടിയും ആവശ്യമായ സ്ഥലങ്ങളിൽ ഡ്രെയിനേജ് നിർമ്മിച്ചും മെറ്റൽ ടാർ എന്നിവ ചെയ്തും ഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

# പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | കോഡ് നമ്പർ | ദൂരം | കലിങ്ക് പാലം |
|---|---|---|---|---|---|
| 1. | I | നെടുമ്പാറ മാഹാളിയമ്മൻ കോവിൽ | 010 | 0.800 | |
| 2. | I | S.T.കോളനി ശ്മശാനം റോഡ് | 0105 | 1.00 | |
| 3. | II | 5-ാംമൈൽ ശംഖുമേനോൻ ചള്ള K.K.പതി കനാൽ റോഡ് | 0211 | 0.600 | |
| 4. | II | വാളറ അയ്യപ്പൻകുന്ന് മുട്ടിമാമ്പള്ളം | 0212 | | |
| 5 | II | വാളറസന്യാസി അപ്പൻ റോഡ് | 0213 | 0.300 | |
| 6 | II | വാളറ ചിന്നംപടികൃഷി ഫാം റോഡ് | 0214 | 0.800 | |
| 7. | II | പാറക്കൽ എലിമ്പിച്ചിപ്പാറ റോഡ് | 0215 | 0.700 | |
| 8 | II | ഗാന്ധിനഗർ വെസ്റ്റ് സൈഡ്റോഡ് | 0216 | 0.500 | |
| 9 | II | അയ്യപ്പൻകുന്ന്-മുട്ടിമാമ്പള്ളം | 0217 | 0.400 | |
| 10 | I | മുട്ടിമാമ്പള്ളം അമ്പാട്ടുകളം | 0218 | 0.500 | |
| 11 | II | കൈതപ്പാറച്ചള്ളയിൽ കനാൽപാലം | 0219 | - | |
| 12 | II | കല്ലാണ്ടിച്ചള്ള ചന്ദനംപിള്ള ചള്ള | 0220 | 2.000 | |
| 13 | II | കല്ലാണ്ടിച്ചള്ള (വളവുപാലം-വെല്ലി) ക്കാരൻ ചള്ള റോഡ് | 021 | 2.000 | |
| 14 | II | മലക്കാട് കൈതപ്പറച്ചള്ള റോഡ് | 0222 | 2.000 | |
| 15 | III | മുതലിയാർകളം റോഡ് | 0305 | 0.150 | |
| 16 | III | പാറക്കളം-ചുട്ടിപ്പാറ റോഡ് | 0306 | 0.500 | |
| 17 | III | പാറക്കളം RBC റോഡ് | 0307 | 0.500 | |
| 18 | III | ഒട്ടത്തറഅംഗൻവാടി റോഡ് | 0308 | 0.010 | |
| 19 | III | ഇന്ദിരാ നഗർ റോഡ് 2 എണ്ണം | 0309 | 0.150 | |
| 20 | III | പാറക്കളം കരകരകുളം റോഡ് | 0310 | 0.800 | |

| | | | | | |
|---|---|---|---|---|---|
| 21 | III | ചിറ്റൂർറോഡ് അങ്കരാത്ത് കനാൽ റോഡ് | 031 | 1.000 | |
| 22 | III | മാർക്കറ്റ് റോഡ് | 0312 | 0.200 | |
| 23 | III | സ്റ്റേഡിയം റോഡ് | 0313 | 0.400 | |
| 24 | III | എൻ.എം പൊന്നൻ റോഡ് | 0314 | 0.250 | |
| 25 | IV | കരമ്പൊന്നഹരിജൻ കോളനി ശിവൻകോവിൽ റോഡ് | 0409 | 0.600 | |
| 26 | IV | എൻ കൃഷ്ണൻ റോഡ് വടുകൻകുളമ്പ് കരുകപ്പാറ റോഡ് | 010 | 0.600 | |
| 27 | IV | ബസ്സ്റ്റാൻറ് മുല്ലൈ നഗർ റോഡ് | 0411 | 0.800 | |
| 28 | IV | അങ്കരാത്ത് കളം റോഡ് | 0412 | 0.100 | |
| 29 | IV | വടുകൻകുളമ്പ് ചെറിയനടുക്കളം റോഡ് | 0413 | 0.150 | |
| 30 | IV | കരുകപ്പാറ-നടുക്കളം റോഡിൽ എസ്. സി. കോളനി | -414 | 0.050 | |
| 31 | IV | വാണിയാർ സ്ട്രീറ്റ് ലൈൻ റോഡ് | 0415 | 0.050 | |
| 32 | IV | വാണിയാർ തെരുവ്-ബസ്സ്റ്റാൻഡ് റോഡ് | 0416 | 0.080 | |
| 33 | IV | വാണിയാർതെരുകരമ്പൊറ്റ റോഡ് | 0417 | 0.250 | |
| 34 | IV | കരമ്പൊറ്റ ലൈൻ | 0418 | 0.100 | |
| 35 | V | ചെറിയനടുക്കളം-കരുകപ്പാറ റോഡ് | 0508 | 0.400 | |
| 36 | V | നെഹ്റു നഗർ (ലക്ഷംവീട്) ലൈൻ | 0509 | 0.500 | |
| 37 | V | രാജീവ് നഗർ ലൈൻ | 0510 | 0.500 | |
| 38 | VI | കരുവപ്പാറ-ഭഗവതി റോഡ് | 0613 | 0.050 | |
| 39 | VI | കരുകപ്പാറ-ലൈൻ | 0614 | 0.050 | |
| 40 | VI | കരുകപ്പാറ0സക്കീർ ഹുസൈൻ കോളനി റോഡ് | 0615 | 0.150 | |
| 41 | VI | കൊമ്പൻപാറ റോഡ് | 0616 | 0.100 | |
| 42 | VI | മല്ലൈനഗർ-കക്കറപ്പതി റോഡ് | 0617 | 0.400 | |
| 43 | VI | പള്ളിത്തെരിവ്-പാറ മേട് റോഡ് | 0618 | 0.200 | |
| 44 | VI | മുല്ലൈനഗർ-പള്ളിത്തെരുവ് റോഡ് | 0619 | 0.500 | |
| 45 | VI | പുതൂർറോഡ്-നായാടി കുളം റോഡ് | 0620 | 0.100 | |
| 46 | VI | കരിമണ്ണ് ലൈൻ-മുങ്ങയമ്മൻകോവിൽ ലൈൻ | 0621 | 0.300 | |

| | | | | | |
|---|---|---|---|---|---|
| 47 | VII | കുളറായംപാളയം അത്തിക്കോട് റോഡ് (കോരയാർ പുഴയിൽ നിലമ്പതി ) | 0713 | 60 മി.മി | |
| 48 | VII | കുളറായം പാളയം-കൂടുതറ (തിരുമാടിപ്പള്ളം വഴി ) | 0714 | 1.000 | |
| 49 | VII | പഴനിയാർപാളയം-കാക്കറപതി കോവിൽ | 0715 | 2.000 | |
| 50 | VII | കുളറായൽപാളയം-മാരിയമ്മൻ കോവിൽ റോഡ് | 0716 | 0.250 | |
| 51 | VIII | ചെറിയതൈക്കളം-കോരയാർ പുഴ റോഡ് | 0807 | 0.300 | |
| 52 | VIII | പഴനിയാർപാളയം-കുലുക്കുപ്പാറ റോഡിൽഅംബികാ മേനോൻ ഫാമിനു സമീപം-പാലം | 0308 | 6 മീറ്റർ | |
| 53 | VIII | കുലുക്കുപ്പാറ-ലക്ഷം കോളനി റോഡ് | 0809 | 0.400 | |
| 54 | VIII | കുലുക്കുപ്പാറ-കാക്കറപ്പതി റോഡ് | 0810 | 0.500 | |
| 55 | IX | ആലമ്പാടി താമരക്കുളം റോഡ് | 0912 | 0.300 | |
| 56 | IX | വിനായകർറോഡ്No2റോഡ് | 0913 | 0.400 | |
| 57 | IX | ചള്ളപ്പാത-പൊട്ടമടക്കുളം | 0914 | 0.100 | |
| 58 | Ix | പൂശാരി അപ്പുറോഡ് | 0915 | 0.150 | |
| 59 | Ix | ആലമ്പാടി ലൈൻ | 0916 | 0.100 | |
| 60 | X | എം.ജി.ആർ. നഗർ കോളനി ലൈൻ | 1007 | 0.600 | |
| 61 | X | മണിമുത്തുനഗർ GLPS റോഡ് | 1008 | 0.300 | |
| 62 | X | മണിമുത്തു നഗർ തെക്കാലൂർ 1009 | 0.150 | - | |
| 63 | X | പറുമ്പാറച്ചള്ള വെസ്റ്റ് റോഡ് | 1010 | 0.200 | |
| 64 | X | കരിമണ്ണ്-ചാമനേരി ഹരിജൻ കോളനി | 1011 | 2.000 | |
| 65 | | പെരുമ്പാറച്ചള്ള മൂപ്പനേരി വലിയ ഏരി | 1012 | 0.700 | |
| 66 | X | പെരുമ്പാറ ചള്ള മാരിയമ്മൻ കോവിൽ | 1013 | 0.150 | |
| 67 | X | പെരുമ്പാറച്ചള്ള അംഗൻവാടി ഹെൽത്ത് | 1014 | 0.300 | |
| 68 | X | നീലങ്കാച്ചി-വലിയേരി റോഡ് | 1015 | 0.500 | |
| 69 | X | കരിമണ്ണ് ലൈൻ | 1016 | 0.300 | |
| 70 | X | പെരുമ്പാറ ച്ചള്ള ലൈൻ | 1017 | 0.300 | |

| | | | | | |
|---|---|---|---|---|---|
| 71 | XI | അംബേദ്ക്കർ കോളനി സൗത്ത് റോഡ് | 1107 | 0.600 | |
| 72 | XI | കല്ലാണ്ടിച്ചള്ള-കുപ്പുമുത്തുച്ചള്ള | 1108 | 2.000 | |
| 73 | XI | നീലങ്കാച്ചി-തെക്കേച്ചള്ള | 1109 | 1.500 | |
| 74 | Xi | നീലങ്കാച്ചി-മോഡനടിറോഡ് | 1110 | 1.000 | |
| 75 | XI | കുന്നുംപടാരി ഏരി-മലക്കാട് | 1111 | 0.200 | |
| 76 | XI | വള്ളത്തുകാട്-വെള്ളാരങ്കൽമേട് റോഡ് | 1112 | 0.500 | |
| 77 | XII | ഒത്തക്കട-മണൽത്തോട്-ശ്മശാനം റോഡ് | 1202 | 2.000 | |
| 78 | XII | നടുച്ചള്ള റോഡ് | 1203 | 1.000 | |
| 79 | XII | കൂളക്കൗണ്ടൻ ചള്ള- തട്ടാൻ ചള്ള | 1204 | 2.000 | |
| 80 | XII | തരകൻ ചള്ള | 1205 | 1.500 | |
| 81 | XII | കുന്നങ്കാട്ടുപതി-പെരുമാട്ടി കോസ്‌വേ (കമ്പാലത്തറ) ചിറ്റൂർപുഴയിൽ ക്രോസ്‌വേ | 1206 | 100 മീറ്റർ | |

ഇതുകൂടാതെ പഞ്ചായത്തിലെ 12 വാർഡുകളിലെ വിവിധ ഭാഗങ്ങളിലായി 15 കി.മീ. അഴുക്കുചാല് നിർമ്മിക്കേണ്ടതാണ്.

## കോൺക്രീറ്റ് ചെയ്യേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിൻെറ പേര് | കോഡ് നമ്പർ | ദൂരം |
|---|---|---|---|---|
| 1 | I | പഴയൂർക്കാട് റോഡിൽ പഴയൂർക്കാട് സ്ഥലത്ത് | 0106 | 30 മീറ്റർ |
| 2 | II | പാണം പള്ളം റോഡ് | 0223 | 10 മീ |
| 3 | III | പാറക്കളം റോഡിൽ പാറക്കളം | 0315 | 20 മീ |
| 4 | III | ബസ്സ്റ്റാൻഡ് യാഡ് നിർമ്മാണം | 0316 | 5000 Sq. ft |
| 5 | III | നായ്ക്കത്തറവെൽ അപ്രോച്ച് റോഡ് | 0317 | 20 മീ |
| 6 | III | നായ്ക്കത്തറ ഊര് റോഡിൽ | 0318 | 20 മീ |
| 7 | IV | കരമ്പൊറ്റ വടുകൻ കുളമ്പ് പിരിവിൽ (കരമ്പൊറ്റ) | 0419 | 10 മീ |
| 8 | V | വലിയനടുക്കളം-കരുവപ്പാറ റോഡിൽ (വലിയനടുക്കളത്തിൽ 100 അരാക്കൻചിറകുളം 50മീ) | 051 | 150 മീ |
| 9 | V | സൂര്യപാറ - പാറക്കുഴി റോഡ് | 0512 | 30 മീ |
| 10 | V | നാട്ടുകൽ ഊര് റോഡ് വടക്കുവീഥി | 0513 | 30മീ |
| 11 | VI | കൊഴിഞ്ഞാമ്പാറ പള്ളിത്തെരുവ് റോഡ് | 0622 | 50മീ |
| 12 | VI | അത്തിക്കോട് അബ്ദുൾക്കാദർ റോഡ് | 0623 | 20മീ |
| 13 | VI | അത്തിക്കോട് കാദർ പാഷ റോഡ് | 0624 | 20മീ |
| 14 | VII | പഴനിയാർപാളയം ലൈൻ | 0717 | 60മീ |
| 15 | VIII | കുലുക്കാംപാറ ലൈൻ | 0811 | 100 മീ |
| 16 | IX | ജെ.പി. നഗർ കോളനി റോഡ് | 0917 | 80മീ |
| 17 | IX | ആലമ്പാടി No 2 റോഡ് | 0918 | 20മീ |
| 18 | IX | ആലമ്പാടി മുനിയപ്പൻ കോവിൽ | 0919 | 10മീ |
| 19 | IX | നാരായണസ്വാമി റോഡ് | 0920 | 15മീ |
| 20 | IX | ആലമ്പാടി നാരായണഗുരു റോഡ് | 0921 | 25മീ |
| 21 | X | മണിമുത്തുനഗർ | 1018 | 15 മീ |
| 22 | X | ഹരിജൻകോളനി | 1019 | 50മീ |
| 23 | X | കല്ലുപാലം | 1020 | 25മീ |
| 24 | X | പെരുമ്പാറച്ചള്ള ലൈൻ | 1021 | 50മീ |
| 25 | XI | അംബേദ്ക്കർ കോളനി സൗത്ത് | 1113 | 20മീ |
| 26 | XI | നീലങ്കാച്ചി റോഡ് | 1114 | 30മീ |
| 27 | XI | മോടംപടി വള്ളത്തുകാട് റോഡ് (മോടംപടി) | 1115 | 30മീ |
| 28 | XI | കുന്നംപടാരി ഏരി റോഡ് | 1116 | 50മീ |
| 29 | XII | കുന്നുങ്കാട്ടുപതി അണക്കാട് റോഡ് (മേട്ടുക്കട) | 1207 | 50 മീ |

## ആവശ്യമുള്ള ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | ആവശ്യമുള്ള സ്ഥലങ്ങൾ | | എണ്ണം |
|---|---|---|---|---|
| 1. | I | Vനെടുംപാറ-മൂലക്കട-ഡാം സൈറ്റ് | | 3 |
| 2 | II | വാളറ - കല്ലാണ്ടിച്ചള്ള പിരിവ് ആറാം മൈൽ കുറ്റിപ്പള്ളം | | 4 |
| 3 | III | ചള്ളപ്പിരിവ് കണ്ണമ്മേട് | | 2 |
| 4 | IV | എസ്. പി. എച്ച്. എസ്സ്. മുൻവശം - സർക്കാർ ആശുപത്രി കരുവപ്പാറ | | 3 |
| 5 | V | നടുക്കളം പിരിവ് അത്തിക്കോട് ജംഗ്ഷൻ സൂര്യപ്പാറ | | 3 |
| 6 | VI | അത്തിക്കോട് പള്ളിമേട് കരിമണ്ണ് കുലുക്കുപ്പാറ പിരിവ് | | 3 |
| 7 | VII | പാപ്പാംപള്ളി പഴനിയാർപാളയം കുരിശുമുക്ക് | | 3 |
| 8 | VIII | കുലുക്കപ്പാറ | | 1 |
| 9 | IX | ആലമ്പാടിപ്പിരിവ് (ശ്രീകൃഷ്ണ തിയേറ്റർ) പുതൂർ റോഡ് ( ആലമ്പാടി പിരിവ്) ജെ.പി. നഗർ | | 3 |
| 10 | X | മണിമുത്തുനഗർ ചിന്നമൂലത്തറ പിരിവ് കരുമണ്ണ് | | 2 |
| 11 | XI | നീലങ്കാച്ചി | | |
| 12 | XII | കൂളക്കവുണ്ടൻചള്ള പിരിവ് അയ്യാവുചള്ള | | 2 |
| | | | | 29 |

## ഊർജ്ജം

ആധുനിക ലോകത്തിൻെറ ജീവശ്വാസമാണ് വൈദ്യുതി. ഇത് വികസനോന്മുഖമായും വികേന്ദ്രീകൃതമായും ജനപങ്കാളിത്തത്തോടെയും നടത്തേണ്ടത് അനിവാര്യമാണ്. വൈദ്യുതി ബോർഡിൻെറ ചുമതലയിൽ കേന്ദ്രീകൃതമായി വൈദ്യുതി ഉല്പാദിപ്പിക്കുകയും അതിൻെറ ലഭ്യതക്ക് അനുസൃതമായി ഉപഭോഗവർദ്ധനവിൽ ഊന്നൽ നൽകുകയും ചെയ്തു കൊണ്ടുള്ള ആസൂത്രണമാണ് ഇപ്പോൾ നടന്നു വരുന്നത്. എന്നാൽ വൈദ്യുതേതര സ്രോതസ്സുകളായി വിറക്, മണ്ണെണ്ണ, പാചകവാതകം, ബയോഗ്യാസ്, കൽക്കരി, എണ്ണ ഉല്പാദനങ്ങൾ തുടങ്ങിയവയുടെ ഉല്പാദനവും ഉപഭോഗവും കൂടി അടിസ്ഥാനമാക്കിയുള്ള ഒരു സമ്പൂർണ്ണ ഊർജ്ജാസൂത്രണമാണ് ഇന്ന് നമുക്കാവശ്യം. അതിനനുസൃതമായ ഒരു പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടത്തേണ്ടിയിരിക്കുന്നു.

കൊച്ചിരാജ്യത്തിൻെറ ഭാഗമായ കൊഴിഞ്ഞാമ്പാറയിൽ 1944ഏപ്രിൽ മാസം 26-ാം തീയതിയാണ് ആദ്യമായി വൈദ്യുതി എത്തിയത്. ഈ നാടിൻെറ പുരോഗതിയുടെ നാഴികക്കല്ലായി മാറിയ ഈ മഹത്തായ കൃത്യത്തിൻെറ ആരംഭം കുറിച്ചത് "അങ്കരാത്ത് ശ്രീ. എ.എൻ. യു. മന്നാടി നായരാണ്"

നീണ്ട 52 വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വൈദ്യുതി പൂർണ്ണമായി എത്തിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

പാലക്കാട് ജില്ലയിലുള്ള വെണ്ണക്കര 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും പഞ്ചായത്തിലെ നാട്ടുകൽ 66 കെ.വി. സബ്സ്റ്റേഷനിൽ വൈദ്യുതി എത്തിച്ചശേഷമാണ് കൊഴിഞ്ഞാമ്പാറയിലെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. ആകെയുള്ള 6550 ഉപഭോക്താക്കളിൽ 64.8% ഗാർഹികവും 6.8% വ്യാപാരപരവും 1.5% വ്യവസായികവും 26.9% കാർഷികവുമാണ്.(അവലംബം കെ. എസ്. ഇ. ബി. കണക്കുകൾ)

എല്ലാ ഗ്രാമസഭകളിലും ഉയർന്നു കേട്ട ഒരു പരാതിയാണ് വോൾട്ടേജ് ക്ഷാമം. ഈ പഞ്ചായത്തിൽ ആകെയുള്ള 28 ട്രാൻസ്ഫോർമറുകളും ഉപഭോക്താകകളുടെ എണ്ണവും തമ്മിലുള്ള അനുപാതം ഈ ആരോപണം വസ്തുനിഷ്ഠമാണെന്ന് തെളിയിക്കുന്നു.

പഞ്ചായത്തിൽ15 കി.മീ. 11 കെ. വി. ലൈനുകളും 115 കി.മീ. 3 ഫേസ് ലൈനുകളും 28 കി.മീ. സിങ്കിൾ ഫേസ് ലൈനുകളും ഉണ്ട്. 698 മീറ്ററുകൾ പ്രവർത്തിക്കാത്തവയാണ്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
2. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
3. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പലതും വൈദ്യുതീകരിച്ചിട്ടില്ല.
4. പ്രേഷണ വിതരണ രംഗങ്ങളിൽ ബോർഡിൻെറ ശ്രദ്ധക്കുറവ്.
5. തെരുവുവിളക്കുകളുടെ എണ്ണം വളരെ കുറവാണ്. ചില വാർഡുകളിൽ തെരുവുവിളക്കുകളില്ല.
6. കണക്കുകളിൽ കാണുന്നതിനെക്കാൾ വൈദ്യുതിയുടെ ഉപയോഗം കൂടുതലാണ്.
7. പാചക ഇന്ധനങ്ങളുടെ ഉപയോഗം കാര്യക്ഷമമല്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുക.
2. 8 കി.മീ. നീളം 1 കെ.വി. ലൈനുകളും 22 കി.മീ. നീളത്തിൽ മൂന്നു ഫേസ് ലൈനുകളും 16 കി.മീ. സിങ്കിൾഫേസ് ലൈനുകളും പുതിയതായി വലിച്ചാൽ താൽക്കാലികമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.
3. ദക്ഷതയേറിയ കോംപാക്റ്റ് ഫ്ലൂറസെൻറ് ലാംപുകൾ സി.എഫ്. എൽ. വ്യാപകമായി ഉപയോഗത്തിൽ കൊണ്ടുവരുക.

4. വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന വാർഡുകളിൽ അവശ്യം വേണ്ട ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. (വിശദവിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു)
5. തെങ്ങിൽ നിന്നു കിട്ടുന്ന മടൽ, കൊതുമ്പ്, കുല എന്നിവ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
6. കാറ്റ് ധാരാളമുള്ള കുന്നംപിടാരി മലയിലും കുലുക്കുപ്പാറയിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വിൻറ് മില്ല് സ്ഥാപിക്കുക.
7. പഴക്കം ചെന്നതും ദ്രവിച്ചതുമായ വൈദ്യുതി ക്കമ്പികൾ മാറ്റി പുതിയവ സ്ഥാപിക്കുക.
8. ടച്ചിംഗ് നീക്കം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറുക.
9. കൊഴിഞ്ഞാമ്പാറ നിവാസികളുടെ ചിരകാലാഭിലാഷമാണ് കുരിയാർകുറ്റി - കാരപ്പാറ ജലവൈദ്യുതപദ്ധതി. ദീർഘകാലമായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഈ പദ്ധതി നടപ്പിലായാൽ കാർഷിക വ്യവസായിക മേഖലകളിൽ വമ്പിച്ച പുരോഗതി കൈവരിക്കുന്നതിനും ഈ പ്രദേശത്തിൻെറ മൊത്തം വൈദ്യുതി ക്ഷാമം പരിഹരിച്ച് കൊഴിഞ്ഞാമ്പാറ ഫർക്കയെ പ്രകാശപൂരിതമാക്കുന്നതിനും കഴിയും.
10. അനധികൃതമായി വൈദ്യുതി ഉപയോഗിക്കുന്നവരെ കണ്ടുപിടിക്കുന്നതിനുള്ള സ്പെഷൽ സ്ക്വാഡുകൾ നടപ്പിലാക്കുക.
11. നിലവിലുള്ള മീറ്റർറീഡിംഗ് സമ്പ്രദായം പരിഷ്ക്കരിച്ച് ബന്ധപ്പെട്ട ഉദ്യാഗസ്ഥൻമാർ മാസംതോറും മീറ്റർ റീഡിംഗ് എടുക്കുകയും അതിനുള്ള ചാർജ്ജ് അപ്പോൾ തന്നെ വസൂലാക്കുകയും ചെയ്യുന്നരീതി നടപ്പിലാക്കുന്നത് ഈ രംഗത്ത് ജനങ്ങൾക്ക് കൂടുതൽ ആശ്വാസകരമായിരിക്കും.
12. വൈദ്യുതി വിതരണ രംഗങ്ങളിൽ ബോർഡ് ജീവനക്കാരുടെ പ്രതിബദ്ധതയില്ലായ്മ. ഗ്രാമസഭകളിൽ നിരവധി പരാതികളായി ഉയർന്നു വന്നിട്ടുണ്ട്.
13. വീടുകൾതോറും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.
14. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് അടുപ്പുകൾ പ്രചാരത്തിൽ കൊണ്ടുവരുക.
15. സ്കൂളുകൾ അംഗൻവാടികൾ ഹോസ്റ്റലുകൾ എന്നിവടങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കുക.
16. സോളാർ വാട്ടർ ഹീർ സോളാർകുക്കർ സൂര്യറാന്തൽ എന്നിവ പ്രചാരത്തിൽ കൊണ്ടുവരിക.
17. അനർട്ടിൻെറയും പാലക്കാട് ജില്ലയിൽ മുണ്ടൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന IRTC യുടെയും സഹകരണത്തോടെ gasifier project ആരംഭിക്കാം. ഇവിടെനിന്നും പുറംതള്ളപ്പെടുന്ന ചാരം കൃഷിക്ക് വളരെയധികം ആവശ്യമുള്ള വളമാണ്.

***<u>നിലവിലുള്ള ട്രാൻസ്ഫോമറുകളും അവയുടെ കപ്പാസിറ്റിയും</u>***

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 100 കെ.വി.എ. | ശക്തി |
| 2 | 100 കെ.വി.എ | മുല്ലൈനഗർ |
| 3 | 63 കെ.വി.എ. | മാരിയപ്പചെട്ടിയാർ |
| 4 | 160 കെ.വി.എ | പുത്തൻപാത |
| 5 | 250 കെ.വി.എ | രാമരാജ് |
| 6 | 63 കെ.വി.എ. | കണ്ണൻമേട് |
| 7 | 160 കെ.വി.എ | ജി.എ.വി. |
| 8 | 63 കെ.വി.എ | ആർ.എസ്.ആർ |
| 9 | 160 കെ.വി.എ. | പുതൂർ റോഡ് |
| 10 | 250 കെ.വി.എ. | പാലക്കാട് റോഡ് |
| 11 | 250 കെ.വി.എ | കരിമൺ 1 |
| 12 | 160 കെ.വി.എ. | കരിമൺ 2 |
| 13 | 250 കെ.വി.എ | കുലുക്കപ്പാറ 1 |
| 14 | 160 കെ.വി.എ. | കുലുക്കപ്പാറ 2 |
| 15 | 250 കെ.വി.എ. | പൊള്ളാച്ചി റോഡ് |
| 16 | 160 കെ.വി.എ. | മുട്ടുമാമ്പള്ളം |
| 17 | 100 കെ.വി.എ | മോടൻപടി 1 |

| | | |
|---|---|---|
| 18 | 63 കെ.വി.എ | മോടൻ പടി 2 |
| 19 | 100 കെ.വി.എ. | മാണിക്കമുഹമ്മദ് |
| 20 | 50 കെ.വി.എ | മണിമുത്ത് നഗർ 1 |
| 21 | 160 കെ.വി.എ | മണിമുത്ത് നഗർ 2 |
| 22 | 250 കെ.വി.എ. | വി.വി. പതി 2 |
| 23 | 100 കെ.വി.എ | കല്ലാണ്ടിച്ചള്ള |
| 24 | 100 കെ.വി.എ. | അത്തിക്കാട്ടുചള്ള |
| 25 | 63 കെ.വി.എ. | നടുക്കളം |
| 26 | 100 കെ.വി.എ | എ.സി.എം. |
| 27 | 100 കെ.വി.എ. | മുള്ളടിക്കാട് |
| 28 | 100 കെ.വി.എ. | പഴനിയാർപാളയം |

***നിലവിലുള്ള ഉപഭോക്താക്കൾ***

| | | |
|---|---|---|
| a. | ഗാർഹികം | 4250 |
| b | വ്യാപാരം | 450 |
| c | വ്യവസായികം | 100 |
| d | കാർഷികം | 1750 |
| e | ഹൈടെൻഷൻ | 2 |

***കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം***

| | | | |
|---|---|---|---|
| a | ഓർഡിനറി | OH 47 | WP 50 |
| b | OTP | OH 6 | WP Nil |
| c | OYEC | OH 2 | WP 5 |

***ഈ വർഷം നൽകിയ കണക്ഷനുകൾ***

| | | |
|---|---|---|
| a | ഓർഡിനറി | 4 |
| b | OTP | 5 |
| c | OYEC | 55 |

തെരുവുവിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ തൻ വർഷം ചെലവഴിച്ച തുക 104436. ക.

ഇത് വരുമാനത്തിന്റെ 8% ആണ്. 8%

# വൈദ്യുതി വിതരണത്തിന് മേലിൽ ആവശ്യമായ പോസ്റ്റുകളുടെയും മറ്റും വിവരങ്ങൾ

| വാർഡ് നമ്പർ | ആവശ്യമായ ട്രാൻസ്ഫോർമർ | ആവശ്യമായ പോസ്റ്റുകൾ | ആവശ്യമായ വിളക്കുകൾ | | |
|---|---|---|---|---|---|
| | | | സോഡിയം | ട്യൂബ് | ബൾബ് |
| 1 | 2 | 30 | 5 | 20 | 20 |
| 2 | 2 | 80 | 25 | 50 | 75 |
| 3 | 1 | 50 | 10 | 20 | 20 |
| 4 | 1 | 20 | 10 | 10 | 20 |
| 5 | - | 5 | 5 | 20 | 25 |
| 6 | 1 | 15 | 5 | 10 | 20 |
| 7 | - | 5 | 6 | 10 | 19 |
| 8 | 1 | 25 | 5 | 15 | 10 |
| 9 | 1 | 5 | 5 | 10 | 10 |
| 10 | 1 | 50 | 5 | 25 | 40 |
| 11 | 1 | 45 | 5 | 50 | 55 |
| 12 | 1 | 25 | 5 | 27 | 25 |
| Total | 12 | 365 | 91 | 267 | 339 |

***മാർക്കറ്റ്***

പണ്ട് കാലത്ത് കൃഷ്ണാപുരം ചന്തപ്പേട്ട എന്നപേരിലാണ് കൊഴിഞ്ഞാമ്പാറ അറിയപ്പെട്ടിരുന്നത്. കഴിഞ്ഞ തലമുറയുടെ ഓർമ്മയിൽ ഇന്നത്തെ പോലീസ്സ്റ്റേഷൻ നിൽക്കുന്ന സ്ഥലത്ത് 3 നിലകളിലായ ഒരു ആഴ്ചച്ചന്ത ഉണ്ടായിരുന്നു. ഒരു കശാപ്പുശാലയും പ്രത്യേക മീൻ മാർക്കറ്റും പച്ചക്കറി വിൽക്കാൻ പ്രത്യേക സ്റ്റാളുകളും ആ ആഴ്ചച്ചന്തയിൽ ഉണ്ടായിരുന്നു. വിരോധാഭാസമെന്നു പറയട്ടെ ഇന്നത്തെ ആഴ്ച ചന്തയിൽ അത്തരം ആരോഗ്യപരമായ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. പ്രധാന കാർഷിക വിളകളായ നെല്ല്, കടല, പരുത്തി, വെല്ലം, നാളികേരം എന്നിവയ്ക്ക് കൊഴിഞ്ഞാമ്പറയിൽ ഒരു കേന്ദ്രീകൃത വിപണി ഇല്ല. ഇവിടുത്തെ ഉല്പന്നമായ വെല്ലം പൊള്ളാച്ചിയിലെ മാർക്കറ്റിൽ നിന്നും ചാലക്കുടിയിലേയും, തൃശൂരിലേയും, പാലക്കാട്ടെയും കച്ചവടക്കാർ വന്നു വാങ്ങിക്കൊണ്ടുപോകുന്നത് കൗതുകകരമായ ഒരു കാഴ്ചയാണ്. പച്ചക്കറിക്കൃഷി ഇവിടെ സാധാരണ കാഴ്ചയാണ്. 3 പഞ്ചായത്തിൽ നിന്നുമുള്ള പച്ചക്കറികൾ കൊഴിഞ്ഞാമ്പാറയിലെ ലേലക്കടകളിൽ ലേലത്തിൽ വിൽക്കപ്പെടുന്നു. അതുകൊണ്ടു തന്നെ കർഷകൻ കച്ചവടക്കാരുടെ ചൂഷണത്തിന് വിധേയനാവുന്നു. കാർഷിക മേഖലയിൽ ഒരു റഗുലേറ്റഡ് മാർക്കറ്റിൻെറ അഭാവം വ്യക്തമാണ്. കേരളത്തിലെ മറ്റ് ഏതു പ്രദേശത്തെക്കാളും വിപണന സാദ്ധ്യതയുള്ള ഒരു കൊച്ചു പട്ടണമാണ് കൊഴിഞ്ഞാമ്പാറ. നാളികേര രംഗത്തും പച്ചക്കറി ഉല്പാദന രംഗത്തും ഒരു കുതിച്ചുചാട്ടം തന്നെ കൊഴിഞ്ഞാമ്പാറയിൽ ദൃശ്യമാണ്. മുട്ട, മാംസം എന്നീ രംഗങ്ങളിൽ ഒരു സ്ഥിരമായ മാർക്കറ്റിൻെറ അഭാവം കൊഴിഞ്ഞാമ്പാറയെ അലട്ടുന്നു. കേരളത്തിനാവശ്യമായ നെല്ലിൻെറ വലിയൊരു ശതമാനം ഇവിടെയാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. സ്ഥിരമായ ഒരു മാർക്കറ്റ് സൗകര്യമില്ലാത്തതുകൊണ്ട് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന പുളി പൊള്ളാച്ചി ചന്തയിലാണ് വില്ക്കപ്പെടുന്നത്.

തമിഴ്നാട്ടിലെ ഗൗണ്ടപ്പാടി അരിയല്ലൂർ എന്നീ സ്ഥലങ്ങളിലുള്ള പോലെ എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള വിശാലമായ ഒരു നിയന്ത്രിത മാർക്കറ്റ് സംവിധാനം ഇവിടെ ഉണ്ടാകണം. തൊട്ടടുത്തു കിടക്കുന്ന കാർഷിക മേഖലകളായ വടകരപ്പതി പഞ്ചായത്തിനും, എരുത്തേമ്പതി പഞ്ചായത്തിനും ഈ സംവിധാനം ഗുണകരമാവും. ഇന്നത്തെ ചന്ത പ്രതിദിന മാർക്കറ്റായി ഉയർത്തി പഴയ കൃഷ്ണപുരം ചന്തപ്പെട്ടയുടെ പ്രൗഢി വീണ്ടെടുക്കാൻ ശ്രമിക്കേണ്ടതാണ്. അതോടൊപ്പം വാർഡ് 1, 2, 11, 12 എന്നിവയെ കേന്ദ്രീകരിച്ച് 5-ാം മൈലിൽ ഒരു ആഴ്ചച്ചന്ത ആരംഭിക്കുന്നതിന് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാണ്.

ഇവിടെ പ്രകൃതിയും മനുഷ്യനും കൈകോർത്ത് നിൽക്കുന്നു. കണ്ണെത്താ ദൂരത്തോളം നീണ്ടു നിവർന്ന് കിടക്കുന്ന കരിമ്പിൻ തോട്ടങ്ങളും ഹരിതാഭമായ വയലുകളും സാധാരണ കാഴ്ചയാണ്. കൃഷിയിൽ നിന്നും പിൻവാങ്ങുന്ന കേരള ജനത കർഷകൻെറ അദ്ധ്വാനഫലം എന്തെന്ന് മനസ്സിലാക്കാൻ ഇവിടെ വരിക.



5 - 7

# സാമൂഹ്യക്ഷേമം, പാർപ്പിടം.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരെ ഉദ്ധരിക്കുക എന്ന ഉദ്ദേശ്യത്തോടെ ദാരിദ്രനിർമ്മാർജ്ജന പദ്ധതികളും സംഘടിതാസംഘടിതമായ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ നിലവിലുണ്ട്.

കേന്ദ്രസംസ്ഥാന സർക്കാർ നടത്തുന്ന സാമൂഹ്യക്ഷേമ പദ്ധതികളും തൊഴിലാളി, തൊഴിലുടമാസഹകരണത്തോടെ ക്ഷേമനിധി ബോർഡുവഴി നടപ്പാക്കുന്ന ക്ഷേമ പദ്ധതികളും നിലവിലുണ്ട്. എന്നാൽ ഈ ക്ഷേമനിധിയെക്കുറിച്ച് ഭൂരിഭാഗം ജനങ്ങളും അജ്ഞരാണ്. ഈ പദ്ധതികൾക്ക് പുറമേ ഹരിജനവികസനത്തിനും അവരുടെ ഉന്നമനത്തിനും വേണ്ടി പട്ടികജാതി ക്ഷേമ ബോർഡും ഉണ്ട്. ഇതിന്റെ ആഭിമുഖ്യത്തിൽ കൊഴിഞ്ഞാമ്പാറയിൽ പട്ടികജാതി വിദ്യാർത്ഥിനികൾക്കായി ഒരു ഹോസ്റ്റൽ നിലവിലുണ്ട്. ഇതിൽ 30 വിദ്യാർത്ഥിനികൾ താമസിച്ചു പഠിക്കുന്നു.

പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ കെട്ടിട നിർമ്മാണത്തൊഴിലാളികൾ എന്നിവരാണ് ഭൂരിഭാഗവും.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഐ.ആർ.ഡി.പി. DWCRA വായ്പകൾ ബ്ളോക്കാഫീസ് മുഖേന ലഭിക്കുന്നുണ്ട്.

**വായ്പകൾ നൽകിയ പട്ടിക ചുവടെ ചേർക്കുന്നു.**

| വർഷം | SC | വർഷം | OC | Total |
|---|---|---|---|---|
| 92 - 93 | 22 | Nil | 24 | 46 |
| 93 - 94 | 32 | 1 | 31 | 64 |
| 94 - 95 | 27 | 4 | 14 | 45 |

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എസ്.എസ്. ഐ. പദ്ധതി പ്രകാരവും PMRY പദ്ധതി പ്രകാരവും വായ്പകൾ ലഭ്യമാക്കുന്ന വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതുണ്ട്. ദേശസാൽകൃത ബാങ്കുകൾ പരമാവധി എളുപ്പത്തിൽ വായ്പകൾ ലഭ്യമാക്കുന്നതിന് മുന്നോട്ടു വരേണ്ടതുണ്ട്.

ഇന്ന് പല പെൻഷൻ പദ്ധതികളും നിലവിലുണ്ട്. വാർദ്ധക്യകാലപെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ സ്വാതന്ത്ര്യസമരസേനാനി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ പലതും അക്കൂട്ടത്തിൽ പെടുന്നു. എന്നാൽ ഇവിടേയും ദരിദ്ര വിഭാഗം അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ലഭ്യമാകാതെ നിരാശരാവുന്നു. ഉദാഹരണത്തിന് വിധവയായ അമ്മയ്ക്ക് ഒരു മകനുണ്ട്. ഈ മകന് 18 വയസ്സായാൽ അമ്മയ്ക്ക് ലഭിക്കുന്ന വിധവാ പെൻഷൻ നിർത്തലാക്കുന്നു. അവന് തൊഴിൽ ഉണ്ടോ, സമ്പാദിക്കാൻ തുടങ്ങിയോ എന്നൊന്നും നോക്കാറില്ല.

സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പെൻഷൻ പദ്ധതികളിലും ഏറെ പോരായ്മകൾ ഉണ്ട്. അവ പരിഹരിച്ച് അർഹരായവർക്ക് ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം വികലാംഗ പെൻഷൻ 60% വികലാംഗത്വം ഉള്ളവർക്കേ ഉള്ളൂ എന്ന വ്യവസ്ഥ മാറ്റി ചുരുങ്ങിയത് 40% വികലാംഗത്വം ഉള്ളവർക്ക് പെൻഷൻ കിട്ടത്തക്ക വിധം നിയമത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇതിന് പരിധിയിൽപെട്ട മെഡിക്കൽ ഓഫീസറിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

## 1995 - 96 ലെ പെൻഷൻ വിവരങ്ങൾ.

### കൊഴിഞ്ഞാമ്പാറ

| Sl. NO | വില്ലേജിന്റെ പേര് | O.A.P | W.P | K.S.P | Total |
|---|---|---|---|---|---|
| 1 | കൊഴിഞ്ഞാമ്പാറ | | | | |
| 2 | | 60 | 80 | 36 | 176 |

ബ്ളോക്കാഫീസ് വഴി ബാർബർ, ആശാരി, കരിങ്കൽ തൊഴിലാളി, കെട്ടിട നിർമ്മാണ ത്തൊഴിലാളി, അലക്കുതൊഴിലാളി തുടങ്ങിയ വർക്ക് പണിയായുധങ്ങൾ സൗജന്യമായി നൽകിയിരുന്നു.

വില്ലേജാഫീസുകൾ വഴി നടപ്പിലാക്കി വരുന്ന ധനസഹായങ്ങളിൽ ഒന്നാണ് വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം. ഇത് 1250 രൂപയാണ് നിലവു ലുള്ളത്. അത് മാറ്റി 5000 രൂപയാക്കി ഉയർത്തണം. സാമൂഹ്യക്ഷേമരംഗത്ത് നൽകുന്ന മറ്റൊരു പെൻഷനാണ് തൊഴിലില്ലായ്മ വേതനം. ഇത് അർഹരായവർക്കുമാത്രം കിട്ടത്തക്കരീതി യിൽ നിയമനിർമ്മാണത്തിൽ മാറ്റം വരുത്തുക. തൊഴിലില്ലാത്ത യുവതീ - യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും - സാദ്ധ്യതകളും വർദ്ധിപ്പിക്കുക വഴി ക്രമേണ ഈ ആനുകൂല്യം പറ്റുന്നവരുടെ എണ്ണം ചുരുക്കാൻ കഴിയും.

## അംഗൻവാടികൾ.

സാമൂഹ്യക്ഷേമരംഗത്ത് അംഗൻവാടികൾ ഏറ്റവും അടിത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ കുട്ടികൾക്കായി നിലകൊള്ളുന്ന അംഗൻവാടി യുടെ പ്രവർത്തനങ്ങൾ ഗ്രാമസഭയിൽ സജീവമായി ചർച്ച ചെയ്യതുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ്. 12 മാർഡുകളിലായി 24 അംഗൻവാടികൾ പ്രവർത്തിക്കുന്നു. അംഗൻവാടികൾ വഴി കുഞ്ഞുങ്ങളുടെ പ്രീ - സ്ക്കൂൾ ക്ലാസ്സ്, ഗർഭിണികൾ, കുഞ്ഞുങ്ങൾ, അമ്മാർ ഇവരുടെ പ്രതിരോധ കുത്തിവെയ്പ് ആരോഗ്യപരിശോധന, ആരോഗ്യ വിദ്യഭ്യാസം പോഷകാഹാര വിതരണം, 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ ആരോഗ്യ നിലവാരം നിർണ്ണയിക്കൽ എന്നിവ സാദ്ധ്യ മാകുന്നു.

അംഗൻവാടികളിൽ സ്ഥലമില്ലായ്മ, കെട്ടിടമില്ലായ്മ, കക്കൂസില്ലായ്മ, കളിപ്പാട്ട മില്ലായ്മ തുടങ്ങിയ പോരായ്മകളുടെ നീണ്ട പട്ടിക തന്നെയുണ്ട്. ഇന്ന് ICDS മുഖേന അംഗൻവാടികൾക്ക് നൽകുന്ന ഫണ്ടുകൾ ഗ്രാമപഞ്ചായത്ത് മുഖേന നൽകുന്നത് ഉചിതമായിരിക്കും.

# കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്
## അംഗനവാടികളുടെ വിവരം

| ക്രമ നമ്പർ | വാർഡ് നമ്പർ | എണ്ണം | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | മഹിളാസമാജം ഉള്ളത് | കക്കൂസ് ഉള്ളത് | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 1 | 100 | - | 2 | 1 | 1 | 1 | 1 | 2 | - | |
| 2 | 2 | 2 | 338 | 1 | 4 | 1 | 3 | 1 | 4 | 5 | - | |
| 3 | 3 | 3 | 78 | 1 | - | - | - | 1 | - | 1 | 1 | |
| 4 | 4 | 2 | 141 | - | 2 | 1 | 1 | - | 2 | 2 | - | |
| 5 | 5 | 3 | 155 | 1 | 1 | - | - | 1 | 1 | 2 | 1 | |
| 6 | 6 | 1 | 205 | - | 3 | 1 | 2 | - | 3 | 38 | - | |
| 7 | 7 | 2 | 138 | 1 | 1 | - | - | - | - | 2 | - | |
| 8 | 8 | 2 | 78 | 1 | - | - | - | 1 | - | 1 | - | |
| 9 | 9 | 3 | 85 | 1 | - | - | - | - | - | 1 | - | |
| 10 | 10 | 2 | 70 | 1 | - | - | - | - | - | 1 | 1 | |
| 11 | 11 | 1 | 219 | 1 | 2 | 1 | 1 | - | - | 1 | - | |
| 12 | 12 | 1 | 60 | - | 1 | - | 1 | - | - | 1 | - | |
| ആകെ | | 24 | 1667 | | | | | | | | | |

## പൊതുവിതരണം

പഞ്ചായത്തിൽ 9 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 4200 കുടുംബങ്ങൾക്കുമാത്രമേ റേഷൻ കാർഡുകൾ നിലവിൽ ഉള്ളൂ. ഒരു മാവേലി സ്റ്റോറും നിലവിൽ ഉണ്ട്. ഗ്രാമസഭയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ ചുരുങ്ങിയത് 6 ന്യായവില ഷോപ്പുകൾ കൂടി തുറക്കേണ്ടതായിട്ടുണ്ട്. ഭൂരിഭാഗം ജനങ്ങൾ തമിഴ് സംസാരിക്കുന്നവരാകയാൽ റേഷൻകാർഡുകൾ, റേഷൻകടയിലെ സ്റ്റോക്ക് വിലനിലവാര ബോർഡുകൾ, എന്നിവ തമിഴിലും തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്.

റേഷൻ കാർഡില്ലാത്തവർ, പുതുതായി പേർ ചേർക്കേണ്ടവർ എന്നിവരുടെ പ്രശ്നങ്ങൾ പഞ്ചായത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നേരിട്ട് ഇടപ്പെട്ട് വാർഡുതലത്തിൽ തന്നെ പരിഹാരം കാണാനുള്ള ഒരു റേഷൻ കാർഡ് മേള പുതിയ ഭരണസമിതി നടത്തിയത് പ്രത്യേകം എടുത്തു പറയത്തക്കതാണ്.

## ക്ഷേമനിധി

കെട്ടിട നിർമ്മാണ തൊഴിലാളികൾ, ലോഡിംഗ് തൊഴിലാളികൾ, കർഷകതൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധി പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ തയ്യൽ തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ ഡ്രൈവർമാർ എന്നിവരെ ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ഈ കാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കാൻ ഭരണസമിതിയും സാമൂഹ്യ സംഘടനകളും തയ്യാറാകേണ്ടതാണ്.

## പ്രശ്നങ്ങൾ.

1. അംഗൻവാടി ജീവനക്കാരുടെ കുറവായ വേതനം
2. അംഗൻവാടികൾക്ക് സ്ഥലമില്ലായ്മ, കെട്ടിടമില്ലായ്മ.
3. അംഗൻവാടി വർക്കർക്ക് പ്രീ-പ്രൈമറി ട്രൈനിംഗ് ഇല്ലായ്ക.
4. പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിൻെറ കടന്നുകയറ്റം.
5. തമിഴ് ഭാഷ അറിയുന്ന വർക്കർമാരുടെ കുറവ്. ഇതുമൂലം അംഗൻവാടിയിലെ തമിഴ് സംസാരിക്കുന്ന കുട്ടികൾ അനുഭവിക്കുന്ന വിഷമങ്ങൾ.
6. മോഡൽ അംഗൻവാടിയുടെ അഭാവം.
7. അംഗൻവാടിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള മാതാപിതാക്കളുടെ അജ്ഞത.
8. ഗ്രാമസഭയുടെ ആവശ്യപ്രകാരമുള്ള ന്യായവില ഷോപ്പുകളുടെ അഭാവം.

## നിർദ്ദേശങ്ങൾ.

1. പെൻഷൻ പദ്ധതികൾ വരുമാനാടിസ്ഥാനം മാത്രം നോക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക, കൂടാതെ വരുമാനത്തിൻെറ പരിധിയും ഉയർത്തുക.
2. വിധവകളുടെ മക്കൾക്ക് വിവാഹത്തിനായി കൊടുക്കുന്ന തുക 1250 രൂപയിൽ നിന്നും 5000 ആയി ഉയർത്തുക.
3. ആൺമക്കൾക്ക് 18 വയസ്സ് പൂർത്തിയായാൽ വിധവാ പെൻഷൻ നിർത്തലാക്കുന്ന സമ്പ്രദായം മാറ്റുക. വിധവകളുടെ മക്കൾക്ക് സാമ്പത്തികാടിസ്ഥാനത്തിൽ വിദ്യാഭ്യാസചെലവ് സർക്കാർ വഹിക്കുക.
4. ആൺമക്കളുള്ളവർക്കും വാർദ്ധക്യകാല പെൻഷൻ നൽകുക.
5. അർഹതപ്പെട്ട എല്ലാവർക്കും വീഴ്ച വരുത്താതെ കൃത്യസമയത്ത് പെൻഷൻ നൽകുക.
6. വികലാംഗർക്ക് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ഗവൺമെൻറ്

ആശുപത്രിയിൽ നിന്നും നൽകുക. എല്ലാ വികലാംഗർക്കും പെൻഷൻ അനുവദിക്കുക.

7. അംഗൻവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ഉറപ്പാക്കുക. പ്രീ-പ്രൈമറി ട്രെനിംഗ് നൽകുക.
8. സ്വന്തം സ്ഥലം ഇല്ലാത്ത അംഗൻവാടിക്ക് സ്ഥലം നൽകുകയും അവർക്കു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക.
9. പഞ്ചായത്തിൽ ഒരു മോഡൽ അംഗൻവാടി നിർമ്മിക്കുക.
10. അംഗൻവാടിയിലെ എല്ലാകുട്ടികൾക്കും ചെരുപ്പ് യൂണിഫോം എന്നിവ സൗജന്യമായി വിതരണം ചെയ്യുക.
11. അംഗൻവാടികൾക്ക് പോഷകാഹാരവിതരണത്തിനായി അനുവദിച്ചിരിക്കുന്ന 50 പൈസ ഒരു രൂപയായി ഉയർത്തുക.
12. ദേശസാൽകൃത ബാങ്കുകൾ വഴി പാവപ്പെട്ടവർക്ക് ആൾജാമ്യത്തിൻമേൽ 10,000 രൂപ വരെ വായ്പ നൽകാവുന്ന നിയമ നിർമ്മാണങ്ങൾ കൊണ്ടുവരിക.
13. ഈ പഞ്ചായത്തിലെ പാവപ്പെട്ടവർക്കു വിശേഷാവസരങ്ങളിൽ (ഓണം, പൊങ്കൽ,) സൗജന്യ വസ്ത്രവിതരണം നടത്തുക.
14. അർഹരായവർക്കുമാത്രം തൊഴിലില്ലായ്മ വേതനം നൽകുക.
15. DWCRA, IRDP, SSI എന്നീ സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതലായി നടപ്പിൽ വരുത്തുക.
16. 3 മുതൽ 5 വയസ്സുവരെയുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലാക്കുക. ഈ പ്രായത്തിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് മാതാപിതാക്കളെ ബോധവൽക്കരിക്കുക.
17. ധനിക കർഷകരുടെ സ്ഥലത്ത് താമസിക്കുന്ന കർഷക തൊഴിലാളികൾക്ക് പട്ടയം കൊടുത്തു, റേഷൻ കാർഡ് ലഭ്യമാക്കുക.
18. തമിഴ് ഭാഷാ ന്യൂനപക്ഷക്കാരുടെ ചിരകാലാഭിലാഷമായ റേഷൻ കാർഡ്, വോട്ടർ പട്ടിക എന്നിവ തമിഴിലാക്കുക.
19. വിവിധ തുറകളിലുള്ള തൊഴിലാളികളെ ക്ഷേമനിധിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തുക.
20. ഗ്രാമീണ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതികൾ നടപ്പിലാക്കുക.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അവൻ നല്ലനിലയിലായാൽ കുടുംബം, സമൂഹം ഗ്രാമം എന്നിവ നന്നാകും. നമ്മുടെ പഞ്ചായത്തിലെ അർഹതപ്പെട്ട അംഗങ്ങൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണെങ്കിൽ ,നമുക്കു നമ്മുടെ സാമൂഹിക ക്ഷേമം ഉറപ്പുവരുത്തുന്നതിനും അതുവഴി ഒരു ക്ഷേമൈശ്വര്യഗ്രാമത്തെ വാർത്തെടുക്കുന്നതിനും കഴിയും. അതിനാകട്ടെ പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള നമ്മുടെ കൂട്ടായ യജ്ഞം.

# പാർപ്പിടം

പാലക്കാട് ജില്ലയുടെ കിഴക്കൻ പ്രദേശമായി തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ വിസ്തീർണ്ണം 43.84 ചതുരശ്രകിലോമീറ്റർ ആണ്. പന്ത്രണ്ടു വാർഡുകൾ ചേർന്നതാണ് ഈ പഞ്ചായത്ത്. ഭൂരിപക്ഷം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. കൂലിപ്പണി യെടുത്ത് ഉപജീവനം ചെയ്യുന്നവരാണ് പഞ്ചായത്തിൽ അധികവും. അതുകൊണ്ടുതന്നെ പാർപ്പിട പ്രശ്നവും വളരെ വലുതാണ്. പാർപ്പിടങ്ങളിൽ മേത്തരം, ഇടത്തരം, ഓലപ്പുര, കുടിൽ എന്നിങ്ങനെ വിവിധ പ്രകാരത്തിലുള്ളവ ഉൾപ്പെടുന്നു. ഒന്നും പന്ത്രണ്ടും തീരെ പുരോഗതിയില്ലാത്ത വാർഡുകളാണ്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 28985 ആണ്. ആൾപാർപ്പുള്ള വീടുകൾ 5556 ആണ്. 8541 കുടുംബങ്ങൾ ഉണ്ട്. കെട്ടിടങ്ങളിൽ 250 എണ്ണം രണ്ടുനിലകളുള്ളതും 345 എണ്ണം ടെറസ്സുള്ളവയും 140 എണ്ണം ടെറസ്സും ഓടും ചേർന്നതും 1589 വീടുകൾ ഓലമേഞ്ഞവയും 507 വീടുകൾ കുടിലുകളുമാണ്. 3985 കുടുംബക്കാർ സ്വന്തമായി പാർപ്പിടമില്ലാതെ ബന്ധുക്കളുടെ കൂടെയും വാടകവീടുകളിലും താമസിക്കുന്നു.

തമിഴ്നാട്ടിൽ നിന്നും ജോലിക്കായിവന്ന് തെങ്ങിൻ തോപ്പുകളിലും വയലോരങ്ങളിലും താല്ക്കാലി കമായി താമസമുറപ്പിച്ചവരും പിന്നീട് മാറിപ്പോകുന്നവരുമായ കുടുംബങ്ങൾ വേറേയും ഉണ്ട്.

വീടുകളിൽ 245 എണ്ണം മൊസൈക്കു തറയിലും 3740 വീടുകൾ സിമൻറ് തറയിലും 586 വീടുകൾ ചുണ്ണാമ്പും മണലും ഉപയോഗിച്ച് മിനുക്കിയ തറയിലും നിർമ്മിച്ചവയാണ്. 985 വീടുകളുടെ തറകൾ ചാണകം മെഴുകിയവയാണ്. വീടുകളുടെ നിലമെച്ചപ്പെടുത്തുകയും എല്ലാ വീടുകളിലും വെള്ളം, വെളിച്ചം, കക്കൂസ് എന്നീ പ്രാഥമിക സൗകര്യം ഉള്ളവയാക്കിത്തീർക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. കക്കൂസ് ഇല്ലാത്തതിനാൽ പൊതു വഴികളിൽ മലമൂത്ര വിസർജ്ജനം നടത്തപ്പെടുന്നു. ഇത് പരിസര ശുചിത്വത്തേയും ആരോഗ്യരംഗത്തേയും സാരമായി ബാധിക്കുന്നു. ഈ സ്ഥിതിക്ക് പരിഹാരം കാണണം.

<u>വീടുകളുടെ തരംതിച്ചുള്ള പട്ടിക.</u>

| വർഷം | ഓട് | ടെറസ്സ് | ഓടും ടെറസ്സും | ഓല | ഇരുനില | കുടിൽ | ഓട് |
|---|---|---|---|---|---|---|---|
| 1993 - 94 | 2084 | 159 | 53 | 1417 | -- | 128 | 3841 |
| 1994 - 95 | 2294 | 167 | 84 | 1516 | -- | 138 | 4199 |
| 1995 - 96 | 2594 | 167 | 84 | 1683 | -- | 149 | 5077 |
| 1996 - 97 | 2975 | 345 | 140 | 1589 | 109 | 507 | 5556 |

റോഡുവക്കുകളിൽ സ്ഥലം വാങ്ങി വീടുനിർമ്മിക്കാനാണ് ജനങ്ങൾക്ക് കൂടുതൽ താല്പര്യം. ജനപ്പെരുപ്പം, ഭവനനിർമ്മാണത്തിനുള്ള സ്ഥലദൗർലഭ്യം എന്നീ കാരണങ്ങളാൽ കൃഷി സ്ഥലങ്ങൾ കെട്ടിടനിർമ്മാണത്തിനായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ദുർബലവിഭാഗത്തിൽ പെട്ടവർക്ക് വീടു വയ്ക്കാൻ സ്ഥലം സൗജന്യമായി കൊടുക്കുന്നതിന് ഗവൺമെൻറും കൃഷിഭൂമിതന്നെയാണ് കാണുന്നത്. ഇത് കാർഷികരംഗത്തേയും തൊഴിൽ രംഗത്തേയും കാര്യമായും ബാധിക്കുന്നു.

ഭവന നിർമ്മാണത്തിന് ബാങ്കുകളുടെ സഹായം തേടുന്നവരും കുറവല്ല. പക്ഷേ ബാങ്കിലെ അമിതമായ പലിശയും സാങ്കേതിക ബുദ്ധിമുട്ടുകളും കാരണം വായ്പ തിരിച്ചടയ്ക്കാൻ വൈകുന്നു. തൻമൂലം റവന്യൂ റിക്കവറിയാൽ ഭവനം നഷ്ടപ്പെടുന്നവരും കുറവല്ല.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലുള്ള ആകെ വീടുകളിൽ 1358 വീടുകൾ മതിലുള്ളവയാണ്. 3140 വീടുകൾ വേലിയുള്ളവയാണ്. 1058 വീടുകൾക്ക് മതിലും വേലിയും ഇല്ല. വേലികൾ മിക്കവയും ജൈവവേലികളാണ്.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | JRY | IAS (SC) | IAY (OC) | MWS (OS) | MWS (SC) | Total |
|---|---|---|---|---|---|---|
| 1994 - 95 | 3 | 5 | 3 | 5 | 12 | 28 |
| 1995 - 96 | 3 | 21 | 13 | 3 | 5 | 45 |
| 1996 - 97 | 2 | 4 | 8 | NIL | NIL | 14 |

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും ദൗർലഭ്യവും വിലക്കയറ്റവും.
2. വായ്പകൾ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് വായ്പ നൽകുന്ന ബാങ്കുകളുടെ വായ്പാ നിയമങ്ങളിലെ കാഠിന്യം.
3. ഭൂരഹിതരായ പാവങ്ങളുടെ പ്രശ്നങ്ങൾ.
4. ഹൗസിങ്ങ് സൊസൈറ്റികളുടെ അഭാവം.
5. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന കാര്യത്തിൽ വിദഗ്ധരുടെ അഭാവം.
6. കൂട്ടായിതാമസിക്കുന്ന പട്ടികജാതി- പട്ടിക വർഗ്ഗ കോളനികളിലെ പാർപ്പിട പ്രശ്നം.
7. മതിലുകളുടെ ആധിക്യം പരിസ്ഥിതിയെ ബാധിക്കുന്നു.
8. കുടിലുകളെ ഓടിട്ടവീടുകൾ ആക്കുവാനുള്ള സമഗ്ര പരിപാടികളുടെ അഭാവം.

## നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിലെ ഓലമേഞ്ഞ കുടിലുകളെ രണ്ടു വർഷത്തിനകം ഓടുമേഞ്ഞവയാക്കി മാറ്റുവാൻ നിലവിലുള്ള രാജീവ് ദശലക്ഷം പദ്ധതി, മൈത്രി ഭവന നിർമ്മാണ പദ്ധതി എന്നിവയുടേയും കൂടാതെ മറ്റു ഭവന നിർമ്മാണ സംഘങ്ങളുടേയും സഹായ സഹകരണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മാസ്റ്റർ പദ്ധതിക്ക് രൂപം കൊടുക്കണം.
2. SC/ST കോളനികളിൽ വീടുനിർമ്മാണത്തിന് മേൽപ്പറഞ്ഞ പദ്ധതികളെ ഉപയോഗപ്പെടുത്താം. ഇതിലേക്കായി ഗാന്ധിസേവാ സംഘം മറ്റു സന്നദ്ധ സംഘടനകൾ, സ്വകാര്യപൊതുമേഖലാ കമ്പനികൾ എന്നിവയുടെ സേവനങ്ങളും ഉപയോഗപ്പെടുത്താം.
3. നിർമ്മാണ സാമഗ്രികൾ സിമൻറ് - കമ്പി മുതലായവ സിവിൽ സപ്ലൈസ് അല്ലെങ്കിൽ സഹകരണ സംഘങ്ങൾ വഴി മിതമായ വിലക്ക് ലഭ്യമാക്കണം.
4. IAY, MWS, JRY, എന്നീ പദ്ധതികൾ മുഖേന നൽകുന്ന ധനസഹായം 30,000 രൂപയായി ഉയർത്തുക.
5. വായ്പകൾ കിട്ടാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. കൊഴിഞ്ഞാമ്പാറ ആസ്പദമാക്കി ഒരു ഹൗസിംഗ് സഹകരണ സൊസൈറ്റി രൂപീകരിക്കുക.
6. ജൈവവേലി പ്രചരിപ്പിക്കുക.
7. പഞ്ചായത്തിലെ സ്ഥലമില്ലാത്തവർക്ക് 4 സെൻറ് സ്ഥലം സൗജന്യമായി നൽകുക.
8. അടുത്ത 4 കൊല്ലത്തിനുള്ളിൽ വീടില്ലാത്ത കുടുംബങ്ങൾ ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.
9. നിലവിലുള്ള വീടുകളിൽ കക്കൂസ് നിർമ്മിക്കാനുള്ള സമഗ്രപദ്ധതി തയ്യാറാക്കുക.
10. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 50,000 രൂപയാക്കുക.
11. കെട്ടിടനിർമ്മാണഘട്ടങ്ങൾ സാക്ഷ്യപ്പെടുത്താനുള്ള അധികാരം, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം എന്നിവ പഞ്ചായത്ത് മെമ്പർമാർക്കു കൊടുക്കുക.
12. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചരണവും പ്രാതിനിധ്യവും നൽകുക.
13. ഗ്രാമ വികസന വിഷയത്തിൽ പഞ്ചായത്തിലെ ഓരോ വാർഡും ദേശസാൽകൃത ബാങ്കിൻെറ പരിധിയിൽ വരുന്നുണ്ട്. ഈ ബാങ്കുകളെ അതാതു വാർഡിലെ ഓലമേഞ്ഞ വീടുകൾ മാറ്റി ഓടുമേഞ്ഞവയാക്കുന്നതിന് ധനസഹായം നൽകാൻ നിരദ്ദേശിക്കണം.
14. ഏറ്റവും പിന്നോക്കം നിൽക്കുന്ന വാർഡുകളായ 1,8,12, എന്നീ വാർഡുകളെ പ്രത്യേകം പരിഗണിക്കണം. വൈദ്യുതി എത്തിപ്പെടാത്ത സ്ഥലങ്ങളിൽ അത് എത്തിക്കണം.

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമികങ്ങളും മൗലികങ്ങളുമായ ആവശ്യങ്ങൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇന്നും സാക്ഷാത്ക്കരിക്കേണ്ട സ്വപ്നങ്ങളാണ്. 9-ാം ജനകീയ പദ്ധതിയിലൂടെ എല്ലാ വർക്കും സ്വന്തം വീട് എന്ന ലക്ഷ്യമെങ്കിലും സാധിച്ചെടുക്കാൻ ശ്രമിക്കണം.



## 5 - 8

# സംസ്ക്കാരം

മനുഷ്യൻ ആശയവിനിമയത്തിനുള്ള ഭാഷക്ക് ജനൻമം നൽകുന്നു. ഭാഷ മാനവ സംസ്ക്കാരത്തിൻെറ വളർച്ചക്ക് അടിത്തറ പാകുന്നു. എന്നാൽ സംസ്ക്കാരം അചിന്ത്യവുമാണ്. മനുഷ്യൻ അവൻെറ അധ്വാനത്തിലൂടെ ബാഹ്യലോകത്തെ സംബന്ധിച്ച അറിവിൻെറ ഒരു ശേഖരം തന്നെ ഉണ്ടാക്കിയിട്ടുണ്ട്. പാട്ടുകൾ, മനോഹരങ്ങളായ നൃത്തങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ, കെട്ടിടങ്ങൾ, തുടങ്ങി എത്രയോ സൃഷ്ടികൾക്ക് അവൻെറ സംസ്ക്കാരം ജൻമം കൊടുത്തിരിക്കുന്നു. ചുരുക്കത്തിൽ മനുഷ്യൻെറ സത്ത എന്നു പറയുന്നത് സാമൂഹ്യ -സാംസ്ക്കാരിക ബന്ധങ്ങളിലെ പ്രതിബദ്ധതയുടെ ആകത്തുകയാണെന്നു പറയും. മനുഷ്യരുടെ ഭൗതിക ഉല്പാദനവും ആ പ്രക്രിയയിൽ പരസ്പരം ഉണ്ടാകുന്ന ബന്ധങ്ങളും അവൻെറ സംസ്ക്കാരിക പ്രവർത്തനത്തിന് നിദാനമായി നിലകൊള്ളുന്നു. പ്രായപൂർത്തിയായ ഒരാൾക്ക് ഒരു കുട്ടിയെപ്പോലെയാകാൻ നിവൃത്തിയില്ലല്ലോ. എങ്കിലും കുട്ടികളുടെ നിഷ്കളങ്കത മുതിർന്നവരെ വളരെയേറെ ആകർഷിക്കാറുണ്ട്. അതുപോലെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ സാംസ്ക്കാരിക പശ്ചാത്തലം നമുക്കൊന്നു വിശകലനം ചെയ്യാൻ ശ്രമിച്ചുനോക്കാം.

ഉത്കൃഷ്ടമായ തമിഴിൻെറയും, മലയാളത്തിൻെറയും പാരമ്പര്യത്തിൻെറയും സമ്മിശ്രമായൊരു സംസ്ക്കാരത്തിൻെറ പാരമ്പര്യം ഈ കൊച്ചുഗ്രാമത്തിനുണ്ട്. കൊച്ചീരാജാവിൻെറ അധീനതയിൽ ഇരുന്നതും മദ്രാസ് സംസ്ഥാനത്തിൻെറ അതിർത്തി പ്രദേശവുമായിരുന്ന കൊഴിഞ്ഞാമ്പാറക്ക് സാമ്രാജ്യത്വ- ഫ്യൂഡൽ -ഭൂപ്രഭു വർഗ്ഗ സർവ്വാധിത്യ ഭരണത്തിൻെറ സ്മരണകളും ടിപ്പുസുൽത്താൻെറ പടയോട്ടവും അയവിറക്കാൻകഴിയും.

ചുമടുതാങ്ങികളും, സത്രങ്ങളും, തണ്ണീർ പന്തലുകളും രാജവാഴ്ചയുടെ ബാക്കി പത്രമായി ഇന്നും ഈ നാട്ടിൽ നിലനിൽക്കുന്നു. ഒരു കാലത്ത് കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ ജൻമാവകാശം മുഴുവനും അങ്കരാത്ത്- ചോണ്ടത്ത് എന്നീ കുടുംബാംഗങ്ങൾക്കായിരുന്നു. എന്നാൽ ജൻമി - കുടിയാൻ ബന്ധത്തിൻെറ വിശ്വാസത്തിൻെറ പ്രതീകമായി "തുരുമ്പുപിടിക്കുക" എന്ന ഒരു സമ്പ്രദായം നിലനിർത്തുകയും തറികുത്തി പൂജ ചെയ്ത് കുടിയിരുപ്പു നൽകുകയും ചെയ്ത കുടിയാൻെറ അവകാശമായ തറികുത്തി അവകാശം സ്ഥിരാവകാശമായി മാറ്റാനും പിന്നീട് ജൻമാവകാശമായി ഉറപ്പിക്കുവാനും കഴിഞ്ഞത് ദേശീയ രാഷ്ട്രീയത്തിൽ വന്ന മാറ്റങ്ങളുടെ ബലമാണെന്ന് മനസ്സിലാക്കുന്നു.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ആചാര്യ വിനോബാഭാവെ - കാമരാജ് യു. എൻ. ഡേബർ തുടങ്ങിയ രാഷ്ട്രശില്പികൾ ഈ നാട്സന്ദർശിച്ചു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ സർവ്വശ്രീ കെ.എം.സുബ്ബയ്യ ചെട്ടിയാർ, കെ.എം.ഷൺമുഖം ചെട്ടിയാർ, കണ്ണമേട് തീർത്തായി, മാരിയപ്പപിള്ള, സുന്നാസാഹിബ്, എസ്.എൻ.എസ്. ഗോപിനായർ, എൻ.എം. പൊന്നൻ എന്നിവരിൽ ഇന്ന് ശ്രീമാൻ സുന്നാസാഹിബും ശ്രീമാൻ എം.എൻ.പൊന്നനും മാത്രമാണ് നമ്മോടൊപ്പം ഉള്ളത്.

സ്വാതന്ത്ര്യസമരത്തെൽ പങ്കെടുത്തുകൊണ്ട് പ്രശസ്ത പതാകാവന്ദനഗീതം തമിഴിൽ പാടിയതിന് ഒന്നേമുക്കാൽ കൊല്ലം ജയിൽ

വാസം അനുഷ്ഠിക്കുകയും അത്രയുംനാൾ അതേഗീതം ദിവസവും പാടികൊണ്ടിരിക്കുകയും ചെയ്ത ധീരയോദ്ധാവായിരുന്നു അന്തരിച്ചുപോയ കുപ്പുസ്വാമി ചെട്ടിയാർ.

ഇൻഡ്യൻ സ്വാതന്ത്യസമരത്തിനുശേഷം ഉണ്ടായ മഹത്തായ ഒരു സമരമായിരുന്നുഗോവാ വിമോചന സമരം. ആ സമരത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും പങ്കെടുത്ത ധീരരായിരുന്നു കെ.എ. ശിവരാമ ഭാരതിയും, പി.എ.അന്തോണി മുത്തുവും.

കർഷകരും കർഷകത്തൊഴിലാളികളും മറ്റു തൊഴിലെടുക്കുന്നവരും അധിവസിക്കുന്ന ഈ ഗ്രാമത്തിൽ വ്യാപാരികളും വ്യവസായികളും കുറവല്ല. ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുസ്ലീം, ക്രിസ്ത്യൻ എന്നീ മതത്തിൽ പെട്ടവരും ധാരാളമുണ്ട്.

കുന്നുകളും, പാറകളും, പാടങ്ങളും, പുഴകളും, ചാലുകളും, കുളങ്ങളും നിറഞ്ഞ ഈ ഭൂമിയിൽ വൈവിദ്ധ്യമാർന്ന കൃഷികൾ ചെയ്തുവരുന്നു. പാറകൾ -പതികൾ - പാടികൾ -ചേരികൾ -ചള്ളകൾ - ഊരുകൾ തുടങ്ങിയ പേരുകളിൽ അവസാനിക്കുന്ന കൊച്ചു കൊച്ചു ഗ്രാമങ്ങൾ - മലയാളം, തമിഴ്, തെലുങ്ക്, ഉറുദു, കന്നടം എന്നീ ഭാഷകൾ സംസാരിക്കുന്നജനവിഭാഗങ്ങൾ, വിവിധ മതങ്ങൾ, ജാതികൾ, ഉപജാതികൾ, ആദിവാസികൾ എന്തൊരു സമ്മിശ്ര സംസ്ക്കാരമിണിവിടെ! എങ്കിലും "നാനാത്വത്തിൽ ഏകത്വം തന്നെ.". ജൻമിത്വ നാടുവാഴി സംസ്ക്കാരം നിലനിന്നിരുന്ന കാലത്തും അദ്ധ്വാനത്തിൻെറ ഫലം സ്വായത്തമാക്കിയ കർഷകരും കർഷകത്തൊഴിലാളികളും അവരുടെ കാർഷികോല്പന്നങ്ങൾ ജനങ്ങളുടെ മുമ്പിൽ കാഴ്ചവെച്ചു കൊണ്ട് ഞങ്ങൾ സുഭിക്ഷരും സന്തുഷ്ടരും ഐക്യത്തിൻെറ പ്രതീകങ്ങളുമാണെന്ന് വിളിച്ചോതുന്ന " കതിർ" എന്ന ആഘോഷം ഈ ഗ്രാമത്തിൻെറ കാർഷിക സംസ്ക്കാരം ഉയർത്തിക്കാട്ടുന്നു. "എങ്കൾ മാരിയമ്മ" എന്നവിശ്വാസത്തിൽ മാരിയമ്മൻ കോവിലുകൾ സ്ഥാപിച്ച് സ്വയംപൂജകൾ നടത്തി കോവിലുകളെ ആസ്പദമാക്കി ഗ്രാമ സഭകൾ നടത്തുകയും, തീരുമാനങ്ങൾ ഉറപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ ചാതുർവർണ്ണ്യത്തിൽ മുഴുകിയിരുന്ന അന്നത്തെ ജനത തള്ളിമാറ്റി നിർത്തിയിരുന്ന താഴ്ന്ന ജാതിക്കാരെ, പുരാണേതിഹാസങ്ങളിൽ എവിടെയും കാണാത്ത മധുരൈവീരനെ ദൈവമായി ആരാധിച്ചുപോന്നിരുന്നു. ആ സംസ്ക്കാരം ഇവിടെ ഇന്നും നിലനിൽക്കുന്നു.

അന്ധവിശ്വാസങ്ങളെ ആചാരങ്ങളാക്കി മൃഗബലിസാധാരണമല്ലെങ്കിലും ഇന്നും ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത് കാണാൻ കഴിയുന്ന ഒരു വസ്തുതയാണ്.

കലയും സാഹിത്യവും ഒരുഗ്രാമത്തിൻെറ സംസ്ക്കാരത്തെ വിളിച്ചറിയിക്കുന്ന ഒന്നാണ്. പ്രാചീന പുരാണ സാമൂഹ്യകലകൾ നമ്മുടെ പഞ്ചായത്തിൽ നിറഞ്ഞു നിൽക്കുന്നു. വിവിധ മതക്കാരുടെ ഉൽസവങ്ങൾ ഗ്രാമവാസികൾ സർവ്വമതാചാരങ്ങളെപ്പോലെ ആഘോഷിക്കുന്നു. നശിച്ചുകൊണ്ടിരിക്കുന്നനാടൻ കലകളിൽ ഒന്നാണ് നായാടിപാട്ടുകൾ. മറ്റൊരു നാടൻ കലാരൂപമാണ് പൊറാട്ടുകളി

ദേശീയോത്സവമായ ദീപാവലിക്കു ശേഷം ഏഴാം ദിവസം"തനി തമിഴ് കടവുൾ മുരുകനെ" ആസ്പദമാക്കിയുള്ള ആഘോഷമാണ് "ശൂരസംഹാരം"

മലയാളത്തിൻെറ മകരവും തമിഴിൻെറ തൈയും പിറക്കുന്നത് ഉത്സവങ്ങളുടെ കഥയുമായാണ്. ജാതിമത വ്യത്യാസമില്ലാതെ മനുഷ്യൻ ജീവിച്ചിരുന്ന കാലഘട്ടത്തിൻെറ "തൈ പിറന്താൾ വഴി പിറക്കും " എന്ന ശംഖനാദവുമായി മനസ്സിനെ തട്ടിയുണർത്തുന്ന പൊങ്കൽ ഐക്യത്തിൻെറയും ഐശ്വര്യത്തിൻെറയും ചൂണ്ടുപലകയായി സർവ്വരും ആഘോഷിക്കുന്നു.

ക്രിസ്തുമത വിശ്വാസികൾ മറ്റുള്ളവരോടൊപ്പം ഇവിടെ ജീവിക്കുന്നു, എന്നതിൻെറ

സൂചനയാണ് ഇപ്പോഴും കാണാൻ കഴിയുന്ന കലാ രൂപമായ 'മൂന്നുരാജാക്കൂത്ത്'.

ചന്ദന ഉറൂശ് ( അഥവാ ചന്ദനക്കുടം) എന്ന മുസ്ലീം മതക്കാരുടെ ഉത്സവം കൊഴിഞ്ഞാമ്പാറയിൽ ആഘോഷിക്കുന്നത് പരീദ് ഔലിയാ എന്ന ജ്ഞാനിയുടെ നാമധേയത്തിലാണ്.

മറ്റ് ഉത്സവങ്ങളുടെ കൂട്ടത്തിൽ ക്രിസ്ത്യൻ പള്ളികളിൽ തേരുകളും ഹിന്ദു കോവിലുകളിൽ മാരിയമ്മൻ കോവിലിൽ മാത്രം മാരിയമ്മൻ പൂജകളും നടത്തുന്നു. എല്ലാ മതക്കാരുടെയും ആഘോഷങ്ങൾ സർവ്വമതക്കാരും പരസ്പരം സഹകരിച്ച് ആഘോഷിക്കുന്നത് നമ്മുടെ സംസ്ക്കാരത്തിൻെറ വിജയരഹസ്യങ്ങളിൽ ഒന്നാണ്.

തമിഴ് സംസ്ക്കാരത്തിൽ മാത്രം നിലനിൽക്കുന്ന ചില കലകളാണ് ചിക്കാട്ടം, കരകാട്ടം, ഒയിലാട്ടം, കുമ്മിയടി, ഒപ്പാരി എന്നിവ. എന്നാൽ ജൻമികളോ, ഭൂപ്രഭുക്കളോ മരണ മടഞ്ഞാൽ അവരുടെ വീട്ടിൽ ഹരിജനങ്ങളിൽ ചില വിഭാഗക്കാർ എത്തുകയും സത്യവാൻ സാവിത്രിയുടെയും മഹാത്മാഗാന്ധിയുടെയും ചരിത്രങ്ങൾ അവരുടെ സ്വന്തം ശീലുകളിൽ പാടി സങ്കടപ്പെടുന്ന ഒരാചാരം ഇന്നും നിലനിൽക്കുന്നുണ്ട്.

## വിദ്യാഭ്യാസ രംഗം

സംസ്ക്കാരത്തിൻെറ അസ്ഥിത്വത്തിൽ അടങ്ങിയിട്ടുള്ള അതിപ്രധാനമായൊന്നാണല്ലോ വിദ്യാഭ്യാസം. സാക്ഷരതയുടെ കണക്കു പരിശോധിച്ചാൽ ഭൂരിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ താല്പര്യമില്ലായെന്നു മനസ്സിലാക്കാം. അതിർത്തി പ്രദേശമായ കൊഴിഞ്ഞാമ്പാറ സാക്ഷരതയിൽ വളരെ പിന്നിലാണെന്ന് മാത്രമല്ല, തമിഴ് വിഭാഗം പ്രത്യേകിച്ചും വളരെ പിന്നിലാണെന്നു കാണാം. പഞ്ചായത്തിലെ അഞ്ച് പ്രൈമറിസ്ക്കൂളിനും ഒരു യു.പി. സ്ക്കൂളിനും രക്ഷിതാവെന്നോണം നിലനില്ക്കുന്നത് കോയമ്പത്തൂർ രൂപതയുടെ നേതൃത്വത്തിൽ 1947 ൽ സ്ഥാപിച്ച സെൻറ് പോൾസ് ഹൈസ്ക്കൂൾ മാത്രമാണ്. ഒരു ഗ്രാമത്തിൻെറ വികസനത്തിന് ആവശ്യം വേണ്ട അറിവ് നൽകുന്ന ഗ്രന്ഥശാല, വായനശാല എന്നിവ ഇവിടെ ഇല്ലെന്നു പറയുന്നില്ല. കാരണം 7-ാം വാർഡിൽ പ്രവർത്തിക്കുന്ന സോളാർ യൂണിയൻ വായനശാലമാത്രമാണ് ഇന്നു പ്രവർത്തന രംഗത്തുള്ളത്.

## ഹരിജനവിഭാഗങ്ങളും ആദിവാസികളും.

1947 മുതൽ 1988 വരെ അവകാശങ്ങളിൽ ലഭിച്ചിരുന്നകരിങ്കൽ തൊഴിലാളികളായ ബോയൻമാരെന്നും ഒട്ടൻമാരെന്നും വിളിച്ചിരുന്ന ഒരു വിഭാഗം തിരുമലനായ്ക്കർ എന്ന ആളിൻെറ വംശത്തിൽപ്പെട്ടവരായിരുന്നതിനാൽ അവരെ മുഴുവൻ പട്ടിക ജാതി ജനങ്ങളിൽ നിന്നും ഉയർന്ന തട്ടിലേക്ക് മാറ്റിയെങ്കിലും ഇന്നും അവർ പട്ടികജാതിയായി തന്നെ ജീവിക്കുന്നു.

ആദിവാസികളാണെങ്കിലോ അവരുടെ സ്വന്തം സംസ്ക്കാരം നിലനിർത്തികൊണ്ടു തന്നെ മറ്റു ജനവിഭാഗങ്ങൾക്കൊപ്പം ഉയർന്നു വരുന്നുണ്ട്. തമിഴ് കലർന്ന ഭാഷ, തൊഴിൽ കാർഷിക രംഗങ്ങളിൽ മാത്രം - വേഷത്തിലും, വിദ്യാഭ്യാസത്തിനും ഉയർന്ന ചിന്താഗതി - അങ്ങനെ പോകുന്നു ജീവിതചിന്തകൾ - സ്വന്തം ജീവിതത്തിൽ തനതായ സംസ്ക്കാരം നില നിർത്തുന്നു. അവരുടേതായ മരുന്നുകളും മന്ത്രങ്ങളും ഇന്നും കൂടപിറപ്പുകൾ തന്നെ. വരൻ വധുവിൻെറ കുടുംബത്തിൽ പാരിതോഷികം നൽകി കല്യാണം കഴിക്കുന്ന ആചാരം ഇന്നും തുടർന്നു വരുന്നു. അതേ പോലെ ആടി ഒന്ന് (കർക്കിടകം ഒന്ന് ) അവരുടെ ഒരു ഉത്സവമാണ്.

ശൂന്യമാസമായി വിശ്വസിക്കുന്ന മാർകഴി മാസത്തിനുശേഷം വരുന്ന പൊങ്കലിൻെറ 3-ാം നാളായ പൂപ്പൊങ്കൽ ദിനത്തിൽ മറ്റു ജാതിക്കാരുമായി ഒന്നിച്ചു നടത്തുന്ന കുമ്മിയടിയും അതിലെ പാട്ടുകളും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനത്തിൻെറ പുരോഗതിയായി കണക്കാക്കാം.

## കായിക രംഗം

കായികരംഗങ്ങളിൽ നിർണ്ണായകമായ സ്ഥാനം അർഹിക്കുന്ന പഞ്ചായത്താണ് കൊഴിഞ്ഞാമ്പാറ. നിരവധി കായികതാരങ്ങളെ സംഭാവനചെയ്യുവാൻ ഈ ഗ്രാമത്തിന് കഴി ഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ അറിയപ്പെടുന്ന കായിക താരങ്ങളും ക്ലബ്ബുകളും ഇവിടെ പ്രവർ ത്തിച്ചിരുന്നു. സംസ്ഥാന ജില്ലാ യൂണിവേഴ്സിറ്റി തലങ്ങളിൽ മികച്ച കായിക പ്രതിഭകളെ വളർത്തി യെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ തൊ ഴിൽ രംഗത്ത് പലരേയും പ്രാപ്തരാക്കുവാനും വളർത്തി യെടുക്കുവാനും സാധിച്ചിട്ടുണ്ട്. പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കുന്ന തിനുവേണ്ടി സ്പോർട്സ് ക്ലബ്ബുകൾ നടത്തുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. പാലക്കാടു ജില്ലയിൽ പ്രശസ്തി നേടിയിട്ടുള്ള വോളിബാൾ താരങ്ങളും ക്ലബ്ബുകളും പരിശീലകരും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലുണ്ട്.

കളി സ്ഥലങ്ങൾ ഇല്ലാത്തതിനാലും സാമ്പത്തിക സഹായം ലഭിക്കാത്തതിനാലും കായികരംഗം ഇന്ന് തളർച്ചയിലാണ്,

സാംസ്ക്കാരിക നവോത്ഥാനത്തിന് വഴി യൊരുക്കുന്ന കലാകായിക സമിതികളും വനിതാ സംഘടനകളും ഇവിടെ ജൻമം കൊള്ളുകയും നശിച്ചുപോകുകയും ചെയ്യുന്ന ദയനീയമായ കാഴ്ച ഇന്നും നമുക്ക് കാണാവുന്നതാണ്. എങ്കിലും അവയിൽ പലതും ഇന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു എന്ന സത്യം നാം മറക്കുന്നില്ല.

## പ്രശ്നങ്ങൾ

സാസ്ക്കാരിക മണ്ഡലത്തിൻെറ പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. പഞ്ചായത്തിൽ ഉണ്ടായിരുന്ന ഗ്രാമീണ വായന ശാലക്ക് സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല.
2. 7-ാ വാർഡിൽ പ്രവർത്തിക്കുന്ന ലൈബ്രറി യിൽ വൈദ്യുതി കണക്ഷൻ ഇല്ല.
3. 11 വാർഡുകളിലും വായനശാല ഇല്ല.
4. സാക്ഷരത പ്രവർത്തനമോ ജനവിദ്യാ കേന്ദ്ര ങ്ങളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
5. കലാസാഹിത്യാഭിരുചിയുള്ള കുട്ടികൾക്കായി യാതൊരു പ്രോത്സാഹന മാർഗ്ഗവും ഇല്ല.
6. പ്രൈമറിസ്ക്കൂളുകളിൽ ഗ്രന്ഥശാലകൾ ഇല്ല.
7. കലാസമിതികൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളോ ഗ്രാൻറുകളോ നൽകാത്തതിനാൽ നശിച്ചു പോകുന്നു.
8. പഞ്ചായത്തിൻെറ നേതൃത്വത്തിൽ എവിടെ യും ഒരു ഇൻഫർമേഷൻ സെൻറർ ഇല്ല.
9. കുട്ടികൾക്കുവേണ്ടി ഒരു ഗ്രന്ഥശാല ഇല്ലാത്ത തിൻെറ അഭാവം പ്രകടമാണ്.
10. കളിസ്ഥലങ്ങളുടെ അപര്യാപ്തത.
11. കലാകായിക രംഗത്തുള്ള ബോധവൽക്കരണ ത്തിൻെറ കുറവ്.
12. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം വേണ്ടത്ര ലഭ്യ മാകുന്നില്ല.
13. കായിക പരിശീലകരുടെ കുറവ്.
14. കായിക പരിശീലന സ്ഥാപനങ്ങളുടെ കുറവ്.
15. യോഗാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.
16. രജിസ്റ്റർ ചെയ്യാത്ത ക്ലബ്ബുകളുടെ പ്രവർത്തനം.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിൽ ആധുനിക സൗകര്യത്തോടെ ഒരു ഇൻഫർമേഷൻ സെൻറർ നിർമ്മിക്കുക.
2. വായനശാലകളില്ലാത്ത 11 വാർഡുകളിലും സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും ദിനപത്രങ്ങൾ അനുവദിക്കുകയും ചെയ്യുക.

3. ഗ്രന്ഥശാലകളെ കേന്ദ്രമാക്കികൊണ്ട് തുടർ വിദ്യാഭ്യാസം നടത്തുക.

4. പഞ്ചായത്ത് കേന്ദ്രത്തിൽ ഉന്നത നിലവാരത്തിലുള്ള ഗ്രന്ഥശേഖരം സ്ഥാപിക്കുക.

5. വർഷം തോറും ഗ്രാമീണ കലകളുടെ മാത്രം ഉത്സവം നടത്തുക.

6. പഞ്ചായത്തിൽ ഒരു കമ്യൂണിറ്റി ഹാൾ ഓപ്പൺ എയർ തിയേറ്റർ എന്നിവ നിർമ്മിച്ച് സംരക്ഷിക്കുക.

7 പഞ്ചായത്ത് തലത്തിൽ ഓരോ സ്ഥിരം കായിക കലാ സാംസ്ക്കാരിക കമ്മിറ്റികൾ രൂപ വൽക്കരിച്ച് പ്രവർത്തിപ്പിക്കുക.

8. നാലു സെൻറ്, ലക്ഷം വീട് - പട്ടിക ജാതി -പട്ടിക വർഗ്ഗ കോളനികളിൽ സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിച്ച് ബോധവൽക്കരണം നടത്തുക.

9. കേബിൾ ടി.വി.യിൽ നിന്നും വരുമാനം ഈടാക്കുന്നതോടൊപ്പം പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ സൗജന്യമായി പ്രക്ഷേപണവും വിളംബരവും ചെയ്യുന്ന ഒരു നെറ്റു വർക്ക് നടത്തുക.

10 കേരളോത്സവം - ഗ്രാമതലത്തിലെ സാംസ്ക്കാരിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയാക്കി മാറ്റി പ്രവർത്തിപ്പിക്കണം.

11. സുകുമാര കലകൾക്ക് പ്രത്യേക പഠന സൗകര്യങ്ങൾ ഉണ്ടാക്കുക.

12. ക്ലബ്ബുകൾ തമ്മിലുള്ള കലാകായി മത്സരങ്ങൾ സംഘടിപ്പിക്കുക.

**സാദ്ധ്യതകൾ**

1. ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞവിലക്ക് വസ്തുക്കൾ (ഭൂമി ) ലഭ്യമാണ്.
2. കായിക പരിശീലകർ ഇവിടെ ധാരാളമുണ്ട്.
3. യോഗാഭ്യാസ കളരികൾ തുടങ്ങുന്നതിനുള്ള പരിശീലകരും ലഭ്യമാണ്.
4. സംഗീതം, ചിത്രമെഴുത്ത് എന്നിവ പഠിക്കുന്നതിന് ധാരാളം കുട്ടികൾ ആഗ്രഹിക്കുന്നു.

**മറ്റു പ്രവർത്തനങ്ങൾ.**

1. പഞ്ചായത്തിൻെറ കലാ സാംസ്ക്കാരിക പ്രവർത്തനത്തിന് ഒരു തനി ഫണ്ട് രൂപീകരിക്കുക.
2. പ്രശസ്ത വ്യക്തികൾക്ക് സ്മാരകങ്ങൾ നിർമ്മിക്കുക.
3. പഞ്ചായത്തിൽ, കലാ, കായിക, ശാസ്ത്ര മേളകൾ നടത്തുക.
4. വിവിധ വിഷയങ്ങൾക്കായുള്ള കമ്മിറ്റികൾ രൂപീകരിക്കുകയും അവയുടെ സെമിനാരുകൾ നടത്തുകയും ചെയ്യുക.
5. ആദിവാസി കലാമേളക്ക് അവസരം നൽകി അവരുടെ സംസ്ക്കാരം നിലനിർത്തുക.
6. നശിച്ചുപോയ നാടൻ കലകൾ പുനരുദ്ധരിക്കുന്നതിനുള്ളനടപടികൾ തുടരുക.



# 5 - 9

# വനിത

സാമൂഹ്യ പുരോഗതിയുടെ സുപ്രധാനമായ ഒരു ഘടകമാണ് സ്ത്രീ പുരഷ സമത്വം. ഇൻഡ്യയുടെ സാമൂഹ്യപുരോഗതിയും, സ്ത്രീകളുടെ നേരെ സമൂഹം കാണിക്കുന്ന വിവേചനങ്ങൾ കനത്ത പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. സാമൂഹ്യശാസ്ത്രപരമായി നോക്കിയാൽ സ്ത്രീ ദുർബലയല്ല. മറിച്ചുള്ള മനോഭാവത്തിന് സാമൂഹ്യവും, സാംസ്ക്കാരികവും ആയ അനേകം കാരണങ്ങൾ ഉണ്ട്.

സമ്പന്നമായ കേരള സംസ്കാരത്തെ മലിനമാക്കുന്ന വിധത്തിലുള്ള സ്ത്രീ പീഢനങ്ങളും, സ്ത്രീധന മരണങ്ങളും നമ്മുടെ നാട്ടിൽ ധാരാളം ഉണ്ട്. വനിതാ വിമോചന വാദികളും, ഗവൺമെൻറും, വനിതാ സംഘടനകളും ഈ ദുരവസ്ഥക്കെതിരായി പ്രതികരിക്കുന്നുണ്ടെങ്കിലും അവയൊന്നും വേണ്ട പോലെ ഫലവത്താകുന്നില്ല.

വിദ്യാഭ്യാസ മേഖലയിൽ വളരെ പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് കൊഴിഞ്ഞാമ്പാറ. കേരളത്തിൻെറ സാസംസ്കാരിക വികസനത്തിൻെറ വെളിച്ചങ്ങൾ ഒന്നും കൊഴിഞ്ഞാമ്പാറയിലേക്ക് കാര്യമായി കടന്നു വന്നില്ല. ഈ പ്രദേശത്തിൻെറ പിന്നോക്കാവസ്ഥ മനസ്സിലാക്കി ഇവിടത്തെ ജനങ്ങളുടെ ഉന്നമനത്തിനായി ഒരു പ്രത്യേക പദ്ധതി തന്നെ വളരെ മുൻപേ ആവിഷ്ക്കരിക്കേണ്ടതായിരുന്നു. ഇനിയെങ്കിലും ഈ വഴിക്കുള്ള ശ്രമം ഉണ്ടാകേണ്ടതുണ്ട്.

വനിതാ വികസന പദ്ധതികൾ കൊഴിഞ്ഞാമ്പാറയെ സംബന്ധിച്ചിടത്തോളം വിരളമാണ്. ഈ പഞ്ചായത്തിൽ 25 മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം വനിതാക്ഷേമ പരിപാടികൾക്കായി വേണ്ടപോലെ വിനിയോഗിക്കുവാൻ കഴിയുന്നില്ല. പ്രവർത്തിക്കാൻ തയ്യാറായ സ്ത്രീകളുണ്ടെങ്കിലും സമാജങ്ങൾ വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ അവലഭിക്കാനെടുക്കുന്ന കാലതാമസം പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവ മൂലം വനിതാക്ഷേമ പരിപാടികൾ വിജയത്തിലെത്തിക്കാൻ കഴിയാതെ പോകുന്നു. ഈ പ്രശ്നപരിഹാരത്തിന് വ്യക്തമായ ബോധവൽക്കരണം ആവശ്യമാണ്. വനിതാ വികസന കോർപറേഷൻെറ ആസ്ഥാനം തിരുവനന്തപുരമായതും പദ്ധതിയുടെ ആനുകൂല്യങ്ങൾ ആവശ്യത്തിനും, സമയത്തിനും ലഭിക്കായ്കയും ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകളും മൂലം പ്രവർത്തനങ്ങൾ പലപ്പോഴും നിലയ്ക്കുകയോ മന്ദഗതിയിലാവുകയോ ചെയ്യുന്നു.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ വനിതാക്ഷേമത്തിനായി നൽകിയ വായ്പാ വിവരങ്ങൾ.

| വർഷം | DWCRA | | ട്രൈസം SC | OC | ആകെ |
|---|---|---|---|---|---|
| 1989 - 90 | 10 | 93 - 94 | 2 | 9 | 11 |
| 1994 - 95 | 10 | 94 - 95 | 1 | 2 | 3 |
| 1995 - 96 | 10 | 95 - 96 | NIL | 3 | 3 |
| | | 96 - 97 | 2 | 9 | 11 |

ഒരു വനിതാ വികസന കോർപറേഷൻ വാസ്തവത്തിൽ വനിതകൾക്ക് അത്യാവശ്യമാണ് എന്നു വേണം പറയാൻ. കാരണം പദ്ധതികൾ എന്തെന്നറിയാനും പ്രവർത്തിക്കാനും സ്ത്രീകൾ മുന്നോട്ടു വരാനും അതുകൂടിയേ കഴിയൂ. തമിഴ് ന്യൂനപക്ഷവും ഈ അറിവില്ലായ്മക്ക് കാരണമാകുന്നു.

വിദ്യാഭ്യാസപരമായി വളരെ പിന്നിലായിരുന്ന ഈ പ്രദേശത്ത് സ്വാഭാവികമായി തന്നെ സ്ത്രീകളുടെ വിദ്യാഭ്യാസവും വളരെ പിന്നിലായിരുന്നു. സാമാന്യേന ഉയർന്ന കുടുംബത്തിലുള്ള വർക്കുമാത്രമായിരുന്നു വിദ്യാഭ്യാസം. അല്പമെങ്കിലും കിട്ടിയിരുന്നത്. ഹരിജനങ്ങളും മറ്റും സ്ക്കൂൾ കണ്ടിട്ടുപോലും ഇല്ലായിരുന്നു. ഇപ്പോഴും ആൺകുട്ടികളെ അപേക്ഷിച്ച് ഉന്നത വിദ്യാഭ്യാസത്തിന് പെൺകുട്ടികൾ കുറവാണ്. 1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത്. എങ്കിലും സർവീസ് മേഖലയൊഴിച്ച് തൊഴിൽ മേഖലയിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. അതിൽ തന്നെ സ്ക്കൂളുകളിൽ മാത്രാണ് സ്ത്രീകൾക്ക് അല്പം പ്രാതിനിധ്യം ഉള്ളത്. അതു കൊണ്ടുതന്നെ സ്ത്രീകളുടെ പുരോഗതി ഇവിടെ പരിമിതമാണ്. തൊഴിൽ മേഖലയിൽ സ്ത്രൂകളുടെ പങ്കാളിത്തം കാണിക്കുന്ന 1996 ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

(പട്ടിക 1 കാണുക).

ഇതു പ്രകാരം സ്ത്രീ എല്ലാ നിലയിലും തഴയപ്പെട്ടിരിക്കുന്നു എന്നു കാണാവുന്നതാണ്. അതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സ്ത്രീയും പുരുഷനും സാമൂഹ്യപുരോഗതിയിൽ തുല്യരാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ചെറുകിട വ്യവസായങ്ങൾ , കോഴിവളർത്തൽ, അടുക്കളത്തോട്ടം എന്നീ തൊഴിൽ മേഖലകളുമായി സ്ത്രീകളെ ബന്ധപ്പെടുത്തേണ്ടതുണ്ട്.

വനിതകളുടേതുമാത്രമായി ഇപ്പോൾ രണ്ടു തൊഴിൽ സ്ഥാപനങ്ങൾ നടക്കുന്നുണ്ട്. D W C R A യുടെ രണ്ടു യൂണിറ്റുകൾ കൂടി ഉടനെ പ്രാവർത്തികമാകും. പഠനത്തിൽ ഇപ്പോൾ ഹൈസ്ക്കൂൾ തലം വരെ പെൺകുട്ടികൾ മുൻപന്തിയിലാണ്. ഉന്നത വിദ്യാഭ്യാസത്തിലും സ്ത്രീകൾ ഇപ്പോൾ കുറവല്ലാത്ത പങ്കു വഹിക്കുന്നുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അക്രമം വളരെ കൂടുതല്ലെങ്കിലും അത്ര കുറവാണെന്നു പറയാനാവില്ല. സ്ത്രീകളുടെ ആത്മഹത്യാനിരക്ക് ആശങ്കാജനകമാണ്. സ്ത്രീധന പീഡനകേസ്സുകളും അറിവായിട്ടുണ്ട്. സാക്ഷരതയിൽ സ്ത്രീകൾ 50% നു താഴെയാണ്.

## പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ സ്ത്രീകൾ കടുത്ത അവഗണന നേരിടുന്നു.
2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ വിരളമാണ്.
3. സ്വയം തൊഴിൽ സംരഭങ്ങളിൽ സ്ത്രീകൾ പങ്കാളികളാകുകയോ സ്വയം മുന്നോട്ടു വരികയോ ചെയ്യുന്നില്ല.
4. തൊഴിൽ വിദ്യാഭ്യാസം സ്ത്രീകൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല.
5. തുല്യജോലിക്ക് തുല്യവേതനം എന്ന ആശയം പോലും ഇല്ല. ഗ്രാമത്തിൽ നീചമായ വിവേചനം കാണാം.
6. തൊഴിൽ രംഗത്ത് വേണ്ടതായ നിയമോപദേശങ്ങൾ സ്ത്രീകൾക്കു ലഭിക്കുന്നില്ല.
7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ കണ്ടെത്താൻ തടസ്സമായി നിൽക്കുന്നു.
8. പുതിയ പദ്ധതികളെക്കുറിച്ചോ, സർക്കാർ സഹായങ്ങളെക്കുറിച്ചോ വ്യക്തമായ അറിവു ലഭിക്കുന്നില്ല.
9. കലാകായിക രംഗങ്ങളിൽ പെൺകുട്ടികൾക്ക് പങ്കാളിത്തം കുറവാണ്.

10. സാമാന്യം വിദ്യാഭ്യാസം ഉണ്ടെങ്കിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളുടെ ഇടയിൽ കൂടുതലാണ്.
11. ഇന്നത്തെ മാധ്യമസംസ്കാരം സ്ത്രീകളുടെ സാമൂഹ്യപദവിയെ കാര്യമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1. പരുത്തി, തേങ്ങ ഇവ ധാരാളമായി ഈ പ്രദേശത്ത് ലഭ്യമാണ് ഇവയോടനുബന്ധിച്ച് നെയ്ത്തുല്പന്നങ്ങൾ ,ജാം, സ്ക്വാഷ് തുടങ്ങിയ വയും എണ്ണ, ചകിരി കൊണ്ടുള്ള ഉല്പന്നങ്ങൾ, ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കാവുന്നതാണ്.
2. ഇപ്പോൾ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ ഒരു മഹിള സെൽ രൂപീകരിക്കാം.
3. വീട്ടമ്മമാരായ സ്ത്രീകൾക്ക് വരുമാനം മാർഗം കണ്ടെത്താവുന്ന രീതിയിൽ പശു, ആട്, കോഴി എന്നിവ വളർത്തുവാനാവശ്യമുള്ള പരിശീലനവും, സഹായവും വിപണന സാദ്ധ്യതകളും നൽകി പഞ്ചായത്തു തല മേൽ നോട്ടത്തിൽ കാര്യക്ഷമമായി നടത്താവുന്നതാണ്.
4. സഹകരണാടിസ്ഥാനത്തിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തികൊണ്ട് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, തുണിനെയ്ത്ത്, ഡയറി ഫാം, അച്ചാറുണ്ടാക്കൽ, പൂകൃഷി തുടങ്ങിയവ നടത്തുവാനുള്ള സഹായങ്ങളും പരിശീലനങ്ങളും നൽകാവുന്നതാണ്.

വീട്ടുജോലികളോടൊപ്പം ചെയ്യാവുന്ന തൊഴിലുകളിലും സ്ത്രീകളെ ഏർപ്പെടുത്താവുന്നതാണ്. (റബ്ബർച്ചെരുപ്പ് പലഹാരപൊതി നിർമ്മാണം തുടങ്ങിയവ).

ലഘുഭക്ഷണശാലകൾ (ഭക്ഷണപൊതികൾ) ഏതാനും സ്ത്രീകളുടെ കൂട്ടായ ശ്രമത്തിൽ നടത്താവുന്നതാണ്.

5. തുല്യ ജോലിക്ക് തുല്യവേതനം ലഭിക്കാത്ത മേഖലയിൽ അതു ലഭ്യമാക്കുവാൻ ബോധവത്ക്കരണം നടത്തേണ്ടതും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പ്രശ്നപരിഹാരസമിതികൾ രൂപീകരിക്കാവുന്നതാണ്.
6. തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാൻ വേണ്ട ഉപദേശങ്ങളും സാഹചര്യങ്ങളും സൃഷ്ടിക്കാവുന്നതാണ്.
7. സ്വയംതൊഴിൽ കണ്ടെത്താനുള്ള സർക്കാർ വായ്പ അനുവദിക്കുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിധവകൾക്കും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും മുൻഗണന നൽകേണ്ടതാണ്.
8. സ്ത്രീകളുടെ ഇടയിലെ അന്ധ വിശ്വാസങ്ങളും, അനാചാരങ്ങളും ഉൻമൂലനം ചെയ്യുവാൻ അങ്കൺവാടി തലത്തിൽ മാതൃസംഘങ്ങൾ വിളിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്. ഡോക്ടർ, വക്കീൽ, എൻജിനീയർ, അദ്ധ്യാപകർ തുടങ്ങിയവരെ പങ്കെടുപ്പിക്കാവുന്നതാണ്.
9. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് ഉള്ള വിവരങ്ങൾ നൽകുക.
10. പുതിയ തൊഴിൽ യൂണിറ്റുകൾ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകുക.
11. സ്ക്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം നൽകുക.
12. ഈ മേഖലയിൽ സ്ത്രീധനപീഡനം വളരെ കൂടുതലാണ്. സ്ത്രീകൾക്ക് നേരിൽ ചെന്ന് മടികൂടാതെ പരാതി നൽകുവാനായി ഒരു വനിതാ പോലീസ് സ്റ്റേഷൻ ഇവിടെ സ്ഥാപിക്കേണ്ടതാണ്.
13. സ്ത്രീകളുടെ അവകാശങ്ങളേക്കുറിച്ച് ബോധവൽക്കരണം നടത്തണം.
14. ന്യൂനപക്ഷസമുദായങ്ങളിലേയും മദ്ധ്യ വർഗ്ഗ കുടുംബങ്ങളിലേയും സ്ത്രീകളെ സാമൂഹ്യ പ്രവർത്തനരംഗത്ത് കൊണ്ടുവരാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

15. പെൺകുട്ടികളെ ഉപരിവിദ്യാഭ്യാസത്തിനു പറഞ്ഞയക്കേണ്ടതില്ല എന്ന ഒരു പ്രവണത ഈ മേഖലയിലെ രക്ഷിതാക്കളിൽ വളർന്ന് വരുന്നുണ്ട്. സ്ത്രീകൾ പഠിച്ചാലും ജോലി കിട്ടുകയില്ല എന്നതാണ് ഈ മനോഭാവത്തിന് അടിസ്ഥാനം ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

16. സ്വയം തൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്ന വനിതാ വ്യവസായ സംരംഭകരെ കണ്ടെത്തി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു വ്യവസായ സെമിനാർ നടത്തുക. മുൻകൈ എടുത്ത് വ്യവസായ സംരംഭകർക്ക് വായ്പകൾ ലഭ്യമാക്കണം.

17. വനിതകൾക്കാവശ്യമായ നിയമോപദേശം ലഭിക്കുവാൻ പഞ്ചായത്തു തലത്തിൽ ഒരു ലീഗൽ അഡ്വൈസറെ നിയമിക്കണം.



## 5 - 10

# സഹകരണം

### ആമുഖം

കൊഴിഞ്ഞാമ്പാറ ഫർക്ക പ്രധാനമായും കാർഷികമേഖലയായതുകൊണ്ട് സഹകരണ പ്രസ്ഥാനത്തിൻെറ പ്രാധാന്യം വളരെകൂടുതലാണ്. ചില കാരണങ്ങളാൽ ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് ആഴത്തിലുള്ള വേരോട്ടമുണ്ടായിട്ടില്ല. മദ്രാസ് സഹകരണ ആക്റ്റുപ്രകാരം 1947 ൽ സ്ഥാപിതമായ ചിറ്റൂർ കാർഷിക വിപണന സഹകരണ സംഘമാണ് ഈ പ്രദേശത്തെ സഹകരണ മേഖലയിലെ ആദ്യത്തെ കാൽവെയ്പ്. പക്ഷെ ഈ സംഘത്തിൻെറ പ്രവർത്തനം കൊണ്ട് ഉദ്ദേശ്യ ലക്ഷ്യം സാധിച്ചുവോ എന്ന കാര്യം സംശയാവഹമാണ്. 1965 ൽ സ്ഥാപിതമായ കൊഴിഞ്ഞാമ്പാറയിലെ ഏക പ്രാഥമിക സഹകരണ സംരംഭമായ കൊഴിഞ്ഞാമ്പാറ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന സത്യം ഖേദകരമാണ്. ഈ രണ്ടു സംഘങ്ങളുടെ ആദ്യകാല പ്രവർത്തനം ജനങ്ങളുടെ ഇടയിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് തന്നെ തെറ്റിദ്ധാരണകളുണ്ടാക്കി എന്നകാര്യവും ഖേദകരമായ പരമാർത്ഥമാണ്.

ആദ്യത്തെ പ്രാഥമികസഹകരണസംഘത്തിൻെറ ഭരണസമിതി കുറച്ച കാലത്തിനു ശേഷം പിരിച്ചുവിടപ്പെടുകയും, ചെയ്യപ്പെടുകയും, നീണ്ട 14 വർഷക്കാലത്തോളം ജനകീയ പ്രാതിനിധ്യം ഇല്ലാത്ത രീതിയിൽ പ്രവർത്തിക്കുകയും ചെയ്തു. ഖാദിമേഖലയിൽ സഹകരണ സംരംഭങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല. പട്ടികജാതി/പട്ടികവർഗ്ഗമേഖലകളിലോ മറ്റുതൊഴിൽ മേഖലകളിലോ 1980 വരെ സഹകരണസംഘങ്ങൾ ഒന്നും തന്നെ ഉടലെടുത്തില്ല. വളരെയധികം പ്രതീക്ഷകളുണർത്തിയ സഹകരണസംരംഭമായ ജനത കൺസ്യൂമർ സ്റ്റോർ അടച്ചു പൂട്ടേണ്ടി വന്നു എന്ന വസ്തുത വേദനാപൂർവ്വം ഇവിടെ പരാമർശിക്കട്ടെ.

കൊഴിഞ്ഞാമ്പാറയിൽ തുടങ്ങിയ സഹകരണ ആശുപത്രി പ്രവർത്തനരഹിതമായതും പ്രസ്താവ്യമാണ്.

കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥാപിക്കപ്പെടുന്ന ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഇവിടെ എത്തിനോക്കിയിട്ടില്ല. എന്നുള്ളതും പ്രസ്താവ്യമാണ്. പച്ചക്കറി വിപണന മേഖലയിലും, ഹരിജന - ഗിരിജന മേഖലയിലും ഒരു പുത്തൻ ഉണർവ്വ് സഹകരണ രംഗത്ത് കാണുന്നത് ആശാ വഹമാണ്. ക്ഷീര വിപണന മേഖലയിൽ മൂന്നുസഹകരണ സംഘങ്ങൾ തൃപ്തികരമായി പ്രവർത്തുക്കുന്നു.ണ്ട്. ചെറുകിട കച്ചവടക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന അർബൺ ഡവലപ്പ്മെൻറ് കോപ്പറേറ്റീവ് ബാങ്ക് കച്ചവടക്കാരുടെ മേഖലയായ കൊഴിഞ്ഞാമ്പാറയിൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. സ്ത്രീകളുടെ പങ്കാളിത്തം സഹകരണമേഖലയിൽ വളരെ കുറവാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാമ്പത്തിക സഹായം നൽകുന്ന സഹകരണസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.വിദ്യാഭ്യാസ മേഖലയിൽ രണ്ട് സ്ക്കൂൾ സൊസൈറ്റികൾ പ്രവർത്തിച്ചു വരുന്നു.

## കാർഷിക മേഖല

ഈ മേഖലയിൽ ആഭിമുഖ്യത്തിൽ പ്രസ്ഥാവിക്കപ്പെട്ട രണ്ട് സഹകരണ സ്ഥാപനങ്ങളാണുള്ളത്.

I ചിറ്റൂർ കാർഷിക വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ - 613.

ചിറ്റൂർ അഗ്രികൾച്ചറൽ കോ - ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തന പരിധി ചിറ്റൂർ താലൂക്കിലെ 19 വില്ലേജുകൾ ഉൾപ്പെടുന്ന ചിറ്റൂർ ബ്ളോക്ക് ഏരിയമുഴുവനും ആകുന്നു. പ്രാരംഭ ദശയിൽ പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങളും, ന്യായവില ഷോപ്പും നടത്തിവന്നതിനു പുറമെ കർഷകർക്ക് രാസവളം, കീടനാശിനി, വിത്തിനങ്ങൾ എന്നിവയും ഉല്പന്ന പണയവായ്പയും നൽകിയിരുന്നു. 1964 മുതൽ 1975 വരെ സർക്കാരിൻെറ ലെവി നെല്ല് സംഭരണം നടക്കുന്ന ഏജൻറായി പ്രവർത്തിച്ചിരുന്നതിനോടൊപ്പം കർഷകർക്ക് ആവശ്യാമായ വിത്തുകൾ, രാസവളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയും വിതരണം നടത്തിയിരുന്നു. വായ്പേതര സംഘം ആയതിനാൽ കർഷകർക്ക് ആവശ്യമായ മേൽപ്പറഞ്ഞ സാധനങ്ങൾ റൊക്കം വിലക്ക് മാത്രമേ വില്പന നടത്താൻ സാദ്ധ്യമാകു എന്നതിന് സംഘത്തിൻെറ വിറ്റു വരവ് വളരെ കുറവായി അനുഭവപ്പെടുകയുണ്ടായി. സർക്കാരിൻെറ ലെവിനെല്ല് സംഭരണം നിർത്തലാക്കിയതോടുകൂടി സംഘത്തിൻെറ പ്രവർത്തനം തന്നെ ശോചനീയമായ അവസ്ഥയിലേക്ക് നീങ്ങുകയും ചെയ്തു.

1976 ൽ സംഘം രണ്ടു തുണി വില്പന ശാലകൾ തുടങ്ങിയതിനു പുറമെ 1980 മുതൽ റേഷൻ മൊത്ത വ്യാപാരത്തിൻെറ ഏജൻറായി പ്രവർത്തിച്ചു വരുന്നു.

ലെവി നെല്ല് സംഭരണത്തിൽ ഉണ്ടായ അനർഹമായ ആദായം ഇനത്തിൽ സംഘം സർക്കാരിലേക്ക് അടക്കേണ്ടുന്ന ഏകദേശം 10 ലക്ഷം രൂപ 20 ഗഡുക്കളായി ഓരോ വർഷവും റിസർവ്വ് വെച്ച് വരുകയാണ്. ഇപ്പോൾ സംഘത്തിന് കൊഴിഞ്ഞാമ്പാറ, പിരിവുശാല എന്നീ സ്ഥലങ്ങളിൽ രണ്ട് റേഷൻ മൊത്ത വ്യാപാര ഡിപ്പോകളും കൊഴിഞ്ഞാമ്പാറ, ആർ.വി.പുതൂർ എന്നിവിടങ്ങളിൽ രണ്ടു തുണി വില്പന ശാലകളും. സിമൻറ്, രാസവളം, കീടനാശിനി, എന്നിവയുടെ വ്യാപരവും ഉണ്ട്. അതോടൊപ്പം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തരത്തിൽ താങ്ങു വില നെല്ലു സംഭരണവും നടത്തുന്നു. കൃഷി ഭവനിൽ നിന്നും നൽകുന്ന പെർമിറ്റുകൾക്ക് വിത്തുകൾ, രാസവളം, കീടനാശിനി എന്നിവയും വിതരണം ചെയ്യുന്നു. വാർഷിക വിറ്റുവരവ് അഞ്ചു കോടി രൂപയോളം വരുമെങ്കിൽ റേഷൻ മൊത്ത വ്യാപരത്തിൽ സർക്കാർ നിശ്ചയിക്കുന്ന പരിമിതമായ കമ്മീഷൻ കാരണം വ്യാപാരനടത്തിപ്പിനുള്ള ചിലവുകൾക്കു കൂടി തികയാതെ വരുന്നു. അതിനാൽ സംഘത്തിൻെറ ഇപ്പോഴത്തെ പ്രവർത്തനം നഷ്ടത്തിലാണ്.

### നിർദ്ദേശങ്ങൾ

1. സംഘത്തിൻെറ പ്രവർത്തന മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനമൂലധനം ചുരുങ്ങിയ പലിശക്ക് ലഭ്യമാക്കണം. സർക്കാർ അനുവദിക്കുന്ന കമ്മീഷൻ ന്യായമായ രീതിയൽ വർദ്ധിപ്പിച്ചു തരേണ്ടതാണ്.
2. ഭാവിയിലെങ്കിലും മെമ്പർമാർക്കും ജനങ്ങൾക്കും ഈ സംഘം മൂലം മേൻമ ലഭ്യമാക്കുവാൻ ഉതകുന്ന രീതിയിൽ പ്രവർത്തനം നടത്തുവാൻ സംഘം തയ്യാറാകേണ്ടതാണ്. സർക്കാരിൽ നിന്നും ഉപദേശങ്ങളും സാമ്പത്തിക സഹായസഹകരണങ്ങളും ഉണ്ടാകേണ്ടതാണ്.
3. കർഷകമെമ്പർമാർക്ക് അവരുടെ ഉത്പന്നങ്ങൾന്യായമായവിലക്ക് വില്പന നടത്തുന്നതിന് ഒരു പൊതു ഏജൻസി ഇപ്പോൾ നിലവിലില്ല. സ്വകാര്യ കച്ചവടക്കാരുടേയും ഡോക്ടർമാരുടേയും മറ്റു ഇടനിലക്കാരുടേയും ചൂഷണത്തിന് വിധേയരായി കർഷകർക്ക് ലഭിക്കേണ്ട ന്യായമായ ലാഭം

നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിന് ഒരു അറുതി വരുത്തുവാൻ ഈ സംഘം മുഖാന്തിരം ഒരു റഗുലേറ്റഡ് മാർക്കറ്റ് തുടങ്ങി ആരംഭിക്കേണ്ടതാണ്. ഈ നിയന്ത്രിത വിപണി നടത്തുന്നതിന് ആവശ്യമായ സ്ഥലവും സൗകര്യവും ഇല്ലാത്തതിനാൽ അവർക്കു വേണ്ട സാമ്പത്തിക സഹായങ്ങളും മാർഗ നിർദ്ദേശങ്ങളും സഹകരണ വകുപ്പിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിൻെറ സഹകരണത്തോടുകൂടി നടപ്പിലാക്കേണ്ടതാണ്. കർഷകർക്കാവശ്യമായ നല്ലയിനം വിത്തുകൾ അന്യസംസ്ഥാനത്തുള്ള കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. ആയത് മുഴുവൻ സർക്കാരിൽ നിന്ന് കൃഷിഭവൻ മുഖാന്തിരം സബ്സിഡി നിരക്കിൽ നൽകേണ്ടതും ആയതിനുള്ള പരിപൂർണ്ണ ചുമതല ഈ സംഘത്തെ ഏൽപ്പിക്കേണ്ടതുമാണ്.

6. കർഷകരിൽ നിന്നും ഉത്പ്പന്നങ്ങൾ സംഭരിച്ച് അവ വിറ്റഴിക്കുന്ന വിപണികൾ കണ്ടെത്തണം. കാർഷിക ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

| 31-3-96 ന് സംഘത്തിലെ | അംഗങ്ങളും | ഷെയർ സംഖ്യയും |
|---|---|---|
| Aക്ലാസ്സ് (സർവ്വീസ്ബാങ്കുൾ) | 10 | |
| Aക്ലാസ് (മറ്റുസംഘങ്ങൾ) | 15 | 19420 |
| Bക്ലാസ്അംഗങ്ങൾ | 401 | 14750 |
| Cക്ലാസ് ഗവർമെൻറ് | 1. | 369400 |
| Dനാമമാത്രമെമ്പർമാർ. | 229 | 4920 |
| ആകെ | 656 | 4,08490 |

I C D Pഓഹരിസംഖ്യ 543713

സംഘത്തിന് അനുവദിച്ച ക്യാഷ് ക്രഡിറ്റ് കടങ്ങൾ.

1. റേഷൻ മൊത്ത വ്യാപാരം - 20 ലക്ഷം രൂപ
2. കൺസ്യൂമർ വ്യാപാരം - 2.50 ലക്ഷം രൂപ
3. രാസവളം കീടനാശിനി - 0.50 ലക്ഷം രൂപ

ആകെ - 23 ലക്ഷം രൂപ

II കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ - 500

കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിലെ ഏക പ്രാഥമിക കാർഷിക സഹകരണ സംഘം (ക്രഡിറ്റ്) 11-9-1961 ൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഈ സംഘത്തിൻെറ പ്രവർത്തന പരിധി (1) കൊഴിഞ്ഞാമ്പാറ (2) വലിയവള്ളംപതി (3) എരുത്തേമ്പതി (4) മഞ്ചക്കുന്നംപതി എന്നീ നാല് വില്ലേജുകളാണ്. 1993 ൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി വരുകയും, സംഘത്തിൻെറ പ്രവർത്തനം താഴെ പറയുന്ന രീതിയൽ പുരോഗതി കൈവരിക്കുകയും ചെയ്തതായി കാണുന്നു.

| | മെമ്പർഷിപ്പ് No. | സംഖ്യ | നിക്ഷേപം | കാർഷിക വായ്പ | കാർഷികേതര വായ്പ | സ്വർണ്ണാഭരണ വായ്പ |
|---|---|---|---|---|---|---|
| 1992 - ൽ | 2641 | 8,25,060 | 4,24,00421 | 36,31,123 | 84,577 | Nil |
| 1996 - ൽ | 4007 | 11,67,350 | 71,86,99254 | 60,24,778 | 4,15,903 | 58,11,149 |

പ്രവർത്തനമൂലധനം:- 1992 ൽ 49,14, 006.55
1996 ൽ 1,59,26,451.42.

**നിർദ്ദേശങ്ങൾ.**

1. സംഘത്തിൻെറ സുഗമമായ പ്രവർത്തനത്തിന് അത്യന്താപെക്ഷിതമായ നിക്ഷേപം സ്വരൂപിക്കണമെങ്കിൽ സംഘത്തിനോട് ജനങ്ങൾക്കുള്ള വിശ്വാസം ഉറപ്പിക്കേണ്ടതുണ്ട്.
2. നിലവിൽ ആൾ ജാമ്യത്തിൽ ഹ്രസ്വകാല കാർഷിക വായ്പയായി നൽകി വരുന്ന പതിനായിരം രൂപ എന്നുള്ള പരിധി (I M B P) ഇപ്പോഴത്തെ മൂല്യ ശോഷണം കണക്കിലെടുത്ത് 20,000 രൂപയായെങ്കിലും ഉയർത്തി നൽകേണ്ടതാണ്.
3. സംഘത്തിൻെറ പ്രവർത്തന പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളിലെ ഫണ്ടുകൾ (ഗ്രാമപഞ്ചായത്ത്, ചുമട്ടുതൊഴിലാളി, വെൽഫെയർ ബോർഡ്, കർഷകതൊഴിലാളി ക്ഷേമനിധി) നിക്ഷേപമായി സംഘത്തിലേക്ക് ലഭ്യമാക്കുകയാണെങ്കിൽ സംഘത്തിൻെറ പ്രവർത്തനത്തിൽ നല്ല മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
4. ഈ ബാങ്കിൻെറ പ്രവർത്തനപരിധി വളരെ വിശാലമായതിനാൽ അത്യാവശ്യമായ സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ തുറന്ന് പ്രവർത്തിച്ചാൽ മാത്രമെ എല്ലാകിടയിലുമുള്ള ജനങ്ങൾക്കും സഹകരണ ബാങ്കിൻെറ പ്രയോജനം പൂർണ്ണമായും ലഭ്യമാക്കാൻ സാധിക്കൂ. ആയിതനാൽ സർക്കാരിൻെറ ഭാഗത്തുനിന്നും ആവശ്യമായ നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും ഉണ്ടാകേണ്ടതാണ്.

**ക്ഷീരമേഖല**

കൊഴിഞ്ഞാമ്പാറ കോപ്പറേറ്റീവ് മിൽക്ക് സൊസൈറ്റി. ഈസ്ഥാപനം 1964- ൽ ആണ് സ്ഥാപിതമായത് 20 അംഗങ്ങളോടുകൂടി തുടങ്ങിയ ഈ സംഘത്തിന് ഇപ്പോൾ 459 അംഗങ്ങളുണ്ട്. പ്രതിദിനം 2100 ലിറ്റർ പാൽ സംഘം ശേഖരിച്ച് വിതരണം ചെയ്യുന്നു. ഇതേപോലെ കുന്നംങ്കാട്ടുപതിയിലും വെള്ളാരംങ്കൽ മേടിലും സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ മേഖലയിൽ പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും മൃഗസംരക്ഷണമെന്ന അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

പട്ടികജാതി സേവന സഹകരണ സംഘം ക്ലിപ്തം 849

അംഗീകൃത ഓഹരി മൂലധനം:-1,21,928 രൂപ
പിരിഞ്ഞുകിട്ടിയ മൂലധനം : 1,21,928 രൂപ
പ്രതിവർഷം ഈ സൊസൈറ്റി നിർമ്മിക്കുന്ന ബ്രഷുകളുടെ വിറ്റു വരവ്:- 1,75,398 രൂപ.

107 അംഗങ്ങളുള്ള ഈ സ്ഥാപനത്തിൽ കൂടുതൽ ഹരിജനങ്ങൾക്ക് ജോലി ലഭിക്കത്തക്ക വിധത്തിൽ സർക്കാരിൽ നിന്നും ധനസഹായം ലഭിക്കേണ്ടതാണ്.

കൊഴിഞ്ഞാമ്പാറ പച്ചക്കറി സഹകരണ സംഘം - ക്ലിപ്തം നമ്പർ 975

1992 ൽ 174 അംഗങ്ങളോടുകൂടി തുടങ്ങിയ ഈ സംഘം വളരാൻ പറ്റിയ സാദ്ധ്യതകൾ ഏറെ ഉണ്ടായിട്ടും വളർച്ച മുരടിച്ചു നിൽക്കുന്നു.

**നിർദ്ദേശങ്ങൾ**

പച്ചക്കറി ഉൽപ്പാദകർക്ക് ന്യായമായ വില ലഭ്യമാക്കുന്ന രീതിയൽ പച്ചക്കറി കൃഷിക്കാരുടെ ഒരുസഹകരണ സംഘം അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങൾ

I കാർഷിക കാർഷികേതര വായ്പാസംഘം
   a കൊഴിഞ്ഞാമ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്.

II കാർഷിക വായ്പേതരസംഘം
   a ചിറ്റൂർ അഗ്രി: കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി
   b കൊഴിഞ്ഞാമ്പാറ പച്ചക്കറി വിപണന സംഘം.

III കാർഷികേതര സംഘം

a കൊഴിഞ്ഞാമ്പാറ സഹകരണ കൺസ്യൂമർ സ്റ്റോർ

b കൊഴിഞ്ഞാമ്പാറ സോൺ പ്രൈമറി സ്ക്കൂൾ കോ-ഓപ്പറേറ്റീവ്സൊസൈറ്റി

c കൊഴിഞ്ഞാമ്പാറ കോ-ഓപ്പറേറ്റീവ് നഴ്സിംഗ് ഹോം.

d കൊഴിഞ്ഞാമ്പാറ പട്ടികജാതി സഹകരണ സംഘം. - പഴനിയാർപാളയം.

e വനിതാസഹകരണ സംഘം കരുവപ്പാറ.

f കൊഴിഞ്ഞാമ്പാറ പാൽ വ്യവസായ സഹകരണസംഘം നാട്ടുകൽ.

g വെള്ളാരങ്കൽ മേട് ആനന്ദ്മാതൃക പാൽസഹകരണ സംഘം.

## പുതിയതായി രൂപീകരിക്കേണ്ടവ

1. സഹകരണ തലത്തിലൊരു കോളേജ്.
2. ഔഷധ സസ്യ/ പുഷ്പകൃഷിവ്യവസായ സഹകരണസംഘം
3. സഹകരണ വ്യവസായ ഇൻറസ്ട്രിയൽ എസ്റ്റേറ്റ്.
4. സഹകരണ പോളി ടെക്നിക്.
5. കരിങ്കൽ തൊഴിലാളി സഹകരണസംഘം
6. ക്ഷീരവ്യവസായസഹകരണ സംഘങ്ങൾ(ആവശ്യമുള്ള സ്ഥലങ്ങളിൽ)
7. മോട്ടോർതൊഴിലാളിസഹകരണ സംഘം.
8. കയർ സഹകരണ സംഘം.
9. ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
10. അർബൺ ബാങ്ക്.
11. കാർഷികവികസനബാങ്ക് (ബ്രാഞ്ച്)
12. സഹകരണപ്രിൻറിംഗ് പ്രസ്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ ഈ പ്രസ്ഥാനത്തിൻെറ ഉന്നതലക്ഷ്യങ്ങൾക്ക് ഒത്തു ഉയരാൻ ഈ പഞ്ചായത്തിൻെറ ജനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. ഈ പ്രസ്ഥാനത്തിൻെറ സന്ദേശത്തെ ഉൾക്കൊള്ളാനോ പ്രവർത്തി പഥത്തിൽ കൊണ്ടുവരാനോ ഇവിടുത്തെ സഹകരണസംഘങ്ങൾക്ക് സാധിച്ചിട്ടില്ല. ഈ രംഗത്ത് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഈ പഞ്ചായത്തിൻെറ അസംഘടിതരായ തൊഴിലാളികളെ പ്രത്യേകിച്ച് കരിങ്കൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരുവാൻ 9-ാം ജനകീയ ആസൂത്രണ പദ്ധതിക്ക്കഴിയുമാറാകട്ടെ.

## ബോധവൽക്കരണം.

സഹകരണസംഘങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പറ്റി താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ ബോധവൽക്കരണം നടത്തണം. ഖാദിമേഖല ഇക്കാര്യത്തിൽ നമ്മുടെപ്രത്യേക ശ്രദ്ധ അർഹിക്കുന്നു.



## 5 - 11

# പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

### ആമുഖം

തമിഴ് നാടിന്റെ അതിർത്തിപ്രദേശമായ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെപ്രശ്നങ്ങൾക്കും സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളിലെ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾക്കും തമ്മിൽ വ്യത്യാസമുണ്ട്. 1980 വരെയും അയിത്തത്തിന്റെയും അടിമത്വത്തിന്റെയും തമിഴ്നാടൻ ജമീന്താർ സിസ്റ്റത്തിന്റെയും രാജവാഴ്ചയുടെയും തിക്ത ഫലങ്ങൾ അനുഭവിച്ചവരാണ് ഇവർ.

ഈ പഞ്ചായത്തിന്റെ സമീപതമിഴ്നാടൻപ്രദേശമായ രാമനാഥപുരം, പുറവിപാളയം , സമത്തൂർ എന്നീ ജമീന്താർമാരുടെയും അങ്കരാത്ത്, ചോണ്ടത്ത് ജൻമിമാരുടെയും അധീനതയിൽ ഇരുന്ന കൃഷിസ്ഥലങ്ങളിൽ പണിയെടുത്തു വന്ന തൊഴിലാളികളായിരുന്ന ഇവർ ഈ അടുത്ത കാലം വരെ ചിരട്ടയിൽ വെള്ളവും തേക്കിലയിൽ ആഹാരവും കഴിക്കേണ്ടി വന്നവരാണിവർ. ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ട ഇവർ തമിഴ്നാടൻ ഗ്രാമങ്ങളിലെ പോലെ മധുര വീരനെയും മാരിയമ്മയേയും കുല ദൈവങ്ങളായി പൂജിച്ചു വരുന്നു.

### വിദ്യാഭ്യാസം.

ഭൂരിഭാഗം കുട്ടികളും ജൻമിതത്വത്തിന്റെ നിഴലിൽ കന്നുകാലി മേയ്ക്കുന്നവരായി മാറ്റപ്പെട്ടവരാണ്. ഈ വിഭാഗക്കാരിൽ നിരക്ഷരതക്ക് കാരണം.

പട്ടികജാതി പട്ടികവർഗ്ഗക്കാർ തമ്മിൽ താമസിക്കുന്ന പ്രദേശങ്ങളിൽ നിന്ന് വിദ്യാലയങ്ങളിലേക്കുള്ള ദൂരക്കൂടുതലാണ് ഇവരുടെ നിരക്ഷരതക്ക് മറ്റൊരു കാരണം. ഉദാഹരണമായി ഈ പഞ്ചായത്തിലെ ഒന്നാംവാർഡിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായ ഇറവാള, മലയ, സമുദായത്തിൽപ്പെട്ടകോളനി നിവാസികൾക്ക് അടുത്തുള്ള വിദ്യാലയമായ ശ്രീ ഭഗവതിസ്ക്കൂൾ 6 കിലോമീറ്റർ അകലെയാണ്.

### തൊഴിൽ

ഭൂരിഭാഗവും കാർഷികതൊഴിലാളികളാണ്.സംസ്ഥാനത്ത് മറ്റുഭാഗങ്ങളിൽ കിട്ടുന്നതിനേക്കാൾവളരെ കുറവാണ് ഇവർക്കു ലഭിക്കുന്ന കൂലി. പ്രതിദിനം സ്ത്രീകൾക്ക് 25 രൂപയും പുരുഷൻമാർക്ക് 50 രൂപയുമാണ് ലഭിക്കുന്നത്. നെല്ല്, പരുത്തി, കടല, കരിമ്പ്, സോയാബീൻ, എന്നീ മേഖലകളിലാണ് ഇവരുടെ പണികൾ. ഇവ സീസൺ കാലങ്ങളിലെ പണികളാണ്. കൂലിവേലമാത്രം ചെയ്തുഉപജീവനം കഴിക്കുന്ന ഈ വിഭാഗത്തിന് സ്ഥിരമായി തൊഴിൽ ഉറപ്പുവരുത്തേണ്ടതാണ്. 18 വയസ്സുമുതൽ 35 വയസ്സുവരെയുള്ള യുവതീയുവതീക്കൾക്ക് സ്വയംതൊഴിൽ പരിശീലനം (TRYSEM) ഈ പദ്ധതിയിൽ ബ്ളോക്കിൽ നിന്നും സഹായംലഭിച്ചവരുടെ കണക്കുകളാണ് ചുവടെ ചേർക്കുന്നത്.

ട്രൈസം കൊഴിഞ്ഞാമ്പാറ I

| വർഷം | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ |
|---|---|---|---|
| 1992 - 93 | 3 | -- | 3 |
| 1993 - 94 | 2 | -- | 2 |
| 1994 - 95 | 1 | -- | 1 |
| 1995 - 96 | -- | -- | -- |
| 1996 - 97 | 1 | -- | 11 |

# കൊഴിഞ്ഞാമ്പാറ

| വർഷം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|
| 1992 - 93 | -- | -- | -- |
| 1993 - 94 | -- | -- | -- |
| 1994 - 95 | -- | -- | -- |
| 1995 - 96 | -- | -- | -- |
| 1996 - 97 | 1 | -- | 1 |

മേൽ കാണിച്ച പട്ടികയിൽ നിന്നു തന്നെ ഈ വിഭാഗത്തിൽപ്പെട്ട വളരെക്കുറച്ചു പേർ മാത്രമേ തൊഴിൽ പരിശീലനം നേടിയിട്ടുള്ളു എന്നു കാണാം. ഇത് എസ്. സി., എസ്. ടി, വിഭാഗത്തിൻെറ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള വൈമനസ്യം എന്നിവയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## D W C R A

കൊഴിഞ്ഞാമ്പാറ – 1 പട്ടിക– 2 ഇല്ല

| വർഷം | പ്രവർത്തകരുടെ എണ്ണം | യൂണിറ്റിൻെറ പേര് | എസ്. സി | എസ്. ടി. | ഒ. സി. |
|---|---|---|---|---|---|
| 1989 - 90 | 10 | ക്വാറി, പാറക്കളം, കെ. പാറ | 5 | 0 | 5 |
| 1994 - 95 | 10 | ലാൻഡ്ലൂം നാട്ടുകൽ | 3 | - | 7 |
| 1996 - 97 | 10 | ഡയറി യൂണിറ്റ്, സാമ്പ്രി | 2 | 3 | 5 |

## കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ ഐ. ആർ. ഡി. പി. യുടെ ആനുകൂല്യം ലഭിച്ച ഹരിജന - ഗിരിജന വിഭാഗക്കാരുടെ പട്ടിക

| വർഷം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|
| 1992 - 93 | 22 | - | 22 |
| 1993 - 94 | 32 | 1 | 33 |
| 1994 - 95 | 27 | - | 27 |
| 1995 - 96 | 18 | 1 | 19 |
| 1996 - 97 | 22 | 3 | 25 |

## സർക്കിൾ - 1, കൊഴിഞ്ഞാമ്പാറ
## എസ്. സി. പി.

| വർഷം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|
| 1993 - 94 | | | |
| 1994 - 95 | | | |
| 1995 - 96 | 4 | - | 4 |
| 1996 - 97 | 1 | - | 1 |

## കൊഴിഞ്ഞാമ്പാറ പഞ്ചായത്ത്
## സർക്കിൾ - 2

| വർഷം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|
| 1993 - 94 | 5 | 4 | 9 |
| 1994 - 95 | 1 | - | 1 |
| 1995 - 96 | 2 | - | 2 |
| 1996 - 97 | - | - | - |

ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ ഇവരുടെ പങ്ക് കുറവായാണ് കണക്കുകൾ കാണിക്കുന്നത്. എസ്. സി, എസ്. ടി. വെൽഫയർ ബോർഡിൻെറ കീഴിൽ കൊഴിഞ്ഞാമ്പാറ ടൗണിൽ വാണിയർ സ്ട്രീറ്റിൽ എസ്. സി/ എസ്. ടി വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാൻ ഒരു ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു.

ആനുകൂല്യം സ്വീകരിക്കുന്ന കാര്യത്തിൽ ഇവരുടെ പങ്ക് കുറവായിട്ടാണ് കണക്കുകൾ കാണിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ വെൽഫെയർ ബോർഡിന്റെ കീഴിൽ കൊഴിഞ്ഞാമ്പാറ ടൗണിൽ വാണിയർസ്ട്രീറ്റിൽ പട്ടികജാതി- പട്ടിക വർഗ്ഗ വിദ്യാർത്ഥിനികൾക്ക് താമസിച്ച് വിദ്യാഭ്യാസം നടത്താൻ ഒരുഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## പാർപ്പിടം

ഒരു പരിധി വരെ പാർപ്പിടപ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞുവെങ്കിലും ഒറ്റപ്പെട്ട കുംടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. വീടു നിർമ്മാണത്തിന് അനുവദിക്കപ്പെടുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തിയാക്കപ്പെടാതെ കിടക്കുന്നു. പഴയ വീടുകളുടെ ജീർണ്ണാവസ്ഥ കണക്കിലെടുക്കുമ്പോൾ അവ അടിയന്തിരമായി റിപ്പയർ ചെയ്യപ്പെടേണ്ടവയാണ്. ഉദാഹരണത്തിന് കറംപൊറ്റ ഹരിജൻ കോളനിയിലെ 11വീടുകളും താമസക്കാരുടെ ജീവനുപോലും അപകടം വരുത്തുന്ന അവസ്ഥയിലാണെന്നുള്ള കാര്യംപ്രസ്താവ്യമാണ്. മിക്ക കോളനികളിലും വീടുകൾക്ക് കക്കൂസും വൈദ്യുതിയും ഇല്ല.

## കുടിവെള്ളം

പഞ്ചായത്തിലെ മിക്ക കോളനികളിലും കുടിവെള്ളം എത്തിയിട്ടില്ല. ആയതിനാൽ അടുത്തുള്ള ഭൂവുടമകളുടെ കിണറുകളെയും ബോർവെല്ലുകളേയും കുടിവെള്ളത്തിനുവേണ്ടി ആശ്രിയിക്കേണ്ട അവസ്ഥയിലാണ് ഇവർ. എന്നാൽ ചിലഭൂവുടമകൾ ഇത് നിരുത്സാഹപ്പെടുത്തുന്നതിവേണ്ടി തങ്ങളുടെ കിളറുകളിൽ ചാണകവും മറ്റും കലർത്തി അസുദ്ധമാക്കുന്ന പ്രവണത ഉണ്ടെന്നസത്യം ഈ പ്രശ്നത്തിന്റെ രൂക്ഷത വെളിവാക്കുന്നു.

## പ്രശ്നങ്ങൾ.

1. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായിനിരവധി പദ്ധതികൾ ഉണ്ടെങ്കിലും യഥാർത്ഥ ഉപഭോക്താവിന് ഇത് എത്തുന്നില്ല.
2. വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യ രംഗത്തേയും അജ്ഞത.
3. ലഹരി പദാർത്ഥങ്ങളോടുള്ള ആസക്തി.
4. സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള താൽപ്പര്യമില്ലായ്മ.
5. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. ഈ മേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു.
6. കോളനികളിൽ നിരക്ഷരത ഇന്നും നിലനിൽക്കുന്നു. സാമ്പത്തികവും കുടുംബപരവുമായ കാരണങ്ങളാൽസ്ക്കൂളുകളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുന്നു.
7. വീടുവെക്കാൻ സ്ഥലമില്ല.
8. വീടുനിർമ്മിക്കാൻ നൽകുന്നധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ സാദ്ധ്യമാകാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.
9. കോളനികളിൽ ആവശ്യത്തിനു വെള്ളവും വെളിച്ചവും ഇല്ല.
10. IRDP പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
11. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും, ധനസഹായവും ലക്ഷ്യം നേടുന്നില്ല.
12. പട്ടികജാതി-പട്ടിക വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ഇല്ല.
13. കടക്കെണിയിൽ പെട്ടു പോകുന്നു.

14. ഇന്നും സ്രാമ്പി ആദിവാസികോളനി നിവാസികൾക്ക് ശ്മശാനത്തിലേക്ക് പോകുവാൻ പൊതുവഴിയില്ല.

15. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ ഹരിജൻ കോളനികളിൽ കുട്ടികൾ മഴ വെള്ളത്തിലും ചെളിയിലും കളിച്ചു വളരേണ്ട ഗതികേടിലാണ്. മഴക്കാലത്ത്, മിക്കകോളനികളിലും ഡ്രൈയിനേജ് ഇല്ലാത്ത കാരണം മഴവെള്ളം കുടിലുകളിൽ കയറുന്നു.

## സാദ്ധ്യതകൾ

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത ഉണ്ടാക്കുക.
2. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾക്കു മാത്രമായ ചെറുകിട കുടിനീർ പദ്ധതി ആവിഷ്ക്കരിക്കുക.
3. വീടു വെക്കുന്നതിനുള്ള വായ്പകളുടെ തുക ഉയർത്തുകയും ഉള്ളവ പുതുക്കു പണിയാനും അറ്റകുറ്റ പണികൾ ചെയ്യാനും പലിശ രഹിതമായ വായ്പകൾ നടപ്പിലാക്കുക.
4. അഭ്യസ്ഥ വിദ്യർക്ക് ഇപ്പോൾ നൽകിവരുന്ന വായ്പകൾ ഏകോപ്പിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുകയും വായ്പകളുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുകയും ചെയ്യുക.
5. ഈ വിഭാഗത്തിൻെറ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്ക്കാരിക ആരോഗ്യ, ശുചിത്വ ഉന്നമനത്തിനായി ഇവരുടെ ഇടയിലുള്ള വിദ്യാസമ്പന്നരായ തൊഴിൽ രഹിതരെ കണ്ടുപിടിച്ച് അവർക്ക് ചെറിയ പ്രതിഫലം നൽകി ഇവരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തുക.
6. അടുത്തടുത്തുള്ള കോളനികൾക്കുവേണ്ടി ബാലവാടികൾ തുടങ്ങുക.

## നിർദ്ദേശങ്ങൾ.

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന വികസന പദ്ധതികൾചോർച്ച കൂടാതെ അവർക്ക് എത്തിച്ചുകൊടുക്കുക.
2. പട്ടികജാതി, പട്ടിക വർഗ്ഗക്കാരെ വിളിച്ചുകൂട്ടി അവർക്ക്ഗവൺമെൻറ് നൽകുന്ന ആനുകൂല്യങ്ങൾ വികസന പദ്ധതികൾ അവ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ മനസ്സിലാക്കാൻ ബോധവൽക്കരണ ക്ലാസുകൾ മാസത്തിലൊരിക്കലെങ്കിലും നടത്തുക.
3. അഭ്യസ്ഥ വിദ്യരായ യുവതീയുവാക്കളെ തൊഴിൽ രംഗത്തേക്ക് കൊണ്ടുവരുവാൻ തൊഴിൽ പരിശീലന ക്ലാസുകൾ നടത്തുക.
4. കുല തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ട നടപടികൾ എടുക്കുക.
5. എല്ലാ വീടുകൾക്കും വൈദ്യുതി, വീട്, ഓടിടാനുള്ള ചിലവ്, കുടിവെള്ളം, കക്കൂസ് എന്നിവ സൗജന്യമായി നൽകുക.
6. എല്ലാ പട്ടിക ജാതി, പട്ടിക വർഗ്ഗ കോളനികൾക്കും സൗകര്യപ്രദമായി റോഡ് ഉണ്ടാക്കികൊടുക്കുക.
7. പട്ടികജാതി - പട്ടികവർഗ്ഗക്കാരായ കുട്ടികൾ വിദ്യാഭ്യാസ പൂർത്തിയാകാതെ പിരിഞ്ഞു പോകുന്നത് തടയുക.
8. കൊഴിഞ്ഞാമ്പാറയിൽ ഹരിജന വിഭാഗത്തിൽ പ്പെട്ട ആൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കി കൊടുക്കുക.
9. കലാരംഗത്ത് ഈ വിഭാഗക്കാരുടെ കലകൾക്ക് പ്രാധാന്യം നൽകുക.
10. വൃത്തിയുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ഇവർക്ക് വ്യക്തി ശുചിത്വത്തെക്കുറിച്ച് ഹെൽത്ത് സെൻററുകളുടെ സഹകരണത്തോടെ മാസംതോറും ആരോഗ്യ പരിപാലന ക്ലാസ്സുകൾ നടത്തുക.

11. ഗ്രാമസഭയിൽ നിന്നുമുന്നുണ്ടായ നിർദ്ദേശ പ്രകാരം ബോയൻമാരെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തുക.

12. കുടിവെള്ള പ്രശ്ങ്ങളെ സംബന്ധിച്ച ഗ്രാമസഭ നിർദ്ദേശങ്ങളെക്കുറിച്ച് പട്ടികയിൽ വിശദമായി പറഞ്ഞിട്ടുണ്ട്.

13. IHDP കോളനികളായ കുലുക്കപ്പാറ, സ്രാമ്പി, പെരുമ്പാറചള്ള, കെ.കെ.പതി, മലയകോളനി, ബോയത്തറ എന്നീ കോളനി നിവാസികളിൽ കുടിവെള്ള പ്രശ്നമാണ് കൂടുതൽ സങ്കീർണ്ണമായ പ്രശ്നം. ഇവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങൾ പട്ടികയിൽ പറഞ്ഞിട്ടുണ്ട്.

14. പട്ടികവർഗ്ഗ വിഭാഗത്തിലെ സ്രാമ്പികോളനി നിവാസികൾക്ക് ശ്മശാനത്തിലേക്കുള്ള റോഡ് നിർമ്മിച്ചുകൊടുക്കണം.

15. കുലുക്കപാറ IHDP കോളനിക്ക് ബസ് സൗകര്യം ഏർപ്പെടുത്തണം.

16. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പുറമ്പോക്കുകളിലും മറ്റും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരെയെല്ലാം പുനരധിവസിപ്പിക്കുക.

17. 50% കൂടുതൽ മാർക്കുവാങ്ങി SSLCപരീക്ഷ പാസാകുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്കും കുറഞ്ഞത് 1000 രൂപ വരെ പാരിതോഷികം നൽകുക.

18. പട്ടികജാതി-പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന എല്ലാ കോളനികളിലും ഡ്രൈനേജുകൾ നിർമ്മിക്കണം.

19. തലമുറകളായി സമൂഹത്തിൻെറ പുറം തളങ്ങളിൽ അവഗണിക്കപ്പെട്ടു കിടക്കുന്ന അധസ്ഥിതരിൽ അധസ്ഥിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ ഉദ്ധരിച്ച് വിദ്യാഭ്യാസവും തൊഴിലും സാമൂഹ്യ അംഗീകാരവും നൽകി സമൂഹത്തിൻെറ മുഖ്യധാരയിൽ കൊണ്ടുവരേണ്ടത് നമ്മുടെ ധർമമായി കാണണം.

# വൈദ്യുതി

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ എണ്ണം | കുടുംബങ്ങളുടെ എണ്ണം | വൈദ്യുതി | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|
| 1 | 1 | പാറയൻ തോട് | 13 | 16 | | വൈദ്യുതി ഇല്ലാത്ത പ്രദേശങ്ങളിൽ, |
| 2 | 2 | മലക്കാട് | 12 | 18 | | തെരുവു വിളക്ക് സ്ഥാപിച്ച് |
| 3 | 3 | കിരക്കാമ്പടി | 10 | 10 | | ഗാർഹിക കണക്ഷൻ |
| 4 | 3 | ബോയത്തറ | 46 | 50 | | കൊടുക്കേണ്ടതാണ്. |
| 5 | 4 | കരംതൊറ്റ | 11 | 11 | | |
| 6 | 5 | നാട്ടുകൽ | 11 | 11 | | |
| 7 | 6 | കരിമണ്ണ് | 10 | 15 | ഇല്ല | |
| 8 | 7 | പഴനിയാർ പാളയം | 16 | 16 | ഇല്ല | |
| 9 | 8 | കുലുക്കപ്പാറ | 10 | 17 | | |
| 10 | 8 | തെനക്കുളം | 15 | 18 | | |
| 11 | 9 | ജെ.പി. നഗർ | 17 | 21 | | |
| 12 | 10 | പെരുമ്പാറച്ചള്ള | 38 | 48 | ഇല്ല | |
| 13 | 9 | മണിമുത്തുനഗർ | 30 | 32 | ഇല്ല | |
| 14 | 2 | ചന്ദനംപിള്ളചള്ള | 13 | 14 | | |
| 15 | 8 | കുലുക്കപ്പാറമേട് | 19 | 19 | | |
| 16 | 9 | മേടംപടി | 10 | 10 | ഇല്ല | |

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ എണ്ണം | കുടുംബങ്ങളുടെ എണ്ണം | വീടുകളുടെ സ്ഥിതി | | | വീടില്ലാത്തവർ | സ്ഥലമില്ലാത്തവർ | കോളനിയല്ലാതെ അങ്ങിങ്ങായി താമസിക്കുന്നവർ | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | ഓടിട്ടവ | കോൺക്രീറ്റ് | ഓലപ്പുര | | | | |
| 1 | 1 | പാറയൻ തോട് | 13 | 16 | 7 | ഇല്ല | 6 | ഇല്ല | 9 | 20 | കുടിലുകൾ കക്കൂസുകൾ ഉള്ള ഓടിട്ട വീടുകൾ ആക്കുക |
| 2 | 2 | മലക്കാട് | 12 | 18 | 6 | ഇല്ല | 6 | ഇല്ല | 6 | 13 | |
| 3 | 3 | കിരക്കാമ്പടി | 10 | 10 | 8 | ഇല്ല | 2 | ഇല്ല | 2 | 5 | |
| 4 | 3 | ബോയത്തറ | 46 | 50 | 46 | ഇല്ല | ഇല്ല | ഇല്ല | 4 | 17 | വീടും സ്ഥലവും ഇല്ലാത്തവർക്ക് സ്ഥലവും വീടും നൽകുക |
| 5 | 4 | കരംപൊറ്റ | 11 | 11 | 11 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 14 | |
| 6 | 5 | നാട്ടുകൽ | 11 | 11 | 6 | ഇല്ല | 8 | ഇല്ല | ഇല്ല | 20 | |
| 7 | 6 | കരിമണ്ണ് | 10 | 15 | 2 | ഇല്ല | 8 | ഇല്ല | 5 | 11 | കോളനികളിൽ അല്ലാതെ താമസിക്കുന്നവർക്ക് താമസ സൗകര്യാർത്ഥം വീടും സ്ഥലവും നൽകുക. |
| 8 | 7 | പഴനിയാർ പാളയം | 16 | 16 | 11 | ഇല്ല | 5 | ഇല്ല | ഇല്ല | 10 | |
| 9 | 8 | കുലുക്കപ്പാറ | 10 | 17 | 5 | ഇല്ല | 5 | ഇല്ല | 7 | 27 | |
| 10 | 8 | തെനക്കുളം | 15 | 18 | 10 | ഇല്ല | 5 | ഇല്ല | 3 | 9 | |
| 11 | 9 | ജെ.പി. നഗർ | 17 | 21 | 16 | ഇല്ല | 1 | ഇല്ല | 4 | 15 | |
| 12 | 10 | പെരുമ്പാറച്ചള്ള | 38 | 48 | 35 | ഇല്ല | 3 | ഇല്ല | 10 | 12 | |
| 13 | 9 | മണിമുത്തുനഗർ | 30 | 32 | 24 | ഇല്ല | 6 | ഇല്ല | 2 | 8 | |
| 14 | 2 | ചന്ദനംപിള്ളചള്ള | 13 | 14 | 13 | ഇല്ല | ഇല്ല | ഇല്ല | 1 | 16 | |
| 15 | 8 | കുലുക്കപ്പാറമേട് | 19 | 19 | 14 | ഇല്ല | 5 | ഇല്ല | ഇല്ല | 5 | |
| 16 | 9 | മേടംപടി | 10 | 10 | 6 | ഇല്ല | 4 | ഇല്ല | ഇല്ല | 22 | |

# കുടിവെള്ളം

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ എണ്ണം | കുടുംബങ്ങളുടെ എണ്ണം | കുടിവെള്ളം | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|
| 1 | 1 | പാറയൻ തോട് | 13 | 16 | ഇല്ല | |
| 2 | 2 | മലക്കാട് | 12 | 18 | ഉണ്ട് | ബസ് സ്റ്റാൻറിന്റെ പുറകിൽ ബോർ |
| 3 | 3 | കിരക്കാമ്പടി | 10 | 10 | ഉണ്ട് | വെൽ സ്ഥാപിച്ചു നിലവിലുള്ള |
| 4 | 3 | ബോയത്തറ | 46 | 50 | ഉണ്ട് | പൈപ്പുമായി ബന്ധിപ്പക്കുക. |
| 5 | 4 | കരംപൊറ്റ | 11 | 11 | ഉണ്ട് | |
| 6 | 5 | നാട്ടുകൽ | 11 | 11 | ഇല്ല | |
| 7 | 6 | കരിമണ്ണ് | 10 | 15 | ഇല്ല | കോറയാറിൽ റി. കിണർ സ്ഥാപിച്ച് |
| 8 | 7 | പഴനിയാർ പാളയം | 16 | 16 | ഇല്ല | ഫിൽറ്റർ ചെയ്തു 5 കി. മീ. പൈപ്പ് |
| 9 | 8 | കുലുക്കപ്പാറ | 10 | 17 | ഇല്ല | കണക്ഷൻ ചെയ്താൽ ഈ മൂന്ന് |
| 10 | 8 | തെനക്കുളം | 15 | 18 | ഇല്ല | കോളനികളിലും കുടിവെള്ളപ്രശ്നം |
| 11 | 9 | ജെ.പി. നഗർ | 17 | 21 | ഉണ്ട് | പരിഹരിക്കാം. |
| 12 | 10 | പെരുമ്പാറച്ചള്ള | 38 | 48 | ഇല്ല | വലിയ ഏരിയിൽ നിന്നും വെള്ളം |
| 13 | 9 | മണിമുത്തുനഗർ | 30 | 32 | ഉണ്ട് | ഫിൽറ്റർ ചെയ്ത് പൈപ്പു വഴി |
| 14 | 2 | ചന്ദനംപിള്ളച്ചള്ള | 13 | 14 | ഇല്ല | എത്തിക്കണം |
| 15 | 8 | കുലുക്കപ്പാറമേട് | 19 | 19 | ഉണ്ട് | |
| 16 | 9 | മേടംപടി | 10 | 10 | ഉണ്ട് | |



# 5-12
# വിഭവസമാഹരണം

കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി എന്നീ പഞ്ചായത്തുകൾ ചേർന്ന മേഖലയെ കൊഴിഞ്ഞാമ്പാറ ഫർക്ക എന്നു വിളിക്കുന്നു. സാംസ്ക്കാരികമായി ഈ മേഖല കേരളത്തിന്റെ മറ്റു പ്രദേശങ്ങളിൽ നിന്ന് വിഭിന്നമാണ്. എരുത്തേമ്പതി പഞ്ചായത്തും, വടകരപ്പതി പഞ്ചായത്തും സാമൂഹികമായും, സാമ്പത്തികമായും, വളരെ പിന്നിൽ നിൽക്കുന്ന പഞ്ചായത്തുകളാണ് കൊഴിഞ്ഞാമ്പാറയുടെ ഭാഗധേയങ്ങൾ വടകരപതിയോടും, എരുത്തേമ്പതിയോടും ബന്ധപ്പെട്ടു കിടക്കുന്നു. ഈ ഫർക്കയുടെ പ്രത്യേകത ഇവിടുത്തെ കാലാവസ്ഥയാണ്. ഈ പ്രത്യേക തരം കാലാവസ്ഥ മിക്കവാറും എല്ലാ വിളകൾക്കും യോജിച്ചതാണ്. എന്നാൽ വൈകിയെത്തുന്ന കാലവർഷവും, ഇടയ്ക്കിടെയുണ്ടാകുന്ന വരൾച്ചയും ഈ ഫർക്കയുടെ സാമ്പത്തികഭദ്രതയെ അട്ടിമറിക്കുന്നു.

കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് അടിസ്ഥാനപരമായി ഒരു കാർഷിക മേഖലയാണ്. വിളയിറക്കുന്ന മണ്ണുമായി ഒരുതരം വൈകാരികബന്ധം തന്നെ ഈപ്രദേശത്തെ കർഷകർക്കുണ്ട്. വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഇവിടുത്തെ ജനങ്ങൾ കാണിക്കുന്നവൈമനസ്യം ഇതിനുദാഹരണമാണ്. ഈ പഞ്ചായത്തിലെ 12-ാം വാർഡിൽ സ്ഥിതിചെയ്യുന്ന "ഭഗവതി ടെക്സ്റ്റൈൽസും", നാട്ടുകല്ലിനടുത്ത് നിർമ്മാണഘട്ടത്തിൽ ഇരിക്കുന്ന 'മഹാശക്തിസ്പിന്നേർസും' ആണ് രണ്ടുപ്രധാന വ്യവസായ സ്ഥാപനങ്ങൾ.

കോൺക്രീറ്റ് വീടുകൾ ഈ പഞ്ചായത്തിൽ അപൂർവ്വമായേ കാണപ്പെടുന്നുള്ളു. 1982-83 കാലഘട്ടത്തിലെ ബോർഡ് നിലവിലുള്ളപ്പോൾ മേനോൻപാറ ഷുഗർ ഫാക്ടറിക്ക് കരിമ്പു കൊണ്ടുപോകുന്ന റോഡുകളെല്ലാം ഭാഗികമായി അവർ റിപ്പയർ ചെയ്തിരുന്നു. ഇപ്പോൾ ഈ പദ്ധതി അജ്ഞാതകരാണങ്ങളാൽ നിർത്തി വച്ചിരിക്കുകയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം പരോക്ഷമായി ഈ മേഖലയിൽ ദൃശ്യമാണ്. മലപ്പുറം, കോഴിക്കോട്, തൃശൂർ എന്നീ ജില്ലകളിലെ ഗർഫുകാർ ഇവിടെവന്ന് ചുരുങ്ങിയ വിലയ്ക്ക് ഭൂമിവാങ്ങി കൃഷിയിറക്കുന്നത് സാധാരണയായി തീർന്നിരിക്കുന്നു.

കൃഷി ലാഭകരമല്ലാത്ത നിലയാണിത്. ഉയർന്നു വരുന്ന കൂലിച്ചെലവും, ജോലിക്കാരെ കിട്ടാനുള്ള ബുദ്ധിമുട്ടും കർഷകരെ വട്ടം കറക്കുന്നു. നെൽകൃഷി ഒട്ടും ലാഭകരമല്ലാ

## (i) വിനോദ നികുതി

കൊഴിഞ്ഞാമ്പാറ ടൗണിൽ തന്നെ സ്ഥിതി ചെരുന്ന 3 സ്ഥിരം തിയേറ്ററുകളുണ്ട്. മേൽക്കാണിച്ച പട്ടികയിൽ നിന്ന് 91-92 വർഷത്തിൽ ലഭിച്ച നികുതിയേക്കാൾ 32% കുറവാണ് 95-96 ൽ കിട്ടിയത് എന്ന സത്യം വ്യക്തമാണ്. ഇത് ഗുണകരമല്ലാത്ത വസ്തുതയാണ്. സാറ്റലൈറ്റ് ടി.വി. യുടെ കടന്നാക്രമണമാണ് ഇതിനു കാരണം എന്ന വാദം സ്വീകരിക്കാൻ വയ്യ. കൊഴിഞ്ഞാമ്പാറ തിയേറ്ററുകളിൽ നിന്ന് സിനിമ കണ്ടിറങ്ങുന്ന ജനക്കൂട്ടം ഈ വാദത്തെ തിരുത്തുന്നു. ഈ കാലയളവിൽ തിയേറ്ററുകാർ രണ്ടു പ്രാവശ്യം ടിക്കറ്റിന്റെ നിരക്ക് കൂട്ടിയിട്ടുണ്ട്. പുതിയ ഗ്രാമസഭാബോർഡ് വിനോദനികുതി കൂട്ടുവാൻ വേണ്ടി ഒരു നീക്കം നടത്തിയിട്ടുണ്ട് എന്ന വസ്തുത ആശ്വാസജനകമാണ്. 1-09-96 മുതൽ 30-11-96 വരെ മൂന്നു മാസത്തേക്ക് വിനോദനികുതി ഓരോ തിയേറ്ററിനും കോമ്പൗണ്ട് ചെയ്തിരിക്കുകയാണ്. ഓരോ തിയേറ്ററും മാസത്തിൽ 8,500 രൂപ പഞ്ചായത്തിന് ഈയിനത്തിൽ കെട്ടണം. ഈ നിരക്ക് പുതുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തു ബോർഡിന് 1996 നവംബർ മാസം മുതൽ ഉണ്ട്. ഈയിനത്തിൽ ലഭിക്കുന്ന സംഖ്യകൂട്ടാനുള്ള തീരുമാനം പഞ്ചായത്ത് ബോർഡ് എടുക്കണം. ഈ നീക്കം വിഭവസമാഹരണത്തിന്റെ ആക്കം കൂട്ടും എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോഴത്തെ നിരക്കിൽ അടുത്ത പന്ത്രണ്ടു മാസത്തിൽ 3,06,000 രൂപ വരവു പ്രതീക്ഷിക്കുന്നു. 96-97 കാലയളവിൽ ഈ നികുതിയിനത്തിൽ ഉള്ള വരവ് കാര്യമായി വർദ്ധിപ്പിച്ചേ മതിയാവൂ.

## (ii) തൊഴിൽ നികുതി

തൊഴിൽനികുതിയിനത്തിൽ വരുമാനം കാര്യമായി വർദ്ധിച്ചിട്ടില്ല തൊഴിൽ നികുതിയുടെ അടിസ്ഥാനം കുറെക്കൂടി വിശാലമാക്കണം. കൂടിതൽ ജനങ്ങളെ ഈ വിഭവത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി വരുമാനം കൂട്ടാൻ ശ്രദ്ധിക്കണം. ഇവിടെയാണ് ബോധവത്കരണത്തിന്റെ പ്രസക്തി. കൂടുതൽ പേർക്ക് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം നൽകണം. ഇത് വിഭവസമാഹരണത്തിന്റെ ഒരു ഭാഗമാണ്.

## (iii) ഓട്ടോസ്റ്റാൻറ്

ബസ് സ്റ്റാൻറിന്റെ ഉള്ളിൽ പാർക്കു ചെയ്യുന്ന ഓട്ടോറിക്ഷകളിൽ നിന്ന് പാർക്കിങ്ങ് ചാർജ് ഈടാക്കാവുന്നതാണ്. ഏകദേശം 80-ഓളം ഓട്ടോറിക്ഷകൾ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ഇത് പഞ്ചായത്തിന് ഒരു സ്ഥിരവരുമാനമാണ്. ഡ്രൈവർമാർക്ക് ഒരു ഷെൽറ്റർ കെട്ടികൊടുക്കേണ്ടതാണ്.

## (iv) ബസ്സ്റ്റാൻറിന് മൂന്നാം നില

ബസ്സ്റ്റാൻറിന് ഒരു മൂന്നാം നില കെട്ടണം. അത് റൂമുകളായി വിഭജിച്ച് വാടകയ്ക്ക് കൊടുക്കാം. ഈ താമസ സൗകര്യം ലേല വ്യവസ്ഥയിൽ കൊടുക്കുന്നതാണ് അഭികാമ്യം. ഇത് പഞ്ചായത്തിന് ഒരു സ്ഥിരവരുമാനമാവും.

## (v) പ്രതിദിന ചന്ത

ബസ്സ്റ്റാൻറിനു മുമ്പിൽ ഒഴിഞ്ഞു കിടക്കുന്ന പഞ്ചായത്തുവക സ്ഥലത്ത് ഇരുപത് പീടികകൾ കെട്ടി വാടകയ്ക്ക് കൊടുക്കാവുന്നതാണ്. കേന്ദ്രീകൃതമായി എല്ലാ വസ്തുക്കളും ലഭിക്കുന്ന ഒരു പ്രതിദിന ചന്തയായി ഇതിനെ മാറ്റണം. ഇപ്പോൾ പഞ്ചായത്തിലുള്ള അഞ്ച് പച്ചക്കറി മണ്ടികൾ ഇങ്ങോട്ടു മാറ്റണം. ബസ്സ്റ്റാൻറിലെ പീടികകൾ വാടകയ്ക്ക് കൊടുത്ത രീതി ഇവിടെയും തുടരണം. ഇത് പഞ്ചായത്തിന് ഒരു സ്ഥിരം വരുമാനമാണ്.

## (vi) കാലിച്ചന്ത

കൊഴിഞ്ഞാമ്പാറക്കാരുടെ ചിരകാലസ്വപ്നമായ കാലിച്ചന്ത തുടങ്ങുവാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്. കന്നുകാലികളെ വാങ്ങുവാനും, വിൽക്കുവാനും കർഷകർ ഇപ്പോൾ പൊള്ളാച്ചിയിലേക്കും, എലിപ്പാറയിലേക്കും ആണ് പോകുന്നത്. പഞ്ചായത്ത്രാജ് സംവിധാനം നിലവിൽ വന്നതോടുകൂടി മൃഗാശുപത്രികൾ

പഞ്ചായത്തിൻെറ കീഴിലാണ്. കൊഴിഞ്ഞാമ്പാറ മൃഗാശുപത്രിയുടെ ചുറ്റുമുള്ള രണ്ടേക്കർ സ്ഥലം ഈ ആവശ്യത്തിനായി ഉപയോഗിക്കാം. ലേല വ്യവസ്ഥയിൽ ഈ കാലിച്ചന്ത കൊടുക്കാവുന്ന താണ്. ഇത് പഞ്ചായത്തിൻെറ സ്ഥിരവരുമാന മാണ്.

## (vii) കെട്ടിടനികുതി

കെട്ടിടനികുതിഘടന ശാസ്ത്രീയമായും, കാലോചിതമായും പരിഷ്കരിക്കണം. ധാരാളം വീടുകൾ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കെട്ടപ്പെടും. അവയിൽ മിക്കതും കോൺക്രീറ്റു വീടികളായിരിക്കും. ഇക്കൊല്ലത്തെ കണക്കനു സരിച്ച് ഒരു കോൺക്രീറ്റ് വീട് കെട്ടി ഫിനിഷ് ചെയ്താൻ ഒരു ചതുരശ്ര അടിക്ക് ഏകദേശം 400 രൂപയെങ്കിലും ചെലവാകും. ഈ അടിസ്ഥാന ത്തിലായിരിക്കണം പുതിയ കെട്ടിടങ്ങൾക്കുള്ള കെട്ടിടനികുതി കണക്കാക്കേണ്ടത്. ഈ നിരക്ക് കാലാകാലങ്ങളിൽ പുതുക്കുകയും വേണം. ഓടുമേഞ്ഞ വീടുകളുടെ കാര്യത്തിൽ നിരക്കു പുതുക്കുന്നതിന് സാങ്കേതികസഹായം തേടണം. ഈ രംഗത്ത് ഉദ്യോഗസ്ഥൻമാരുടെ ആത്മാർത് ഥമായ സഹകരണം ഉണ്ടാവണം. ഭാവിമുമ്പിൽ കണ്ടുകൊണ്ടുവേണം ഈ രംഗത്ത് പഞ്ചായത്ത് ബോർഡ് പ്രവർത്തിക്കേണ്ടത്. നിലവിലുള്ള വീടുകൾക്ക് പഴയ നിരക്കു തന്നെ ഈടാക്കാവുന്ന താണ്. കെട്ടിടം കെട്ടാനുള്ള ചെലവിനെ കുറച്ചു കാണുന്നത് വിഭവ സമാഹരണത്തിന് വലിയ ദോഷം ചെരും. അതേപോലെ പഴയ വീടുകളുടെ വിസ്തൃതി കൂട്ടുമ്പോൾ അക്കാര്യം പഞ്ചായത്ത് അധികൃതരെ അറിയിക്കുവാനുള്ള പൗരബോധം ജനങ്ങളിൽ സൃഷ്ടിക്കണം.

## (viii) വീട്ടുമുറ്റം കോൺക്രീറ്റ് ചെയ്യൽ

ഇത് പരിതസ്ഥിതി പ്രശ്നമാണ്. വീട്ടുമുറ്റത്ത് മരം നടുക എന്ന സങ്കല്പത്തിനു പകരം കോൺക്രീറ്റിടുക എന്നുള്ള പുതിയ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. "ഗ്രീൻ കൊഴിഞ്ഞാമ്പാറ" എന്ന സങ്കല്പത്തിന് വിരുദ്ധ മാണ് ഈ പ്രവണത. മുറ്റം കോൺക്രീറ്റ് ചെയ്യുന്ന വരിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്. ഭൂഗർഭജലത്തിൻെറ അളവ് ഈ കോൺക്രീറ്റ് ചെയ്യൽ കുറയ്ക്കും.

## (ix) പാവപ്പെട്ടവർക്കുവേണ്ടി ക്ഷേമനിധി

സഹായം അർഹിക്കുന്ന വളരെ സാമ്പത്തികമായി താഴ്ന്ന വരുമാനക്കാർക്കു വേണ്ടിയാണ് ഈ പദ്ധതി. സാമ്പത്തികമായി കഴിവുള്ളവരിൽ നിന്നും ഒരു സംഖ്യ സ്വീകരിച്ച് ബാങ്കിൽ നിക്ഷേപിക്കണം. പാവപ്പെട്ട കുട്ടി കളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഈ ഫണ്ടിൽ നിന്ന് സഹായം നല്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്താൻ പഞ്ചായത്തിൻെറ സാമ്പത്തിക സർവ്വെ അടിസ്ഥാനമാക്കണം. ഇത്തരം കുടുംബങ്ങളിലെ കുടുംബനാഥൻ മരണപ്പെട്ടാൽ ഈ ഫണ്ടിൽനിന്ന് സഹായം നല്കാം. ഈ ക്ഷേമപദ്ധതിയുടെ വിജയം ജനങ്ങളുടെ നിസ്സ്വാർത്ഥ സഹകരണം കൊണ്ടേ സാദ്ധ്യമാവുകയുള്ളു.

## (x) സ്റ്റാമ്പ് ഡ്യൂട്ടി

ഈ പഞ്ചായത്തിൽ ഈ നികുതിയിന ത്തിലുള്ള വരവിൽ കാര്യമായി പുരോഗതി ഇല്ല. തൊട്ടടുത്ത തമിഴ്നാട്ടിൽ സ്റ്റാമ്പ് ഡ്യൂട്ടി കൂടു തലാണ്. അതുകൊണ്ട് തമിഴ്നാട്ടുകാർ ഭൂസ്വത്ത് ഇവിടെ രജിസ്റ്റർ ചെയ്യാൻ ശ്രമിക്കുന്നു. ഈ നികുതിയുടെ ഒരോഹരി പഞ്ചായത്തിനുള്ള താണ്. മിക്ക ഭൂസ്വത്തും വളരെ താഴ്ന്ന നിരക്കിലാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. നമ്മുടെ പഞ്ചായത്തിലെ ഭൂസ്വത്ത് കൈമാറ്റം ചെയ്യപ്പെടു മ്പോൾ സർക്കാരിനും, പഞ്ചായത്തിനും ഭീമമായ നഷ്ടമാണ് വന്നു ചേരുന്നത്. അതുകൊണ്ട്, പഞ്ചായത്തു ഭരണസമിതി റവന്യൂവകുപ്പിൻെറ സഹായത്തോടുകൂടി ഓരോ സർവെനമ്പരും ഇത്ര വിലക്കുതാഴെ കൈമാറ്റം ചെയ്യപ്പെടാൻ പാടില്ല എന്നു കാണിച്ച് പുതിയ നോട്ടിഫിക്കേഷൻ ഇറക്കേണ്ടതാണ്. ഇത് പഞ്ചായത്തിൻെറ വരുമാ നം കാര്യമായി വർദ്ധിപ്പിക്കും.

## (xi) മേനോൻപാറ ഷുഗർ ഫാക്ടറി,

കരിമ്പുകൊണ്ടുപോകുവാൻ ഉപയോഗി ക്കുന്ന റോഡുകൾ റിപ്പയർ ചെയ്യാൻ തയ്യാറാ

വണം. ഫാക്ടറിയുടെ ഭരണസമിതി ഇതിനു സന്നദ്ധമാവണം. 1982-83 കാലഘട്ടങ്ങളിൽ ഫാക്ടറി ഇത്തരം കാര്യങ്ങൾ ചെയ്തിരുന്നതാണ്. ഷുഗർ ഫാക്ടറി ഇക്കാര്യത്തിൽ സഹായിക്കുകയാണെങ്കിൽ വലിയൊരു ധനചെലവ് പഞ്ചായത്തിനൊഴിവാക്കാൻ കഴിയും.

## (xii) കള്ളിന് പഞ്ചായത്ത് സെസ്സ്

ഈ പഞ്ചായത്തിൽ ധാരാളം തെങ്ങിൻ തോട്ടങ്ങളുണ്ട്. കേരവിപണന മാർക്കറ്റിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന അസ്ഥിരത കർഷകൻെറ വരുമാനത്തെ ബാധിക്കുന്നു. അതുകൊണ്ട് കർഷകൻ, തെങ്ങു ചെത്താൻ കൊടുക്കുക എന്ന ലാഭകരമായ ചിന്തയിലേക്ക് തിരിഞ്ഞു. മുൻ ഗവർമെൻറ് കൊണ്ടുവന്ന ചാരായനിരോധനം തെങ്ങു ചെത്തുവാൻ കൊടുക്കുന്ന നിരക്കിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കി.

അനൗദ്യോഗിക കണക്കുകളനുസരിച്ച് കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് മേഖലയിൽ നിന്നുള്ള തെങ്ങിൻ തോട്ടത്തിൽ നിന്ന്, പ്രതിദിനം 50,000 ലിറ്റർ കള്ള് ചെത്തുന്നുണ്ട്. കുറഞ്ഞത് 30,000 ലിറ്റർ കള്ള് പുറത്തേക്ക് പോകുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരുലിറ്റർ കള്ളിന് 10 പൈസ എന്ന കണക്കിൽ പഞ്ചായത്ത് സെസ്സ് ഏർപ്പെടുത്തിയാൽ ഓരോ ദിവസവും പഞ്ചായത്തിന് 3000 രൂപ വരുമാനം ഉണ്ടാകും. കള്ളു കോൺട്രാക്ടർമാർക്കം ഈ നിരക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നും ഉണ്ടാക്കുകയില്ല. ഈ പദ്ധതി എക്സൈസ് വകുപ്പും പഞ്ചായത്തും ഒരുമിച്ച് നിന്നാലെ പ്രായോഗികമാവൂ. കോൺട്രാക്ടർമാർ ഈ സെസ്സ് എക്സൈസ് ഡിപ്പാർട്ട്മെൻറിൽ അടയ്ക്കേണ്ടതാണ്. എക്സൈസ് വകുപ്പ് ഈ സംഖ്യ പഞ്ചായത്തിൽ ഏൽപ്പിക്കണം. ഔദ്യോഗികമായ എന്തെങ്കിലും കടമ്പകൾ തരണം ചെയ്യേണ്ടതുണ്ടെങ്കിൽ പഞ്ചായത്ത് ഗവർമെൻറിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. കൊഴിഞ്ഞാമ്പാറയിലെ ജനങ്ങൾ ഇത്തരം ഒരു പദ്ധതിയുടെ പിന്നിൽ ഉറച്ചു നിൽക്കുമെന്ന കാര്യം തീർച്ചയാണ്. ഈ പദ്ധതി അധികാര വികേന്ദ്രീകരണത്തിൻെറ ഒരു ഭാഗവുമാണ്.

ജനകീയാസൂത്രണത്തിൻെറ വിജയവും വിഭവസമാഹാരണത്തിൽ ജനങ്ങൾ കാണിക്കുന്ന താല്പര്യത്തെ ആശ്രയിച്ചിരിക്കുന്നു. വിഭവം എങ്ങിനെയൊക്ക ഉപയോഗിക്കണം എന്ന് തീരുമാനിക്കുന്നത് ജനങ്ങളാണ്. മനുഷ്യ വിഭവശേഷി ആസൂത്രണത്തിൽ വലിയ പങ്കുവഹിക്കുന്നു. ഈ വിഭവം വിലമതിക്കാൻ പറ്റാത്തതാണ്. അവനവന് ചെയ്യാൻ കഴിയുന്ന പൊതുജനോപകാരപ്രദമായ കാര്യങ്ങൾ അവനവൻ തന്നെ ചെയ്യുക എന്നത് ശീലമാക്കണം. മഴ തുടങ്ങുന്നതിനുമുമ്പ് മൺറോഡുകളുടെ ഇരുവശത്തും വെള്ളം ഒലിച്ചുപോവുന്നതിന് ചാലുണ്ടാക്കുവാൻ പഞ്ചായത്തിനെ കാത്തിരിക്കേണ്ട ആവശ്യമില്ല. പ്രത്യേകിച്ചും ഈ കാർഷികമേഖലയിൽ. പൊതു ജനപങ്കാളിത്തത്തോടുകൂടി കൊഴിഞ്ഞാമ്പാറയിലെ ഓടകളിലെ മാലിന്യം പഞ്ചായത്ത് നീക്കം ചെയ്തത് ജനപങ്കാളിത്തത്തിൻെറ ഉത്തമോദാഹരണമാണ്. വീടുകളിലെ വെള്ളം റോഡിലേക്ക് ഒഴുക്കാതിരിക്കുന്നത് ജനകീയപങ്കാളിത്തത്തിൻെറ ഒരു ഭാഗമാണ്. എല്ലാ പൊതുജനോപകാരപ്രദമായ പ്രവൃത്തികൾക്കും കൊഴിഞ്ഞാമ്പാറയിലെ കച്ചവടക്കാർ സംഭാവനകൾ നൽകാറുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും വികസന പ്രവർത്തനങ്ങളിൽ ധനപരമായ സഹായങ്ങൾ നൽകി വരുന്നു.

വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലും പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ജനകീയപങ്കാളിത്തത്തോടുകൂടി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മൂത്രപ്പുരകൾ കെട്ടണം. രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം. പഞ്ചായത്ത് എന്നുപറഞ്ഞാൽ വെറും റോഡുനിർമ്മാണം, മണ്ണിടൽ എന്നിവ മാത്രമാണ് എന്ന ചിന്ത ജനങ്ങളിൽ നിന്ന് അകറ്റണം. ജനകീയാസൂത്രണം, ജീവിതത്തിൻെറ വിവിധമേഖലകളെ സ്പർശിക്കുന്ന ഒന്നാണെന്ന് ജനങ്ങൾ അറിഞ്ഞിരിക്കണം.

## SOCIO ECONOMIC SURVEY CONSOTIDATION FORM NOVEMBER '96 KOZHINJAMPARA PANCHAYATH

WARD NO: 01 TO 12

## FAMILY DETAILS

| Total No of Houes | Total No of people | | | Age | Mother Tongue | Profession | Marital Status | | | Handicapped Others | | | | | SC | ST | Milk | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Male | Female | Total | | | | Married | Un married | Widow | Physically | Mentally | Communicable Dieses | Yes | No | | | Home Milk | Outside Milk |
| 5867 | 13351 | 14102 | 27453 | | Malayalam 2761<br>Tamil 2849<br>Telungu 227<br>Kannada 21<br>Urudu 8<br>Hindi 1 | Govt.. Employee 316<br>Private " 663<br>Business 833<br>Defence 17<br>Other State 218<br>Abrode 93<br>Agriculture Labourer 1570<br>Cooly 4561<br>Pensioners 83 | 17575 | 10483 | 1293 | 140 | 59 | 147 | 1949 | 4148 | 2841 | 535 | 1713 | 2469 |

# HOUSE AND SURROUNDINGS

| TOTAL HOUSES | OWN | | | Rented | Tiled / Terrece | Thathed | | Fuel | | Gas | Paree shed | Bio gas | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | Patta | Thari kutty | Forom Pokkd | | | Yes | No | Wood | Stove | | | | |
| | 4875 | 384 | 196 | 403 | 4024 | 1525 | 33 | 4772 | 302 | 252 | 55 | 92 | |

| Drinking Water | | | | | | Own pipe Connection needed | | Electrifiied | | Latrine | |
|---|---|---|---|---|---|---|---|---|---|---|---|
| Well | | Bore well | | | | | | | | | |
| Own | Common | Own | Common | Own | Common | | | | | | |
| 1416 | 406 | 137 | 270 | Nil | 2373 | 4109 | 1758 | 2991 | 2876 | 2331 | 3536 |

## Educational Qualification

| up to SSLC | Graduate | PG | Techno. | School Going | | | College | Others | Drop Rules | |
|---|---|---|---|---|---|---|---|---|---|---|
| | | | | Pre-Primery | UP | HS | going | Boys | Girls | |
| 3546 | 476 | 90 | 196 | | | | 251 | 63 | 206 | 207 |

## Economic Position

| AGRICULTURE | | | | | | | SOIL | | | | Other : 15 | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Land Area Owners | Own | Patta | Lease | Dry | Waste | Wet | Black | Red | Cly | Sand | Only Rain | Well | Bore well | Cannel | Paddy | Sugar Cane |
| 1492 | 1365 | 1072 | 55 | 754 | 154 | 1148 | 307 | 468 | 240 | 221 | 446 | 783 | 110 | 298 | 558 | 347 |
| | | | | | | | | | | | Grounnut 101 | Cotton 336 | Coconut 642 | Soya 140 | Soya 140 | Plantation 65 |

## SELF EMPLOYMENT SCHEME

| YES | NO | MALE | FEMALE | IN CO CO-SECTOR | IN DIARY SECTOR | TAILORING | BASKET MARKETING | MAT WEAVING | POULTRY | OTHERS | |
|---|---|---|---|---|---|---|---|---|---|---|---|
| 2688 | 936 | 1359 | 1121 | 336 | 1031 | 401 | 200 | 99 | 462 | NIL | |

## SOCIAL WALFARE SCHEME

| Nature of Pension | Yes | No |
|---|---|---|
| Agriculture Labour's pension | 142 | 625 |
| Widows Pension | 118 | 930 |
| Old Age Pension | 144 | 614 |
| Un Employment Dole | 409 | 600 |
| Daughters of Widows Marriage Assistance | 174 | 321 |
| Ration Card | 4989 | 878 |

## OPTION POLL

| No - Option | Good | Satisfactory | Bad |
|---|---|---|---|
| 655 | 2633 | 2076 | 1103 |

## LOAN FASCILITIES

| | |
|---|---|
| In C-op Bank | 592 |
| Privete Bank | 64 |
| Nationalised Bank | 278 |
| IRDP | 170 |
| JRY | 7 |
| Other | Nil |



# ഉപസംഹാരം

ജനാധിപത്യപ്രക്രിയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ ആഴത്തിൽ മനസ്സിലാക്കാനുള്ള സംവിധാനമാണ് ഗ്രാമപഞ്ചായത്ത്. ഭരണപരമായി ജനങ്ങളുമായുള്ള ആദ്യത്തെ സമ്പർക്ക ബിന്ദുവാണ് ഗ്രാമ പഞ്ചായത്ത്. ഭരണസ്ഥാപനങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് സമ്പർക്കം പുലർത്താവുന്ന ഒരു സംവിധാനമാണ് ഗ്രാമപഞ്ചായത്ത്. വികേന്ദ്രീകരണത്തിൻെറ പ്രസക്തിയും പ്രാധാന്യവും ഇവിടെയാണ്.

ആസൂത്രണം എന്ന പ്രക്രിയ ഉദ്യോഗസ്ഥ തലങ്ങളിൽ മാത്രം ഒതുക്കി നിർത്താവുന്ന ഒരു കാര്യമല്ല. ഗ്രാമത്തിൻെറ ഉൾത്തുടിപ്പ് മനസ്സിലാക്കാതെയാണ് ഇതുവരെ ആസൂത്രണം നടന്നുവന്നിരുന്നത്. കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്ന പദ്ധതി വിഹിതത്തിൻെറ ചെറിയൊരംശം മാത്രമെ ഇന്ന് ഗ്രാമങ്ങളിൽ എത്തിച്ചേരുന്നുള്ളു. കിട്ടുന്ന സംഖ്യ തന്നെ നിയമത്തിൻെറയും നിബന്ധനകളുടെയും നൂലാമാലകളിൽപെട്ട് യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കാൻ പറ്റാത്ത ദുരവസ്ഥയാണ് ഉള്ളത്. ഉദാഹരണത്തിന് J.R.Y. പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകൾക്ക് ചുരുങ്ങിയത് 8 മീറ്റർ വീതി വേണം. വടക്കെ ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് ഇത് പ്രായോഗികമാക്കാൻ കഴിഞ്ഞേക്കുമെങ്കിലും കേരളത്തിലെ ഒരു ഗ്രാമ പഞ്ചായത്തിനും ഈ നിബന്ധന പാലിക്കാൻ സാധിക്കുകയില്ല. ആസൂത്രകർ ഈ സത്യം അറിഞ്ഞിട്ടു തന്നെയാണോ ഈ പദ്ധതിക്ക് ഇത്തരം ഒരു നിബന്ധന വെച്ചത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ആസൂത്രകർക്ക് ഫണ്ട് എവിടെനിന്ന് സമാഹരിക്കപ്പെടുന്നു എന്ന വ്യക്തമായ ബോധം ഉണ്ടാകേണ്ടതാണ്. സാമ്പത്തിക വർഷത്തിൻെറ അവസാനം ഫണ്ട് ലാപ്സാകാതിരിക്കാൻ വ്യക്തമായ രൂപമില്ലത്ത ധൃതിപിടിച്ച ചെലവാക്കലാണ് ഇപ്പോൾ നടക്കുന്നത്. മിക്ക ഫണ്ടുകളും ഫിബ്രവരി മാർച്ച് മാസത്തിൻെറ അവസാനത്തിലാണ് ലഭിക്കുന്നത് എന്ന സത്യം ഈ തത്വദീക്ഷയില്ലാത്ത ചിലവുകളുടെ അടിസ്ഥാനമാണ്. ഇതിൽ ഏറ്റവുമധികം നഷ്ടം സഹിക്കുന്നവർ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിഭാഗങ്ങളാണ്. അവരുടെ ഉന്നമനത്തിനുവേണ്ടി നീക്കിവെക്കപ്പെട്ട സംഖ്യയുടെ ഒരു വലിയ ഓഹരി പലപ്പോഴും ചിലവഴിക്കപ്പെടാതെ പോകുന്നു. കേന്ദ്രത്തിൽ നിന്നും പിന്നോക്ക വർഗ്ഗക്കാർക്കും വീടുവെയ്ക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്ത പാവപ്പെട്ടവർക്കും വേണ്ടിയുള്ള പദ്ധതി വിഹിതം മിക്കവാറും ലാപ്സായി പോകുന്ന ഗതികേടാണ് ഇപ്പോഴുള്ളത്.

73-74 ഭരണഘടന ഭേദഗതികൾ മുന്നോട്ടുള്ള ഒരു കാൽവെയ്പുതന്നെയാണ്. നിരവധി അപാകതകളും അശാസ്ത്രീയമായ ആസൂത്രണ പ്രക്രിയയും അവസാനിക്കാൻ ഈ ഭരണഘടന ഭേദഗതി സഹായിക്കും എന്ന സത്യം ഇവിടെ സ്മരിക്കട്ടെ. പഞ്ചായത്ത് രാജ് എന്ന ആശയത്തിൻെറ ഉദയവും സാക്ഷാത്ക്കാരവും പുതിയ ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിക്കും. മനുഷ്യൻെറ അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം വസ്ത്രം ഭക്ഷണം എന്നിവ

സാക്ഷാത്കരിക്കാൻ ഗ്രാമപഞ്ചായത്തിന് വഹിക്കേണ്ട പങ്ക് അതിപ്രധാനമാണ്.

ഒരു ഗ്രാമത്തിന്റെ വികസനം അവിടുത്തെ കൃഷിയിലും വ്യവസായത്തിലും അധിഷ്ഠിതമാണ്. ഈ രണ്ടു കാര്യങ്ങളുടെയും അടിസ്ഥാനം വൈദ്യുതിയും വെള്ളവുമാണ്. കേരളത്തിന്റെ വ്യവസായ വളർച്ചക്ക് വിലങ്ങു തടിയായി നിൽക്കുന്നത് വൈദ്യുതി പ്രതിസന്ധിയാണ്. ഈ പ്രതിസന്ധി ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. വൈദ്യുതി നില മെച്ചപ്പെടുത്തേണ്ടത് വികസന പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകമാണ്.

കൊഴിഞ്ഞാമ്പാറ ഫർക്കയുടെ സർവ്വതോൻമുഖമായ വികസനത്തിന്റെ അടിത്തറയായ കുരിയാർകുറ്റി കാരാപ്പറ ജലവൈദ്യുത, പദ്ധതി നടപ്പിലാകുന്നതും ഈ മേഖലയിലെ ജനങ്ങൾ ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി തന്റെ ജീവിതകാലം മുഴുവനും ശബ്ദമുയർത്തിയ യശശ്ശരീരനായ ശിവരാമഭാരതിയുടെ പ്രവർത്തനം പ്രകീർത്തിക്കേണ്ടതാണ്. അന്തർസംസ്ഥാന നദീജലകരാറിൽ (പറമ്പിക്കുളം ആളിയാർ കരാർ) നിന്നും കൂടുതൽ വെള്ളം ചോദിച്ചു വാങ്ങുവാൻ ആകരാർ കാലാകാലങ്ങളിൽ പുതുക്കുവാനുമുള്ള സന്നദ്ധത സർക്കാർ പ്രകടിപ്പിക്കേണ്ടതാണ്. ചിറ്റൂർ പുഴയിലൂടെയാണ് ഈ വെള്ളം ഈ ഭാഗത്തെ കൃഷിക്ക് എത്തുന്നത്. മേൽപ്പറഞ്ഞ ചിറ്റൂർപുഴ ഉപദേശക സമിതിയിൽ കൊഴിഞ്ഞാമ്പാറയിൽനിന്നും പ്രതിനിധികളാരും ഇല്ല എന്ന സത്യം ഖേദകരമാണ്. മേൽപ്പറഞ്ഞ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽപെടുന്നതല്ല. എന്നാലും ഈ പറഞ്ഞകാര്യങ്ങൾ ഈ മേഖലയുടെ സർവ്വതോൻമുഖമായ വികസനത്തിന് ആക്കം കൂട്ടുമെന്ന കാര്യം പ്രസ്ഥ്യാവ്യമാണ്.

നീറുന്ന പ്രശ്നമായ കുടിനീർ വെള്ളത്തിന്റെ കാര്യത്തിൽ വാട്ടർ ടെക്നോളജി മിഷ്യൻ മുഖേന ഇവിടെകാണുന്ന കുഴൽ കിണറുകൾ എത്തിക്കാൻ ശ്രമിച്ച ശ്രീ. വി. എസ്. വിജയരാഘവൻ എം. പി. അവർകളേയും മൂന്നു പഞ്ചായത്തുകൾക്കുമായി കുടിനീർ പദ്ധതിയായ CARWSS സ്കീമിനുവേണ്ടി പ്രവർത്തിച്ച ശ്രീ. കെ.എ. ചന്ദ്രൻ എം.എൽ. എ. യും പഞ്ചായത്തിലെ കർഷക RBC കനാൽ നീട്ടാൻ വേണ്ടി പ്രവർത്തിച്ച ശ്രീ പി. ശങ്കർ എക്സ്.എം. എൽ. എ. RBC വടകരപ്പതി വരെ നീട്ടാനും ഈ ഫർക്കയിൽ 18 ചെക്ക് ഡാമുകൾ എത്തിക്കുവാനും ശ്രീ കെ. കെ. കൃഷ്ണൻകുട്ടി എക്സ് എം.എൽ.എ. അവർകളും പ്രവർത്തനങ്ങൾ നമുക്കു മറക്കാൻ കഴിയില്ല. പ്രവർത്തനങ്ങൾ ഈ വേളയിൽ ശ്രമിക്കാതിരിക്കാൻ കഴിയാത്തതുമാണ്.

ഈ പ്രദേശത്തെ കുടിവെള്ളപ്രശ്നം വളരെ ഗൗരവമേറിയതാണ്. ഈ പ്രശ്നത്തിന്റെ പരിഹാരമായ സർക്കാർ നിർദ്ദേശിച്ച CARWSS എന്ന പദ്ധതി ആവശ്യഘട്ടം പൂർത്തീകരിച്ചിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ മറ്റുരണ്ടു ഘട്ടങ്ങളിൽ പൂർത്തിയാക്കേണ്ടത് ഈ മേഖലയുടെ അടിയന്തിരാവശ്യമാണ്.

ജനകീയാസൂത്രണം ഒരുപുതിയ തുടക്കമാവട്ടെ. പ്രകൃതിവിഭവം മാനവശേഷി എന്നിവ സംയോജിപ്പിച്ച് ചരിത്രപരമായ സത്യങ്ങളെ വിശകലനം ചെയ്ത് യാഥാർത്ഥ്യബോധമുള്ള സമീപനത്തോടുകൂടി പദ്ധതികൾ തയ്യാറാക്കാൻ നമുക്ക് കഴിയണം. ഓരോ പദ്ധതി നടപ്പിലാക്കുമ്പോഴും അതിന്റെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തണം. നമ്മുടെ വികസനമേഖലയിൽ നാം എടുത്തുപറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും അവയുടെ മുൻഗണനാ ക്രമമനുസരിച്ച് നടപ്പിലാക്കിയിരിക്കണം. ഫണ്ടുകളുടെ ചോർച്ച തടയുവാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിനെ കഴിയൂ. നമുക്ക് ജവഹർലാൽ നെഹ്റുവിനെ ഇത്തരുണത്തിൽ ഓർക്കാം.

ആസൂത്രണത്തിന്റെ പദ്ധതികളുടെ നടപ്പിൽ വരുന്നതിന്റെ ഉത്തരവാദിത്തം ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ട സമയം വന്നുചേർന്നിരിക്കുന്നു. ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും ഇമ്മാതിരി ചുമതലകൾ ഏറ്റെടുക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

ആ രാഷ്ട്രശില്പിയുടെ അഭ്യർത്ഥന ഇന്നിതാ നമ്മുടെ കൈകളിൽ എത്തിയിരിക്കുന്നു. നമ്മുടെ ചുമതലകൾ ഏറ്റെടുക്കുവാനും അർപ്പണ ബോധത്തോടെ കടന്നുവന്ന് പ്രതീക്ഷക്കൊത്തുയർന്ന് പ്രവർത്തിക്കുവാൻ നമുക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു.

പരസ്പരം സഹകരിച്ചും മറ്റുള്ളവരെയെല്ലാം ഒത്തൊരുമിപ്പിച്ചും ഗ്രാമഭരണ വികസന പ്രവർത്തനങ്ങളിൽ നമുക്ക് വിജയിക്കാൻ കഴിയട്ടെ എന്നാശംസിച്ചു കൊണ്ടും നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന സെമിനാറിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു. സ്വാഗതം ചെയ്യുന്നു.

എന്ന്

ശ്രീമതി ധനലക്ഷ്മി തിരുവെങ്കിടം

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

# SRI BHAGAVATHI TEXTILES LTD.

CHITTUR - VANNANMADA ROAD
K.K. PATHY, CHITTUR - 678 101
PALAKKAD DIST., KERALA STATE

| | | |
|---|---|---|
| AUTHORISED SHARE CAPITAL | : | Rs. 1,00,00,000/- |
| ISSUED & SUBSCRIBED CAPITAL | : | Rs. 52,00,000/- |
| PAID UP CAPITAL | : | Rs. 52,00,000/- |
| PROPOSED SPINDLES | : | 39,968 NOS. |

ESTABLISHED IN KERALA

MANUFACTURES OF COTTON AND BLENDED YARN IN HANKS AND CONES OF THE FOLLOWING COUNTS

# 30 s, 34 s & 40s HOSIERY
# 2/36S & 2/40s SEWING THREAD
# 80s, 100s & 120s SINGLE & DOUBLE YARN
KARDED/COMBED/GASSED & MERCERISED